പ്രതിമാസ ഗ്രന്ഥ ക്ലബ്ബ്
എറണാകുളം



# ഒരു നിമിഷത്തേക്ക്

കെല്ലൂർ

'ONE MOMENT PLEASE'

# ഒരു നിമിഷത്തേയ്ക്ക്

[പ്രതിദിന ചിന്താവിഷയങ്ങൾ]

ACHARYA PALACKAL JEEVASS KENDRAM
LIBRARY
15137

വില രൂപ 2:00

DHARMARAM VIDYA KSHETRAM
Central Library
BANGALORE-560 029

കെല്ലർ

DHARMARAM VIDYA KSHETRAM
LIBRARY
Ac. No. ..............................
Call No. ..............................
M/823
KEL

# ORU NIMISHATHEYKU

A free translation of

ONE MOMENT PLEASE

BY

KELLER

*First Impression June 1960*

*(All rights reserved)*

Price 2 : 00

Printed at The Sahodaran Press
and Published by K. P. Ittyerah, Secretary
Book-A-Month Club, Ernakulam

പ്രതിമാസ ഗ്രന്ഥക്ലബ്ബ്

എറണാകുളം

Series VIII No. 1

# ഒരു നിമിഷത്തേയ്ക്കു്

[1-ാം ഭാഗം]

[അഭിവന്ദ്യ മെത്രാപ്പോലീത്താ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി സത്യദീപത്തിൽ ഖണ്ഡശ്ശ: വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിരുന്ന ലേഖനപരമ്പരയുടെ പുന: പ്രസാധനം]

# പ്രതിമാസ ഗ്രന്ഥക്ലബ്ബ്

എറണാകുളം

എട്ടാം ഗ്രന്ഥപരമ്പര ആരംഭിച്ചു.

ജൂൺ 1960.

വാഷിക വരിസംഖ്യ - രൂപാ 18

ആയുഷ്ക്കാലവരിസംഖ്യ - രൂപാ 200

എല്ലാമാസവും ഇതുപോലൊരു
ഗ്രന്ഥം നിങ്ങളുടെ മുമ്പിൽ

നിങ്ങൾ ഇതുവരെ ചേൎന്നിട്ടില്ലെങ്കിൽ
ഉടൻ ചേരുക.

ഒരു ഗ്രന്ഥശാലയില്ലാത്ത ഗൃഹം കിരാതമാണു്.

# പ്രതിമാസ ഗ്രന്ഥക്ലബ്ബ്

Series VII 1959 No. 1—12

സമാപിച്ചു.

No. 1-2 മേരിയന്ന

No. 3 യുക്തിയിൽനിന്നു വിശ്വാസത്തിലേക്കു് II

No. 4 യുക്തിയിൽനിന്നു വിശ്വാസത്തിലേക്കു് III

No. 5 എന്താണീകമ്മ്യൂണിസം I
(ചിത്രപുസ്തകം)

No. 6 എന്താണീഡമോക്രസി I
(ചിത്രപുസ്തകം))

No. 7 യുക്തിയിൽനിന്നു വിശ്വാസത്തിലേക്കു് IV

No. 8 എന്താണീകമ്മ്യൂണിസം II

No. 9 എന്താണീഡമോക്രസി II

No. 10 സമ്പദ്ദ്വീപ്
(Treasure Island)

No. 11 വി. മത്തായിയുടെയും മർക്കോസിൻെറയും
സുവിഃശേഷം

No. 12 ജോൺ ഇരുപത്തിമൂന്നു പ. മാപ്പാപ്പ

Suppliment സുവിശേഷം വി. ലൂക്കാ

---

ആകെ പുറമെ 24 രൂപാ വിലക്കുള്ള ഈ ഗ്രന്ഥങ്ങൾ
18 രൂപായ്ക്കു പോസ്റ്റേജടക്കം മെമ്പർമാൎക്കു് ലഭിച്ചു.

# പ്രതിമാസ ഗ്രന്ഥക്ലബ്ബ്

എറണാകുളം

1960

എട്ടാമത്തെ ഗ്രന്ഥപരമ്പര
ഈ ജൂൺ മാസം ആരംഭിച്ചു

വാർഷികവരിസംഖ്യ - രൂപാ 18

പ്രത്യേകാനുകൂല്യം

ഈ ആണ്ടത്തെ (ഈ പരമ്പരയുടെ) വരിസംഖ്യ 1960 - ആഗസ്റ്റ് 30 - നു മുമ്പ് മണിയോഡർ അയക്കുന്നവർക്ക് 15 രൂപാ മാത്രം.

ഈ ആനുകൂല്യം ഏജന്റ് വഴി വരിസംഖ്യ അടക്കുന്നവർക്ക് ലഭിക്കുകയില്ല.

# ആസ്വാദനം

സുപ്രസിദ്ധ ജനകീയ ഗ്രന്ഥകാരനായ ഫാ. ജെയിംസ് കെല്ലർ ലോകത്തിനു് ശാന്തിയും ക്ഷേമവും കൈവരുത്താൻ സാഹായിക്കുന്ന പല കൃതികളും രചിച്ചുകൊണ്ടിരിക്കുന്നു. അവയിൽ രണ്ടെണ്ണമാണു്, ആണ്ടുവട്ടത്തിൽ അനുദിനം വായിക്കുന്നതിനും ആത്മശോധന ചെയ്യുന്നതിനും പ്രായോഗിക പ്രതിജ്ഞകൾ സ്വീകരിക്കുന്നതിനും പ്രയോജനപ്പെടുന്ന "Three Minuites a Day", 'One Moment Please' എന്നീ ഗ്രന്ഥങ്ങൾ. ഇവയിൽ ആദ്യത്തേതു്, "അമൂല്യനിമിഷങ്ങൾ" എന്ന ശീഷ്കത്തിൽ ശ്രീ. കെ. സി. ചാക്കോ അവർകൾ പരിഭാഷപ്പെടുത്തിയതു് പ്രതിമാസ ഗ്രന്ഥക്ലബ്ബിൻെറ രണ്ടാം പുസ്തകമായി പ്രസിദ്ധപ്പെടുത്തി.

രണ്ടാമത്തേതു്, "ഒരു നിമിഷത്തേയ്ക്കു്" എന്ന ശീർഷകത്തിൽ ക്ലബ്ബിൽനിന്നു് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുകയാണു്. അതിൻെറ ഒന്നാംഭാഗമാണിതു്; രണ്ടാംഭാഗം അടുത്തുതന്നെ പിൻതുടരും. അഭിവന്ദ്യ മെത്രാപ്പോലീത്താ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി 'സത്യദീപ'ത്തിൻെറ ആധിപത്യം വഹിച്ചിരുന്ന കാലത്തു് ഖണ്ഡശ്ശ: വിവർത്തനം ചെയ്തു് ആ പത്ര പംക്തികളിൽ ചേർത്തിരുന്നു. വിജ്ഞാനപ്രദമായ ഒരു സംഭവകഥയും, പ്രചോദനപരങ്ങളായ ഒന്നുരണ്ടു വേദവാക്യങ്ങളും, ഉത്തേജകമായ ഒരു പ്രാർത്ഥനാവാക്യവും ഉള്ളടക്കി ഗ്രന്ഥത്തിൻെറ ഏറെക്കുറെ ഒരു പക്ഷത്തു് ഒതുങ്ങത്തക്കവിധം രചിച്ചിട്ടുള്ള ഈ കൃതി ജാതിമതഭേദം കൂടാതെ ആൎക്കും അല്പനേരത്തിനുള്ളിൽ രസകരമായ വായനയ്ക്കും ശാന്തമായ ചിന്തയ്ക്കും പ്രായോ

ഗികമായ പ്രതിജ്ഞയ്ക്കും തീർച്ചയായും ഉപകരിക്കാതിരിക്കുക യില്ല.

സത്യദീപപംക്തികളെ അലങ്കരിച്ചിട്ടുള്ള അനശ്വരമൂല്യങ്ങളായ ലേഖനങ്ങൾ നഷ്ടപ്പെടാതെ ഗ്രന്ഥരൂപത്തിൽ പുനഃപ്രസാധനം ചെയ്ത് കൂടുതൽ ഉപകാരപ്രദങ്ങളാക്കേണ്ടതാണെന്ന് മെത്രാപ്പോലീത്താ തിരുമേനി ചില സന്ദർഭങ്ങളിൽ പ്രകാശിപ്പിച്ചിട്ടുള്ള സാരവത്തായ അഭിപ്രായം അവിടുന്നുതന്നെ പ്രയോഗത്തിൽ വരുത്തിക്കാണുന്നതു് ഏററവും ശ്ലാഘനീയവും അനുകരണീയവുമത്രെ. സ്തുത്യർഹമായ പ്രസ്തുത ജോലി നിർവ്വഹിക്കാൻ പ്രതിമാസ ഗ്രന്ഥക്ലബ്ബിനെത്തന്നെ സദയം തെരഞ്ഞെടുത്തതും സാമോദം അനുവദിച്ചതും ആ സ്ഥാപനത്തോടു തിരുമേനി പ്രദർശിപ്പിച്ചുപോരുന്ന പൈതൃകമായ വാത്സല്യത്തിൻേറയും അനല്പമായ മതിപ്പിൻേറയും ഉത്തമലക്ഷ്യമായി ഗണിക്കാതെ ഗത്യന്തരമില്ല. ആ കാരുണ്യത്തിനു തിരുമേനിയോടു ക്ലബ്ബിനുള്ള ശിശുസഹജമായ കൃതജ്ഞത സന്തോഷസമേതം രേഖപ്പെടുത്തിക്കൊള്ളട്ടെ.

തിരുമേനിയുടെ തൂലികയിൽനിന്നു് നിർഗ്ഗമിച്ചിട്ടുള്ളതും നിർഗമിക്കാനിരിക്കുന്നതുമായ അമൂല്യ കൃതികളെക്കൊണ്ടു് മേലിലും ക്ലബ്ബിനെ സമലങ്കരിക്കുകയും അനുഗ്രഹിക്കുകയും ചെയ്യേണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശേരി

(ജനറൽ എഡിററർ)

# ഒരു നിമിഷത്തേയ്ക്ക്

## ജാനുവരി 1

ലോകം ഇന്നു തലതിരിഞ്ഞു പോകുകയല്ലേ? അതിനുള്ള ഒരു മുഖ്യകാരണം താഴെ ചേക്കുന്ന വരികളിൽ കാണാം. ഒരാളുടെ പ്രാർത്ഥനയാണു് അവയിൽ അടങ്ങിയിരിക്കുന്നതു്:—

"ദൈവമേ! എന്നേയും എൻെറ ഭാൎയ്യയേയും എൻെറ മകൻ ജോണിനേയും അവൻെറ ഭാൎയ്യയേയും; ഇങ്ങനെ ഞങ്ങളെ നാലുപേരെയും അനുഗ്രഹിക്ക. വേറെ ആരുടെ കാൎയ്യവും ഞാൻ പറയുന്നില്ല."

ഈ ലോകം വളരെ ചെറുതാണു്; ശരിതന്നെ. എന്നാൽ ആ മനുഷ്യൻ വിചാരിച്ചതുപോലെ "ഞങ്ങൾ നാലുപേർ" മാത്രമല്ല ലോകത്തിലുള്ളതു്. വേറെയും ആളുകളുണ്ടു്.

ആധുനിക ലോകത്തിൻെറ സ്ഥിതി ഏററവും നിർഭാഗ്യകരമാണെന്നു എവരും സമ്മതിക്കും. അനേക സഹസ്രങ്ങളാണു് ഇന്നു അടിമത്തമനുഭവിക്കുന്നതു്. ശേഷം പേർ ഭയവിഹ്വലരായി ദിനങ്ങൾ പോക്കുകയുമാണു്. എന്താണു കാരണം? മനുഷ്യവർഗ്ഗത്തിൻെറ ശത്രുക്കളുടെ കുത്സിതവൃത്തികൾ മാത്രമാണോ? അല്ലല്ല! കൎത്തവ്യനിൎവ്വഹണത്തിൽ "നല്ലയാളുകൾ" പ്രദർശിപ്പിക്കുന്ന അനാസ്ഥയാണു പ്രധാന കാരണം. നല്ലയാളുകൾ തൻകാൎയ്യം നോക്കുമ്പോൾ, തിന്മയുടെ കൎത്താക്കൾ മറെറല്ലാവ

രുടേയും കാര്യം അന്വേഷിക്കുന്നു. ഇന്നു ലോകത്തിൽ ദൃശ്യമാകുന്ന ദുഃഖ ദുരിതങ്ങളുടേയും കുഴപ്പങ്ങളുടേയും ഉത്തരവാദിത്വം ദുഷ്ടമനുഷ്യരിൽ കെട്ടിവയ്ക്കുക വളരെ എളുപ്പത്തിൽ കഴിയും. പക്ഷെ അതിൻെറ മുഴുവൻ ഉത്തരവാദിത്വവും അവരല്ല വഹിക്കേണ്ടതു്.

ക്രിസ്തുവിനെ തന്നിൽ വഹിക്കുന്ന ഒരാൾ സദാ ഓർത്തിരിക്കേണ്ട ഒരു കാര്യമുണ്ടു്. യഥാർത്ഥത്തിൽ ക്രിസ്തീയമായിരിക്കുന്നതു് "ദൈവവും ഞാനും" എന്ന സങ്കുചിതമായ വീക്ഷണഗതിയല്ല. പ്രത്യുത "ദൈവവും ഞാനും മററെല്ലാവരും" എന്ന വിശാലമായ വീക്ഷണഗതിയാണു്. അതാണു് ക്രിസ്തീയതത്വത്തിൻെറ പൂർണ്ണത. ക്രിസ്തുവിൻെറ അനുയായികൾ എന്നാണോ ഈ തത്വത്തിനു തങ്ങളുടെ അനുദിനജീവിതത്തിൽ പ്രാധാന്യം കൊടുക്കുന്നതു്, അന്നുമാത്രമേ, സമാധാനത്തിലേക്കുള്ള രാജപാതയിൽക്കൂടി നാം പ്രയാണം ചെയ്യുന്നുവെന്നു പറവാൻ നിവൃത്തിയുള്ളു.

"എന്തുകൊണ്ടെന്നാൽ നിന്നെപ്പോലെ നിൻെറ അയല്ക്കാരനേയും നീ സ്നേഹിക്കണം എന്ന ഒററവാക്യം കൊണ്ടു് നിയമം മുഴുവൻ പൂർത്തിയാകുന്നു." (ഗാല. 5:14)
—എൻെറ കർത്താവേ, അങ്ങേപ്രതി എല്ലാവരേയും സ്നേഹിപ്പാൻ എനിക്കു് ഉത്തേജനം നല്കണമേ!

# ജാനുവരി 2

താഴെ ചേക്കുന്ന സംഭവം ന്യൂയോക്കിൽ നടന്നതാണ്. ക്രിസ്തുമസ് കഴിഞ്ഞിട്ട് ദിവസം മൂന്നായി. "ഗസാക്ക്"രുടെ വീട്ടിൽ ഈ ദിവസങ്ങളത്രയും യാതൊരനക്കവും ഇല്ലായിരുന്നു. അയല്ക്കാർ പരിഭ്രമിച്ചു. അവർ പോലീസിനെ വിളിച്ചു. ഭവനത്തിനകത്തു് കയറി പരിശോധിച്ചപ്പോൾ കണ്ട കാഴ്ച എത്ര ദയനീയമായിരുന്നു.

മി. ആൻഡ്റൂ ഗസാക്കിൻേറയും ഭാര്യയുടേയും, അവരുടെ കുഞ്ഞുമകൻ മൂന്നുവയസ്സായ ആൻഡ്റൂവിൻേറയും, കുഞ്ഞുമകൾ അഞ്ചുവയസ്സായ വെറോനിക്കായുടേയും മൃതദേഹങ്ങൾ!! ഒരു തിരുനാളാഘോഷത്തിനു വേണ്ടിയ സാധനങ്ങളെല്ലാം അവിടെ ശരിപ്പെടുത്തി വെച്ചിട്ടുള്ളതായും കണ്ടു.

കുട്ടികളുടെ കാൽമേസുകൾ പലഹാരങ്ങളും പഴങ്ങളും കൊണ്ടു നിറഞ്ഞിരുന്നു. എല്ലാ ജനാലയിലും പുഷ്പങ്ങൾ ചാത്തിയിരുന്നു. ലോഹക്കടലാസു പൊതിഞ്ഞ ക്രിസ്തുമസ്ട്രീയെ മനോഹരമായ നിരവധി പൊതികൾ സമലങ്കരിച്ചിരുന്നു. പരിശുദ്ധ കന്യകാമറിയത്തിൻെറ പ്രതിമയ്ക്കു് സമീപമിരുന്ന ഒരു പൊതിക്കെട്ടിൻെറ പുറത്തു ചേത്തിരുന്ന കുറിപ്പ് ശിലാഹൃദയനായ ഏതൊരു അപസർപ്പകൻെറപോലും കരളലിയിക്കുന്നതിനു പര്യാപ്തമായിരുന്നു: "ഞങ്ങളുടെ അപ്പനു്. അങ്ങയുടെ മാലാഖാമാരിൽനിന്നും."

പോലീസ് അഭിപ്രായപ്പെട്ടതു്, വിഷവാതകം നിമിത്തമാണ് അവരെല്ലാം മൃതിയടഞ്ഞതെന്നാണ്. ആവികൊണ്ടു് നടത്തിക്കുന്ന ഒരു റെഫ്രിജറേററിനു (സാധനങ്ങൾ അഴിഞ്ഞു

പോകാതെ സൂക്ഷിക്കുന്നതിനുള്ള ഒരുപകരണം) കേടുവന്നതിനാൽ അതിൽനിന്നും ഗാസ് പുറത്തുപോയി മുറിനിറയുകയും അവിടെ വസിച്ചിരുന്നവർക്ക് ജീവഹാനി വരുത്തുകയും ചെയ്തു വത്രെ. ക്രിസ്മസിൻെറ തലേരാത്രിയായിരിക്കണം ഇതു സംഭവിച്ചതെന്നും പോലീസുകാർ അഭിപ്രായപ്പെട്ടു.

പലരേയും മരണം സമീപിക്കുന്നതു പ്രായമായതിനു ശേഷമാണ്. പക്ഷെ ചെറുപ്പക്കാർ പെട്ടെന്നു നിത്യതയുടെ കവാടത്തിൽ എത്തുന്ന അനുഭവങ്ങളും അത്ര ദുർലഭമല്ല. മററുള്ളവരേയും നമ്മെത്തന്നേയും ആ അവസാന ക്ഷണം സ്വീകരിക്കുന്നതിനു സന്നദ്ധരാക്കുന്നതാണ് ഒരു ക്രിസ്ത്യാനിക്കു നിർവഹിക്കാവുന്ന എററവും വിശിഷ്ടമായ കൃത്യം.

"അതുകൊണ്ടു് സദാനേരവും കാത്തിരിക്കുക. മണവാളൻ വരുന്ന ദിവസവും നാഴികയും നിങ്ങൾക്കറിഞ്ഞുകൂടാ." (മത്തായി 25 : 13)

ആ അവസാനക്ഷണം സ്വീകരിക്കുന്നതിനു ഒരുങ്ങിയിരിപ്പാൻ, കർത്താവേ! എന്നെ സഹായിക്കേണമെ. മററുള്ളവരെ അതിനായി ഒരുക്കുന്നതിനും എന്നെ സഹായിക്കേണമെ.

# ജാനുവരി 3

"ഒരിക്കൽ ഒരു വ്യാപാരിയോടു് അയാളുടെ സ്നേഹിതൻ ചോദിച്ചു, കച്ചവടമേർപ്പാടുകളിൽ ഇത്ര നയശാലിയായി വർത്തിക്കുവാൻ അയാൾക്കു് സാധിക്കുന്നതു് എങ്ങനെയെന്നു്. അതിനയാൾ തൻെറ കിടപ്പുമുറിയിലെ ഒരു മുഖക്കണ്ണാടിയിൽ തിരുകിവച്ചിരുന്ന ഒരു കാർഡു് ചൂണ്ടിക്കാണിച്ചുകൊടുത്തു. അതിൽ എഴുതിയിരുന്നതു് ഇപ്രകാരമാണു്: "കർത്താവേ! എൻെറ ഈ വലിയ വായു് അടച്ചുവയ്ക്കാൻ എന്നെ പഠിപ്പിക്കേണമെ."

നമ്മുടെ ആദിമാതാപിതാക്കന്മാരിൽനിന്നു നമുക്കു സിദ്ധിച്ചിരിക്കുന്ന ഒരു ബലഹീനതയുണ്ടു്. നമ്മിൽ ഒട്ടുമിക്കവരും ആവശ്യത്തിലധികം സംസാരിക്കുന്നുവെന്നതാണതു്. സംസാരം വളരെ കുറഞ്ഞുപോയി എന്നു വരിക സാധാരണമല്ല. വേണ്ടസമയത്തും സ്ഥലത്തും ഒരാൾ സംസാരിക്കതന്നെ വേണം. എന്നാൽ മററവസരങ്ങളിൽ കുറെ നിയന്ത്രണം അഭ്യസിക്കുന്നതുകൊണ്ടു് യാതൊരു കുഴപ്പവും വരുവാനില്ല.

അമിതഭാഷണത്തിലേർപ്പെടുന്ന മനുഷ്യൻ വളരെ എളുപ്പത്തിൽ തന്നെത്തന്നെ ഒരു മഠയനാക്കുന്നു. അതിനേക്കാൾ കഷ്ടതരമായിരിക്കുന്നതു അയാൾ മററുള്ളവർക്കു വരുത്തുന്ന ഉപദ്രവവും കുറച്ചൊന്നുമല്ല എന്നതത്രെ. അവാസ്തവപ്രസ്താവങ്ങൾ ചെയ്യുക, മററുള്ളവരുടെ അപരാധങ്ങളെ പർവ്വതീകരിക്കുക, സത്യത്തെ വലിച്ചുനീട്ടി വികൃതമാക്കുക ഇങ്ങനെ പോകുന്നു അവൻ ചെയ്യുന്ന ദ്രോഹങ്ങളുടെ പട്ടിക.

ആകയാൽ ഒരു ക്രിസ്റ്റഫർ താഴെ ചേർക്കുന്ന നമ്മുടെ കർത്താ

വിൻെറ ഉപദേശത്തെപ്പററി സദാ ധ്യാനിക്കുന്നതു വളരെ നന്നായിരിക്കും.

"ഞാൻ ഉറപ്പായി പറയുന്നു, മനുഷ്യർ ഉച്ചരിക്കുന്ന വിചാരശൂന്യമായ വാക്കിനുപോലും അവർ വിധിദിവസം കണക്കു ബോധിപ്പിക്കേണ്ടി വരുമെന്നു്. അന്നു നിന്നെ വിധിക്കുന്നതും മോചിപ്പിക്കുന്നതും നിൻെറ വാക്കുകളെ ആശ്രയിച്ചായിരിക്കും.'' മത്തായി 12-36-37

എൻെറ കർത്താവേ! എൻെറ നാവിനെ അങ്ങേ മഹത്വത്തിനായി ഉപയോഗിക്കുവാൻ എന്നെ പഠിപ്പിക്കേണമെ!

# ജാനുവരി 4

അടുത്ത കാലത്തു ന്യൂ ജെർസിയിലെ വെസ്റ്റ് മിൽഫോർഡിലെ കോടതി ഒരാൾക്കു ഏതാനും ഡോളർ പിഴയിട്ടു. കാർ സാവകാശത്തിൽ ഓടിച്ചതുനിമിത്തം ഗതാഗതത്തിനു തടസ്സം വരുത്തിയെന്നതാണു അയാളുടെ പേരിലുണ്ടായിരുന്ന ചാർജ്ജ്.

ഒരു ഞായറാഴ്ച ദിവസം ഉച്ചകഴിഞ്ഞു വളരെ തിക്കും തിരക്കുമുള്ള 23-ാം റൂട്ടിൽക്കൂടി മണിക്കൂറിനു 15 മൈൽ മാത്രം വരുന്ന സ്പീഡിലാണത്രെ അയാൾ കാർ ഓടിച്ചതു്. തൽഫലമായി മാർഗ്ഗതടസ്സം നേരിട്ടു് അയാളുടെ വാഹനത്തിൻെറ പുറകിൽ അണിനിരന്ന കാറുകളുടെ ദൈർഘ്യം ഏതാണ്ടു നാലു മൈൽ വരുമായിരുന്നു.

ക്രിസ്റ്റഫർ പ്രസ്ഥാനത്തിൻെറ പ്രധാനോദ്ദേശ്യം നല്ല മനുഷ്യരുടെ "സ്പീഡ്" കൂട്ടുകയാണ്. ലോകത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള അവരുടെ സംരംഭത്തിൽ, അവർ വർദ്ധമാനമായ വേഗതയും കാര്യക്ഷമതയും പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. അവർ ഉണർവ്വോടുകൂടിയിരിക്കയും ദൈവം അവർക്കു നിശ്ചയിച്ചുകൊടുത്തിരിക്കുന്ന ഭാഗം ഭംഗിയായി അഭിനയിക്കുകയും ചെയ്യുന്നപക്ഷം അവർ നന്മയ്ക്കായുള്ള ഒരു വലിയ ശക്തിയായി പരിണമിക്കുന്നതാണ്.

എന്നാൽ ഈ സംഗതി ഗ്രഹിക്കാതെ, തങ്ങളുടെ പരിമിതമായ ലോകത്തിൽ ഒതുങ്ങിപ്പാർക്കാൻ അവർ നിർബന്ധം പിടിക്കുന്നപക്ഷം, അതിൻെറ പരിണതഫലം—അവർക്കും ഭീകരമായിത്തോന്നുന്ന ആ ഫലം—ഏററവും വിനാശകരമായിരിക്കും. മററുള്ളവരെ സംബന്ധിക്കുന്ന കാര്യങ്ങളിൽ യാതൊരു

ശ്രദ്ധയും പതിക്കാതിരിക്കുകയും, അവയിൽനിന്നെല്ലാം ഒഴിഞ്ഞുമാറി ജീവിക്കുകയും, ലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കു പ്രതിവിധി കണ്ടുപിടിക്കുന്നതിൽ സഹകരിക്കാതിരിക്കുകയും ചെയ്യുന്നതുവഴി അവർ മററുള്ളവരുടെ പാതയിൽ വിലങ്ങുതടികളായിത്തീരുകയാണു ചെയ്യുന്നതു്. ഇത്തരം പ്രതിബന്ധങ്ങളില്ലാതിരുന്നെങ്കിൽ, ലോകത്തിനു നന്മചെയ്യാനായുള്ള പ്രസ്ഥാനങ്ങളിൽ അനേകായിരങ്ങൾ സജീവമായി പങ്കുവഹിക്കുമായിരുന്നു

"നല്ല ഫലം തരാത്ത വൃക്ഷമെല്ലാം വെട്ടിമുറിച്ചു് തീയിലിടും." (ലൂക്കാ. 3-9.)

ദൈവമേ! അങ്ങു് എനിക്കു നിശ്ചയിച്ചു തന്നിരിക്കുന്ന ഭാഗം ഞാൻ പൂത്തിയാക്കാതിരുന്നാൽ എന്നിൽനിന്നും നേതൃത്വം പ്രതീക്ഷിക്കുന്നവക്കു ഞാനൊരു പ്രതിബന്ധമായി ഭവിക്കും. ഈ സംഗതി സദാ ഓമ്മയിൽവച്ചുകൊണ്ടു നടപ്പാൻ എന്നെ സഹായിക്കണമെ.

# ജാനുവരി 5

ചില മനുഷ്യർ സുഖജീവിതത്തിലേക്കുള്ള കുറുക്കു വഴികൾ കണ്ടുപിടിക്കാൻ സദാ ശ്രമിച്ചുകൊണ്ടിരിക്കയാണു്. ഇതിൽ താല്ക്കാലികമായി അവർ വിജയം വരിച്ചുവെന്നും വന്നേക്കാം. പക്ഷെ ആ വിജയം അധികംനാൾ നിലനില്ക്കുകയില്ല.

സത്യത്തിൻേറയും നീതിയുടേയും ബാഹ്യമായ ഒരു പ്രദർശനം നടത്തുകമാത്രമാണു് അവർ ചെയ്യുന്നതെങ്കിൽ, ജീവിതത്തിൻെറ പരുപരുത്ത യാഥാർത്ഥ്യങ്ങളുമായി ഇന്നല്ലെങ്കിൽ നാളെ, ഈ ജീവിതത്തിലല്ലെങ്കിൽ വരുവാനിരിക്കുന്ന ജീവിതത്തിൽ, അവക്കു ഏററുമുട്ടേണ്ടിവരും.

25 വയസ്സായിരുന്ന ക്ലെവെ ലാൻഡർ എന്ന മനുഷ്യൻെറ അനുഭവം അതാണു്. ആഴ്ചതോറും ശമ്പളമായി കിട്ടിവന്ന തുച്ഛമായ തുകകൊണ്ടു് അയാൾ തൃപ്തനായില്ല. എല്ലാ പ്രാവശ്യവും ഒരേ തുകയ്ക്കുള്ള ചെക്കുതന്നെ വാങ്ങുന്നതിൽ അയാൾക്കൊരു രസവും തോന്നിയില്ല. തൻെറ ദിവാസ്വപ്നങ്ങളെല്ലാം തിട്ടക്കത്തിൽ സാക്ഷാൽക്കരിക്കാൻ അയാൾ നിശ്ചയിച്ചു. അതിനായെന്തു ചെയ്തെന്നോ? 21000 ഡോളർ (ഉദ്ദേശം 90000 രൂപ) ഒരു ബാങ്കിൽനിന്നും തട്ടിയെടുത്തു് അയാൾ ഫ്ളോറിഡായിലേക്കു കടന്നുകളഞ്ഞു. 50 ദിവസക്കാലത്തേക്കു് അയാൾ തനിക്കു വെറുതെ കിട്ടിയ ഈ ധനം നിർലോഭം ചെലവുചെയ്തു. പക്ഷെ ആ സുഖാനുഭൂതിയെല്ലാം പെട്ടെന്നു നിലച്ചു. 51–ാംദിവസം പോലീസ് അയാളെ പിടികൂടി. അപ്പോൾ അയാളുടെ കൈയിൽ 1403 ഡോളർ മാത്രമേ ഉണ്ടായിരുന്നുള്ളു. ബാക്കി പണമെല്ലാം "ചൂതുകളിച്ചും മദ്യപാനം ചെയ്തും വേശ്യാവൃത്തി

യിലേർപ്പെട്ടും കുതിരപ്പന്തായം വെച്ചും" നഷ്ടപ്പെടുത്തിയെന്നു് അയാൾ ഏററുപറഞ്ഞു.

ആ യുവാവിനെപ്പോലെ ബാങ്കിലെ പണം അപഹരിക്കാൻ നമ്മിലധികംപേരും മുതിരുകയില്ല. എന്നുവരികിലും വ്യക്തി പരമായ സുഖസൗകര്യാദികൾക്കു മുൻഗണനനല്കാനുള്ള ഒരു പ്രലോഭനം നമുക്കേവക്കും നിത്യം അനുഭവപ്പെടുന്നുണ്ടെന്നുള്ള പരമാത്ഥം മറയ്ക്കാവുന്നതല്ല. നാം വി. പൗലോസ് ശ്ലീഹാ യുടെ താഴെ ചേർക്കുന്ന പ്രബോധനം വിസ്മരിച്ചുപോകുന്നു:—

"നാം ലോകത്തിലേക്കു് ഒന്നും കൊണ്ടുവന്നിട്ടില്ലല്ലൊ. അതിൽനിന്നു യാതൊന്നും കൊണ്ടുപോകാൻ നമുക്കു സാധിക്കയില്ല എന്നതും തീർച്ചയാണു്. (I തിമോ. 6 : 7)

പരലോകത്തിൽ ആശ്വസിക്കുവാൻ എനിക്കു് ഇടവരുന്നതിനുവേണ്ടി ഇഹത്തിൽ അദ്ധ്വാനശീലനായി വത്തിക്കുവാൻ എൻെറ ദൈവമേ! എന്നെ പഠിപ്പിക്കേണമെ.

# ജാനുവരി 6

ഇററലിയിൽ ഫ്ളോറൻസിലെ സാൻമാക്കോ ദേവാലയത്തിലുള്ള ഒരു പുരാതനചിത്രം ഇന്നു ക്രിസ്തീയ ലോകം മുഴുവൻ ആഘോഷിക്കപ്പെടുന്ന ദനഹാതിരുനാളിനെ അനുസ്മരിപ്പിക്കുന്ന ഒന്നാണു്.

നക്ഷത്രം കണ്ടു് ഈശോയെ ആരാധിപ്പാൻ വന്ന പൗരസ്ത്യരാജാക്കന്മാരെപ്പററി അധികമൊന്നും നമുക്കു് അറിഞ്ഞുകൂടാ. പക്ഷേ, ഒരു കാര്യം തീച്ച്യയാണു്: അവർ ഇസ്രായേൽക്കാരല്ലായിരുന്നു, പുറജാതിക്കാരായിരുന്നു. മിശിഹാ തിരുവവതാരം ചെയ്തതു് യഹൂദനും പുറജാതിക്കാരനും വേണ്ടിയാണു്, മനുഷ്യവർഗ്ഗം മുഴുവനും വേണ്ടിയാണു് എന്നതിനെ ഈ വസ്തുത വിളിച്ചറിയിക്കുന്നുണ്ടു്. മാത്രമല്ല, അവരുടെ ആഗമനം, ആ രാജശിശുവിനെ ബഹുമാനിപ്പാനായി ചുററം കൂടിയ ത്രിവിധ ഗണങ്ങളെ പൂത്തിയാക്കുകയും ചെയ്യുന്നു. ആ ഗണങ്ങളിലോരോന്നും സുപ്രധാനങ്ങളായ ചില പാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ടു്.

1. അങ്ങയുടെ സ്വന്തക്കാർ മറിയവും യൗസേപ്പും അങ്ങേക്കു് പ്രത്യേകവിധത്തിൽ പ്രിയപ്പെട്ടവരും അങ്ങേക്കു് അടുത്തുവസിക്കുന്നവരുമായ ജനങ്ങളെ പ്രതിനിധാനം ചെയ്യുന്നു.

2. ആട്ടിടയന്മാർ പ്രത്യക്ഷത്തിൽ നിഷ്പക്ഷരായി കാണപ്പെട്ടമെങ്കിലും, സന്മനോഭാവംനിറഞ്ഞ ജനങ്ങളുടെ പ്രതിനിധികളായിരുന്നു അവർ. ലോകത്തിലുള്ള ആളുകളിൽ അധികഭാഗവും ഈ ഗണത്തിൽ പെടുന്നവരാണു്. അന്നത്തെ പ്രീശന്മാരും നിയമജ്ഞന്മാരും ആട്ടിടയന്മാരെ അവജ്ഞയോടെയാണു വീക്ഷിച്ചിരുന്നതു്. കാരണം, അവർ അജ്ഞരും അപ

രിഷ്കൃതരും മതവിഷയത്തിൽ പ്രീശന്മാരും നിയമജ്ഞന്മാരും പുറപ്പെടുവിച്ചിരുന്ന നവീനാഭിപ്രായങ്ങളിൽ തികച്ചും അശ്രദ്ധരും ആയിരുന്നു.

3. പൗരസ്ത്യരാജാക്കന്മാർ. അവർ പുറജാതിക്കാരെ, സത്യദൈവത്തെപ്പററി ഇതഃപര്യന്തം കേട്ടിട്ടില്ലാത്തവരെ, പ്രതിനിധാനം ചെയ്തിരുന്നു.

ശിശുവായ ഈശോ ഈ ഗണങ്ങൾ ഓരോന്നിനും സ്വാഗതമരുളിയതുപോലെ ഒരു ക്രിസ്റ്റ്യൻ എല്ലാവരേയും സ്വീകരിക്കുകയും ഒരുത്തരേയും തിരസ്കരിക്കാതിരിക്കുകയും ചെയ്യണം.

"അവനിൽ ജീവൻ സ്ഥിതിചെയ്തു. ജീവനൊ, മനുഷ്യരുടെ പ്രകാശവുമാകുന്നു" (യോഹ. 1 : 4)

സ്നേഹപൂർവ്വം ഏവരേയും തിരക്കിപ്പുറപ്പെടാൻ കർത്താവേ! എന്നെ സഹായിക്കേണമെ.

# ജാനുവരി 7

ക്രിസ്ലുഫർ ആകാൻ ആഗ്രഹിക്കുന്ന ഒരാളിൽ പരിലസി ക്കേണ്ട പ്രധാനഗുണം സ്നേഹമാണ് — ദൈവത്തിൻേറയും എല്ലാ മനുഷ്യരുടേയും നേക്കുള്ള സ്നേഹം.

വിദ്വേഷത്തിൻേറയും തെററിദ്ധാരണയുടേയും ഇച്ഛാഭംഗ ത്തിൻേറയും മററെല്ലാവിധ പ്രതിബന്ധങ്ങളുടേയും മുമ്പിൽ പ്രദർശിപ്പിക്കുന്നതു്, അത്യുജ്ജ്വലം നിർമ്മലവും നിലനില്ക്കുന്നതുമായി രിക്കും, ആ സ്നേഹം മററുള്ളവക്കു് പകർന്നുകൊടുക്കുവാനുള്ള അയാളുടെ ആഗ്രഹവും.

"എല്ലാററിനും മുമ്പായി നിങ്ങൾക്കു് അന്യോന്യം ഉററസ്നേഹം ഉണ്ടായിരിക്കട്ടെ. സ്നേഹം പാപങ്ങളുടെ ആധിക്യത്തെ മറയ്ക്കുന്നുവല്ലൊ." (I പത്രോസ് 4 : 8)

''നാം മരണത്തിൽനിന്നു ജീവനിലേക്കു് മാറിയി രിക്കുന്നു എന്നു് നമ്മുടെ സഹോദരന്മാരെ നാം സ്നേഹി ക്കുന്നു എന്നതുകൊണ്ടു് നാം അറിയുന്നു. സ്വന്തസഹോ ദരനെ സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു." (I യോഹ. 3 : 14)

"എൻെറ പ്രിയപ്പെട്ടവരേ! നമുക്കു് അന്യോന്യം സ്നേഹിക്കാം. എന്തെന്നാൽ സ്നേഹം ദൈവത്തിൽനിന്നാ കുന്നു. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽനിന്നു ജനിച്ച വനാകുന്നു; അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു." (I യോഹ. 4 : 7)

"നാം പരസ്പരം സ്നേഹിക്കുന്നു എങ്കിലോ ദൈവം

നമ്മിൽ വസിക്കുന്നു. അവന്റെ സ്നേഹം നമ്മിൽ പൂർത്തിയായുമിരിക്കുന്നു." (I യോഹ. 4 : 12)

"സർവ്വരും നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്നു് അറിയുവാനുള്ള അടയാളം ഈ നിങ്ങളുടെ പരസ്പരസ്നേഹമായിരിക്കണം." (യോഹ. 13 : 35)

എന്റെ കർത്താവേ! അങ്ങയുടെ നേർക്കും മററുള്ളവരുടെ നേർക്കും സ്നേഹം പ്രത്യക്ഷപ്പെടുത്തിക്കൊണ്ടു് ജീവിക്കുന്നതിനു് എനിക്കു വരം നല്കേണമെ.

# ജാനുവരി 8

1588-ൽ "ഡ്യൂക്ക ഫ്ളോറെൻസ" എന്ന സ്പാനീഷ് കപ്പൽ സ്കോട്ടലൻറിൻെറ പടിഞ്ഞാറഭാഗത്തുള്ള കടലിൽ മുങ്ങിപ്പോയി. അതിൽ ഉദ്ദേശം 4 കോടി രൂപ വിലവരുന്ന സ്വൎണ്ണം ഉണ്ടായിരുന്നുവത്രെ. ആ നിധി കണ്ടുപിടിക്കുന്നതിനുവേണ്ടി ഇക്കഴിഞ്ഞ നാലുന്നൂററാണ്ടുകളായി ധനേച്ഛുക്കരം പരിശ്രമിച്ചുവരികയാണ്.

ഇത്രയധികം സ്വൎണ്ണം ആ കപ്പലിൽ ഉണ്ടായിരുന്നുവെന്നതിനു് വിശ്വാസയോഗ്യമായ യാതൊരു തെളിവും ലഭിച്ചിട്ടില്ല. എന്നുവരികിലും കേവലമൊരു പുരാവൃത്തത്തെ മാത്രം അടിസ്ഥാനമാക്കി അസംഖ്യം ആളുകരം ആ നിധിയുടെ സ്ഥാനം നിൎണ്ണയിക്കുന്നതിനുള്ള വിഫലശ്രമത്തിൽ സ്വന്തം ജീവനും ധനവും അപകടപ്പെടുത്തിയിട്ടുണ്ടു്.

ഭൗമികനിധികരം സമ്പാദിക്കുന്നതിനുവേണ്ടി മനുഷ്യർ പ്രദൎശിപ്പിക്കുന്ന ക്ഷമയും സ്ഥിരോത്സാഹവും വിസ്മയാവഹം തന്നെ. ആ സ്ഥിതിക്കു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന സ്വൎഗ്ഗീയനിധി സമ്പാദിക്കുന്നതിനായി ചെയ്യുന്ന യാതൊരു യത്നവും അധികമായിപ്പോയെന്നു വരികയില്ല. പ്രസ്തുത നിധി അതിനെ കരസ്ഥമാക്കാൻ ആത്മാൎത്ഥമായി പരിശ്രമിക്കുന്ന ഏവൎക്കും കരഗതമാകുമെന്നുള്ളതാണ് അതിൻെറ ഒരു വിശേഷത.

ഒരു ക്രിസ്ത്യാനിക്കറിയാം, ആ നിധി തനിക്കുവേണ്ടി മാത്രമല്ല, മററുള്ളവൎക്കും കൂടിയുള്ളതാണെന്നു്. ഈ വസ്തുത അവൻ അവരെ അറിയിക്കേണ്ടതാണ്. വിശിഷ്യ, ഐഹികജീവിതത്തിലെ അനിശ്ചിത നിധികളും പരലോകത്തിലെ സുനിശ്ചി

തവും ശാശ്വതവുമായ നിക്ഷേപങ്ങളും തമ്മിലുള്ള വലിയ വ്യത്യാസത്തെ മററുള്ളവരെ ധരിപ്പിക്കുവാൻ അവൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കണം.

"ഭൂമിയിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ സംഭരിക്കരുതു്. അവിടെ തുരുമ്പും കീടവും തിന്നു അതു നശിപ്പിക്കും. കള്ളന്മാർ കയറി മോഷ്ടിക്കും. അതുകൊണ്ടു് നിങ്ങളുടെ നിധി സ്വർഗ്ഗത്തിൽ നിക്ഷേപിക്കുക. അവിടെ അതു തിന്നു നശിപ്പിക്കുവാൻ തുരുമ്പോ കീടമോ ഇല്ല. മോഷ്ടിക്കുവാൻ കള്ളന്മാരുമില്ല."

(മത്തായി 6-19-20)

കർത്താവേ! അങ്ങു് സജ്ജമാക്കിയിരിക്കുന്ന സ്വർഗ്ഗീയനിക്ഷേപങ്ങളിൽ എൻെറ സഹജീവികളായ മററു മനുഷ്യർകൂടി ഭാഗഭാക്കുകളാകണമെന്നു് അവിടുന്നു് ആഗ്രഹിക്കുന്നുണ്ടല്ലോ. ഈ സംഗതി അവരുടെ ശ്രദ്ധയിൽ പെടുത്താൻ വേണ്ട അനുഗ്രഹം അവിടുന്നെനിക്കു പ്രദാനം ചെയ്തരുളേണമെ.

# ജാനുവരി 9

ഓഹിയോ സംസ്ഥാനത്തിലെ കൊളംബസ് നഗരത്തിൽവച്ചു ഒരിക്കൽ "ബാപ്‌റ്റിസ്റ്റ്" സഭയിൽപ്പെട്ട ഏതാനും പുരോഹിതന്മാരുടെ ഒരു യോഗം കൂടി. തദവസരത്തിൽ റവ. ബി. പി. ബ്രൗൺ ആധുനികജീവിതത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ആത്മീയാധഃപതനത്തെപ്പററി ഇപ്രകാരം പ്രസ്താവിച്ചു:

"ബഹുജനങ്ങളുടെ മനസ്സ് വക്രത, വിഷയേച്ഛ മുതലായവയുടെ ലഹരിനിമിത്തം മയങ്ങിപ്പോയെന്നോ കേവലം ലോകായതീകമായിച്ചമഞ്ഞെന്നോ പറയാവുന്നതാണ്. തൽഫലമായി ക്രിസ്തീയതത്വസംഹിതയുടെ സമുൽകൃഷ്ടമായ ആശയം തന്നെ എന്തെന്നു ഗ്രഹിക്കുവാൻ അതു് അശക്തമായി ഭവിച്ചിരിക്കുന്നു."

ആ പ്രസ്താവം ശരിയാണ്. എന്നുവരികിലും സാമാന്യജനങ്ങൾ കൂടുതൽ മെച്ചമായ സാഹിത്യം, റേഡിയോ, ചലച്ചിത്രം, ടെലവിഷൻ മുതലായ വിനോദോപാധികളെ വലിയ തീക്ഷ്ണതയോടുകൂടിയാണ് സ്വാഗതം ചെയ്യുന്നതു് എന്ന സംഗതി ആശ്വാസദായകംതന്നെ.

മാനുഷികബലഹീനതയോട് എന്നും പോരാടേണ്ടിവരുമെന്നതു തീർച്ചതന്നെ. പക്ഷെ മിക്കമനുഷ്യരിലുമുള്ള നന്മയുടെ അംശം കുറച്ചൊന്നുമല്ല. എന്നിട്ടും അവരെ കഥയില്ലാത്തവരും അന്തസ്സാരവിഹീനരും ഉപരിപ്ലവബുദ്ധികളുമായ മനുഷ്യർ "കുതിരകയററുന്നെ"ങ്കിൽ അതിൻെറ അർത്ഥം ഇക്കൂട്ടർ സദാ അവരുടെ വേല തുടരുന്നുണ്ടെന്നും സർവ്വപ്രകാരേണയും മററുള്ളവരെ സമീപിക്കാൻ അവർ യത്നിക്കുന്നുണ്ടെന്നുമാണ്.

ഈ ദുരവസ്ഥയെപ്പററി എപ്പോഴും ആവലാതിപ്പെടാനും, അതേസമയം തന്നെ അതിനു നിവാരണം വരുത്തുവാൻവേണ്ടി യാതൊന്നും ചെയ്യാതിരിക്കാനുമുള്ള ഒരു സ്വാഭാവികവാസന യാണു് നമുക്കെല്ലാവക്കുമുള്ളതു്. എന്നാൽ സാന്മാർഗ്ഗികനില വാരം താഴ്ത്തുവാൻ മററുള്ളവർ ചെയ്യുന്നിടത്തോളം യത്നമെ ങ്കിലും അതിനെ ഉയർത്തുവാൻ നാം ചെയ്താൽ മാത്രമേ സ്ഥിതി ഗതികാം ഭേദപ്പെടുകയുള്ളു.

"അല്ലയോ മനുഷ്യാ! നല്ലതു് എന്താണെന്നും കർത്താവു് നിന്നിൽനിന്നു് ആവശ്യപ്പെടുന്നതു് എന്താണെന്നും ഞാൻ നിന്നെ കാണിച്ചുതരാം ..... ....." (മിഖയാസ് 6-8)

വിനോദരംഗങ്ങളിലേക്കു പോകുന്നവരെല്ലാം ക്രിസ്റ്റഫർ ലക്ഷ്യത്തോടുകൂടി പോകുവാൻ കർത്താവേ! വരം നൽകേണമെ.

# ജാനുവരി 10

തെക്കൻ കടലുകളിൽക്കൂടി യാത്രചെയ്കയിൽ ഒരിക്കൽ ഞാൻ (ഫാദർ ജയിംസ് കെല്ലർ) ഒരു ചെറുദ്വീപിലെ ഒരു മിഷൻകേന്ദ്രം സന്ദർശിക്കുവാനിടയായി. താമസംവിനാ ദീഘകായനായ ഒരു മനുഷ്യനെ കണ്ടുമുട്ടി. അയാളുടെ കേശസമൃദ്ധിയും ഭീമാകൃതിയും മററു പ്രകൃതികളുംകൂടി നോക്കിയപ്പോൾ അയാൾ ഒരു കാനിബാൾ (മനുഷ്യഭുക്ക്) ആണെന്നു ഞാനൂഹിച്ചു. അയാൾ എന്നോടു സ്നേഹപൂവ്വമാണ് പെരുമാറിയതെങ്കിലും എൻെറ സന്ദേഹങ്ങളെല്ലാം സമീപം നിന്നിരുന്ന ഒരു ഫ്രഞ്ചുമിഷനറിയുടെ ചെവിയിൽ മന്ത്രിക്കാതിരിക്കാൻ എനിക്കു കഴിഞ്ഞില്ല. അദ്ദേഹത്തിൻെറ മറുപടി ആശങ്കകളെല്ലാം ദൂരീകരിച്ചെങ്കിലും അയാളൊരു കാനിബാൾ ആണെന്ന എൻെറ അഭ്യൂഹത്തെ സ്ഥിരീകരിക്കയാണു ചെയ്തതു്. പ്രസ്തുത മിഷനറിയുടെ സഹപ്രവത്തകർ അനേകം കൊല്ലങ്ങൾക്കുമുമ്പു് കാനിബാൾ വർഗ്ഗക്കാരെ നിരുപദ്രവികളും സ്നേഹയോഗ്യരുമാക്കുന്ന പ്രായസപ്പെട്ട ജോലി ആരംഭിച്ചതാണത്രെ. തൽഫലമായിട്ടാണ് അവരിൽ ഇന്നിത്ര വലിയ പരിവത്തനം സംഭവിച്ചിരിക്കുന്നതു്.

ഈ കൃത്യം ക്ഷിപ്രസാദ്ധ്യമല്ലായിരുന്നു. പക്ഷേ മിഷനറിമാർ ആ കിരാതരുടെ തലയിൽ ഒരു സംഗതി അടിച്ചുകയററാൻ സദാ ശ്രമിച്ചുകൊണ്ടിരുന്നു. അവരിലോരോരുത്തരും, ഏററവും അധമനായി പരിഗണിക്കപ്പെട്ടുന്നവൻപോലും, ദൈവത്തിൻെറ സ്വന്തം ഛായയിൽ സൃഷ്ടിക്കപ്പെട്ടവനാണെന്നും തൽക്കാരണത്താൽ മററോരോരുത്തരിലുമുള്ള ദൈവികച്ഛായയെ ബഹുമാനിപ്പാൻ കടപ്പെട്ടവനാണെന്നും.

കാലാന്തരത്തിൽ ആ മിഷനറിമാക്കു് കരഗതമായ വിജയം നിരാശാജനകങ്ങളായ പ്രതിബന്ധങ്ങളെ നേരിട്ടുകൊണ്ടു് ക്രിസ്തുഫർമാരായി വത്തിക്കുവാൻ ആഗ്രഹിക്കുന്ന ആളുകാംക്കു് ഉത്തേജനവും പ്രോത്സാഹനവും നല്കേണ്ടതാണു്.

"നിങ്ങളെല്ലാവരും ഐക്യത്തോടുകൂടിയിരിക്കണമെന്നും, പീഡസഹിക്കുന്നവരോടുകൂടി പീഡസഹിക്കയും, അന്യോന്യം സ്നേഹിക്കയും ചെയ്യണമെന്നും കരുണയുള്ളവരും താഴ്മയുള്ളവരും ആയിരിക്കണമെന്നും തിന്മയ്ക്കുപകരം തിന്മയും നിന്ദനത്തിനുപകരം നിന്ദനവും ചെയ്യാതെ..........അനുഗ്രഹിക്കുന്നവരായിരിക്കണമെന്നും (ആകുന്നു) ചുരുക്കം." (I പത്രോസ് 3: 8—9)

സാഹചര്യങ്ങാം എത്ര നിരാശാജനകങ്ങളായിരുന്നാലും സദാ സ്നേഹം പ്രദർശിപ്പിക്കുവാൻ കത്താവേ! എന്നെ പഠിപ്പിക്കേണമേ.

# ജാനുവരി 11

അമേരിക്കയിലെ ടെക്സ്സാസ് സംസ്ഥാനത്തിൽ ഡല്ലാസ് എന്ന സ്ഥലത്തു നീഗ്രോവർഗ്ഗത്തിൽപ്പെട്ട 71 വയസ്സായ ഒരു സ്ത്രീ വസിച്ചിരുന്നു. അവിടെ സമാരംഭിച്ചിരുന്ന "കമ്മ്യൂണിററി ചെസ്സ് ഡ്രൈവ്" എന്ന സാധുജനസംരക്ഷണഫണ്ടിലേക്ക് എന്തെങ്കിലുംമൊരു സംഭാവന നല്കണമെന്ന ആഗ്രഹം അവരുടെ ഹൃദയത്തിലങ്കുരിച്ചു. പക്ഷെ അതെങ്ങനെ സാധ്യമാകും? അവരുടെ വാദ്ധക്യത്തെ ആധാരമാക്കി അവക്കു പ്രതിവാരപ്പെൻഷനായി അനുവദിച്ചിരുന്ന പത്തു ഡോളർ മാത്രമായിരുന്നു അവരുടെ വരുമാനം. അതു് കഷ്ടിച്ചു അവരുടെ ജീവസന്ധാരണത്തിനു തികഞ്ഞിരുന്നതേയുള്ളു.

ഈ സാഹചര്യങ്ങളിൽ ആ ത്യാഗശാലിനി എന്തു ചെയ്തെന്നോ? മണിക്കൂറിനു് അര ഡോളർ എന്ന നിരക്കിൽ 8 മണിക്കൂർനേരം ഡല്ലാസിലെ ഒരു ഭവനത്തിൽ അവർ കൂലിവേല ചെയ്യുകയും അങ്ങനെ ലഭിച്ച 4 ഡോളർ മുൻപറഞ്ഞ സാധുജനസംരക്ഷണഫണ്ടിനു സംഭാവന ചെയ്യുകയും ചെയ്തു.

ദുരിതങ്ങറം അനുഭവിച്ചിട്ടുള്ളവർ മററുള്ളവരുടെ ക്ലേശങ്ങളെ കൂടുതൽ എളുപ്പത്തിൽ ഗ്രഹിക്കുകയും അവരോടു് അനുകമ്പ പ്രദർശിപ്പിക്കുകയും ചെയ്യുക സാധാരണമാണു്. ക്രിസ്തുവിൻെറ നാമത്തിൽ മനുഷ്യവർഗ്ഗത്തിൻെറ ദുരിതങ്ങളെ നിവാരണം ചെയ്യുന്നതിൽ സഹകരിക്കുവാൻ താല്പര്യമുള്ള വ്യക്തി സ്വന്തം ജീവിതത്തിൽത്തന്നെ കുറെ വിഷമതകറം സഹിക്കുകയും കുറെ ത്യാഗമനുഷ്ഠിക്കുകയും ചെയ്യേണ്ടതാണു്. മാത്രമല്ല, ദുഃഖമനുഭവിക്കുന്നവരുമായി സമ്പക്കം പുലത്താനും ശ്രമിക്കണം.

ഈദൃശമായ ജീവിതാനുഭവങ്ങളും സഹനവും യഥാർത്ഥത്തിൽ, മറവേഷമണിഞ്ഞ അനുഗ്രഹങ്ങളത്രെ. വീരോചിത

മായ തോതിൽ, സുഖസമൃദ്ധിയുടെ മടിത്തട്ടിൽ വളരുന്നവർക്കു് സാധ്യമല്ലാത്ത രീതിയിൽ, സുകൃതമനുഷ്ഠിക്കുന്നതിനു് അവ ഉത്തേജനം നല്കുന്നതായിരിക്കും.

"എന്നെ പിഞ്ചെല്ലുവാൻ ഇച്ഛിക്കുന്ന ഏവനും സ്വയം ത്യജിച്ചു് സ്വന്തം കുരിശുമേന്തി പിന്നാലെ വരട്ടെ." (മത്തായി 16 : 24)

ക്രൂശിതനായ ഈശോ! അങ്ങയുടേയും എന്റെ സഹജീവികളുടേയും നേരെയുള്ള സ്നേഹത്തിനുവേണ്ടി സന്തോഷസമേതം ക്ലേശമനുഭവിക്കുവാൻ ഞാൻ സന്നദ്ധനാകുന്നതുവരെ ആദ്ധ്യാത്മികജീവിതത്തിൽ ഞാൻ പുരോഗതി പ്രാപിക്കയില്ല എന്ന തത്വം ദൃഢമായി എന്റെ മനസ്സിൽ പതിച്ചുരുളേണമെ.

# ജനുവരി 12

ആദിമ ക്രിസ്ത്യാനികളുടെ വീരോചിതമായ ജീവിതത്തെ അല്പമായിട്ടെങ്കിലും അനുകരിക്കാൻ ആഗ്രഹിക്കുന്നവർ റോമിലെ ഭൂഗർഭാലയങ്ങൾ ഒന്നു സന്ദർശിക്കട്ടെ...ഭൂനിരപ്പിൽനിന്നു് 23 അടിമുതൽ 70 അടിവരെ താഴെയായി സ്ഥിതിചെയ്യുന്നവയും നാനാഭാഗങ്ങളിലേക്കുമായി 550-ൽപ്പരം മൈൽ ദൂരം നീണ്ടുകിടക്കുന്നവയുമായ ഈ ഗുഹകളിലാണു് ആദിമക്രിസ്ത്യാനികൾ രഹസ്യത്തിൽ ആരാധന നിർവ്വഹിച്ചുവന്നതു്.

മററു മനുഷ്യർക്കും തങ്ങളുടെ വിശ്വാസം പകർന്നുകൊടുക്കുവാനുള്ള തീക്ഷ്ണമായ ആഗ്രഹം അവർക്കില്ലായിരുന്നുവെങ്കിൽ ഒരുപക്ഷെ അവർ ആ ഭൂഗർഭാലയങ്ങളിൽത്തന്നെ തങ്ങളുടെ ജീവിതം അവസാനിപ്പിക്കുമായിരുന്നു. എന്നാൽ ദൈവാനുഗ്രഹത്താൽ, ആ വിശ്വാസം തങ്ങളുടെ പീഡകന്മാർക്കുകൂടി അവകാശപ്പെട്ടതാണെന്ന ദൃഢബോധം അവർക്കുണ്ടായിരുന്നു. തന്നിമിത്തം, പ്രസ്തുത വിശ്വാസം ആ മനുഷ്യർക്കും പ്രദാനം ചെയ്യുന്നതിനുവേണ്ടി അവർ അതിനിഷ്ഠൂരങ്ങളായ പീഡനങ്ങളാണു് സഹിച്ചതു്.

അക്രൈസ്തവരായിരുന്ന റോമൻ ജനതയുടെ സംസ്കാരശൂന്യതയെപ്പററി ആവലാതിപ്പെട്ടുകൊണ്ടു് അവർ അകലത്തിൽ വസിക്കുകയല്ല ചെയ്തതു്. പ്രത്യുത, മററുള്ളവരെ അപേക്ഷിച്ചു് അവർക്കു ലഭിച്ചിരുന്ന ആത്മീയാനുഗ്രഹങ്ങൾ, കൃശിതനായ ക്രിസ്തുവിൻെറ സ്നേഹത്തെ ലോകത്തിൻെറ നാനാഭാഗങ്ങളിലും പ്രഘോഷിക്കുവാൻ ദൃഢനിശ്ചയം ചെയ്യുന്നതിനു് അവരെ സന്നദ്ധരാക്കി.

ആദിമക്രിസ്ത്യാനികൾക്കു് നേരിടേണ്ടിവന്ന പ്രതിബന്ധങ്ങൾ ദുസ്തരങ്ങളായിരുന്നു. എന്നിട്ടും നിരുത്സാഹരാകാതെ അവർ മുന്നോട്ടുപോയി. ഈ ഇരുപതാംനൂററാണ്ടിൽ ഒരു പ്രേഷിതനായി വർത്തിക്കുവാൻ ആഗ്രഹിക്കുന്നവനും അതൊരു പാഠം നൽകുന്നുണ്ടു്. ദൈവാനുഗ്രഹമുള്ളപക്ഷം സ്നേഹമാർഗ്ഗേണ വിജയം വരിക്കുവാൻ സാധിക്കുന്നതാണു്.

"തിന്മ നിങ്ങളെ ജയിക്കരുതു്; മറിച്ചു്, നിങ്ങൾ നന്മകൊണ്ടു് തിന്മയെ ജയിക്കുവിൻ." (റോമ. 12:21)

എൻെറ ഈശോ! അങ്ങു് എല്ലാ മനുഷ്യർക്കും വേണ്ടി പീഡകൾ സഹിച്ചതുപോലെ ഞാനും സഹിപ്പാൻ കൃപ ചെയ്യേണമെ.

# ജാനുവരി 13

പൗരസ്ത്യരായ മൂന്നു രാജാക്കന്മാർ ഈശോയെ വന്ദിപ്പാൻ വന്ന അവസരത്തിൽ ഹേറോദേശ് നവജാതനായ ശിശുവിൻെറ കാര്യത്തിൽ, സംശയാസ്പദമെങ്കിലും തീക്ഷ്ണമായ താല്പര്യമാണ് പ്രദർശിപ്പിച്ചതു്. അദ്ദേഹം പറഞ്ഞു: "നിങ്ങൾ പോയി ശിശുവിനെപ്പററി സശ്രദ്ധം അന്വേഷിക്കുക. കണ്ടു കഴിഞ്ഞശേഷം വന്നു് എന്നേയും വിവരമറിയിക്കുക. എനിക്കും പോയി ഉണ്ണിയെ ആരാധിക്കണം." (മത്തായി 2 : 8). ക്രിസ്തുവിനെ എല്ലാ ജീവിതത്തുറകളിൽനിന്നും തുരത്തുവാൻ ദൃഢവ്രതരായിരിക്കുന്ന മനുഷ്യർ സർവ്വകാലങ്ങളിലും ഇങ്ങനെ ആത്മാർത്ഥതയില്ലാതെയാണ് സംസാരിച്ചിട്ടുള്ളതു്.

രാജഷികൾ യാത്ര തുടന്നു: "വീട്ടിനുള്ളിൽ കടന്നുചെന്നു് അവർ മാതാവായ മറിയത്തിൻെറ കൂടെയുണ്ടായിരുന്ന ശിശുവിനെ കണ്ടു് സാഷ്ടാംഗം വീണു നമസ്കരിച്ചു." (മത്തായി 2 : 11) തദനന്തരം ഹേറോദേശിൻെറ ദൃഷ്ടികളിൽ എത്തുപെടാതിരിപ്പാൻ വേണ്ട കരുതലോടെ അവർ നേരെ സ്വദേശങ്ങളിലേക്കു മടങ്ങി.

അവർ മടങ്ങിപ്പോയശേഷം ഒരത്ഭുതസംഭവമുണ്ടായി. "കർത്താവിൻെറ ദൂതൻ സ്വപ്നത്തിൽ യൗസേപ്പിനു പ്രത്യക്ഷനായി അവനോടു്: നീ എഴുന്നേററു് ശിശുവിനേയും അമ്മയേയും കൂട്ടിക്കൊണ്ടു് ഈജിപ്തിലേക്കു് ഓടി രക്ഷപെട്ടുകൊള്ളുക. ഞാൻ ഇനി അറിയിക്കുന്നതുവരെ അവിടെത്തന്നെ വാസമാക്കുകയും ചെയ്യുക. കാരണം, ഹേറോദേസ് ഉണ്ണിയെ നശിപ്പിക്കുവാൻ ഉടൻ അന്വേഷണം നടത്തും." (മത്തായി 2 : 13).

പിന്നത്തെ ശോകാത്മകമായ രംഗം വിശുദ്ധഗ്രന്ഥകത്താവു് ഇങ്ങനെയാണു് ചിത്രീകരിക്കുന്നതു്:

"ശാസ്ത്രിമാർ വഞ്ചിച്ചെന്നു് ഇതിനിടയ്ക്കു ഹേറോദേസിനു മനസ്സിലായപ്പോഠം അദ്ദേഹം അത്യന്തം കുപിതനായി. അവരിൽ നിന്നു് അദ്ദേഹം സൂക്ഷ്മമായി ഗ്രഹിച്ചറിഞ്ഞിരുന്ന സമയംവെച്ചു കണക്കുകൂട്ടി ബേദലഹമിലും പരിസരങ്ങളിലുമുള്ള രണ്ടു വയസ്സും താഴെയും പ്രായമായ ആൺകുട്ടികളെ ഒക്കെയും വധിപ്പിച്ചു."

(മത്തായി 2:16)

ക്രിസ്തുവിനെ ദ്വേഷിക്കുന്നവർ, ശതാബ്ദങ്ങഠംതോറും ഈ നയമാണു് അവലംബിച്ചിട്ടുള്ളതു്. എന്നുവരികിലും അവർ ഒരിക്കലും പൂർണ്ണമായി വിജയം വരിക്കുന്നില്ല. അതിനു നാം ദൈവത്തോടു നന്ദി പറയേണ്ടിയിരിക്കുന്നു. അവരുടെ പീഡനങ്ങഠംക്കു വിധേയരാകുന്ന മനുഷ്യവ്യക്തികളുടെ സഹനവും നിഷ്ഫലമാകുന്നില്ല എന്നതിനുവേണ്ടിയും നാം ദൈവത്തോടു് കൃതജ്ഞരായിരിക്കേണ്ടതാണു്.

അഭയാത്ഥികളും ക്ലേശാധീനരുമായ അനേകസഹസ്രമാളുകഠം ഇന്നു് ലോകത്തിലുണ്ടു്. അവക്കെല്ലാവക്കും വേണ്ടി പ്രാത്ഥിക്കുക.

## ജാനുവരി 14

ആരോ ഒരിക്കൽ പറകയുണ്ടായി, സ്വഗ്ഗം പ്രാപിക്കുന്നവരെ ആശ്ചര്യഭരിതരാക്കുന്ന സംഗതികഠം മൂന്നാണെന്നു്.

1. നിങ്ങൾ അവിടെ ചെന്നെത്തിയല്ലോയെന്നതു്. 2. നിങ്ങൾ പ്രതീക്ഷിക്കാതിരുന്ന പലരും അവിടെയുണ്ടല്ലോ എന്നതു്. 3. നിങ്ങൾ പ്രതീക്ഷിച്ചിരുന്ന പലരും അവിടെ ഇല്ലല്ലോ എന്നതു്.

എങ്ങനെയായാലും, ആരെല്ലാം സ്വർഗ്ഗം പ്രാപിക്കുമെന്നും ആരെല്ലാം പ്രാപിക്കയില്ലെന്നും ആലോചിച്ചു് നിങ്ങളുടെ വിലപിടിച്ച സമയം നഷ്ടപ്പെടുത്തേണ്ട ആവശ്യമില്ല. നിങ്ങൾ അവിടെ ചെന്നുപററുവാൻ സർവ്വാത്മനാ പരിശ്രമിക്കയാണു് ആദ്യമായി ചെയ്യേണ്ടതു്. അതേസമയംതന്നെ, നിത്യസമാധാനം പ്രാപിക്കുവാൻ നിങ്ങളുടെ ശക്തിയിൽപ്പെട്ടവണ്ണം മററുള്ളവരെ നിങ്ങൾ സഹായിക്കുകയും വേണം.

ദൈവം തൻെറ മക്കൾക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയസൗഭാഗ്യം പ്രാപിപ്പാനുള്ളഎളുപ്പമാർഗ്ഗമെന്താണെന്നോ? ശാരീരികവും മാനസികവുമായ പീഡകൾ സഹിക്കുന്നവരുടെ ജീവിതത്തിൽ ദൈവസ്നേഹത്തിനു സ്ഥാനം നൽകുവാൻ അക്ഷീണം പരിശ്രമിക്കുക എന്നതാണതു്. യഥാർത്ഥത്തിൽ, ക്രിസ്തുവിനെ മററുള്ളവരുടെ പക്കലേക്കു വഹിച്ചുകൊണ്ടുചെല്ലുന്ന ജോലിയിൽ നിങ്ങൾ വ്യാപൃതനായിരിക്കയാണെങ്കിൽ, ഇഹത്തിൽവച്ചുതന്നെ നിങ്ങൾ സ്വർഗ്ഗഭാഗ്യം അനുഭവിച്ചുതുടങ്ങിയെന്നു പറയാം.

"എൻെറ പിതാവിനാൽ അനുഗ്രഹീതരേ, വരിക; ലോകാരംഭംതൊട്ടു നിങ്ങൾക്കായി ഒരുക്കിവച്ചിട്ടുള്ള രാജ്യം സ്വായത്തമാക്കി അനുഭവിക്കുക."

(മത്തായി 25:34)

കർത്താവേ! എല്ലാ ആത്മാക്കളേയും സ്വർഗ്ഗത്തിലേക്കാനയിക്കേണമെ. പ്രത്യേകിച്ചും നിസ്സഹായരെ സഹായിക്കേണമെ.

# ജാനുവരി 15

സുപ്രസിദ്ധ റഷ്യൻ നോവലെഴുത്തുകാരനായ ഫെഡോർ ഡോസ്റ്റോവ്സ്കിയുടെ അന്തരാത്മാവിൽ ഒരു നിരന്തര സമരം നടന്നുകൊണ്ടിരുന്നു. ഒരു ഭാഗത്തു്, ദൈവവുമായി ദൃഢബന്ധം പാലിക്കാനുള്ള ആഗ്രഹവും, മറുഭാഗത്തു്, ദൈവത്തിൽനിന്നു തന്നെ വലിച്ചകററുന്ന ഒരനുഭവവും അദ്ദേഹത്തിനുണ്ടായിരുന്നു.

അദ്ദേഹം രചിച്ചിട്ടുള്ള * "ഭീമന്റെ പതനം" എന്ന ഗ്രന്ഥത്തിൽ ഒരു നിരീശ്വരനായ കിറിലോവു് ഒരു പരമാൎത്ഥം തുറന്നു സമ്മതിക്കുന്നുണ്ടു് — താൻ ആരുടെ അസ്തിത്വമാണോ നിഷേധിച്ചിരുന്നതു്, ആ ദൈവം നിരന്തരം തന്നെ അലട്ടിയിരുന്നെന്നു്. "ദൈവം എന്റെ ജീവിതകാലം മുഴുവനും എന്നെ ശല്യപ്പെടുത്തിയിട്ടുണ്ടു്", എന്നത്രെ അയാൾ വിളിച്ചുപറയുന്നതു്. ആ കഥാപാത്രത്തിന്റെ അധരങ്ങൾവഴി ഡോസ്റ്റോവ്സ്കി സ്വന്തം അനുഭവത്തെ പ്രഖ്യാപിക്കുകയാണു ചെയ്തിട്ടുള്ളതു്.

അനന്തരകാലങ്ങളിൽ ഡോസ്റ്റോവ്സ്കി ദൈവവിശ്വാസിയായി ഭവിച്ചു. അതിനെ ആധാരമാക്കി പലരും അദ്ദേഹത്തെ അധിക്ഷേപിക്കയുണ്ടായി. അവക്കുള്ള മറുപടി, അദ്ദേഹത്തിന്റെ മരണത്തിനു അനേകനാൾ മുമ്പു്, ശക്തിയുക്തമായ ഭാഷയിൽ സ്വന്തം ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നതു്

---

* "ഭീമന്റെ പതനം" എന്ന പേരിൽ ഈ നോവൽ പ്രതിമാസ ഗ്രന്ഥക്ലബ്ബ് വിവൎത്തനം ചെയ്തിട്ടുണ്ടു്. രണ്ടു ഭാഗങ്ങൾ 481 പേജ് – വില രൂപാ 2 മാത്രം.

ഇങ്ങനെയാണു്: "ഞാൻ പ്രകാശിപ്പിച്ചതുപോലുള്ള ഒരു നാസ്തികത്വം ഈ മറയന്മാക്കു ചിന്തിക്കുവാൻപോലും സാധ്യമല്ലായിരുന്നു........യൂറോപ്പാകമാനം അന്വേഷിച്ചാലും ഇത്ര ശക്തിയായ ഭാഷയിൽ നിരീശ്വരത്വത്തെ വിളംബരം ചെയ്തിട്ടുള്ളതായി വേറെ ഉദാഹരണം കാണുവാൻ സാധിക്കയില്ല. അതുകൊണ്ടു് ഇപ്പോഠം ഞാൻ ക്രിസ്തുവിൽ വിശ്വസിക്കയും അങ്ങയെ ഏറ്റുപറയുകയും ചെയ്യുന്നതു് ഒരു കൊച്ചുകുട്ടിയെപ്പോലെയല്ല. സംശയത്തിൻെറ മൂശയിൽനിന്നാണു് എൻെറ ഓശാന പുറപ്പെട്ടിരിക്കുന്നതു്."

ക്രിസ്തുവിൻെറ കരങ്ങളിൽ ഉപകരണങ്ങളായി ഭവിക്കുന്നവർ യാതൊരുത്തക്കുമെതിരായി വാതിലടച്ചുകളയരുതു്. ദൈവത്തിൻെറ അസ്തിത്വത്തെപ്പററി മഃനപൂവ്വം സംശയിക്കുകയോ വിദ്വേഷപൂവ്വം അതു നിഷേധിക്കുകയോ ചെയ്യുന്നവർ പലരുമുണ്ടു്. പക്ഷെ ആ മനോഭാവത്തിൻെറ അടിയിലായി ദൈവത്തെ പ്രാപിക്കാനുള്ള ഒരാഗ്രഹവും ഒളിഞ്ഞുകിടപ്പുണ്ടാകും. ദൈവമാണു അതിനെ അവിടെ പ്രതിഷ്ഠിച്ചിരിക്കുന്നതു്. ആകയാൽ പരിപൂർണ്ണമായി അതിനെ നിമ്മാജ്ജനം ചെയ്യാൻ ഒരിക്കലും സാധിക്കുന്നതല്ല.

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' അങ്ങേ തിരുനാമം പൂജിക്കപ്പെടട്ടെ.'' (മത്തായി 6:9)

ദൈവമെ! അങ്ങിൽ വിശ്വസിക്കാത്തവരോടു കരുണ കാണിക്കേണമെ.

## ജാനുവരി 16

സൈബീരിയായിലെ തടങ്കൽപ്പാളയത്തിലേക്കു യാത്രചെയ്കയിൽ അജ്ഞാതയായ ഒരു കർഷകവനിത

ഡോസ്റ്റോവ്സ്കീക്കു് (ജാനുവരി 15-ൽ ഇദ്ദേഹത്തെ പ്പറ്റി പറഞ്ഞിട്ടുള്ളതാണു്) ഒരു പുതിയനിയമഗ്രന്ഥം നല്കി. അങ്ങനെ അവർ അദ്ദേഹത്തെ ക്രിസ്തുവുമായി കൂട്ടിയിണക്കിയ കണ്ണിയായി പരിണമിച്ചു

ഒരു നിധിയെന്നവണ്ണമാണു് അദ്ദേഹം ആ പുസ്തകം സൂക്ഷിച്ചതു്. ഹെന്റിഡിലുബാക് എന്നദേഹം ഏതത്സംബന്ധമായി ഇങ്ങനെ എഴുതിയിരിക്കുന്നു. "അദ്ദേഹമതു വായിക്കുകയും ആവർത്തിച്ചു വായിക്കുകയും ചെയ്തു. അതേപ്പററി ധ്യാനിച്ചു സുവിശേഷതത്വങ്ങളിൽ അദ്ദേഹം ആമഗ്നനായി."

ക്രിസ്തുവിൻെറ നേർക്കുള്ള തൻെറ ഭക്തി പ്രകാശിപ്പിക്കുവാൻ അദ്ദേഹം പ്രയോഗിച്ചിരിക്കുന്ന സ്നേഹമസൃണങ്ങളായ ചില ശൈലികൾ എത്ര ചിന്തോദ്ദീപകങ്ങളായിരിക്കുന്നു!

1. "........ക്രിസ്തുവിനെക്കാൾ മനോജ്ഞവും അഗാധവും സ്നേഹയോഗ്യവും യുക്തിയുക്തവും ധൈര്യവത്തും പരിപൂർണ്ണവുമായി യാതൊന്നുമില്ല........"

2. "ക്രിസ്തുവും അദ്ദേഹത്തിലുള്ള വിശ്വാസവും നമ്മെ നയിക്കാത്തപക്ഷം നമുക്കു് എല്ലായ്പ്പോഴും മാർഗ്ഗഭ്രംശം ഭവിക്കുന്നതാണു്."

3. "പാശ്ചാത്യരാജ്യങ്ങൾ ക്രിസ്തുവിനെ നഷ്ടപ്പെടുത്തിയിരിക്കുന്നു അതിനാലത്രെ അവ മൃതപ്രായമായിരിക്കുന്നതു്. മററു യാതൊരു കാരണവുമില്ല."

4. "വചനം മാംസമായി" എന്ന പ്രസ്താവത്തിൻേറയും അതിലപ്പിക്കുന്ന വിശ്വാസത്തിൻേറയും പശ്ചാത്തലത്തിൽമാത്രമാണു് ഈ ലോകം മുഴുവൻെറയും അസ്തിത്വത്തിനുള്ള കാരണം ഗ്രഹിക്കുവാൻ സാധിക്കുന്നതു്."

സുവിശേഷത്തിൻെറ ഒരു ഭാഗം ദിവസവും വായിക്കുവാൻ എല്ലാവരേയും പ്രോത്സാഹിപ്പിക്കുക. പുതിയ നിയമഗ്രന്ഥം

മററുള്ളവക്കു വായിക്കുവാൻ കൊടുക്കുക. അവർ വിരുദ്ധമനോഭാവം പ്രദർശിപ്പിച്ചാലും നിങ്ങൾ കൃത്യവിമുഖരാകരുതു്. മേൽപ്പറഞ്ഞവണ്ണം ചെയ്യുന്നപക്ഷം സൈബീരിയാക്കാരിയായ ആ സ്ത്രീയെപ്പോലെ നിങ്ങളും, മററു വിധത്തിൽ ക്രിസ്തുവിനെ അറിയാൻ ഇടയില്ലാത്ത അനേകം സ്ത്രീപുരുഷന്മാക്ക് അങ്ങയെ കാണിച്ചുകൊടുക്കുകയായിരിക്കും ചെയ്യുന്നതു്.

"നമ്മൾ പാപികളായിരിക്കയിൽ മിശിഹാ നമുക്കുവേണ്ടി മരിച്ചു." (റോമ. 5:8)

എൻെറ ഈശോ! അങ്ങയുടെ സ്നേഹത്തിൻെറ ഫലങ്ങൾ എല്ലാവരും അനുഭവിക്കുന്നതിനുവേണ്ടി പരിശ്രമിപ്പാൻ എന്നെ സഹായിക്കേണമെ.

## ജാനുവരി 17

പണമിടപെട്ട കാര്യങ്ങളിൽ വ്യാപരിക്കുന്നവരുടെ ശരീരം എളുപ്പത്തിൽ ക്ഷീണിക്കുന്നതിനുള്ള കാരണമെന്തു് എന്ന ചോദ്യത്തിനു പെൻസിൽവേനിയായിലെ ഒരു ആസ്പത്രിയിൽനിന്നും നല്കിയ സമാധാനം ശ്രദ്ധേയമാണു്.

സ്വന്തം പ്രവൃത്തിരംഗങ്ങളിൽ സമത്ഥരാണെങ്കിലും തങ്ങളുടെ ജോലികളുടെ അടിമകളായിട്ടാണു് അവരിൽ പലരും വത്തിക്കുന്നതു്. തൽഫലമായി അവരുടെ ഇടയിൽ ഹൃദ്രോഗം, രക്തസമ്മർദ്ദം, ഉദരവ്രണങ്ങൾ, മാനസികരോഗങ്ങൾ ആദിയായവ സുലഭമായിരിക്കുന്നു.

ഈ അവസ്ഥയിൽ ഒരു വ്യാപാരി എത്തിച്ചേരുന്നതിനുള്ള കാരണങ്ങളിൽ ചിലതു താഴെ ചേക്കുന്നു:-

1. അയാറം തൻെറ വിഷമതകളെയെല്ലാം രാത്രി വീട്ടിലേക്കു കൊണ്ടുപോകുന്നു. 2. അത്താഴസമയത്തു ഭക്ഷണത്തിനു ചെലവഴിക്കുന്നതിനെക്കാറം കൂടുതൽ സമയം പണമിടപാടുകളേയും വ്യാപാരസംബന്ധമായ മററു കാര്യങ്ങളേയുംപ്പററി സംസാരിക്കുന്നതിനായി ചെലവഴിക്കുന്നു. 3. അയാറം കുറെക്കാലമെങ്കിലും വിശ്രമിക്കാമെന്നു വയ്ക്കുകയില്ല. കാരണം, അയാളുടെ വിചാരം അയാളെക്കൂടാതെ സംഗതികളൊന്നും നടക്കയില്ലെന്നാണു്. 4. ജോലിചെയ്യുന്നതിലും കളിക്കുന്നതിലും അയാറംക്കു മിതത്വം എന്തെന്നു് അറിഞ്ഞുകൂടാ. അറിയാമെങ്കിൽത്തന്നെ അയാറം അതിനനുസൃതമായി പ്രവത്തിക്കയില്ല.

ശാരീരികവും മാനസികവുമായ മേൽപ്പറഞ്ഞതരം രോഗങ്ങറംക്കുള്ള പ്രതിവധി ക്രിസ്തുനാഥൻ ഉദ്ദേശം രണ്ടായിരം കൊല്ലങ്ങറംക്കുമുമ്പു നല്കിയ ഒരുപദേശത്തിലുണ്ടു്:

"അതുകൊണ്ടാദ്യമായി ദൈവത്തിൻെറ രാജ്യവും അവിടത്തെ തിരുഹിതവും അന്വേഷിക്കുക; അപ്പോറം അപേക്ഷിക്കാതെ തന്നെ ഇവയെല്ലാം നിങ്ങറംക്കു നൽകപ്പെടും." (മത്തായി 6 : 33)

പ്രഥമസ്ഥാനം അർഹിക്കുന്നവയ്ക്കു പ്രഥമസ്ഥാനം നല്കാനും അപ്രധാനങ്ങളായവയിൽ വ്യഗ്രതപ്രദർശിപ്പിക്കാതിരിപ്പാനും എൻെറ ദൈവമേ! എന്നെ സഹായിക്കേണമെ.

# ജാനുവരി 18

ഉത്തരചൈനയിൽ വേലചെയ്തിരുന്ന അമേരിക്കൻ "മേരിനോൾ" മിഷനറി സംഘത്തിൽപ്പെട്ട ഒരു വൈദികൻ, വിശപ്പും ശൈത്യം സഹിച്ചും വഴിയരികിൽ കിടന്നിരുന്ന ഒരു വൃദ്ധസ്ത്രീയെ കണ്ടുമുട്ടി. അദ്ദേഹം ഉടൻ തന്നെ അവൾക്കുവേണ്ട സഹായം ചെയ്തുകൊടുക്കാൻ സന്നദ്ധനായി. അപ്പോളവർ ചോദിച്ചു: "നിങ്ങളെന്തിനാണ് എന്റെ കാര്യത്തിൽ ഇത്ര ശ്രദ്ധ പതിക്കുന്നത്? മററാരും ഇങ്ങോട്ടു തിരിഞ്ഞു നോക്കുകപോലും ചെയ്തില്ലല്ലോ."

"ദൈവമാണു നിങ്ങളേയും എന്നേയും സൃഷ്ടിച്ചതു്. അവിടുന്നു ആജ്ഞാപിച്ചിരിക്കുന്നതു്, ലോകമെങ്ങും ചുററിസഞ്ചരിച്ചു് അവശരെ സഹായിപ്പാനാണ്." വൈദികൻ മറുപടി പറഞ്ഞു.

ഈ വാക്കുകൾ ആ വൃദ്ധസ്ത്രീയുടെ ഹൃദയത്തെ സ്പർശിച്ചു. "അതെത്ര മനോഹരമായ മതം! അതിന്റെ ഉത്ഭവം എവിടെ നിന്നു്? ആരാണ് അതിന്റെ സ്ഥാപകൻ?" ആശ്ചര്യഭരിതയായി അവർ ചോദിച്ചു:

വൈദികൻ സാവകാശത്തിൽ ക്രിസ്തുമതത്തിന്റെ മൂലതത്വങ്ങൾ അവരുടെ മുമ്പിൽ അവതരിപ്പിച്ചു. സ്നേഹസ്വരൂപനായ ദൈവം, അവിടത്തെ ഏകപുത്രൻ ഈശോമിശിഹായെ മനുഷ്യരക്ഷാർത്ഥം ലോകത്തിലേക്കയച്ചെന്നും, ആ ദൈവസുതൻ താൻ മനുഷ്യരെ സ്നേഹിച്ചതുപോലെ അവരും പരസ്പരം സ്നേഹിക്കണമെന്നു് ഉപദേശിച്ചിട്ടുണ്ടെന്നും മററും അദ്ദേഹം പ്രസ്താവിച്ചു.

അപ്പോഴും സ്ത്രീ പറയുകയാണു്: "നിങ്ങളുടെ ആ ക്രിസ്തു— അദ്ദേഹം മരിച്ചിട്ടു് അധികനാശം ആയിക്കാണുകയില്ലല്ലൊ." അദ്ദേഹം മരിച്ചിട്ടു് ഏതാണ്ടു് രണ്ടായിരത്തോളം കൊല്ലമായെന്നു പറഞ്ഞപ്പോശം അത്ഭുതപരതന്ത്രയായ അവർ ഇപ്രകാരം ഉദ്ഘോഷിച്ചു.

"രണ്ടായിരം കൊല്ലമോ? ക്രിസ്തു മനുഷ്യരുടെ നേക്കുള്ള തൻെറ സ്നേഹത്തെപ്പററി ലോകമെങ്ങും പ്രസംഗിക്കാൻ ആവശ്യപ്പെട്ടിട്ടു് ഇത്രയേറെ കൊല്ലങ്ങളായെങ്കിൽ, ഇത്രയുംനാശം ക്രിസ്ത്യനികളായ നിങ്ങശം എവിടെയായിരുന്നു? ക്രിസ്തു ആജ്ഞാപിച്ചതു നിങ്ങശം എന്തുകൊണ്ടു് നിവ്വഹിച്ചില്ല?"

"നിങ്ങശം ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ"

(മക്കോസു് 16:15)

ക്രിസ്തുവിൻെറ സ്നേഹദീപം ദിക്കെങ്ങും കൊളുത്തുന്നതിനുവേണ്ടി പരമാവധി പരിശ്രമിക്കുവാൻ സവ്വസക്തനായ ദൈവമേ! എന്നെ സഹായിക്കണമെ.

## ജാനുവരി 19

1950 ജാനുവരി 17-ാംനു-, 45,000 ടൺ ഭാരം വരുന്ന "മിസ്സൗരി'' എന്ന യുദ്ധക്കപ്പൽ ചെസാപീക്കു് ഉശംക്കടലിൽ മുങ്ങിപ്പോയി. ആ അത്യാഹിതത്തിനുത്തരവാദി ആരാണെന്നറിയുന്നതിനുവേണ്ടി നാവികവകുപ്പിലെ പ്രധാനോദ്യോഗസ്ഥൻ കപ്പിത്താനെ വിളിച്ചു ചോദ്യം ചെയ്തു.

അദ്ദേഹത്തിൻെറ പ്രത്യുത്തരത്തിൽ ദൈവത്തിൻെറ ന്യായാസനത്തിനുമുമ്പിൽ ഒരുവൻ നല്കേണ്ടിവരുന്ന മറുപടിയുടെ പ്രതീതിയാണു നിഴലിച്ചിരുന്നതു്. അദ്ദേഹം ഇപ്രകാരം ഏററുപറഞ്ഞു. "ഞാൻ അതിൻെറ പൂർണ്ണമായ ഉത്തരവാദിത്വം ഏൽക്കുന്നു. കപ്പലിൻെറ കപ്പിത്താൻ എന്ന നിലയിൽ അതു നാശത്തിൽപ്പെടാതെ സൂക്ഷിക്കേണ്ടതു് എൻെറ ചുമതലയായിരുന്നു. ഞാനാകൃത്യം നിവ്വഹിച്ചില്ല.

നമ്മിലോരോരുത്തനും നമ്മുടെ ആത്മാവാകുന്ന കപ്പലിൻെറ നായകനാണ്. ജീവിതകാലം മുഴുവൻ ശരിയായി പ്രയാണം ചെയ്യുന്നതിനുവേണ്ട വരപ്രസാദവും മാർഗ്ഗദർശിത്വവും ദൈവത്തിൽനിന്നു നമുക്കു ലഭിക്കുന്നുണ്ടു്. എന്നുവരികിലും അവിടുന്നു ബലം ചെലുത്തുന്നില്ല; നമ്മുടെ സ്വാതന്ത്ര്യമനസ്സിനെ ഹനിക്കുന്നില്ല. ആകയാൽ, നാശഹേതുവായതിനെ വകവയ്ക്കാതെ ആഴത്തിൽ താണുപോകാൻ നമുക്കു സാധിക്കും. എന്നാൽ, നേതാക്കളുടെ നേതാവായ ദൈവത്തിൻെറ മുമ്പിൽ നമുക്കു ഹാജരാകേണ്ടിവരുമ്പോറം "പക്ഷെ", "അങ്ങനെയായിരുന്നെങ്കിൽ", ഇത്യാദി ഒഴിവുകഴിവുകളൊന്നും സ്വീകരിക്കപ്പെടുന്നതല്ല. ജീവിതരംഗത്തു് നമ്മുടെ ഭാഗം ശരിയായി അഭിനയിച്ചിട്ടുണ്ടെങ്കിൽ അതു നമുക്കു ആനന്ദദായകമായ ഒരു സുദിനമായിരിക്കും. പ്രത്യുത, ദൈവം നമുക്കു പ്രദാനംചെയ്ത ശക്തിവിശേഷങ്ങളെ നാം ദുരുപയോഗിക്കയാണു ചെയ്തിട്ടുള്ളതെങ്കിൽ ആ ദിനം നമുക്കു ഭയാനകവുമായിരിക്കും.

"ഇങ്ങനെ ഇവർ നിത്യശിക്ഷയിലേക്കും, നീതിമാന്മാർ നിത്യായുസ്സിലേക്കും പ്രവേശിക്കും." (മത്തായി 25:46)

അങ്ങയേയും അങ്ങേ മക്കളേയും സേവിച്ചുകൊണ്ടു് നിത്യവിധിക്കു് തയ്യാറാകുവാൻ എൻെറ ദൈവമേ! എന്നെ സഹായിക്കേണമെ.

# ജാനുവരി 20

1950-ാമാണ്ടിന്റെ അവസാനത്തിൽ 74 വയസ്സായ ഒരു കമ്പനിയുടമസ്ഥൻ 350000 ഡോളർ (ഉദ്ദേശം 16 ലക്ഷം രൂപ) സ്നേഹിതന്മാർക്കും ധർമ്മസ്ഥാപനങ്ങൾക്കുമായി വിതരണം ചെയ്തു.

രോഗബാധിതനും പൊതുജനദൃഷ്ടിയിൽ നിന്നു മറഞ്ഞു വിനീതജീവിതം നയിച്ചുവന്നവനുമായിരുന്ന അദ്ദേഹം. ഇത്ര വലിയ സംഭാവനകൾ നല്കിയ തന്റെ നാമം അജ്ഞാതമായിരിക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. അതിനുള്ള കാരണം അദ്ദേഹം ചൂണ്ടിക്കാണിച്ചതിങ്ങനെയാണ്. "ഞാൻ എന്റെ ശക്തിയിൽപ്പെട്ടവണ്ണം ഈ ധർമ്മസഹായങ്ങൾ ചെയ്യുന്നതു പ്രശസ്തിയോ ജനങ്ങളുടെ അഭിനന്ദനമോ ലഭിക്കുവാൻ വേണ്ടിയാണെന്നു വരരുതു്."

അദ്ദേഹം ഒരു സ്നേഹിതനോടു് രഹസ്യമായി പറഞ്ഞതനുസരിച്ചു്, അദ്ദേഹത്തിന്റെ യഥാർത്ഥമായ ലാക്കു്, താൻ "ജീവിച്ചിരിക്കുമ്പോൾത്തന്നെ'' തന്റെ സൗഭാഗ്യത്തിൽ മററുള്ളവരേയും ഭാഗഭാക്കുകളാക്കുക എന്നതായിരുന്നുവത്രെ.

"ജീവിച്ചിരിക്കുമ്പോൾത്തന്നെ" എന്ന ഭാഗം പ്രത്യേകം ശ്രദ്ധേയമാണു്. നമ്മുടെ ജീവിതോദ്ദേശം സാധിക്കുന്നതിനായി ദൈവം നമുക്കു് പ്രദാനംചെയ്യുന്ന അവസരങ്ങൾ അതിവേഗം ഇങ്ങിനിവരാതവണ്ണം കടന്നുപോകുന്നു.

ശ്മശാനവേദിയിലെ ഏററവും വലിയ ധനവാൻ എന്ന ഖ്യാതി സമ്പാദിക്കുന്നതുകൊണ്ടു് എന്തു പ്രയോജനം? ധനവാനായിരുന്നാലും ശരി, ദരിദ്രനായിരുന്നാലും ശരി, ഒരുവന്റെ

പാരത്രികജീവിതത്തെ നിർണ്ണയിക്കുന്നതു്, അവൻ തൻെറ പണം ദൈവത്തിനായും മററുള്ളവർക്കായും തനിക്കായും എങ്ങനെ ഉപയോഗിച്ചു എന്നു നോക്കീട്ടാണ്.

"നല്ലവനും വിശ്വസ്ഥനുമായതുകൊണ്ടു് വൻകാര്യങ്ങൾ നിന്നെ ഞാൻ ഏല്പിക്കുന്നുണ്ടു്. നിൻെറ യജമാനനോടുകൂടി ഒന്നിച്ചു് ഇരുന്നു് സന്തോഷിച്ചാലും."

(മത്തായി 25:21)

എൻെറ നിത്യവിധിയെ നിർണ്ണയിക്കുന്നതു ഇഹത്തിലെ എൻെറ പ്രവൃത്തികളാണെന്നു ഓർത്തുകൊണ്ടു് ജീവിക്കുവാൻ എൻെറ ദൈവമേ! എന്നെ സഹായിക്കണമേ.

## ജനുവരി 21

ഒരു പഴഞ്ചൊല്ലുണ്ടു്, സകലതും നമ്മെ ആശ്രയിച്ചിരുന്നാൽ എന്നപോലെ നാം വേലചെയ്യുകയും സകലതും ദൈവത്തെ ആശ്രയിച്ചിരുന്നാൽ എന്നപോലെ പ്രാർത്ഥിക്കയും ചെയ്യണമെന്നു്.

ലോകത്തെ നവീകരിക്കാൻ ആഗ്രഹിക്കുന്ന ഒരു ക്രിസ്ത്യാനിക്കു് ഈ തത്വം ഹൃദിസ്ഥമാണ്. ആകയാൽ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളർന്നുവരുന്നതിനുള്ള സുഗമവും ഫലപ്രദവുമായ ഒരു മാർഗ്ഗം അവൻ പ്രാർത്ഥനയിൽ കണ്ടെത്തുന്നു.

നാം നിരന്തരം പ്രാർത്ഥിക്കണമെന്നു വി. പൗലോസു ആവർത്തിച്ചാവർത്തിച്ചു് ഉദ്ബോധിപ്പിക്കുന്നതു നോക്കുക:-

1. "ഇടവിടാതെ പ്രാർത്ഥിക്കുക." (I തെസ്സ 5 : 17)

2. "പ്രാർത്ഥനയിൽ സ്ഥിരതയോടിരിക്കുവിൻ."
(കൊല. 4 : 2)

3. ''ഉത്സാഹശീലരും പ്രവൃത്തിനിരതരുമായിരിപ്പിൻ. ആത്മാവിൽ തീക്ഷ്ണതയുള്ളവരായിരിപ്പിൻ. കർത്താവിനെ സേവിക്കുവിൻ. നിങ്ങളുടെ പ്രതീക്ഷയിൽ നിങ്ങൾ സന്തോഷിപ്പിൻ. നിങ്ങളുടെ ഞെരുക്കങ്ങൾ സഹിക്കുവിൻ. പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിപ്പിൻ.'' (റോ. 12: 11-12)

4. ''എല്ലായിടത്തും മനുഷ്യർ പ്രാർത്ഥിക്കണമെന്നു് ഞാനാഗ്രഹിക്കുന്നു." (I തിമോ. 2 : 8)

എൻെറ ദൈവമേ! പ്രാർത്ഥനാചൈതന്യം എന്നിൽ വർദ്ധമാനമായി വരുവാൻ കൃപചെയ്യേണമെ.

## ജനുവരി 22

ദൈവത്തെ വെറുക്കുകയും മനുഷ്യസമുദായത്തെ അടിമത്തത്തിനു് അധീനമാക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന വ്യക്തികൾ താഴെ ചേർക്കുന്ന ആറു പ്രധാന രംഗങ്ങളിൽ തടിച്ചുകൂട്ടുവാനാണു ശ്രമിക്കുന്നതു്.

1. വിദ്യാഭ്യാസം. 2. ഗവമ്മെൻറു്. 3. പ്രസിദ്ധീകരണങ്ങൾ. 4. തൊഴിൽശാലകൾ. 5. സാമൂഹ്യപ്രവത്തനങ്ങൾ. 6. ഗ്രന്ഥാലയങ്ങൾ.

ഈ ആറു തുറകളെ കൈയടക്കുവാൻ അവർ ശ്രമിക്കുന്നതിൻെറ രഹസ്യമെന്താണെന്നോ? അവ മുഖേന ഏതു രാജ്യത്തിലേയും ഭൂരിഭാഗം ജനങ്ങളെ ഏററവും വേഗത്തിലും ഫലപ്രദ

മായ വിധത്തിലും സമീപിക്കുന്നതിനും, ക്രമേണ അവരെ ദുഷി പ്പിക്കുന്നതിനും അടിമപ്പെടുത്തുന്നതിനും സാധിക്കുമെന്നു് ഇവ ക്കറിയാം. അവ വഴി കുടുംബത്തിൻേറയും മതത്തിൻേറയും പ്രേരണാശക്തികളെ നിഷ്ഫലമാക്കുവാനും നിർമ്മൂലനം ചെയ്യു വാനും സാധിക്കുന്നതാണു്.

മേൽപ്പറഞ്ഞ രംഗങ്ങളെല്ലാം മനുഷ്യവർഗ്ഗത്തിൻെറ സു സ്ഥിതിക്കും സമാധാനത്തിനും വേണ്ടിമാത്രം—അതിൻെറ നാശ ത്തിനു വേണ്ടിയല്ല—പ്രയോജനപ്പെടുത്തണമെന്നാണു ദൈവാ ഭിഷ്ടം. ആകയാൽ പ്രധാനപ്പെട്ട ഈ ജീവിതത്തുറകളിലെല്ലാം ഉത്തമരായ വ്യക്തികളെ, ദൈവസ്നേഹവും സ്വരാജ്യസ്നേഹവു മുള്ളവരെ നിയമിക്കുവാൻവേണ്ടി നാമോരോരുത്തരും പരിശ്ര മിക്കേണ്ടതാണു്. ദൈവത്തെ വെറുക്കുന്നവരേയും വിധ്വംസ കപ്രസ്ഥാനക്കാരേയും അത്തരം സ്ഥാനങ്ങളിൽനിന്നു് ഒഴിച്ചു നിത്തുവാൻ വേണ്ടിയും നാം യത്നിക്കണം. തിന്മ പ്രവത്തിക്കു ന്നവരെ നിഷ്കാസനം ചെയ്യേണ്ടതു് ഏററവും ആവശ്യമാണെ ന്നിരുന്നാലും, അതിൽ മാത്രം നമ്മുടെ ശ്രദ്ധ കേന്ദ്രീകരിച്ചാൽ മതിയാകുന്നതല്ല. നന്മ പ്രവർത്തിക്കുന്നവരെ അകത്തു പ്രവേ ശിപ്പിക്കുവാൻ ശ്രമിക്കുക എന്നതും വളരെ പ്രാധാന്യം അർഹി ക്കുന്ന ഒരു സംഗതിയാണു്.

“നിങ്ങൾക്കു സമാധാനം. എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളേയും അയക്കുന്നു.”

(യോഹ. 20:21)

കർത്താവേ! അങ്ങേ അനുയായികളെ നന്മചെയ്യുവാൻ അ വസരം ലഭിക്കുന്ന ഉദ്യോഗങ്ങൾ സ്വീകരിക്കുന്നതിനു പ്രേരി പ്പിക്കുവാൻ എന്നെ സഹായിക്കേണമെ.

# ജാനുവരി 23

പുണ്യവാന്മാരെ പുണ്യവാന്മാരാക്കുന്ന സംഗതി എന്താണ് എന്ന ചോദ്യം സാധാരണ ചോദിക്കാറുള്ളതാണ്.

അവർ സർവ്വോപരിയായി ദൈവത്തേയും തങ്ങളെപ്പോലെതന്നെ തങ്ങളുടെ അയൽക്കാരെയും സ്നേഹിക്കുന്നുവെന്നാണ് അതിനു നല്കുന്ന സാമാന്യമായ സമാധാനം. ശരിതന്നെ. പക്ഷെ, വിശദാംശങ്ങൾ അടങ്ങിയ മറെറാരു മറുപടി താഴെ ചേർക്കുന്നു:—

"എന്തുകൊണ്ടെന്നാൽ, പ്രസന്നത പാലിക്കാൻ പ്രയാസമുണ്ടായിരുന്നപ്പോൾ, അവർ പ്രസന്നരായി വർത്തിച്ചു; ക്ഷമയോടെ വർത്തിക്കുവാൻ പ്രയാസമുണ്ടായിരുന്നപ്പോൾ, അവർ ക്ഷമ പാലിച്ചു; നിശ്ചേഷ്ടരായി നില്ക്കാനുള്ള പ്രലോഭനം തോന്നിയിട്ടും അവർ അങ്ങനെ ചെയ്യാതെ മുന്നോട്ടുപോയി; സംസാരിക്കാൻ തോന്നിയപ്പോഴും അവർ മിണ്ടാതിരുന്നു, മററുള്ളവരെ മുഷിപ്പിക്കാവുന്ന അവസരം ഉണ്ടായെങ്കിലും അവർ അങ്ങനെ ചെയ്തില്ല—അത്രമാത്രം; അവർ വലിയ ആർഭാടമൊന്നും കാണിച്ചില്ല; ഭാവിയിലും പുണ്യവാന്മാർ അങ്ങനെതന്നെയായിരിക്കും."

മേൽക്കാണിച്ചിരിക്കുന്നതുപോലെ വർത്തിക്കുവാൻ ഒരാൾ ഉദ്യമിക്കുമ്പോൾ കൂടുതൽ നന്മചെയ്യുവാൻ അയാൾക്കു കഴിയുന്നതാണ്. ദൈവത്തിൻേറയും മനുഷ്യരുടേയും പ്രീതിക്ക് അയാൾ പാത്രീഭവിക്കുകയും ചെയ്യും.

"ആത്മാവിൻെറ ഫലങ്ങളോ, സ്നേഹം, സന്തോ

ഷം, സമാധാനം, ദീർഘശാന്തത, മധുരശീലം, സൽഗു ണം, വിശ്വാസം, വിനയം, ക്ഷമ ഇവയാകുന്നു."

(ഗാല 5: 22—23)

ദൈവമേ! സർവ്വോപരിയായി അങ്ങയേയും എന്നേപ്പോലെതന്നെ എന്റെ അയൽക്കാരേയും സ്നേഹിപ്പാൻ എന്നെ സഹായിക്കേണമെ.

## ജനുവരി 24

"പ്രതികാരത്തിനായി നിലവിളിക്കുന്ന പാപങ്ങൾ" ഏവയെന്നു ചോദിച്ചാൽ എത്രപേർക്കു് താഴെചേർക്കുന്ന ഉത്തരം നൽകാൻ സാധിക്കും? 1) മനഃപൂർവ്വകമായ കൊലപാതകം 2) പ്രകൃതിവിരുദ്ധമായ പാപകൃത്യങ്ങൾ 3) സാധുക്കളുടേയും വിധവകളുടേയും അനാഥരുടേയും നേർക്കുള്ള മർദ്ദനം 4) വേലക്കാരുടെ നേർക്കുള്ള ദൂഷണം.

വേദപുസ്തകത്തിൽനിന്നു തെളിയുന്ന ഈദൃശപാപങ്ങൾ പ്രതികാരത്തിനായി ദൈവസമക്ഷം നിലവിളിക്കുമെന്നു മാത്രമല്ല, ദൈവം ആ നിലവിളിയെ കേൾക്കുമെന്നും അപരാധികളെ ശിക്ഷിക്കുമെന്നുമാണ്.

1 "...... നിന്റെ സഹോദരന്റെ രക്തം ഭൂമിയിൽനിന്നും എന്റെ പക്കൽ നിലവിളിക്കുന്നു." (സൃഷ്ടി 4:10)

2 "പാപംചെയ്ത ആത്മാവു് മരിക്കുകതന്നെചെയ്യും."

(എസെക്കിയേൽ 18:20)

3 "കർത്താവു് ഒരു സാധുമനുഷ്യനു് എതിരായി ഒരുത്തരേയും സ്വീകരിക്കയില്ല. പ്രത്യുത, ദ്രോഹത്തിനു വിഷയമാകുന്ന ആളുടെ പ്രാർത്ഥന അവിടുന്നു ശ്രവിക്കുകയും ചെയ്യുന്നു. പിതൃഹീനൻേറയും, തൻെറ പക്കൽ ആവലാതിപ്പെടുന്ന വിധവയുടേയും പ്രാർത്ഥനയെ അവിടുന്നു നിരസിക്കയില്ല."

(Acclesiasticus 35: 16—17)

"ഇതാ! നിങ്ങളുടെ നിലങ്ങൾകൊയ്ത്ത വേലക്കാർക്കുള്ളതും നിങ്ങൾ കൊടുക്കാതിരുന്നതുമായ കൂലി നിലവിളിക്കുന്നു. കൊയ്ത്തുകാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിൻെറ ചെവികളിൽ എത്തിയിരിക്കുന്നു." (യാക്കോബ് 5:4)

അദ്ധ്വാനിക്കയും അവശതയനുഭവിക്കയും ചെയ്യുന്നവർക്കു് ആശ്വാസമരുളാനുള്ള ഉപകരണങ്ങളായി ഭവിപ്പാൻ വേണ്ടി നിങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കുക.

## ജാനുവരി 25

ലോസ് ആൻജെലെസിലെ ''ബെൽ എയർ കൺട്രിക്ലബ്ബി''ൻെറ ആഭിമുഖ്യത്തിൽ നടന്ന ഒരു ഗോൾഫ് മത്സരക്കളിക്കുശേഷം ന്യൂയോർക്കിലെ യുവാവായ ഒരു വ്യാപാരി തൻെറ സ്നേഹിതന്മാരോടു് ഇപ്രകാരം പറഞ്ഞുവത്രെ: "ജീവിതം എനിക്കു് അതിമാത്രം അസഹ്യമായി തോന്നുന്നതിനാൽ ഞാൻ ബിസിനസ്സെല്ലാം ഉപേക്ഷിച്ചു് ദക്ഷിണകാലിഫോർണിയായിൽ താമസമുറപ്പിക്കാൻ പോകയാണു്. ആയുശ്ശിഷ്ടം എനിക്കൊന്നാനന്ദിക്കണം.''

ശ്രോതാക്കളിൽ ഒരാൾ ഉടൻതന്നെ അയാളെ അനുസ്മരിപ്പിച്ചു: "ജാക്ക്, നിനക്കതു ചെയ്യുന്നതിനു് അവകാശമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. കാരുണ്യവാനായ ദൈവത്തിൻെറ അനുഗ്രഹത്താൽ, സ്വന്തം ജീവസന്ധാരണത്തിനുവേണ്ടി നീ മേലാൽ അദ്ധ്വാനിക്കേണ്ട ആവശ്യമില്ലായിരിക്കാം. പക്ഷേ, നിൻെറ ധനത്തിൻെറ ദശാംശംപോലുമില്ലാത്ത മററനേകർ ഉണ്ടല്ലൊ. അവരെ സഹായിക്കുന്നതിനു നിനക്കു യാതൊരു ചുമതലയുമില്ലെന്നോ? തീർച്ചയായും, മിതമായ തോതിൽ നിനക്കു ജീവിതസുഖങ്ങൾ അനുഭവിക്കാവുന്നതാണ്. പക്ഷെ അതിരുകവിഞ്ഞുപോകാതെ സൂക്ഷിക്കുക. അല്ലാത്തപക്ഷം, ഒരുകാലത്തു പിശാചിൻെറ പക്കൽ നീ കണക്കുതീർക്കേണ്ടിവരുന്നതായിരിക്കും."

ഇതു സംഭവിച്ചതു് ഏഴുകൊല്ലം മുമ്പാണ്. ജാക്ക് പ്രസ്തുതോപദേശം സ്വീകരിച്ചതിനാൽ ഇപ്പോഴും ജോലി ചെയ്തുവരുന്നു. ജോലി ഉപേക്ഷിക്കുന്ന കാര്യം അയാൾ ആലോചിക്കുന്നതേയില്ല. സഹായമർഹിക്കുന്ന വ്യക്തികൾക്കും ധർമ്മസ്ഥാപനങ്ങൾക്കുംവേണ്ടി സേവനമനുഷ്ഠിക്കുവാനായിട്ടാണ് അയാൾ തൻെറ സമയത്തിൽ ഭൂരിഭാഗവും ചെലവഴിക്കുന്നതു്.

"ഒന്നാമനാകുവാൻ ആഗ്രഹിക്കുന്നവൻ അടിമയെപ്പോലെയാകണം. അതുകൊണ്ടാണു് മനുഷ്യപുത്രൻ ശുശ്രൂഷിക്കപ്പെടുവാനല്ലാ, മറിച്ച് അന്യരെ ശുശ്രൂഷിയ്ക്കുവാനും അനേകരുടെ ജീവനെ വീണ്ടുരക്ഷിപ്പാൻ സ്വജീവനെ വിലയായി കൊടുപ്പാനും വന്നിരിയ്ക്കുന്നതു്."

(മത്തായി 2: 27–28)

എൻെറ ദൈവമേ! നിവൃത്തിയുള്ളിടത്തോളം എൻെറ സമയം മററുള്ളവക്കുവേണ്ടി വിനിയോഗിക്കാൻ എന്നെ പഠിപ്പിക്കേണമെ.

# ജാനുവരി 26

ജാവായിൽനിന്നും സിങ്കപ്പൂരിലേക്കു യാത്ര ചെയ്കയിൽ ഞാൻ (ഫാദർ കെല്ലർ) മററു യാത്രക്കാരോടു പറകയുണ്ടായി, ഞാൻ ജാവായിൽ ചെലവഴിച്ച ചുരുങ്ങിയ സമയത്തിൽ ഭൂരിഭാഗവും കമ്പോളങ്ങളിലെ കൗതുകംനിറഞ്ഞ ജനങ്ങളെ വീക്ഷിച്ചുകൊണ്ടു് ചെലവഴിക്കയാണു ചെയ്തതെന്നു്.

പസിഫിക്കു സമുദ്രത്തിൽക്കൂടി ഒരു വിനോദയാത്ര കഴിക്കുന്നതിനായി പുറപ്പെട്ടിരുന്ന ഒരമേരിക്കൻ വനിതയും അക്കൂട്ടത്തിലുണ്ടായിരുന്നു. ഞാനങ്ങു പറഞ്ഞുതീന്നു ഉടനെ അവർ തട്ടിവിട്ടു: "ഞാനൊരു പുതിയ രാജ്യം സന്ദശിക്കുവാനായി പോകുമ്പോഠ വൃത്തികേടായ ആളുകളെ കാണുകയല്ല എൻെറ ഉദ്ദേശ്യം. അവിടത്തെ മനോഹരമായ ഭവനങ്ങളിലും പൂന്തോട്ടങ്ങളിലുമാണു് എനിക്കു താല്പയ്യം തോന്നുന്നതു്?"

ആ സ്ത്രീ ഐക്യനാടുകളിൽത്തന്നെ വസിച്ചിരുന്നെങ്കിൽ ജാവായിലുള്ളതിനെക്കാഠ മനോഹരമായ ഉദ്യാനങ്ങളും ഭവനങ്ങളും കാണ്മാൻ അവക്കു കഴിയുമായിരുന്നു. യഥാത്ഥത്തിൽ ജാവായിലെ ഏററവും കൗതുകകരമായ കാഴ്ചകഠ അവരുടെ കണ്ണിൽപ്പെട്ടില്ല—അവിടത്തെ ജനങ്ങഠ. തീർച്ചയായും തദ്ദേശവാസികഠ, വാക്കുകളെക്കാഠ ശക്തിമത്തായ ഭാഷയിൽ "നിങ്ങഠ ഇത്ര വൃത്തികെട്ടവരാണല്ലൊ." എന്നു് ഉദ്ഘോഷിച്ചിരുന്ന അവരുടെ സ്നേഹലേശമേശാത്ത മുഖഭാവം ദശിച്ചിരിക്കണം.

ഒരു ക്രിസ്റ്റഫർ ആകാൻ ആഗ്രഹിക്കുന്നവൻ സമ്പാദിക്കേണ്ട പ്രധാനഗുണം പരസ്നേഹമാണു്. മററുള്ളവക്കു എത്രയേറെ

കുററങ്ങളും കുറവുകളും ഉണ്ടായിരുന്നാലുംശരി, നിങ്ങളുടെ ഹൃദയം നിങ്ങഠം അവക്കായി നല്കണം. അവർ എത്ര അധമരായിരിക്കുന്നുവോ, അത്രയ്ക്കും നിങ്ങളവരിൽ താല്പര്യം പ്രദർശിപ്പിക്കേണ്ടതാണ്. ക്രിസ്തു ചെയ്തതുപോലെ പോരായ്മകളെ പരിഹരിക്കാനായിരിക്കണം നിങ്ങളുടെ ശ്രമം.

"നിങ്ങഠംക്കു പരസ്പരസ്നേഹമുള്ളപക്ഷം...നിങ്ങഠം എൻെറ ശിഷ്യന്മാരാകുന്നു എന്നു എല്ലാവരും അറിയും."
(യോഹ. 13:35)

എനിക്കു വെറുപ്പുതോന്നിക്കുന്നവരെ പ്രത്യേക വിധത്തിൽ സ്നേഹിപ്പാൻ എൻെറ കർത്താവേ! എന്നെ സഹായിക്കേണമെ.

## ജനുവരി 27

അമേരിക്കയിലെ സുപ്രസിദ്ധ ചലച്ചിത്രനിർമ്മാണ കേന്ദ്രമായ ഹോളിവുഡിലെ ഒരു സംഗീതരചയിതാവിൻെറ ഓഫീസിൽ തൂക്കിയിട്ടിരിക്കുന്ന ഒരു പലകയിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്:-

"1923-ൽ ചിക്കാഗോയിലെ എഡ്ജ്‌വാട്ടർ ബീച്ച് ഹോട്ടലിൽ പ്രധാനപ്പെട്ട ഒരു സമ്മേളനം നടത്തി. ലോകത്തിലേക്കുംവച്ച് ഏററവും വിജയശ്രീലാളിതരായിരുന്ന ഒരു സംഘം ധനകാര്യവിദഗ്ദ്ധന്മാർ അതിൽ സംബന്ധിച്ചിരുന്നു.... 25 കൊല്ലങ്ങഠംക്കുശേഷം ഈ മനുഷ്യർ എവിടെയായിരുന്നുവെന്നു നമുക്കൊന്നു പരിശോധിച്ചുനോക്കാം:

1. "സ്വകാൎയ്യഉടമയിലായിരുന്ന ഏററവും വലിയ ഉരുക്കുനിൎമ്മാണശാലയുടെ പ്രസിഡൻറ്........പാപ്പരായി മൃതിയടഞ്ഞു. മരണത്തിനുമുമ്പുള്ള അഞ്ചുവർഷം പണം കടംവാങ്ങിയാണു അദ്ദേഹം ജീവിച്ചതു്.

2. "ഏററവും വലിയ ജനക്ഷേമക്കമ്പെനിയുടെ അദ്ധ്യക്ഷൻ........നീതിന്യായക്കോടതിയെ പേടിച്ചോടിയ ഒരഭയാൎത്ഥി എന്ന നിലയിൽ, വിദേശത്തുവച്ചു ദാരിദ്ര്യക്ലേശങ്ങൾ സഹിച്ചുകൊണ്ടു മൃതിയടഞ്ഞു.

3. "ഏററവും വലിയ ഗ്യാസുകമ്പനിയുടെ നേതാവ്........ഇപ്പോൾ ഭ്രാന്തനാണ്.

4. "ഏററവും വലിയ ഗോതമ്പുവ്യാപാരി ........... കടം വീട്ടാൻ നിവൃത്തിയില്ലാതെ ചരമഗതിയെ പ്രാപിച്ചു.

5 "പ്രസിഡൻറിൻെറ മന്ത്രിസഭയിലെ ഒരംഗമായ........ന് തടവുശിക്ഷ ഇളവുചെയ്തു കിട്ടിയതിനാൽ വീട്ടിൽകിടന്നു മരിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു.

6. "വാൾസ്ട്രീററിലെ ഏററവും വലിയ വാണിജ്യതന്ത്രജ്ഞൻ............ആത്മഹത്യചെയ്തു."

പണമുണ്ടാക്കുന്നതിൽ വളരെ മിടുക്കന്മാരായ ചിലർ ജീവിതത്തിൻെറ കാൎയ്യത്തിൽ പരാജയമടയുന്നു.

ഭൂമിയിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ സംഭരിക്കരുതു്. അവിടെ തുരുമ്പും കീടവും തിന്നു അതു നശിപ്പിക്കും. കള്ളന്മാർ ഭേദിച്ചുകയററി മോഷ്ടിക്കും.

(മത്തായി 6 : 19)

സ്വൎണ്ണംകൊണ്ടുണ്ടാക്കിയ കാളക്കുട്ടിയെ വന്ദിക്കുന്നവരുടെമേൽ ദയയായിരിക്കേണമെ, ദൈവമേ!

# ജാനുവരി 28

യുദ്ധകാലത്തു് യൂറോപ്പിൽ "ആർമി എയർഫോഴ്സ് ബോംബർ കമാൻറി"ൻെറ മേധാവിയായിരുന്ന ജനറൽ ഇരാഡി ഈക്കറും സഹചാരികളും ഇംഗ്ലണ്ടിലെത്തിയ ഉടൻ അവരുടെ ബഹുമാനാത്ഥം ഒരു ഡിന്നർ നടത്തപ്പെട്ടു. അന്നത്തെ പ്രധാന പ്രാസംഗികൻ ഈക്കറിൻെറ ഔദ്യോഗിക കേന്ദ്രമായിരുന്ന പ്രദേശത്തിലെ മേയർ ആയിരുന്നു. അദ്ദേഹം അമേരിക്കക്കാരുടെ ഗുണഗണങ്ങളെപ്പററിയും ഇംഗ്ലണ്ടിനു് അവരോടുള്ള കടപ്പാടിനെപ്പററിയും ഏറെക്കുറെ ദീർഘമായിത്തന്നെ പ്രസംഗിച്ചു. തുടന്നു ജനറൽ ഈക്കറോടു് രണ്ടുവാക്കു പറയുവാൻ അദ്ദേഹം ആവശ്യപ്പെട്ടു.

ഈക്കർ എഴുന്നേററുനിന്നു. സഭാകമ്പം നിമിത്തം രണ്ടുപ്രാവശ്യം കണ്ഠം ശുദ്ധിയാക്കി. അനന്തരം വിനയസമേതം പറഞ്ഞു:

"കുറെ യുദ്ധം ചെയ്യുന്നതുവരെ ഞാൻ അല്പംപോലും പ്രസംഗിക്കാൻ ഉദ്ദേശിക്കുന്നില്ല. ഞങ്ങഠം പോയിക്കഴിയുമ്പോഠം ഞങ്ങഠം ആഗതരായതിൽ നിങ്ങഠം ആനന്ദംകൊള്ളുമെന്നാണു് എൻെറ പ്രതീക്ഷ."

ഇത്രയും പ്രസ്താവിച്ച ശേഷം സ്വസ്ഥാനം പ്രാപിച്ചു. സദസ്യരുടെ കരഘോഷം ദീർഘനേരം നീണ്ടുനിന്നു.

ഈക്കറിൻെറ വാക്കുകഠം നമുക്കൊരു താക്കീതു തരുന്നുണ്ടു്. നമ്മഠം ചെയ്യാൻ പോകുന്ന വൻകാര്യങ്ങളെപ്പററി പറയുന്നതു മിക്കപ്പോഴും നമുക്കിഷ്ടമാണു്. എന്നാൽ വിനയവും വിവേകവും ആവശ്യപ്പെടുന്നതു്, നമ്മഠം ആദ്യമേത്തന്നെ കൃത്യങ്ങഠം

നിർവ്വഹിക്കണമെന്നും അനന്തരം അവ സംസാരിച്ചുകൊള്ളട്ടെ എന്നു വയ്ക്കണമെന്നുമാണു്.

കുരിശിൻെറ വി. യോഹന്നാൻ പറഞ്ഞിരിക്കുന്നതു് എത്ര ശ്രദ്ധേയമായിരിക്കുന്നു. ''എഴുത്തിൻേറയും പ്രസംഗത്തിൻേറയും കുറവല്ല ഉള്ളതു്. അവ ആവശ്യത്തിലധികമുണ്ടു്. മിണ്ടാതിരുന്നു പണിയെടുക്കുകയാണു ഇന്നേററവും ആവശ്യമായിരിക്കുന്നതു്."

നാഥാ, നാഥാ, എന്നെന്നേ വിളിക്കുന്നവർക്കെല്ലാം സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം ലഭിക്കുകയില്ല. അതു് എൻെറ സ്വർഗ്ഗസ്ഥനായ പിതാവിൻെറ തിരുഹിതം നിറവേററുന്നവർക്കു മാത്രമേ, ലഭിക്കൂ. (മത്തായി 7:21)

കൂടുതൽ പ്രവർത്തിക്കാനും കുറച്ചുമാത്രം സംസാരിക്കാനും എൻെറ കർത്താവേ! എന്നെ സദാ അനുസ്മരിപ്പിക്കേണമെ.

## ജനുവരി 29

വി. ഫ്റാൻസീസ് ദെ സാലസിൻെറ തിരുനാളാണിന്നു്. ഏതൊരു കുഴഞ്ഞ പ്രശ്നത്തേയും ദയാപൂർവ്വം ശാന്തമായി പറഞ്ഞുതീർക്കുന്നതിനു് അനന്യസാധാരണമായ വാസനയാണു അദ്ദേഹത്തിനുണ്ടായിരുന്നതു്. മുദ്രാലയപ്രവർത്തകരുടെ മദ്ധ്യസ്ഥനായി അദ്ദേഹം പരിഗണിക്കപ്പെട്ടുവരുന്നു. തൽക്കാരണത്താൽ ''ദി ബ്രിട്ടീഷ് ഇൻസ്റ്റിററ്യൂട്ട്" എന്നറിയപ്പെടുന്ന സ്ഥാപനം താഴെ ചേർക്കുന്ന പ്രാർത്ഥന അദ്ദേഹത്തിനു സമർപ്പിച്ചിട്ടുണ്ടു്:

"വി. ഫ്രാൻസീസേ, അവശരായ ഒരു വർഗ്ഗത്തിൻെറ മദ്ധ്യസ്ഥാ, ഞങ്ങളെ സംരക്ഷിച്ചരുളേണമെ.

"അത്ഭോരാസരായ ഞങ്ങൾക്കു കുറെക്കൂടി വിമർശനബുദ്ധി പ്രദാനം ചെയ്യണമെ. ഞങ്ങളുടെ വായനക്കാർക്കു് അതല്പം കുറച്ചു കൊടുക്കുകയും ചെയ്യണമെ.

"ഞങ്ങളുടെ വായനക്കാർക്കു ഞങ്ങളുടെ തെററുകൾ അവഗണിക്കുവാനുള്ള ദയയും ഞങ്ങളുടെ യോഗ്യതകൾ ഏററു പറയുന്നതിനുള്ള പ്രകാശവും ഞങ്ങളുടെ ബില്ലുകൾ തീക്കാനുള്ള സന്നദ്ധതയും നല്കിയരുളേണമെ."

വി. ഫ്റാൻസീസ് സദാ സമാധാനശീലനായിരുന്നെങ്കിലും തതപങ്ങൾ ബലികഴിച്ചിരുന്നില്ല. ഒരവസരത്തിൽ സഭവിട്ടുപോയ ഉദ്ദേശം 60 പേർക്കു് സഭയിൽ നിഷ്പ്രയാസം പുനഃപ്രവേശം ചെയ്യുന്നതിനുള്ള ഒത്താശകൾ ചെയ്തുകൊടുത്തതു നിമിത്തം അദ്ദേഹം മററുള്ളവരുടെ വിമർശനത്തിനു വിഷയമായി. അതിനദ്ദേഹം ബുദ്ധിപൂർവ്വം നൽകിയ മറുപടി ഇതാണ്: "കരുണമുഖേന ഒരു തെററു് ചെയ്യുന്നതാണ് കാക്കശ്യം മുഖേന ഒരു തെററു ചെയ്യുന്നതിനെക്കാൾ ഞാൻ ഇഷ്ടപ്പെടുന്നതു്."

ലോകത്തെ സമുദ്ധരിക്കാനായി നിങ്ങളുടെഭാഗം നിങ്ങൾ അഭിനയിക്കുമ്പോൾ വി. ഫ്റാസീസിൻെറ ഈ ഉപദേശം അനുസ്മരിക്കുന്നതു നന്നായിരിക്കും. "ഒരു വീപ്പ വിനാഗരിയെ അപേക്ഷിച്ചു് ഒരു വെള്ളിക്കയിൽ തേൻകൊണ്ടു് കൂടുതൽ ഈച്ചകളെ പിടിക്കുവാൻ നിങ്ങൾക്കു സാധിക്കുന്നതാണു്."

"നിങ്ങൾ പരസ്പരം ദയയുള്ളവരും കരുണയുള്ളവരുമായിരിപ്പിൻ" (എഫേ 4: 32)

നിശ്ചയദാർഢ്യം പാലിക്കേണ്ടതു് അത്യാവശ്യമായിരി

കുമ്പോഴും സ്നേഹപൂർവ്വം വർത്തിക്കുന്നതിനു് എൻെറ ഈശോ! എന്നെ സഹായിക്കേണമെ.

## ജാനുവരി 30

ക്രിസ്റ്റഫർമാർ ആകാൻ ആഗ്രഹിക്കുന്നവരെല്ലാം താഴെചേർക്കുന്ന വേദവാക്യങ്ങളെപ്പററി കൂടെക്കൂടെ ധ്യാനിക്കേണ്ടതാണ്.

1 ക്രിസ്തു സത്യദൈവവും സത്യമനുഷ്യനുമാണ്: "സകലവും അവൻെറ കൈയാൽ ഉണ്ടായി, ഉണ്ടായിട്ടുള്ളതൊന്നും അവനെ കൂടാതെ ഉണ്ടായതല്ല..............വചനം മാംസമായി നമ്മിൽ വസിച്ചു." (യോഹ 1; 3, 14)

2 മനുഷ്യർ പ്രതിസ്നേഹം കാണിക്കാതിരുന്നാലും ക്രിസ്തുവിനു മനുഷ്യരുടെ നേർക്കുള്ള സ്നേഹം മന്ദീഭവിക്കുന്നില്ല: "....ലോകം അവൻെറ കൈയാൽ ഉണ്ടാകയുംചെയ്തു. എന്നാൽ ലോകം അവനെ അറിഞ്ഞില്ല. അവൻ സ്വന്തത്തിലേക്കുവന്നു. എങ്കിലും അവൻെറ സ്വന്തക്കാർ അവനെ സ്വീകരിച്ചില്ല." (യോഹ 1:10—11)

3 സഭയെ സ്ഥാപിച്ചുകൊണ്ടു് ക്രിസ്തുനാഥൻ നിത്യരക്ഷാർത്ഥമുള്ള ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി:

അതുകൊണ്ടു ഞാൻ പറയുന്നു, നീ പത്രോസ്സാണെന്നു്. ഈ പാറമേൽ ഞാനെൻെറ സഭ പണിയും. നരകവാതിലുകൾ അതിനെതിരായി വിജയിക്കുകയില്ല. (മത്തായി 16:18)

4 വരപ്രസാദം മനുഷ്യർക്ക് പ്രദാനംചെയ്യുന്നതിനുള്ള ഉപാധികളായി ക്രിസ്തു ഏതാനും സംസ്ക്കാരകർമ്മങ്ങളെ (കൂദാശകളെ,) സ്ഥാപിച്ചു. താഴെചേർക്കുന്നവ അവയിൽ ഉൾപ്പെടുന്നു.

മാമോദിസാ: "ഒരുവൻ ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ അവൻ ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല.'' (യോഹന്നാൻ 3:5)

കുമ്പസാരം: ''നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ അവർക്കു മോചിക്കപ്പെടുന്നു." (യോഹ 20:23)

വിശുദ്ധ കുർബാന: ''നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനംചെയ്യുകയും, ചെയ്യാത്തപക്ഷം നിങ്ങൾക്കു് നിങ്ങളിൽത്തന്നെ ജീവനുണ്ടായിരിക്കയില്ല." (യോഹ 6:54)

അങ്ങയോടു കൂടുതലായി അടുത്തുകൊണ്ടു്, മററുള്ളവർക്കു നന്മചെയ്യുവാൻ എന്റെ ഈശോ! എന്നെ സഹായിക്കേണമെ.

# ജാനുവരി 31

എന്തുകൊണ്ടാണ് ഇത്രയധികം ആംഗ്ലേയവനിതകൾ കമ്മ്യൂണിസത്താൽ ആകർഷിക്കപ്പെടുന്നതു് എന്ന ചോദ്യത്തിനു് ഏതാനും നാൾമുമ്പു് ലണ്ടനിലെ ഒരു വർത്തമാനപ്പത്രം ശ്രദ്ധേയമായ ചില ഉത്തരങ്ങൾ നല്കുകയുണ്ടായി.

കമ്മ്യൂണിസം മതവിരുദ്ധമാണെങ്കിലും അതിനൊരു മതത്തിന്റെ പുറം പൂച്ചുണ്ടു്. സേവനത്തിന്റെ ആദർശമാണു്

അതിൽ പ്രതിഫലിക്കുന്നതു്. മാത്രമല്ല, നിസ്സ്വാർത്ഥവും മഹത്തരമായ ഒരു പരിപാടിയുടെ പ്രതീതി അതു ജനിപ്പിക്കുന്നുണ്ടു്.

2 ആവേശഭരിതവും നാടകീയവും നിഗൂഢവുമായ അതിന്റെ സ്വഭാവത്താലും ആവലാതിപ്പെടുന്നതിലുള്ള ആനന്ദത്താലും യുവതികൾ ആകർഷിക്കപ്പെടുന്നു.

3 ചില സ്ത്രീകൾ കമ്മ്യൂണിസത്തെ അഭിനന്ദിക്കുവാനുള്ള കാരണം മനുഷ്യബുദ്ധിക്കു അതു മനോഹരമായി പ്രത്യക്ഷപ്പെടുന്നുവെന്നാണു്. ആ മനോഹാരിത അപകടംനിറഞ്ഞതാണെന്നതു് തീർച്ചതന്നെ. പക്ഷെ വസ്തുതകളും സങ്കുചിതസിദ്ധാന്തങ്ങളും അതു പരിത്യജിച്ചിരിക്കുന്നതിനാൽ യുക്തിയുക്തമാണതെന്നും പ്രായോഗികപദ്ധതികളടങ്ങിയ ഏക രാഷ്ട്രീയ സിദ്ധാന്തം അതാണെന്നും തോന്നിപ്പോകും.

മതത്തിൽ തൃഷ്ണയുള്ളവരെങ്കിലും അടിയുറച്ചതും അതിസ്വാഭാവികവുമായ ഒരു മതത്തെപ്പററി ബോധമില്ലാത്തവരായി വർത്തിക്കുന്നവരുടെ ജീവിതത്തിലുള്ള വിടവുകളാണു് മേൽപ്പറഞ്ഞ മറുപടികൾ ചൂണ്ടിക്കാണിക്കുന്നതു്. തങ്ങൾക്കു സ്വീകാര്യവും സത്യവും അസത്യവും തമ്മിലുള്ള വ്യത്യാസം കണ്ടുപിടിക്കുന്നതിനു പര്യാപ്തവുമായ ഒരു വിശ്വാസസംഹിതയ്ക്കുവേണ്ടിയാണു് അവർ തപ്പിത്തടയുന്നതു്.

നാസ്തികരുടെ പ്രേഷിതർ ആദ്ധ്യാത്മികമായി വഴിതെറ്റിപ്പോയവരെ തേടിപ്പിടിക്കുന്നതിൽ പ്രദർശിപ്പിക്കുന്ന ശുഷ്ക്കാന്തി ക്രിസ്തുഫരാകാൻ ആഗ്രഹിക്കുന്ന ഒരുവന്റെ നേർക്കുള്ള ഉത്തേജകമായ ഒരു വെല്ലുവിളിയാണു്.

ശരീരത്തെയല്ലാതെ ആത്മാവിനെ കൊല്ലുവാൻ കഴിവില്ലാത്തവരെ ഭയപ്പെടേണ്ടാവശ്യമില്ല. എന്നാൽ ശരീരത്തേയും ആത്മാവിനേയും ഒരുമിച്ചു നരകത്തിൽ

തള്ളിയിട്ടു നശിപ്പിക്കുവാൻ ശക്തിയുള്ളവനെ ഭയപ്പെടുക: (മത്തായി 10:28)

അന്ധകാരത്തിൻെറ ഇരുളിൽ തപ്പിത്തടയുന്നവക്കു വേണ്ടി പ്രാത്ഥിക്കുക.

## ഫെബ്രുവരി 1

ന്യൂഹാംപ്ഷയറിലെ ചെറിയ ഗ്യാസ്ഫാക്ടറിയിൽ ഞാനൊരു ഹാസ്യചിത്രം കാണുകയുണ്ടായി. ആ ചിത്രം നല്കുന്ന പാഠം നവീനമല്ലെങ്കിലും ഏററവും ആകഷ്കമായ വിധത്തിലാണു് അതു നല്കപ്പെട്ടിരുന്നതു്. ഒരു മോട്ടോർ വാഹനം. യന്ത്രത്തിൻെറ ഘടകങ്ങളെല്ലാം അഴിച്ചു മാററിവച്ചിരിക്കുന്നു. ഒരു മെക്കാനിക്കു് യന്ത്രത്തിൻെറ അടിയിൽ മുകളിലേക്കു നോക്കിക്കൊണ്ടു് കിടക്കുന്നു. അയാറം എൻജിനു പററിയ കേടുപാടുകറം കണ്ടുപിടിക്കാൻ ശ്രമിക്കയാണു്. മറെറാരു മെക്കാനിക്കു നിലത്തു കമിഴ്ന്നു കിടന്നുകൊണ്ടു് ചാരിതാത്ഥ്യത്തോടെ പറയുന്നു: "തകരാറെല്ലാം എനിക്കു മനസ്സിലായി. ഗ്യാസില്ല." ഇതാണു ചിത്രത്തിൻെറ സാമാന്യരൂപം.

ദൈവം ചിലക്കു അസാധാരണമായ ബുദ്ധിവൈഭവം പ്രദാനം ചെയ്തിട്ടുണ്ടു്. പക്ഷേ, അവരുടെ അഹങ്കാരത്തള്ളൽ നിമിത്തം കേവലം സ്പഷ്ടമായ സംഗതികറം പോലും കാണുവാൻ അവക്കു കഴിയാതെ പോകുന്നു. മറെറല്ലാ കായ്യങ്ങളെക്കുറിച്ചും അവർ പഠിച്ചറിയും; ദൈവംമാത്രം അവരുടെ ചിന്താവിഷയമാകയില്ല. അവരുടെ ഈ മനോഭാവം അത്യന്തം ആശ്ചയ്യകരമാണു്.

മനുഷ്യനു പററിയിരിക്കുന്ന തകരാറു് എന്തെന്നറിയു വാൻ "വിദഗ്ദ്ധന്മാർ" പര്യവേക്ഷണങ്ങരം നടത്തിവരുന്നുണ്ടു്. പല വീക്ഷണകോണങ്ങളിൽക്കൂടിയും നാനാവിധയന്ത്രസാമ ഗ്രികരം ഉപയോഗിച്ചുമാണു് അവർ തങ്ങളുടെ പരീക്ഷണങ്ങരം മുന്നോട്ടു കൊണ്ടുപോകുന്നതു്.

സധൈര്യം മുന്നോട്ടുചെന്നു ആധുനികമനുഷ്യനു പററി യിരിക്കുന്ന തകരാറെന്തെന്നു നിങ്ങരംക്കു അറിയാമെന്നു പറയു ന്നപക്ഷം നിങ്ങരം വിശിഷ്ടമായ ഒരു സേവനമായിരിക്കും അ നുഷ്ഠിക്കുന്നതു്. എന്താണാ തകരാറു്? നാസ്തികത്വം.

"ദൈവമില്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറഞ്ഞിരിക്കുന്നു:" (സങ്കീർത്തനം 13:1)

പണ്ഡിതന്മാർ തങ്ങളുടെ സാമാന്യബുദ്ധിയെ കൂടുതലായി ഉപയോഗിക്കുന്നതിനുവേണ്ട അനുഗ്രഹത്തിനായി പ്രാർത്ഥി ക്കുക.

## ഫെബ്രുവരി 2

"ലോകത്തെ സമുദ്ധരിക്കുന്ന മഹത്തായ ജോലി യിൽ ഞാൻ പ്രവേശിക്കുവാൻ പോകയാണു്. പക്ഷേ എനിക്കു രണ്ടവശതകളുണ്ടു്. ഒന്നു്, ഞാനൊരു സ്ത്രീ യാണു്; രണ്ടു്, ഞാനൊരു നീഗ്രോയാണു്.

എന്നുവരികിലും ഉദ്ദിഷ്ടകാര്യം നേടുന്നതിനായി പരിശ്ര മിക്കുവാൻ ഞാൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു. യാതൊരു

തിരിച്ചടിയും എനിക്കനുഭവപ്പെട്ടുകയില്ല. കാരണം, ദൈവ സഹായത്തോടുകൂടി ചെയ്യുവാൻ സാധിക്കുന്ന കാര്യങ്ങളെ പ്പററി എനിക്കുള്ള വിശ്വാസവും പ്രത്യാശയും അത്രവലുതാ ണു്." എന്നിങ്ങനെയാണു് അവണ്ണയായ ഒരു നീഗ്രോവനിത കെൻറക്കിയിൽനിന്നും അടുത്തകാലത്തു ഞങ്ങൾക്കെഴുതിയ ഒരു കത്തിൽ പറഞ്ഞിരിക്കുന്നതു്.

കത്തു തുടരുന്നു: "നിങ്ങൾക്കു ലോകത്തെ വ്യത്യാസപ്പെ ടുത്തുവാൻ സാധിക്കും" എന്ന ക്രിസ്റ്റഫർഗ്രന്ഥത്തെപ്പററി "റി ഡേഴ്സ് ഡൈജസ്റ്റു"ലുണ്ടായിരുന്ന ലേഖനം മാത്രം മതിയാ യിരുന്നു എന്നെ ഒരു കാര്യം ബോദ്ധ്യപ്പെടുത്തുവാൻ—പ്രത്യേക ലക്ഷ്യമൊന്നും കൂടാതെ, മനസ്സില്ലാമനസ്സോടെ ഞാൻ ചെയ്തു വന്ന ജോലിയെ വിജയപ്രദമാക്കുന്നതിനുവേണ്ട സകല സാമ ഗ്രികളും എൻെറ കൈവശമുണ്ടെന്നു്.

"ഞങ്ങളുടെ ജാതിക്കാരുടെ വക വാരികയിൽ ഒരു പംക്തി എനിക്കായി നീക്കിവച്ചിട്ടുണ്ടു്. ഇന്നു മുതൽ ഞാനതിൽ സർവ്വ പ്രധാനമായ ചില കാര്യങ്ങളെപ്പററി എഴുതുവാൻ പോകയാ ണു്. നീഗ്രോവർഗ്ഗത്തിൽപ്പെട്ട മറെറല്ലാ സ്ത്രീപുരുഷന്മാരേയും ബാലികാബാലന്മാരേയും ഒരു കാര്യം ഞാനറിയിക്കും—അവ ർക്കെല്ലാവർക്കും ലോകത്തെ നവീകരിക്കുന്നതിൽ പങ്കുവഹിക്കു വാൻ സാധിക്കുമെന്നു്. പ്രൈമറിക്ലാസുകളിൽ—മനുഷ്യത്വം വിളയിക്കുന്ന ഏററവും വളക്കൂറുള്ള മണ്ണതാണു്—മററദ്ധ്യാപി കമാർക്കു പകരം ജോലിനോക്കുന്ന ദിവസങ്ങളിൽ ഞാൻ വിത്തു വിതയ്ക്കും; ഞാനെല്ലാ നീഗ്രോബാലന്മാരോടും ബാലികമാ രോടും പറയും, അവർക്കും ലോകത്തെ നന്നാക്കാൻ സാധിക്കു മെന്നു്. അതിനു് അവരിൽ കുടികൊള്ളുന്ന നന്മയും സ്നേഹവും മററു മനുഷ്യർ കൂടി ദർശിക്കുവാൻ ഇടവരുത്തണം. മാത്രമല്ല, പ്രസ്തുത സ്നേഹം മററുള്ളവർക്കുകൂടി പകർന്നു കൊടുക്കുവാൻ സന്ന ദ്ധരായിരിക്കുകയും വേണം. ഈ സംഗതികളാണു ഞാനവരെ പറഞ്ഞു മനസ്സിലാക്കുവാൻ പോകുന്നതു്."

ക്രിസ്ത്വഹർലക്ഷ്യത്തിന്റെ പ്രേരണയ്ക്കു വിധേയരായിരിക്കു മ്പോഠം സാധാരണക്കാരായ വ്യക്തികഠംപോലും നിർവഹിക്കുന്ന കാര്യങ്ങഠം എത്ര മഹത്തരങ്ങളായിരിക്കുന്നു!

"നിനക്കു് എന്റെ കൃപ മതി. എന്റെ ശക്തി ബലഹീനതയിലാകുന്നു പൂർണ്ണമാകുന്നതു്." (II കൊറി. 12: 9)

എന്റെ ദൈവമേ! ഞാൻ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ഉൽകൃഷ്ടമായ ലക്ഷ്യങ്ങളുണ്ടായിരിപ്പാൻ വേണ്ട പ്രകാശം എനിക്കു നല്കിയരുളേണമേ.

## ഫെബ്രുവരി 3

അമേരിക്കയുടെ പൂർവ്വതീരത്തുള്ള ഒരു നഗരത്തിലെ ഒരു ഹൈസ്കൂഠം. സ്കൂഠം തുറന്നദിനംതന്നെ ഒരസാധാരണ സംഭവമുണ്ടായി.

കേഡിപ്പിള്ളേരുടെ നേതാവായിരുന്ന ഒരു ബാലൻ പെട്ടെന്നു് അദ്ധ്യാപികയുടെ മേശയെ സമീപിച്ചു മിന്നിതിളങ്ങുന്ന ഒരു ചെറുകഠാരി അവിടെ എറിഞ്ഞിട്ടു തിരികെപ്പോന്നു.

എന്നാൽ അദ്ധ്യപിക നഷ്ടധൈര്യയായില്ല. താൻ യാതൊരു ഉദ്ദേശ്യത്തോടുകൂടി പ്രസ്തുത വിദ്യാലയത്തിൽ ജോലി സ്വീകരിക്കാമെന്നു നിശ്ചയിച്ചുവോ ആ ഉദ്ദേശ്യം സാധിക്കുവാനുള്ള ഒരു വെല്ലുവിളിയായിമാത്രമേ മേൽപ്പറഞ്ഞ ഭീഷണിയെ അവർ കരുതിയുള്ളു. പരിത:സ്ഥിതികഠം ആശങ്കാജനകങ്ങളാണെന്നായിരുന്നു മററദ്ധ്യാപികമാരുടെ അഭിപ്രായം.

എങ്കിലും സംഗതികഠ ശരിപ്പെടുത്തുവാൻ സാധിക്കുമെന്നു തന്നെ ഈ അദ്ധ്യാപിക പ്രതീക്ഷിച്ചു.

കാരിപ്രകടനം നടത്തിയ പതിനാറുവയസ്സുള്ള ആ ബാലനോടു സവിശേഷമായ സ്നേഹത്തോടുകൂടി വർത്തിക്കുക എന്നതാണു് അവർ ആദ്യമായി സ്വീകരിച്ച നടപടി. ആരംഭത്തിൽ ഫലമൊന്നുമുണ്ടായില്ലെങ്കിലും അവർ ഭഗ്നോത്സാകയാകാതെ പരിശ്രമങ്ങഠ തുടൎന്നുവന്നു. ക്രമേണ അവനിലൊരു പരിവർത്തനം വരുന്നതുപോലെ തോന്നി. അപ്പോഠ അദ്ധ്യാപിക അവനോടു ചില ചില്ലറജോലികഠ ചെയ്യാൻ ആവശ്യപ്പെട്ടുതുടങ്ങി. ആദ്യം അവൻ അതു നിരസിച്ചെങ്കിലും പിന്നീടവനതിനു വഴിപ്പെട്ടു. ഇങ്ങനെ ക്രമാനുഗതമായി കരസ്ഥമായ വിജയം, ആദ്ധ്യാത്മികമൂല്യങ്ങളെപ്പററി അവനോടു സംസാരിക്കുവാൻ അവക്കു ധൈര്യം നൽകി. അചിരേണ അവൻെറ മനോഭാവത്തിലും പെരുമാററത്തിലും വലിയ മാററം സംഭവിച്ചു. തത്തുല്യമായ പരിവർത്തനം ക്ലാസ്സിലെ മററു കുട്ടികളിലുമുണ്ടായി. സ്കൂഠവർഷത്തിൻെറ അവസാനദിവസം പ്രസ്തുത ബാലൻ മാതാവിൻെറ ഒരു വർണ്ണചിത്രം, തന്നിലുണ്ടായ ഹൃദയപരിവർത്തനത്തിൻെറ അടയാളമായി, ആ അദ്ധ്യാപികയ്ക്കു സ്നേഹപുരസ്സരം സമർപ്പിച്ചു.

അല്പം അനുകമ്പയും സ്നേഹവും പ്രദർശിപ്പിക്കുന്നപക്ഷം എത്രയേറെ വ്യക്തികളേയും പരിതഃസ്ഥിതികളേയുമാണു നമുക്കു വ്യത്യാസപ്പെടുത്തുവാൻ സാധിക്കുന്നതു്!

"കരുണ ജീവനെ സജ്ജമാക്കുന്നു, തിന്മകളുടെ അനുധാവനം മരണത്തേയും.'' (പഴഞ്ചൊല്ലുകഠ 11: 19)

സ്നേഹമാർഗ്ഗേണ നിവൃത്തിയാക്കാൻ സാധിക്കുന്ന നല്ല കാര്യങ്ങളെപ്പററിയുള്ള ഓർമ്മ കർത്താവേ! സദാ എന്നിൽ നിലനിർത്തണമേ.

# ഫെബ്രുവരി 4

"ഉപവി വീട്ടിലാണ് ആരംഭിക്കുന്നതു്" എന്നൊരു പഴഞ്ചൊല്ലുണ്ടു്. ശരിയാണു്. പക്ഷെ അതു് അവിടംകൊണ്ടു് അവസാനിക്കേണ്ടതല്ല. അതു ബാഹ്യലോകത്തിലേക്കും കരകവിഞ്ഞൊഴുകേണ്ടിയിരിക്കുന്നു; ലോകത്തിനു് ഏററവും ആവശ്യമായിരിക്കുന്നതും ആ സ്നേഹചൈതന്യമത്രെ. എന്നാലിതു സാധിതപ്രായമാകണമെങ്കിൽ ഏററവും പ്രധാനപ്പെട്ട ശിക്ഷണരംഗമായ കുടുംബത്തിൽ അതിനുവേണ്ട പരിശീലനവും പരിപോഷണവും ലഭിക്കേണ്ടിയിരിക്കുന്നു.

കുടുംബത്തിലെ മററംഗങ്ങളെ കുററം പറയുന്നതിനുപകരം പ്രശംസിക്കുകയാണെങ്കിൽ, അവക്കെതിരായി കുത്തുവാക്കുകൾ പറയുന്നതിനുപകരം അവരുടെ നേർക്കുള്ള അഭിനന്ദനം രേഖപ്പെടുത്തുകയാണെങ്കിൽ, നാം മിശിഹായുടെ അഭീഷ്ടം അക്ഷരംപ്രതി അനുവർത്തിക്കുകയായിരിക്കും ചെയ്യുന്നതു്. ഇക്കാര്യം ബോദ്ധ്യംവരുന്ന വ്യക്തി സങ്കുചിതമനഃസ്ഥിതിയും സ്വാത്ഥവും പരിത്യജിച്ച് അവയ്ക്കുപകരം ഹൃദയവിശാലതയും ത്യാഗമനോഭാവവും സ്വന്തം പ്രവൃത്തികളിൽ പ്രത്യക്ഷപ്പെടുത്തുവാൻ പരിശ്രമിക്കും. ഈ ചൈതന്യം സ്വഭവനത്തിനുപുറമെ വസിക്കുന്ന മനുഷ്യരുടേയും ജീവിതത്തെ ധന്യമാക്കിത്തീക്കാനുള്ള ഒരഭിനിവേശം അവനിൽ സംജാതമാകാതിരിക്കുകയില്ല.

"നിങ്ങൾ ഓരോരുത്തരും തന്നെത്തന്നെ സ്നേഹിക്കുന്നപോലെ ഭാര്യയേയും സ്നേഹിക്കണം. ഭാര്യയാകട്ടെ ഭത്താവിനെ ബഹുമാനിക്കയും ചെയ്യണം."

എഫേസൂസ് (5 : 33)

എൻെറ ഭവനത്തിൽ വസിക്കുന്നവരോട്ട് ഞാൻ കൂടുതൽ കരുണ കാണിക്കുവാനും അങ്ങനെ അവിടുത്തേ സ്നേഹം ലോകമെങ്ങും പ്രചരിപ്പിക്കുവാനും വേണ്ട ചൈതന്യം പ്രാപിപ്പാനും എൻെറ കർത്താവേ! എന്നെ സഹായിക്കേണമെ.

## ഫെബ്രുവരി 5

1950 ഏപ്രിൽ മാസത്തിൽ ന്യൂജേഴ്സിയിലെ നെവാൿ എന്ന സ്ഥലത്തു 65 വയസ്സായ ഒരാൾ അറസ്റ്റ് ചെയ്യപ്പെട്ടു. അശ്ലീലഗ്രന്ഥങ്ങൾ കൈവശം വച്ചുകൊണ്ടിരിക്കുകയും വില്ക്കുകയും ചെയ്തു എന്നതാണ് അയാളുടെ പേരിലുണ്ടായിരുന്ന ചാർജ്ജ്.

ഇത്ര വൃത്തികേടായ സാഹിത്യം അതിനു മുമ്പൊരിക്കലും പോലീസിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ലത്രെ. അവിടെനിന്നെടുത്ത തൊണ്ടികൾക്ക് ഏതാണ്ടു 200,000 ഡോളർ വിലവരുമായിരുന്നു. പോലീസുകാരുടെ രണ്ടു വണ്ടികൾ അവകൊണ്ടു് നിറഞ്ഞു. അശ്ലീലവിഷയങ്ങളെപ്പററി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ, വഷളായ ചിത്രങ്ങൾ, ഫിലിമുകൾ, സ്ലൈഡുകൾ ഇങ്ങനെ പലതും അവയിൽ ഉൾപ്പെട്ടിരുന്നു.

വിഷയേച്ഛാസംബന്ധമായ കുററങ്ങൾ ആധുനികകാലത്തു വർദ്ധിച്ചുവരുവാൻ സഭ്യേതരഗ്രന്ഥങ്ങളുടേയും ചിത്രങ്ങളുടേയും വർദ്ധനവു് കാരണമായിട്ടുണ്ടെന്നു ഗവേഷകന്മാൎക്കു് ബോദ്ധ്യമായിരിക്കുന്നു. മേല്പറഞ്ഞ സംഭവമുണ്ടായ അവസരത്തിൽത്തന്നെ 9 വയസ്സായ ഒരു ബാലിക ഒരു കാമഭ്രാന്തനാൽ ഉപദ്രവിക്കപ്പെട്ടതും തദനന്തരം മൃഗീയമാംവണ്ണം വധിക്കപ്പെട്ടതു

മായ കഥ റേഡിയോവഴി പ്രക്ഷേപണം ചെയ്യപ്പെടുകയുണ്ടായി.

നിർദ്ദോഷരായ ബാലികാബാലന്മാരുടെ മനസ്സിൽ വിഷബീജങ്ങഠം കുത്തിവയ്ക്കുവാനുള്ള മാർഗ്ഗങ്ങഠം കണ്ടുപിടിക്കുന്നതിൽ അധഃപതിച്ച മനുഷ്യർ ഇത്ര ജാഗരൂകരായിരിക്കുന്നെങ്കിൽ, നാം അതിനെക്കാഠം എത്ര വലിയ തീക്ഷ്ണതയും ദീർഘദൃഷ്ടിയുമാണു ക്രിസ്തുവിൻെറ പരിശുദ്ധിയും ചാരിത്രനിഷ്ഠയും പൊതുജനരംഗങ്ങളിലേക്കു ആനയിക്കുന്നതിനുവേണ്ടി പ്രദർശിപ്പിക്കേണ്ടതു്!

എന്നിൽ വിശ്വസിക്കുന്ന ഈ ശിശുക്കളിലൊന്നിൻെറയെങ്കിലും മനഃസാക്ഷിക്കു ക്ഷതം വരുത്തുന്നവനെ കഴുത്തിലൊരു തിരികല്ലുകെട്ടി ആഴിയിൽ താഴ്ത്തി കൊല്ലുന്നതായിരിക്കും നല്ലതു. (മത്തായി 18: 6)

ജഡികാസക്തിയുടെ അടിമകളായി ജീവിക്കുന്നവരുടെ മേൽ കരുണയുണ്ടായിരിക്കേണമെ, ദൈവമേ!

## ഫെബ്രുവരി 6

നിങ്ങഠം നിങ്ങളുടെ അവസാനത്തെ കണക്കുകഠം തീർക്കുന്നതിനായി ദൈവത്തിൻെറ പിമ്പിൽ നിൽക്കുമ്പോഠം അവിടുന്നു നിങ്ങളോടു താഴെ ചേർക്കുന്ന ചോദ്യങ്ങഠം ചോദിക്കുകയില്ല:—

ജീവിതകാലത്തു നിങ്ങഠം എത്രമാത്രം ജനസമ്മതിയുള്ള ആളായിരുന്നു?

നിങ്ങൾ എത്ര "പാർട്ടി"ക്കു് പോയിട്ടുണ്ടു്?

നിങ്ങൾ നന്നായി വസ്ത്രധാരണം ചെയ്തിരുന്നോ?

നിങ്ങൾ എത്രമാത്രം ആനന്ദിച്ചു?

നിങ്ങൾ എത്ര ക്ലബ്ബുകളിലെ അംഗമായിരുന്നു?

ബാങ്കിലെ നിങ്ങളുടെ നിക്ഷേപം എത്ര വലുതായിരുന്നു?

എന്നാൽ തീർച്ചയായും ദൈവം നിങ്ങളോടു് ഒരു കാര്യം ചോദിക്കുന്നതായിരിക്കും; നിങ്ങൾ മററുള്ളവർക്കുവേണ്ടി എന്തെല്ലാം ചെയ്തുവെന്നു്.

അവശതയനുഭവിക്കുന്നവർക്കു ആഹാരവും വസ്ത്രവും പാർപ്പിടവും ലഭിക്കുന്നതിനുവേണ്ട സഹായങ്ങൾ നിങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടെങ്കിൽ, കരയുന്നവരുടെ കണ്ണുനീർ തുടച്ചുകളയുവാൻ നിങ്ങൾ പരിശ്രമിച്ചിട്ടുണ്ടെങ്കിൽ, നിങ്ങൾക്കു നമ്മുടെ കർത്താവിൻെറ, കോൾമയിർക്കൊള്ളിക്കുന്നതും നിത്യാനന്ദപ്രദവുമായ ക്ഷണം ശ്രവിക്കുവാൻ കഴിയുന്നതായിരിക്കും.

എൻെറ പിതാവിനാൽ അനുഗ്രഹീതരേ, വരിക; ലോകാരംഭംതൊട്ടു നിങ്ങൾക്കായി ഒരുക്കിവച്ചിട്ടുള്ള രാജ്യം സ്വായത്തമാക്കി അനുഭവിക്കുക. (മത്തായി 25:34)

എന്തുകൊണ്ടു് ഇത്ര വമ്പിച്ച പ്രതിഫലം? ക്രിസ്തുവിൻെറ വചനങ്ങൾ ശ്രവിച്ചാലും:

"എന്തെന്നാൽ എനിക്കു വിശന്നു, നിങ്ങൾ ഭക്ഷണം തന്നു. എനിക്കു ദാഹിച്ചു, കുടിപ്പാൻ തന്നു; ഞാൻ അന്യനായിരുന്നു, നിങ്ങളുടെ ഭവനത്തിൽ എന്നെ സ്വീകരിച്ചു. നഗ്നനായിരുന്നു, നിങ്ങളെനിക്കു വസ്ത്രം തന്നു. രോഗിയായിരുന്നു, നിങ്ങളെന്നെ ശുശ്രൂഷിച്ചു; കാരഗൃഹത്തിലായിരുന്നപ്പോൾ എന്നെ സന്ദർശിച്ചു." (മത്തായി 25: 35-36)

നേരെമറിച്ച്, നിങ്ങൾതന്നെ കുറേക്കൂടി ഭേദമായ ആഹാരവും വസ്ത്രവും ഭവനവും വേണമെന്ന ചിന്തയാണു നിങ്ങളെ ഭരിക്കുന്നതെങ്കിൽ ഏററവും ഭയാനകമായ ശാപവചസ്സുകളായിരിക്കും നിങ്ങൾക്കു ശ്രവിക്കുവാൻ ഇടവരുക:

"ശപിക്കപ്പെട്ടവരെ, എന്നിൽനിന്നു ദൂരെ അകന്നു, സാത്താനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയിട്ടുള്ള നിത്യാഗ്നിയിലേക്കു പോകുവിൻ" (മത്തായി 25:41)

മററുള്ളവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ക്ഷേമത്തിൽ ദത്തശ്രദ്ധനായിരിപ്പാൻ എന്റെ കർത്താവേ! എന്നെ സഹായിക്കേണമെ.

## ഫെബ്രുവരി 7

കഴിഞ്ഞപ്രാവശ്യം ഞാൻ ബോസ്റ്റണിലായിരുന്നപ്പോൾ തെരുവീഥിയിൽവച്ച് ഒരു സ്നേഹിതനെ കണ്ടുമുട്ടാൻ ഇടവന്നു. പൊതുനന്മയ്ക്കുവേണ്ടി സ്വന്തം സുഖസൗകര്യങ്ങൾ ബലികഴിക്കുവാൻ സന്നദ്ധതയുള്ള ഒരാളാണ് അദ്ദേഹം.

"എന്താ, സുഖമല്ലേ"? എന്നു ഞാൻ കുശലപ്രശ്നം ചെയ്തു. "പരമസുഖം! എനിക്കു വളരെയധികം കഷ്ടപ്പാടുകളുണ്ടു്" എന്നായിരുന്നു അദ്ദേഹം നൽകിയ മറുപടി.

പിന്നീടു പല ദിവസങ്ങളിലും പ്രസ്തുത വാക്കുകളുടെ അർത്ഥപുഷ്ടിയെപ്പററി ഞാൻ ഗാഢമായി ചിന്തിക്കുകയുണ്ടായി. ചിന്തിക്കുന്തോറും ഒരു സംഗതി എനിക്ക് കൂടുതൽ ബോധ്യമാ

യിത്തീൎന്നു: ദൈവസ്നേഹത്തിനോ പരസ്പരസ്നേഹത്തിനോ വേണ്ടി എന്തെങ്കിലും ചെയ്യുമ്പോൾ വിഷമതകളെ അഭിമുഖീകരിക്കുന്നവരാണു്, അല്ലാതെ അവയിൽനിന്നു് ഒഴിഞ്ഞുമാറുന്നവരല്ല ഏററവുമധികം ആനന്ദമനുഭവിക്കുന്നവർ.

അനുദിനജീവിതത്തിലെ കുരിശുകളെ ഉൽകൃഷ്ടമായ ലക്ഷ്യത്തോടുകൂടി സന്തോഷസമേതം, വഹിക്കുന്നവൎക്കു അവരുടെ ജീവിതത്തിലെ യാതൊരു വിനാഴികയും വിരസമായി തോന്നുകയില്ല. സ്വന്തം സുഖവും സൗകര്യവും മാത്രം അന്വേഷിക്കുന്നവരാകട്ടെ, സദാ മ്ലാനവദനരും അസംതൃപ്തരുമായി കാണപ്പെടും. ഈ വിപരീതഫലങ്ങളെപ്പററി വലിയ നോമ്പു് അടുത്തുവരുന്ന ഈ കാലഘട്ടത്തിൽ ധ്യാനിക്കുന്നതും തദനുസരണം സ്വല്പം പ്രാൎത്ഥിക്കുന്നതും പ്രയോജനപ്രദമായിരിക്കും. കാരണം, കൎത്താവിൻെറ വചനങ്ങൾ പ്രസ്പഷ്ടങ്ങളായിരിക്കുന്നു:

എന്നെ പിഞ്ചെല്ലുവാൻ ഇച്ഛിക്കുന്ന ഏവനും സ്വയം ത്യജിച്ചു് സ്വന്തം കുരിശുമേന്തി പിന്നാലെ വരട്ടെ! സ്വന്തം ജീവനെ പരിരക്ഷിക്കുവാൻ ശ്രമിക്കുന്നവനു അതു നഷ്ടപ്പെടും. എന്നാൽ എന്നെച്ചൊല്ലി സ്വജീവനെ പരിത്യജിക്കുന്നവനോ, അതു ഭദ്രമായിരിക്കയും ചെയ്യും.
(മത്തായി 24—25)

അനുദിനം എൻെറ കുരിശുകൾ വഹിച്ചുകൊണ്ടു് ഇഹത്തിലും പരത്തിലും സാക്ഷാത്തായ സൗഭാഗ്യം അനുഭവിപ്പാൻ എൻെറ ദൈവമേ! എനിക്കു് ഇടവരുത്തേണമെ.

# ഫെബ്റുവരി 8

നല്ലൊരു ധനാഗമമാർഗ്ഗമായിരുന്ന അഭിഭാഷകവൃത്തി ഉപേക്ഷിച്ച് ജഡ്ജിയുദ്യോഗം സ്വീകരിച്ച ഒരാളോട് അദ്ദേഹത്തിൻെറ സ്നേഹിതൻ പറഞ്ഞു: "ഒരു സുപ്രീംകോർട്ട് ജഡ്ജിയുടെ ശമ്പളത്തെ ലക്ഷ്യമാക്കി അഭിഭാഷകവൃത്തി ഉപേക്ഷിപ്പാൻ നിങ്ങൾക്ക് എങ്ങനെ സാധിച്ചുവെന്ന് എനിക്കു മനസ്സിലാകുന്നില്ല. എനിക്കു ജീവിക്കുവാൻതന്നെ ആ ശമ്പളത്തിൻെറ ഇരട്ടി വേണമല്ലൊ."

"ശരിയാണ്, ഹാരി", ജഡ്ജി പ്രതിവചിച്ചു. "ഈ ജോലി അത്ര മെച്ചമൊന്നുമല്ല."

വളരെയധികം നന്മചെയ്യുവാൻ സാധ്യതയുള്ള രംഗങ്ങളിൽനിന്നു പലരും ഒഴിഞ്ഞുമാറിനില്ക്കുവാൻ ശ്രമിക്കുന്നതു്, സാമ്പത്തികമായ യാതൊരു നഷ്ടവും സഹിപ്പാൻ അവർ സന്നദ്ധരല്ലാത്തതുകൊണ്ടാണ്. "ജീവിക്കുവാൻ അതിൻെറ ഇരട്ടി ചെലവാകും" എന്ന കാരണത്താൽ രംഗത്തു പ്രവേശിക്കാതെ അവർ മാറിനില്ക്കുന്നു. എന്നാൽ ജീവിതത്തിൽനിന്നു അവക്കു വലിയ പ്രയോജനമൊന്നും ലഭിക്കുന്നുണ്ടെന്ന് തോന്നുന്നില്ല; കാരണം, അവരുടെ ഭാഗത്തുനിന്നുള്ള മുതലിറക്കു അത്രയ്ക്കും നിസ്സാരമാണ്. യഥാർത്ഥത്തിൽ ജീവിതം ഒരു വളർച്ചയാണ്. ഭീമമായ ഓക്കുമരം ശക്തിപ്രാപിക്കുന്നതു പഞ്ചഭൂതങ്ങളുമായി ദീർഘകാലം മൽപ്പിടുത്തം നടത്തിക്കൊണ്ടാണല്ലൊ. ദൈവത്തേയും മനുഷ്യരേയും സേവിക്കുവാൻവേണ്ടി, കുറെയെങ്കിലും വിഷമതകൾ സഹിക്കുവാൻ സന്നദ്ധത പ്രകാശിപ്പിക്കുന്നവരുടെ സ്വർഗ്ഗം ഇഹത്തിൽവച്ചുതന്നെ സമാരബ്ധമാകുന്നുവെന്ന് പറയാം.

"കുറച്ചു വിതയ്ക്കുന്നവൻ കുറച്ചു കൊയ്യുന്നു; അധികം വിതയ്ക്കുന്നവൻ അധികമായിത്തന്നെ കൊയ്യുകയും ചെയ്യും." (II കൊറി. 9 : 6)

ദൈവം നിങ്ങൾക്കു നൽകിയിരിക്കുന്ന ജീവചൈതന്യത്തെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടു് ജീവിക്കുവാനുള്ള പ്രാർത്ഥിക്കുക.

## ഫെബ്രുവരി 9

അടുത്തകാലത്തു് ന്യൂയോർക്ക്നഗരത്തിൽവച്ചു് മെത്തോഡിസ്റ്റ്സഭയിലെ 500 പ്രതിനിധികളുടെ ഒരു കോൺഫറൻസ് നടത്തുകയുണ്ടായി. ജോൺസ് ഹോപ്പ്കിൻസ് സർവ്വകലാശാലയിലെ കെമിസ്ട്രി പ്രഫസറായ ഡോക്ടർ ഡൊനാൾഡ് ആൻഡ്രൂസ് അതിലൊരു പ്രസംഗം ചെയ്തു. അണുശക്തിയെ നിയന്ത്രിക്കുവാനും യുദ്ധം തടയുവാനും ആദ്ധ്യാത്മികമൂല്യങ്ങളെപ്പററിയുള്ള സജീവബോദ്ധ്യം ആവശ്യമാണെന്നു് അദ്ദേഹം പ്രസംഗമദ്ധ്യേ ശക്തിയുക്തം ഉദ്ബോധിപ്പിക്കുകയുണ്ടായി.

ആദ്ധ്യാത്മികശക്തിയും ഭൗതികശക്തിയും തമ്മിലുള്ള സമരത്തിൽ സഭയാണു് നേതൃത്വം വഹിക്കേണ്ടതു് എന്നു ചൂണ്ടിക്കാണിച്ചശേഷം അദ്ദേഹം തുടർന്നു: "നമ്മുടെ കരബലത്തെ നിയന്ത്രണാധീനമാക്കുന്നതിലാണു് സംസ്കാരത്തിൻെറ ഏകരക്ഷാമാർഗ്ഗം അടങ്ങിയിരിക്കുന്നതു്. ശാസ്ത്രത്തിൻെറ കണ്ണുകൾ വഴി നമുക്കു നമ്മെപ്പററിയും പ്രപഞ്ചത്തെപ്പററിയും നവീനമായ ജ്ഞാനം ലഭിച്ചിരിക്കുന്നു. പ്രപഞ്ചത്തിൻേറയും ആററത്തി

ൻേറയും ഉള്ളറകളെ ദർശിക്കുന്നതുമൂഖേന ആദ്ധ്യാത്മികമായ പ്രത്യാശയുടെ ഒരു പുതിയ സന്ദേശമാണ് നമുക്കു ലഭിക്കുന്നതു്. കേവലം ഭൂതാത്മകമായ ഒരു പ്രപഞ്ചത്തിലല്ല നാം ജീവിക്കുന്ന തെന്നു ശാസ്ത്രം വ്യക്തമായി കാണിച്ചുതന്നിരിക്കുന്നു.''

വിശ്വാസം എന്ന മഹാദാനത്താൽ അനുഗൃഹീതരായ നമുക്കോരോരുത്തർക്കും നമ്മുടെ സഹജീവികളുടെ നേർക്കു് ഒരു കടമയുണ്ടു്. അതായതു്, ലോകമെങ്ങും ഒരാദ്ധ്യാത്മികപ്രബുദ്ധത ഉളവാക്കുവാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. അങ്ങനെയാണു സ്രഷ്ടാവായ ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന മഹത്തായ പ്രകൃതിശക്തികളെ, മനുഷ്യവർഗ്ഗത്തിൻെറ നാശത്തിനും അടിമത്തത്തിനുമായി വിനിയോഗിക്കാതെ, അതിൻെറ അഭ്യുദയത്തിനുവേണ്ടി വിനിയോഗിക്കുമെന്നു ഉറപ്പുവരുത്തുവാൻ നമുക്കു കഴിയുന്നതു്. ഇക്കാര്യത്തിൽ നമ്മളല്ലെങ്കിൽ, പിന്നെയാർ മുന്നിട്ടുനിന്നു പ്രവർത്തിക്കും?

"ഗ്രീക്കുകാരോടും അപരിഷ്കൃതരോടും, ബുദ്ധിമാന്മാരോടും ബുദ്ധിഹീനരോടും ഞാൻ കടപ്പെട്ടവനാണ്. ആകയാൽ........നിങ്ങളോടും സുവിശേഷം പ്രസംഗിക്കുവാൻ ഞാൻ ഒരുക്കമായിരിക്കുന്നു." (റോമ 1:14-15)

ഔദാര്യനിധിയായ എൻെറ സ്രഷ്ടാവേ! അങ്ങെനിക്കു പ്രദാനംചെയ്തിരിക്കുന്ന ശക്തിവിശേഷങ്ങളെല്ലാം അങ്ങയുടെ മഹത്വത്തിനും എൻെറ സഹജീവികളുടെ പ്രയോജനത്തിനും വേണ്ടി വിനിയോഗിക്കുവാൻ എനിക്കു ഇടവരുത്തേണമെ.

# ഫെബ്റുവരി 10

ഞങ്ങൾക്കു ലഭിച്ചുകൊണ്ടിരിക്കുന്ന അനേകശതം കത്തുകളിൽ ഓരോന്നും, ദൈവത്തിൽനിന്നു് ഏററവുമധികം അകന്നുപോയിരിക്കുന്നവരുടെ ഇടയിൽ നന്മചെയ്യുവാനുള്ള സാധ്യതകളെ പ്രകാശിപ്പിക്കുന്നുണ്ടു്. അവ എത്രമാത്രം ഉന്മേഷവും പ്രത്യാശയുമാണു് പ്രദാനം ചെയ്യുന്നതെന്നു പറഞ്ഞറിയിക്കാൻ പ്രയാസം. അത്തരമൊരു കത്തിലെ ഒരു ഭാഗം താഴെ ചേക്കുന്നു:

"നിങ്ങൾക്കു ലോകത്തെ വ്യത്യാസപ്പെടുത്തുവാൻ സാധിക്കും" എന്ന ക്രിസ്റ്റഫർഗ്രന്ഥം വായിച്ചപ്പോൾ, മഹത്തായ ആ ലക്ഷ്യത്തിൻെറ ഒരു ഭാഗമെങ്കിലും സാധിതപ്രായമാക്കുന്നതിനുവേണ്ടി, എൻെറ പരിമിതമായ കഴിവുകളനുസരിച്ചു് പരിശ്രമിക്കുവാൻ സാധിക്കുന്നതു് എങ്ങനെയെന്നു ഞാൻ ഗ്രഹിച്ചു.

"എന്നെ സംബന്ധിച്ചിടത്തോളം, ഒരു ക്രിസ്റ്റഫർ ആകേണ്ട ആവശ്യകത ആഴമേറിയതാണു്. അതീതകാലത്തു് ഞാൻ ചെലുത്തിയിട്ടുള്ള പ്രേരണാശക്തിയുടെ ദൂഷ്യഫലങ്ങൾ നിവാരണം ചെയ്യുന്നതിനു ഞാൻ വളരെയധികം പ്രവത്തിക്കേണ്ടിയിരിക്കുന്നു എന്ന ചിന്ത എന്നെ സദാ അലട്ടിക്കൊണ്ടിരിക്കുന്നു. ഞാൻ ഒരുകാലത്തു കമ്മ്യൂണിസ്റ്റു് യുവജനപ്രസ്ഥാനത്തിലെ ഒരു പ്രമുഖനേതാവായിരുന്നുവെന്നും, അനേകവർഷം നാഷനൽ കമ്മററിയിലെ മാത്രമല്ല അന്താരാഷ്ട്രീയ യുവജനക്കമ്മെററിയിലേയും ഒരംഗമായിരുന്നുവെന്നും നിങ്ങൾ മനസ്സിലാക്കണം.

"കമ്മ്യൂണിസത്തിൻെറ മടിത്തട്ടിൽ വളന്നുവന്ന എനിക്കു് — ഈ രാജ്യത്തിൽ ആ പ്രസ്ഥാനത്തിൻെറ ബീജാവാപം ചെയ്തവരിൽ ഒരുവനാണ് എൻെറ പിതാവു് —ദൈവം പ്രദാനം

ചെയ്ത സീമാതീതമായ വരപ്രസാദങ്ങളുടെ ഫലമായിട്ടാണു് ഈ അറിവെല്ലാം ഇപ്പോഠം ഉണ്ടായിരിക്കുന്നതു്......ഞാനൊരു കത്തോലിക്കനായതിനുശേഷം, എന്തെല്ലാം എഴുതണം എന്ന ചോദ്യത്തിനു സമാധാനം കണ്ടുപിടിച്ചിരിക്കുന്നു; ശരിയായ ലക്ഷ്യത്തിൻെറ ചരടു് എനിക്കു കരഗതമായിരിക്കുന്നു. ഭാവിയിലെ എൻെറ പ്രബന്ധങ്ങളിലെല്ലാം അതു സ്പഷ്ടമായി കാണുവാൻ സാധിക്കുന്നതായിരിക്കും......."

"കത്താവെനിക്കു ചെയ്ത ഉപകാരങ്ങഠംക്കെല്ലാം ഞാനെന്തു പ്രതിനന്ദി കാണിക്കും?" (സങ്കീ. 115, 12)

ദൈവത്തിൽനിന്നും ഏററവും അകലെ വത്തിക്കുന്നുവെന്നു തോന്നുന്നവക്കു വേണ്ടി പ്രാത്ഥിക്കുക.

# ഫെബ്റുവരി 11

ആസന്നമരണനായ ഒരു വൃദ്ധൻ, അയാളുടെ യഥാത്ഥസ്ഥിതി ഇനി അയാളിൽ നിന്നും മറച്ചുവയ്ക്കേണ്ട യാതൊരാവശ്യവുമുള്ളതായി തോന്നിയില്ല. ആകയാൽ ഡോക്ടർ പറഞ്ഞു: "നിങ്ങഠംക്കു സുഖക്കേടു കൂടുതലാണു്. രോഗത്തിൻെറ സ്വഭാവം ശരിയായി ഗ്രഹിക്കുവാൻ നിങ്ങഠംക്കു് ആഗ്രഹമുണ്ടായിരിക്കുമല്ലൊ. ഇനി നിങ്ങഠംക്കു വല്ലവരേയും കാണേണ്ടതായിട്ടുണ്ടോ?" രോഗി തലയാട്ടി. "എനിക്കു മറെറാരു ഡോക്ടരെ കാണണം," നേരിയ സ്വരത്തിൽ അയാഠം തൻെറ അഭിലാഷം വെളിപ്പെടുത്തി.

ആത്മാവിൻെറ കാര്യം പറയുന്നതു കേഠംക്കുവാൻ ഇഷ്ടപ്പെടുന്നവർ വളരെ ദുർലഭമാണു്. പ്രത്യേകിച്ചും, തങ്ങളുടെ ജീവി

ത്തിൽ എന്തെങ്കിലും വ്യത്യാസം വരുത്തണമെന്നു പറയുന്ന താണു് മിക്കവർക്കും രുചിക്കാതെ വരുന്നതു്. ഇക്കാരണത്താല ത്രെ പലരും, സ്വർഗ്ഗീയ വൈദ്യന്റെ ചികിത്സയാണു് ഇനി അവശ്യമെന്നു കേൾക്കുമ്പോൾ, അതിനു് കാലമായിട്ടില്ല എ ന്നു ഉറപ്പു നൽകിയേക്കാവുന്ന മററാരെയെങ്കിലും വിളിക്കുവാൻ ആഗ്രഹം പ്രദർശിപ്പിക്കുന്നതു്. ദുർഭഗരായ ഇത്തരം ആത്മാക്ക ളുമായി അനുകമ്പയോടും ക്ഷമാശീലത്തോടുംകൂടി പെരുമാറുക. അവർ ദൈവീകസത്യങ്ങളിൽനിന്നു ഓടിയകലുവാൻ ആഗ്ര ഹിക്കുന്നതു അവരുടെ ബലഹീനതയാലാണു്.

"എല്ലാ രോഗവിമുക്തിയും ദൈവത്തിൽനിന്നാണു്." (Ecclesiasticus 38 : 2).

എല്ലാ പ്രയാസങ്ങൾക്കുമുള്ള നിവാരണമാർഗ്ഗം ദൈവ ത്തിലാണു് സ്ഥിതിചെയ്യുന്നതെന്നു സകല മനുഷ്യരും ഗ്രഹിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുക.

## ഫെബ്രുവരി 12

"നിങ്ങൾക്കു ലോകത്തെ വ്യത്യാസപ്പെടുത്തുവാൻ സാധിക്കും" എന്ന ഒന്നാമത്തെ ക്രിസ്റ്റഫർ ഫിലിമിന്റെ അവസാനത്തിൽ ജാക്ക്ബെന്നി, ഉദ്ദേശം നൂറു കൊല്ല ങ്ങൾക്കുമുമ്പു ലിങ്കൺ നടത്തിയ ഒരു പ്രസംഗത്തിൽ നിന്നുതാഴെ ചേർക്കുന്ന ഭാഗം വായിക്കുന്നുണ്ടു്:-

"സ്രഷ്ടാവു് തന്റെ സൃഷ്ടികളോടു്, മനുഷ്യന്റെ വിപുല മായ കുടുംബത്തോടു മുഴുവനുമായി, കാണിച്ച നീതിയെക്കുറി

ച്ചു് അവർക്കുണ്ടായിരുന്ന ബുദ്ധിപൂർവ്വകവും ഉൽകൃഷ്ടവുമായ ബോധം ഇതായിരുന്നു. ജ്ഞാനോദ്ദീപ്തമായ അവരുടെ വിശ്വാസം അനുസരിച്ചു് ദൈവീകച്ഛായയാലും സാദൃശ്യത്താലും മുദ്രിതമായ യാതൊന്നും ചവിട്ടിമെതിക്കപ്പെടുന്നതിനും തരംതാഴ്ത്തപ്പെടുന്നതിനും മൃഗീയമാക്കപ്പെടുന്നതിനുമായി ഈ ലോകത്തിലേക്കു് അയക്കപ്പെട്ടിരുന്നില്ല.

"ആകയാൽ എൻെറ നാട്ടുകാരെ സ്വാതന്ത്ര്യപ്രഖ്യാപനത്തിൻെറ മഹത്തായ നാഴികക്കല്ലുകളുമായി ഏററുമുട്ടുന്ന സിദ്ധാന്താങ്ങൾ നിങ്ങളെ ആരെങ്കിലും പഠിപ്പിച്ചിട്ടുണ്ടെങ്കിൽ, നമ്മുടെ സ്വാതന്ത്ര്യപ്പട്ടയം എണ്ണിയെണ്ണിപ്പറയുന്ന അനന്യഹാര്യമായ അവകാശങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാ മനുഷ്യരും സമന്മാരായി സൃഷ്ടിക്കപ്പെട്ടവരല്ല എന്നു നിങ്ങൾക്കു തോന്നുകയാണെങ്കിൽ, ഞാൻ നിങ്ങളോടു് അഭ്യർത്ഥിക്കുന്നു, നിങ്ങൾ മടങ്ങിവരണമെന്നു്. വിപ്ലവത്തിൽ ചിന്തിയ രക്തത്തിൻെറ സമീപത്തുനിന്നും പൊട്ടിപ്പുറപ്പെട്ടിരിക്കുന്ന നീരുറവകളിലേക്കു നിങ്ങൾ തിരികെ വരുവിൻ.

"നിങ്ങൾ എന്നെപ്പററി ചിന്തിക്കേണ്ട. യാതൊരു മനുഷ്യൻെറയും രാഷ്ട്രീയസിദ്ധാന്തം നിങ്ങൾ പരിഗണിക്കേണ്ട. എന്നാൽ, സ്വാതന്ത്ര്യപ്രഖ്യാപനത്തിൽ അടങ്ങിയിരിക്കുന്ന യാഥാർത്ഥ്യങ്ങളിലേക്കു നിങ്ങൾ പ്രത്യാഗമിക്കണം."

നമ്മുടെ രാഷ്ട്രത്തിൻെറ ആണിക്കല്ലുകളും തന്നിമിത്തം അതിൻെറ നിലനില്പിൻെറ അവശ്യഘടകങ്ങളുമായ ഈ ദൈവികസത്യങ്ങളെ പൊതുജനവീഥികളിൽ പുനഃപ്രതിഷ്ഠിക്കുന്നതിൽ നമുക്കോരോരുത്തർക്കും ഭാഗഭാക്കുകളാകുവാൻ സാധിക്കുന്നതാണു്.

"നിങ്ങൾ ലോകത്തിൻെറ പ്രകാശമാണു്." (മത്തായി 5:14)

കർത്താവേ! മേല്പറഞ്ഞ സത്യങ്ങൾക്കു പൊതുജനവീഥികളിൽ പ്രതിഷ്ഠ നൽകുവാൻ എന്നെ സഹായിക്കേണമെ.

## ഫെബ്രുവരി 13

അമേരിക്കൻ ഐക്യനാടുകളിലെ 48 സ്റ്റേററുകളിൽ 9 എണ്ണത്തിൽ മാത്രമാണു "സ്വാതന്ത്ര്യപ്രഖ്യാപനം" പാഠ്യവിഷയമായിരിക്കുന്നതെന്നറികയിൽ ഒരു ഗൃഹനായികയ്ക്കു വലിയ ക്ഷോഭം ഉണ്ടായി. ഇതുസംബന്ധിച്ചു തന്നാലാവതു ചെയ്യണമെന്നു് അവർ നിശ്ചയിച്ചു.

നാസ്തികകക്ഷികൾ അമേരിക്കയിലെ വിദ്യാലയങ്ങളിൽനിന്നും പരസ്യമായ ജീവിതരംഗങ്ങളിൽനിന്നും "സ്വാതന്ത്ര്യപ്രഖ്യാപനം" സംബന്ധിച്ച പരാമർശങ്ങൾ നിഷ്കാസനം ചെയ്യാൻ അക്ഷീണം യത്നിച്ചുവരുന്നുവെന്നതു് ആ വനിതയ്ക്കു് അവരുടെ സംരംഭത്തിൽ വലിയ ഉത്തേജനം നല്കി. ദൈവമാണു് നമ്മുടെ എല്ലാവിധ അവകാശങ്ങളുടേയും ഉറവിടമെന്നു് പ്രസ്തുത പട്ടയത്തിൽ 4 പ്രാവശ്യം അസന്ദിഗ്ദ്ധമായ ഭാഷയിൽ പ്രഖ്യാപിച്ചിട്ടുണ്ടെന്നുള്ള സംഗതി സ്മർത്തവ്യമത്രേ.

ഈ ആശയങ്ങൾക്കു് ക്ലാസുമുറികളിൽ പ്രചാരം നൽകുന്നതിനുവേണ്ടി അവരുടെ പ്രദേശത്തുള്ള ഉദ്ദേശം ഒരുഡസൻ സ്കൂളുകളിൽ അവർ പോയി. മിക്കവയിലും "സ്വാതന്ത്ര്യപ്രഖ്യാപന"ത്തെപ്പററി പാഠങ്ങൾ നല്കിയിരുന്നില്ല. എന്നു മാത്രമല്ല,

ആ വിഷയം സ്പർശിക്കപോലും ചെയ്തിരുന്നില്ലെന്നുകണ്ടു് അവർ തൻെറ അഭിപ്രായം ഇപ്രകാരം തുറന്നു പറഞ്ഞു: "നിങ്ങൾ ശ്രദ്ധിച്ചുകേൾക്കണം. ഞാനൊരു ഭീരുവല്ല. ഞാനൊരു അമേരിയ്ക്കക്കാരിയാണു്. കരംകൊടുക്കുന്നവളാണു്. ഈ സ്കൂളിൻെറ നടത്തിപ്പിനുള്ള ചെലവിലും ഒരു ഭാഗം ഞാൻ വഹിക്കുന്നുണ്ടു്. ആകയാൽ സ്വാതന്ത്ര്യപ്രഖ്യാപനം പഠിപ്പിച്ചുതുടങ്ങണമെന്നു് ഞാൻ നിങ്ങളോടു് ആവശ്യപ്പെടുന്നു." ആ സ്കൂളുകളിലെല്ലാം ഇപ്പോളതു പഠിപ്പിക്കുന്നുണ്ടു്. അതു് വലിയൊരു വിജയംതന്നെയെന്നതിനു് സംശയമില്ല.

പ്രസ്തുത സ്ത്രീയെപ്പോലെ 10,000 ഗൃഹനായികമാർ തിന്മയെ എതിർക്കുകമാത്രം ചെയ്യാതെ നന്മചെയ്യുവാൻ പ്രേരണനല്കുന്നതിനുകൂടി സന്നദ്ധരായി മുന്നോട്ടുവന്നിരുന്നെങ്കിൽ! ദൈവസഹായത്താൽ തീർച്ചയായും അതു സാദ്ധ്യമാണു്.

"ഏകസത്യദൈവമായ അങ്ങയെയും അവിടന്നു് അയച്ച ഈശോമിശിഹായേയും അറിയുക എന്നതാകുന്നു നിത്യജീവൻ." (യോഹ. 17:3)

വഴിയരികിൽ ഇരുന്നു പരാതിപ്പെടാതെ ക്രിസ്തുവിൻെറ സന്ദേശവും വഹിച്ചുകൊണ്ടു് ബഹുജനമദ്ധ്യത്തിൽ വേല ചെയ്യുവാൻ ധാരാളംപേർ ഉണ്ടാകുന്നതിനുവേണ്ടി പ്രാർത്ഥിക്കുക.

## ഫെബ്രുവരി 14

മററുള്ളവരുടെ നേക്കു് അവജ്ഞ പ്രദർശിപ്പിക്കുന്നതിനെപ്പററി, 1754-ൽ നിര്യാതനായ ഹെൻറി ഫീൽഡിംഗ് എന്ന ദേഹം രേഖപ്പെടുത്തിയിരിക്കുന്നതു് ഇങ്ങിനെയാണു: മററുള്ള

വരുടെ നേൎക്കു് അവജ്ഞ പ്രദർശിപ്പിക്കുവാനുള്ള വാസനയെക്കാറം ഗർഹണീയമായ ഒരു മനോഭാവം മനുഷ്യനില്ല. അഹങ്കാരത്തിൻേറയും ദുർവാസനയുടേയും ഒരു സമ്മിശ്രരൂപമാണിതു്. ഇതുപോലെ ഒരു ദുഷിച്ച മന:സ്ഥിതിയെ അസന്ദിഗ്ദ്ധമായി പ്രത്യക്ഷപ്പെടുത്തുന്ന മറെറാരു ദുർഗ്ഗുണവുമില്ല. സാത്വികവും കരുണാമസൃണവുമായ ഒരു പ്രകൃതിയിൽ അതിനു സ്ഥാനമേ ഉണ്ടായിരിക്കുന്നതല്ല. അധമവും വഷളായതുമായ ഒരു ഹൃദയത്തിൻെറ സുനിശ്ചിതമായ ഒരു ചിഹ്നമാണതെന്നു പറയാം."

ഏതംതസംബന്ധമായി വേദപുസ്തകം നല്കുന്ന പ്രബോധനങ്ങറം ശക്തിയുക്തങ്ങളാണു:

1) "യാതൊരുവനേയും, അവൻെറ ആത്മാവിൽ വേദന ജനിക്കുമാറു്, പരിഹസിക്കരുതു്." (Eccles. 7 : 12)

2) "പാപത്തിൽനിന്നു് പിന്തിരിയുന്ന ഒരുവൻെറ നേൎക്കു് അവജ്ഞ പ്രദർശിപ്പിക്കുകയോ അതിനെ ആധാരമാക്കി അവനെ കുററപ്പെടുത്തുകയോ ചെയ്യരുതു്. ശകാരം നാമേവരും അർഹിക്കുന്നതാണെന്നോൎക്കണം. യാതൊരു മനുഷ്യനേയും അവൻെറ വാർദ്ധക്യത്തിൽ അവഗണിക്കരുതു്. കാരണം നാമും വാദ്ധക്യം പ്രാപിക്കുന്നതാണു്." (Eccles. 8:6—7)

3) "യാതൊരുത്തനേയും അവൻെറ സൗന്ദൎയ്യത്തിൻെറ കാൎയ്യത്തിൽ പ്രശംസിക്കരുതു്. യാതൊരുത്തനോടും അവൻെറ ബാഹ്യകാരത്തിന്നടിസ്ഥാനമാക്കി അവജ്ഞ പ്രദർശിപ്പിക്കയുമരുതു്." (Eccles. 11:12)

"എന്നാൽ നീ നിൻെറ സഹോദരനെ വിധിക്കുന്നതെന്തിനു്? എന്നല്ല, നിൻെറ സഹോദരനെ നിരസിക്കുന്നതും എന്തിനു്? നാമേവരും മിശിഹായുടെ ന്യായാസനത്തിൻമുമ്പാകെ നിൽക്കേണ്ടിവരുമല്ലോ." (റോമ 14 : 10)

കർത്താവേ! എളിമയോടും നിഷ്കപടഹൃദയത്തോടുംകൂടി ഏതൊരു മനുഷ്യനേയും സ്വന്തം സഹോദരനായി സ്വീകരിപ്പാൻ തോന്നുമാറു് എന്റെ നേരെ കൃപചെയ്യേണമെ.

# ഫെബ്രുവരി 15

കുറെക്കാലംമുമ്പു് ഇൻഡ്യാനായിൽ ഗാരി എന്ന സ്ഥലത്തു് ഒരു ഭയങ്കര സംഭവമുണ്ടായി. 29 വയസ്സായ ഒരാൾ 65 വയസ്സായ സ്വപിതാവിനെ വെടിവച്ചുകൊന്നു. പിതാവിനു പ്രായം കടന്നുപോയി എന്നതാണത്രെ അയാളെ ആ കൊലപാതകം നടത്തുന്നതിനു പ്രേരിപ്പിച്ചതു്.

"കാരുണ്യവധ"ത്തെപ്പററി വളരെയധികം വായിച്ചതിന്റെ ഫലമായി 65 വയസ്സിനുമേൽ പ്രായമുള്ള എല്ലാവരേയും വധിക്കേണ്ടതാണെന്ന തീരുമാനത്തിൽ അയാൾ എത്തിയിരുന്നു. ആ തീരുമാനത്തിന്റെ തിക്തഫലം ആദ്യമനുഭവിച്ചതു അയാളുടെ സ്വന്തം പിതാവാണെന്നുമാത്രം. ആ മനുഷ്യനാകട്ടെ, വയസ്സു 65 ആയെങ്കിലും ആരോഗ്യദൃഢഗാത്രനായിരുന്നു. മരണത്തിന്റെ തലേദിവസം "കർണേജിയെ ഇല്ലിനോയിസ് സ്റ്റീൽകമ്പനി"യിൽ ജോലിക്കു പോയതുമാണു്.

ജീവിതത്തിന്റെ സമാരംഭവും സമപ്തീകരണവും സംബന്ധിച്ചുള്ള ദൈവികനിയമങ്ങളെ മനുഷ്യൻ അവഗണിച്ചുകഴിയുമ്പോൾ അവൻ കിരാതത്വത്തിലേക്കു ചുഴിഞ്ഞിറങ്ങുമെന്നതു നിസ്തർക്കമത്രെ. ജീവിക്കുവാനുള്ള അവകാശം ദൈവദത്തമാണു്. അതു പരിപാവനവുമാണു്. പ്രസ്തുതാവകാശം കൈയേറുവാൻ വെമ്പൽകൊള്ളുന്ന മനുഷ്യർ തങ്ങളുടെ വിഷലിപ്തമായ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതിൽ എത്ര വലിയ തീക്ഷ്ണതയാ

ണ്ടു് പ്രദർശിപ്പിക്കുന്നതെന്നു നോക്കുക. അനേകായിരം ജന്മങ്ങളുമായി സമ്പർക്കം പുലർത്താൻ അവസരം നൽകുന്ന അദ്ധ്യാപകവൃത്തി, സാമൂഹ്യ സേവനം. ആരോഗ്യവകുപ്പ്, പത്രമാസികകൾ, ഇതർപ്രസിദ്ധീകരണോപാധികൾ ആദിയായ ജീവിതത്തുറകളിൽ കയറിപ്പററുവാനാണു് അവരുടെ ശ്രമം. സ്വന്തം പുത്രനാൽ വധിക്കപ്പെട്ട ഗാരിയിലെ സാധുമനുഷ്യന്റെ കഥ ഇക്കൂട്ടർ തങ്ങളുടെ നികൃഷ്ടസിദ്ധാന്തങ്ങൾ നാലുപാടും പ്രചരിപ്പിക്കുന്നതിൽ എത്രമാത്രം വിജയം വരിക്കുന്നുണ്ടെന്നുള്ളതിനു പ്രത്യക്ഷമായ ഒരുദാഹരണമാണു്. അതുപോലെ ദയനീയങ്ങളായ എത്രയേറെ സംഭവങ്ങൾ നടക്കുന്നുണ്ടാവാം.

"നീ കൊല്ലരുതു്." (പുറം 20 : 13)

വിനാശഹേതുകങ്ങളായ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നവരുടെ പ്രയത്നങ്ങളെ പ്രതിരോധിക്കാൻ കർത്താവേ! എന്നെ സഹായിക്കേണമെ.

# ഫെബ്രുവരി 16

മാസ്സച്ചുസെററ്സിൽ ചെസ്റ്റ്നട്ടുഹില്ലിലെ മി. വാൾട്ടർ വി. കാർട്ടി "ടൈം'' മാസികയ്ക്കു് അയച്ച ഒരു കത്തു ചിന്തോദ്ദീപകമായിരിക്കുന്നു. അതിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊള്ളട്ടെ:

"ശ്രീമൻ,"

തീരാവ്യാധികളാൽ വലയുന്നവരെ "കാരുണ്യവധം" ചെയ്യണമെന്ന തത്വം നിയമദൃഷ്ട്യാ ന്യായീകരിക്കുന്ന പക്ഷം, തൽപ്രണേതാക്കൾ അതിനെ അതിൽനിന്നുള്ള അനിവാര്യമായ

നിഗമനംവരെ കൊണ്ടെത്തിക്കേണ്ടതാണു്: അതായതു്. 1) വികൃതരും, ഭ്രാന്തരും, കുററവാളികളും, സാമൂഹ്യമായും ശാരീരികശാസ്ത്രപ്രകാരവും ചേച്ചയില്ലാത്തവരുമായ സകലരുടേയും സമൂലവിനാശം. 2) മാനസികവും ശാരീരികവുമായ ബലഹീനതയ്ക്കു അടിമപ്പെട്ടവരുടേയും, അന്ധരുടേയും, മൂകരുടേയും, രോഗബാധിതരുടേയും, മദ്യപന്മാരുടേയും, വൃദ്ധരുടേയും. 3) രാഷ്ട്രത്തിൻെറ എല്ലാ ശത്രുക്കളുടേയും ഉന്മൂലനം.

"അനന്തരം നിയമം അല്പംകൂടി വിപുലീകരിച്ചാൽ അതിൻെറ പരിധിയിൽ, സമയം അല്പമായിട്ടെങ്കിലും ദുർവ്യയം ചെയ്യുന്ന ധനവതിയായ മാതാവിനേയും യഥേഷ്ടം വർത്തിക്കുവാൻ നമുക്കു അനുമതി നൽകാത്ത "നീതികെട്ട" പിതാവിനേയും ഏറെക്കുറെയൊരു ശല്യമായിത്തീർന്നിരിക്കുന്ന ചപലയായ ഭാര്യയേയും ഉൾപ്പെടുത്താവുന്നതാണു്.

"അന്തിക്രിസ്തു വന്നുകഴിഞ്ഞുവോ? അഥവാ അതിനു് ഇനിയും താമസമുണ്ടോ?"

സ്രഷ്ടാവു നൽകിയിരിക്കുന്ന നിയമങ്ങളെ മനുഷ്യർ വെട്ടിക്കുറയ്ക്കാനും വലിച്ചുനീട്ടാനും തുടങ്ങിയാൽ ഇതും ഇതിലപ്പുറവും സംഭവിക്കും. ഇവയെപ്പററി വഴിയരികിലിരുന്നു പരാതിപ്പെട്ടതുകൊണ്ടു് പ്രയോജനമൊന്നുമില്ല. മി. കാർട്ടി ചെയ്തതുപോലെ ഏതെങ്കിലുമൊരു പത്രത്തിനോ മാസികയ്ക്കോ ഒരെഴുത്തെഴുതുക. നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക. അനേകായിരങ്ങളാണു നിങ്ങളുടെ കത്തു വായിക്കുന്നതു്.

"നമുക്കു് അന്ധകാരത്തിൻെറ പ്രവൃത്തികളുപേക്ഷിച്ചു് പ്രകാശത്തിൻെറ ആയുധം ധരിക്കാം."

(റോമ 13 : 12)

എൻെറ ദൈവമേ! അങ്ങേ നിയമത്തേയും ജീവിക്കുവാൻ ഏതൊരു മനുഷ്യവ്യക്തിക്കും അവിടുന്നു നൽകിയിരിക്കുന്ന പാവനമായ അവകാശത്തേയും സംരക്ഷിക്കുവാനുള്ള തീക്ഷ്ണത കൊണ്ടു കത്തിജ്വലിക്കുവാൻ എന്നെ സഹായിക്കേണമെ.

# ഫെബ്രുവരി 17

ബാപ്ററിസ്റ്റ് സഭാംഗമായ 23 വയസ്സ് പ്രായംവരുന്ന ഒരദ്ധ്യാപിക "റിഡേഴ്സ് ഡൈജസ്റ്റി"ൽ ക്രിസ്തുഫർമാരെപ്പററിയുണ്ടായിരുന്ന ലേഖനം വായിച്ചശേഷം അഭിപ്രായപ്പെട്ടതു്, അവരെ ഹഠാദാകർഷിച്ച സംഗതി ആദ്ധ്യാത്മികമായ ഒരു ലക്ഷ്യത്തിൻെറ പ്രാചോദനമുള്ളപ്പോഠം സാധാരണക്കാക്കു പോലും നിർവഹിക്കുവാൻ സാധിക്കുന്ന വലിയ കാര്യങ്ങളെപ്പററി അതിൽ ഊന്നിപ്പറഞ്ഞിരുന്നുവെന്നതാണെന്നത്രെ. അവരിപ്രകാരം പ്രസ്താവിച്ചു: "കേവലമൊരുനിസ്സാരവ്യക്തിയായ ഞാൻപോലും പ്രയോജനരഹിതയല്ലെന്നു്, ഈ ലോകം കുറെക്കൂടി വാസയോഗ്യമാക്കിത്തീക്കുന്നതിനു് എനിക്കും വല്ലതുമൊക്കെ ചെയ്യാൻ സാധിക്കുമെന്നു്, എൻെറ ജീവിതത്തിൽ ആദ്യമായി എനിക്കു ബോധ്യംവന്നതു് അപ്പോഴാണു്."

ദീർഘനാഠം ടെക്ക്സാസിലെ ഒരു പബ്ളിക്ക് സ്കൂളിൽ അവർ അദ്ധ്യാപികയായിരുന്നുവത്രെ. ധാരാളം യുവതികഠം ജോലിയുടെ ഭാരവും ശമ്പളത്തിൻെറ കുറവും നിമിത്തം അദ്ധ്യാപകവൃത്തി ഉപേക്ഷിച്ചുപോകുന്നതായി അവക്കു് അനുഭവപ്പെട്ടിരുന്നു. ഇതിനെപ്പററി അവർ രേഖപ്പെടുത്തിയിരുന്നതു് ഇപ്രകാരമാണു്:

"അവർ നഷ്ടപ്പെടുത്തുന്നതു് എന്താണെന്നു് അവർക്കറിഞ്ഞുകൂടാ. ദൈവം അവക്കു നൽകിയിട്ടുള്ള അനുഗ്രഹങ്ങളെ വളൎന്നുവരുന്ന ബാലികാബാലന്മാക്കു പകർന്നുകൊടുക്കുവാനുള്ള അനന്യലബ്ധമായ അവസരമാണു് അവർ നഷ്ടപ്പെടുത്തുന്നതു്....ഞാൻ ആ ജോലിയിൽ പററിപ്പിടിച്ചുനില്ക്കുമെന്നുമാത്രമല്ല, ഒരു കമ്മിററി രൂപവൽക്കരിക്കുവാനും കഴിയുന്നിടത്തോ

ളും ബാലികമാരെ അദ്ധ്യാപികരംഗത്തിലേക്കാനയിക്കുവാനും തീരുമാനിച്ചിരിക്കുന്നു.....ആദ്യത്തെ റെക്രൂട്ടിനെ ഇന്നലെത്തന്നെ എനിക്കു ലഭിച്ചു.''

പ്രസ്തുത വനിതയെപ്പോലെ ചൈതന്യനിർഭരരായ ഒരു പത്തുലക്ഷം പേരെങ്കിലും ഉണ്ടാകേണ്ടിയിരിക്കുന്നു. അവരുടെ പ്രേരണാശക്തി രാജ്യത്തിലാകമാനം സമൂലമായ ഒരു പരിവർത്തനം വരുത്തുന്നതാണു്.

"ഞാൻ ജനിച്ചതും ഞാൻ ലോകത്തിലേക്കു വന്നതും സത്യത്തിനു സാക്ഷ്യം നല്കുവാനത്രെ." (യോഹ 18 : 37)

എന്റെ പ്രയാസങ്ങളെ വകവയ്ക്കാതെ, മററുള്ളവരുടെ നന്മയ്ക്കായി വേലചെയ്യുവാൻ പരിശുദ്ധാത്മാവേ! എനിക്കു പ്രചോദനം നൽകേണമെ.

## ഫെബ്രുവരി 18

പന്ത്രണ്ടു വകുപ്പുകളടങ്ങിയ ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം ക്രിസ്തുമതത്തിന്റെ ആരംഭത്തിൽത്തന്നെ രചിക്കപ്പെട്ടതാണു്. അന്നുമുതൽ ഇന്നുവരെ അതു ക്രിസ്ത്യാനികളുടെ ഒരു മൂലപ്രമാണമായിട്ടാണു് നിലകൊണ്ടിട്ടുള്ളതു്. പ്രസ്തുത വിശ്വാസപ്രമാണം ചുവടെ ഉദ്ധരിക്കുന്നു:-

1 ആകാശവും ഭൂമിയും സൃഷ്ടിച്ച സർവ്വശക്തനായ പിതാവായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

2 തന്റെ ഏകപുത്രൻ നമ്മുടെ കർത്താവീശോമിശിഹായിലും ഞാൻ വിശ്വസിക്കുന്നു.

3 ഈ പുത്രൻ പരിശുദ്ധ റൂഹാവഴി ഉത്ഭവിച്ചു്, കന്യകാമറിയത്തിൽനിന്നു പിറന്നു്,

4 പന്തിയോസ് പീലാത്തോസിൻെറ നാളുകളിൽ പീഡകാം സഹിച്ചു്, കുരിശിക്കപ്പെട്ടു്, മരിച്ചു്, സംസ്കരിക്കപ്പെട്ടു്,

5 പാതാളങ്ങളിൽ ഇറങ്ങി, മരിച്ചവരുടെ ഇടയിൽനിന്നു മൂന്നാംനാരം ഉയിർത്തു്,

6 സ്വർഗ്ഗാരോഹണം ചെയ്തു്, സർവ്വത്തും വശമാകുന്ന പിതാവായ ദൈവത്തിൻെറ വലത്തുഭാഗത്തു് ഇരിക്കുന്നെന്നും

7 അവിടെനിന്നും ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ വരുമെന്നും വിശ്വസിക്കുന്നു.

8 പരിശുദ്ധ റൂഹായിലും ഞാൻ വിശ്വസിക്കുന്നു.

9 വിശുദ്ധ കത്തോലിക്കാസഭയും, പുണ്യവാന്മാരുടെ അന്യോന്യ ഗുണാനുഭവവും

10 പാപങ്ങളുടെ പൊറുതിയും

11 ശരീരത്തിൻെറ ഉത്ഥാനവും

12 നിത്യജീവനും ഉണ്ടെന്നും വിശ്വസിക്കുന്നു ആമ്മേൻ.

ഇന്നു നാം ഈ വിശ്വാസപ്രമാണം ചൊല്ലുമ്പോരം പത്രോസിനോടും പൗലോസിനോടുംകൂടി നടന്നവർ ഏററുപറഞ്ഞ വിശ്വാസസത്യങ്ങരം തന്നെയാണു നാമും ഏററുപറയുന്നതെന്നു നമുക്കു് ഉറപ്പുണ്ടു്. ഇതു് എല്ലാവക്കുംവേണ്ടിയുള്ള ഒരു വിശ്വാസപ്രമാണമാണു്. അതിൽ മററുള്ളവരും ഭാഗഭാക്കുകളാകുവാൻവേണ്ടി നിങ്ങരം അശ്രാന്തം പരിശ്രമിക്കണം.

ക്രിസ്തുവിനെ അറിയാത്തവക്കുവേണ്ടി പ്രാത്ഥിക്കുക.

## ഫെബ്റുവരി 19

വ്യവസായം ഉപേക്ഷിച്ചു് അടുത്തകാലത്തു് കൃഷിയാരംഭിച്ച ഒരു മനുഷ്യൻ ഒരു ദിവസം മകൻെറ സഹായത്തോടുകൂടി

ഒരു പശുക്കുട്ടിയെ കളപ്പുരയിൽ കയററാൻ പരിശ്രമിക്കുകയായിരുന്നു. അപ്പൻ പുറകിൽനിന്നു തള്ളി, മകൻ മുമ്പിൽനിന്നു വലിച്ചു. പക്ഷെ പശുക്കുട്ടി ഒരൊററ അടിപോലും മുന്നോട്ടു വച്ചില്ല. ഈ പ്രവൃത്തികളെല്ലാം അയൽവാസിയായ ഒരു കൃഷിക്കാരൻ കണ്ടുകൊണ്ടു നിന്നിരുന്നു. അവസാനം അവർ അയാളുടെ സഹായമഭ്യർത്ഥിച്ചു. അയാം കൈവിരൽ പാലിൽ മുക്കിയശേഷം പശുക്കുട്ടിയുടെ വായിൽ വച്ചുകൊടുത്തു. പശുക്കുട്ടി ആ വിരൽ ചപ്പിക്കൊണ്ടു് യാതൊരു മടിയും പ്രദർശിപ്പിക്കാതെ കളപ്പുരയിലേക്കു് അയാളെ അനുഗമിച്ചു.

അതിരുകവിഞ്ഞ തീക്ഷ്ണതയുള്ള ചില വ്യക്തികൾ മററുള്ളവരെ അവരുടെ ഹിതത്തിനെതിരായി "ഉന്തുക"യും "വലിക്ക"യും മററും ചെയ്യാറുണ്ടു്. മതത്തിൻെറ പുരോഗതിക്കു് അതു തടസ്സം വരുത്തുമെന്നല്ലാതെ സഹായമൊന്നും ചെയ്യുന്നതല്ല. അന്യരെ ദൈവത്തിൻെറ പക്കലേക്കു് ആകർഷിക്കുന്നതിനുപകരം അവരെ അവിടെനിന്നു് അകററുകയായിരിക്കും ഇക്കൂട്ടർ ചെയ്യുന്നതു്.

സ്നേഹമസൃണമായ പ്രോത്സാഹനവും ഹിതകരമായ പെരുമാററവും വഴി പരമശത്രുക്കളിൽപ്പോലും ഹൃദയപരിവർത്തനം വരുത്തുന്നതിനു് സാധിക്കുന്നതാണു്.

"വചനങ്ങളിൽ മാധുര്യമുള്ളവൻ വൻകാര്യങ്ങൾ സാധിക്കുന്നതാണു്. (പഴഞ്ചൊല്ലുകൾ 16 : 21)

എൻെറ ഇഷ്ടാനിഷ്ടങ്ങളെ അവഗണിച്ചുകൊണ്ടു് മററുള്ളവർക്കു് ഹിതകരമായവയെപ്പററി ചിന്തിക്കുവാനും തദനുസരണം പ്രവർത്തിക്കുവാനും കർത്താവേ! എന്നെ സഹായിക്കേണമെ.

# ഫെബ്റുവരി 20

ദൈവനിയമം താഴെ ചേക്കുന്ന പാപങ്ങൾ മുഖേന സാരമായവിധത്തിൽ ലംഘിക്കപ്പെടുന്നു. ഇടയ്ക്കിടയ്ക്കു നാമവയെപ്പററി ചിന്തിക്കുന്നതു് നല്ലതാണു്.

A. പരിശുദ്ധാത്മപിക്കെതിരായുള്ള പാപങ്ങൾ

1 ദൈവകരുണയെപ്പററിയുള്ള സീമാതീതമായ പ്രതീക്ഷ.

2 നിരാശ.

3 സത്യത്തോടുള്ള മനഃപൂവ്വകമായ മറുതലിപ്പു്.

4 മററൊരാളുടെ ആദ്ധ്യാത്മികനന്മയിലുള്ള അസൂയ.

5 പാപത്തിലുള്ള നിർബന്ധപൂവ്വകമായ നിലനിൽപ്പു്.

6 അന്തിമാനുതാപത്തിൻെറ അഭാവം.

B. പ്രതികാരാത്ഥം ദൈവസമക്ഷം നിലവിളിക്കുന്ന പാപങ്ങൾ

1 മനഃപൂവ്വകമായ കൊലപാതകം.

2 പ്രകൃതിവിരുദ്ധമായ അശുദ്ധപാപം.

3 സാധുജനമദ്ദനം.

4 തൊഴിലാളികളുടെ നേക്കുള്ള ചൂഷണം.

ദൈവസ്നേഹത്തിനുവേണ്ടി മററുള്ളവക്കു് നന്മചെയ്യുവാൻ നിങ്ങൾ എത്രയധികമായി ജനങ്ങളെ പ്രോത്സാഹിപ്പിക്കുമോ അത്രയ്ക്കും അവർ മേല്പറഞ്ഞ പാപങ്ങളിൽനിന്നും താദൃശങ്ങളായ മററപരാധങ്ങളിൽനിന്നും ഒഴിഞ്ഞുജീവിക്കുവാൻ പരിശ്രമിക്കുന്നതാണു്.

"ഭാവിയിൽ മനുഷ്യപുത്രൻ സ്വന്തം പിതാവിന്റെ

പ്രാഭവത്തിൽ ദൈവദൂതന്മാരുടെ അകമ്പടിയോടെ എഴുന്നള്ളിവരുമ്പോൾ ഓരോ മനുഷ്യനും അവൻെറ പ്രവൃത്തിക്കനുയോജ്യമായ പ്രതിഫലം നൽകും.

(മത്തായി 16:27)

ദൈവത്തിൻെറ വിധിയെപ്പററി ഓക്കാതെ പാപജീവിതം നയിക്കുന്നവർക്കുവേണ്ടി പ്രാത്ഥിക്കുക.

# ഫെബ്രുവരി 21

ദൈവനിയമം ലംഘിക്കുന്ന ചില വിധങ്ങളെപ്പററി നാമിന്നലെ ചിന്തിക്കുകയുണ്ടായി. ഇന്നു നമുക്കു് മറെറാരുതരം പാപങ്ങളെപ്പററി, മററുള്ളവരുടെ പാപങ്ങളിൽ ഭാഗഭാക്കുകളായിക്കൊണ്ടു് ദൈവത്തെ ഉപദ്രവിക്കുന്ന വിധങ്ങളെപ്പററി ചിന്തിക്കാം.

9 തരത്തിൽ മററുള്ളവരുടെ പാപങ്ങളിൽ പങ്കുവഹിക്കുവാൻ സാധിക്കു .

1. ഉപദേശം 2. കല്പന 3. സമ്മതം 4. പ്രകോപനം 5. പ്രശംസ, മുഖസ്തുതി 6 ഗോപനം 7. സഹകരണം 8. മൗനം 9. തിന്മയുടെ നീതീകരണം.

ഈ സംഗതികളെപ്പററിയുള്ള ധ്യാനം സദാ ജാഗരൂകരായി വത്തിക്കുവാൻ നമ്മെ സഹായിക്കുന്നതായിരിക്കും. വേറൊരാറം ദൈവനിയമം ലംഘിക്കുന്നതിനു നാം യാതൊരുപ്രകാരത്തിലും കാരണമാകാതിരിപ്പാൻ സൂക്ഷിക്കണം. മാത്രമല്ല, കുറെക്കൂടി ശ്രേഷ്ഠവും ഫലവത്തുമായ സംഗതി മററുള്ളവരെ നന്മചെയ്യുവാൻ സഹായിക്കുക എന്നതാണു്.

"നന്മചെയ്യുവാൻ കഴിവുള്ളവനെ അതിൽനിന്നും പിന്മാറാതിരിക്കുക. നിനക്കു സാധിക്കുമെങ്കിൽ നീയും നന്മചെയ്യുക." (പഴഞ്ചൊല്ലുകൾ 3:27)

മററുള്ളവർ നന്മ ചെയ്യുവാനും തിന്മ വർജ്ജിക്കുവാനും വേണ്ട സഹായം നൽകുന്നതിനു നിങ്ങളെ ശക്തരാക്കേണമേ എന്നു ദൈവത്തോടു പ്രാർത്ഥിക്കുക.

## ഫെബ്രുവരി 22

അമേരിക്കൻ ഐക്യനാടുകളുടെ ഒന്നാമത്തെ പ്രസിഡൻറായിരുന്ന ജോർജ്ജ് വാഷിംഗ്ടൻ 1796 സെപ്റ്റംബറിൽ, അതായതു് അദ്ദേഹം ഉദ്യോഗത്തിൽനിന്നും വിരമിക്കുന്നതിനു് ആറുമാസംമുമ്പു് സ്വജനങ്ങൾക്കു് ഒരുൽബോധനം നല്കുകയുണ്ടായി. മതത്തെ അവഗണിക്കുന്നപക്ഷം രാജ്യത്തിനു വന്നുചേരാവുന്ന വിപത്തിനെ അദ്ദേഹം അതിൽ ചൂണ്ടിക്കാണിച്ചിരുന്നു. അദ്ദേഹം പ്രസ്താവിച്ചതിങ്ങനെയാണു്:-

രാഷ്ട്രീയാഭിവൃദ്ധിക്കു നിദാനമായ എല്ലാ മാനസികവ്യാപാരങ്ങളിലും ശീലങ്ങളിലുംവച്ചു് മതവും സന്മാർഗ്ഗവും അപരിത്യാജ്യങ്ങളായിരിക്കുന്നു.........മതതത്വത്തെ ഒഴിച്ചുനിർത്തുന്നപക്ഷം ദേശീയധർമ്മബോധം നിലനില്ക്കുമെന്നു പ്രതീക്ഷിക്കുന്നതിനു യുക്തിയും അനുഭവവും നമ്മെ അനുവദിക്കുന്നില്ല.

നിങ്ങളെ ഒരു ജനതയാക്കിത്തീർത്തിരിക്കുന്ന ഗവർമ്മെൻറിൻെറ ഏകത്വം ഇപ്പോൾ നിങ്ങൾക്കു പ്രിയംകരമായിഭവിച്ചിരിക്കുന്നു. അതങ്ങനെതന്നെയായിരിക്കണം. കാരണം, അതു നിങ്ങളുടെ യഥാർത്ഥസ്വാതന്ത്ര്യമാകുന്ന സൗധത്തിൻെറ നെടുംതൂണാണു്, നിങ്ങൾ വളരെയധികംവിലമതിക്കുന്ന ആ

സ്വാതന്ത്ര്യത്തിൻെറ താങ്ങാണു് എന്നുവരികിലും ഒരു കാര്യം മുൻകൂട്ടിക്കാണുന്നതിനു പ്രയാസമില്ല. മേൽപ്പറഞ്ഞ സത്യത്തെപ്പററി നിങ്ങൾക്കുള്ള ബോദ്ധ്യത്തെ ബലഹീനമാക്കുന്നതിനുവേണ്ടി വിവിധ കാരണങ്ങളാലും വിവിധ കോണുകളിൽനിന്നും വളരെയധികം ശ്രമം നടക്കുകയും നാനാതരത്തിലുള്ള തന്ത്രങ്ങൾ പ്രയോഗിക്കപ്പെടുകയും ചെയ്യുന്നതാണു്. എന്തുകൊണ്ടെന്നാൽ ആഭ്യന്തരവും ബാഹ്യവുമായ ശത്രുക്കളുടെ പീരങ്കികൾ ഇടതടവില്ലാതെയും സർവ്വഥാ പ്രവൃത്തിനിരതമായും — പലപ്പോഴുമതു രഹസ്യത്തിലും വഞ്ചനാത്മകമായ രീതിയിലുമായിരിക്കാം— നിങ്ങളുടെ രാഷ്ട്രീയകോട്ടയിലെ മേല്പറഞ്ഞ ഭാഗത്തെയാണു ലക്ഷ്യമാക്കിയിരിക്കുന്നതു്.''

''കർത്താവു് ഭവനം പണിചെയ്യുന്നില്ലെങ്കിൽ, പണിക്കാർ വൃഥാ ബുദ്ധിമുട്ടുന്നു.'' (സങ്കി 126: 1)

അമേരിക്കയിലെ നാണയങ്ങളിലുള്ള ''ഞങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു." എന്ന മുദ്രാവാക്യം എല്ലാവരും ഒരു സജീവ യാഥാർത്ഥ്യമാക്കിതീർക്കുന്നതിനു വേണ്ടി പ്രാർത്ഥിക്കുക.

## ഫെബ്രുവരി 23

''ബോക്സിംങ്" എന്നു വിളിക്കപ്പെടുന്ന കായികവിനോദത്തിൽ വൈദഗ്ദ്ധ്യം സമ്പാദിക്കുന്നതിനു് ഏററവും ആവശ്യമായിരിക്കുന്നതു് എന്താണെന്നു് മി. ജയിംസ് ജെ. കോർബെററ് എന്ന ദേഹത്തോടു് ആരോ ചോദിക്കുകയുണ്ടായി. ''ഒരു പ്രാവശ്യവുംകൂടി പയററുക'' എന്നാണത്രെ അദ്ദേഹം നല്കിയ മറുപടി.

ജീവിതായോധനത്തിൽ ഒരിക്കലും ഭഗ്നോത്സാഹരാകാത്തവൎക്ക നമ്മുടെ കൎത്താവു വലിയ സമ്മാനങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ടു്. ദൈവത്തിനും മനുഷ്യൎക്കും വേണ്ടി വലിയ കാൎയ്യങ്ങൾ നിൎവ്വഹിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, വീണ്ടുംവീണ്ടും "ഒരു പ്രാവശ്യംകൂടി പയറ്റേ"ണ്ടിയിരിക്കുന്നു.

പക്ഷേ അവസാനംവരെ ക്ഷമയോടു സഹിക്കുന്നവൻ രക്ഷപ്പെടുകയും ചെയ്യും. (മത്തായി 24:13)

"ഞാൻ നല്ല യുദ്ധം ചെയ്തു; എൻെറ ഓട്ടം പൂൎത്തിയാക്കി; എൻെറ വിശ്വാസം സംരക്ഷിച്ചു. നീതിയുള്ള ന്യായാധിപതിയായിരിക്കുന്ന എൻെറ കൎത്താവു് ആ ദിവസത്തിൽ എനിക്കു്—എനിക്കുമാത്രമല്ല, പിന്നെയോ, തൻെറ വെളിപാടിനെ സ്നേഹിച്ചവൎക്കും—പ്രതിഫലമായി തരുവാനിരിക്കുന്ന നീതിയുടെ കിരീടം ഇപ്പോൾ മുതൽ എനിക്കായി സജ്ജമാക്കപ്പെട്ടിരിക്കുന്നു." (II തിമോ 4: 7—8)

"നീ സഹിക്കുവാനിരിക്കുന്നവയിൽ യാതൊന്നും നീ ഭയപ്പെടേണ്ട. നിങ്ങൾ പരീക്ഷിക്കപ്പെടുവാൻ തക്കവണ്ണം ഇതാ! പിശാചു നിങ്ങളിൽ ചിലരെ കാരാഗൃഹത്തിലാക്കുവാനിരിക്കുന്നു. പത്തു ദിവസത്തേക്കു നിങ്ങൾക്കു ഞെരുക്കമുണ്ടാകും. മരണംവരെ വിശ്വസ്തനായിരിക്കുക. ആയുസ്സിൻെറ കിരീടം നിനക്കു ഞാൻ തരും." (വെളിപ്പാടു 2:10)

നാനാതരത്തിലുള്ള പരീക്ഷണങ്ങളുടേയും ക്ലേശങ്ങളുടേയും മദ്ധ്യത്തിൽക്കൂടി വിജയകരമായി ജീവിതയാത്ര തുടരുവാൻ കൎത്താവേ! എന്നെ സഹായിക്കേണമെ.

## ഫെബ്റുവരി 24

നെബ്രാസ്ക്കായിലെ കാരാഗൃഹം. അതിൻെറ സൂക്ഷിപ്പുകാരൻെറ പക്കൽ, ഒരു തടവുപുള്ളിയുടെ മേൽവിലാസത്തി

ലുള്ള ഒരു കത്തു വന്നുചേരന്നു. പക്ഷേ അങ്ങനെയൊരു പുള്ളി അവിടെയില്ലായിരുന്നു. മുമ്പെങ്ങാനും അങ്ങനെയൊരാരം അവിടെ വസിച്ചിട്ടുണ്ടോ എന്നു് അദ്ദേഹം ഓത്തുനോക്കി. എന്നിട്ടും യാതൊരു എത്തുംപിടിയും കിട്ടിയില്ല. അപ്പോഴാണു് എഴുത്തുകൂടിന്റെ മറുവശത്തു പെൻസിൽകൊണ്ടു് എഴുതിയിരുന്ന ഭാഗം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടതു്. അതിപ്രകാരമായിരുന്നു: "അയാരം ഇതേവരെ ജയിലിനകത്തായിട്ടില്ലെങ്കിൽ, അയാരം വരുന്നതുവരെ ഇതു സൂക്ഷിക്കുക."

ദൈവം നമുക്കു പ്രദാനംചെയ്തിരിക്കുന്ന ശക്തിവിശേഷങ്ങളെ പ്രയോജനപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുമായി യാതൊരു ശ്രമവും ചെയ്യാതെ ജീവിതത്തിൽക്കൂടെ അലസമായി മുന്നോട്ടുനീങ്ങുവാൻ നമ്മിൽ മിക്കവക്കും നിഷ്പ്രയാസം സാധിക്കുന്നതാണു്.

അനുദിനമുള്ള ആത്മശോധന വളരെ ഗുണകരമായ ഒരു ഭക്താഭ്യാസമത്രെ. എന്നാൽ അതീതകാലത്തെ നമ്മുടെ തെററുകളെക്കുറിച്ചും ഉപേക്ഷനിമിത്തമുള്ള പാപങ്ങളെക്കുറിച്ചുമുള്ള പശ്ചാത്താപം പരമാത്ഥമാണെങ്കിൽ, അതോടൊന്നിച്ചു്, ജീവിതം നവീകരിക്കുന്നതാണെന്ന ദൃഢപ്രതിജ്ഞയുമുണ്ടായിരിക്കും.

'ഞാൻ പറയുന്നു; അപ്രകാരമല്ലെന്നു്. അനുതപിക്കയില്ലെങ്കിൽ നിങ്ങളും അങ്ങനെ നശിക്കും.'

(ലൂക്ക 105)

ഭാവിയിൽ നല്ല വണ്ണം ജീവിക്കുന്നതിനു ഞാൻ ചെയ്യുന്ന ശ്രമം വഴി കഴിഞ്ഞ കാലത്തു ഞാൻ ചെയ്തുപോയ തെററുകളെക്കുറിച്ചുള്ള പശ്ചാത്താപം ആത്മാത്ഥമാണെന്നു തെളിയിക്കാൻ എന്റെ ദൈവമേ! എന്നെ സഹായിക്കേണമേ.

# ഫെബ്റുവരി 25

ഒരു ക്രിസ്റ്റുഫർ എന്ന നിലയിൽ സജീവപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സാഹചര്യങ്ങൾ ഒരുപക്ഷേ നിങ്ങളെ അനുവദിക്കുന്നില്ലെന്നുവരാം. എന്നുവരികിലും വല്ലതുമൊക്കെ ചെയ്യുവാൻ നിങ്ങൾക്കും സാധിക്കുന്നതാണ്. എങ്ങനെ? പ്രാർത്ഥനവഴി. ഉൽകൃഷ്ടമായ ഉദ്ദേശ്യങ്ങളുള്ള ഒരു വ്യക്തിയെങ്കിലും താഴെ ചേർക്കുന്ന പ്രധാനപ്പെട്ട ജീവിതരംഗങ്ങളിൽ ഏതെങ്കിലുമൊന്നിൽ പ്രവേശിക്കുന്നതിനായി അനുദിനം പ്രാർത്ഥിക്കുന്നതിനു നിങ്ങൾക്കു കഴിയും: 1) വിദ്യാഭ്യാസം 2) ഗവർമ്മെൻറ് 3) മുദ്രാലയം 4) തൊഴിൽബന്ധങ്ങൾ 5) സാമൂഹ്യപ്രവർത്തനം 6) ഗ്രന്ഥാലയം.

'വിളവു് സമൃദ്ധം; കൊയ്ത്തുകാരോ ചുരുക്കം. അതുകൊണ്ടു് നിങ്ങൾ വിളവിൻെറ നാഥനോടു് കൊയ്ത്തിനു് ആളെ അയപ്പാൻ പ്രാർത്ഥിക്കുക. ലൂക്ക 10:2)

അദ്ധ്യാത്മികപ്രബുദ്ധത കൂടാതെ വർത്തിക്കുന്ന ബഹുശതം ജനങ്ങളിൽ ഭൂരിഭാഗവും സന്മനസ്സുള്ളവരാണ്. "വഴിയും സത്യവും ജീവനും ആരെങ്കിലും തങ്ങൾക്കു കാണിച്ചുതരുവാനായി അവർ കാത്തുനില്ക്കുകയാണ്. എന്നാൽ, കുറച്ചുപേർ മാത്രമേ ക്രിസ്തുവിൻെറ നാമത്തിൽ അവരെ സമീപിക്കുന്നുള്ളു. നേരെമറിച്ചു്, ദുഷിച്ച ആശയങ്ങളുടെ പ്രണേതാക്കളായ സംഖ്യാതീതരായ വ്യക്തികൾ പ്രധാനപ്പെട്ട ജീവിതത്തുറകളിൽ തടിച്ചുകൂടുകയും വളരെവേഗത്തിലും യാതൊരു പ്രായാസവുംകൂടാതെയും ജനസാമാന്യവുമായി സമ്പർക്കം പാലിക്കുകയും അവരെ വഴിതെററിക്കുകയും ചെയ്യുന്നു.

നിങ്ങൾ, ധനവാനോ ദരിദ്രനോ, വൃദ്ധനോ യുവാവോ,

രോഗിയോ അരോഗദൃഢഗാത്രനോ, പണ്ഡിതനോ പാമരനോ, ആരുതന്നെയായിരുന്നാലും ശരി, ഒരാത്മായപ്രേഷിതനെ രംഗത്തേക്കയയ്ക്കുവാൻ നിങ്ങൾക്കു കഴിയും. പ്രാൎത്ഥന വഴിയായി അക്കാൎയ്യം നിൎവ്വഹിക്കാവുന്നതാണു്. മററുള്ളവരെക്കൊണ്ടു് ഈ ലക്ഷ്യപ്രാപ്തിക്കായി പ്രാൎത്ഥിപ്പിക്കുവാനും നിങ്ങൾക്കു് സാധിക്കുന്നതായിരിക്കും.

ദൈവമേ, അങ്ങേ വയലുകളിലേക്കു കൂടുതൽ ജോലിക്കാരെ അയക്കുവാൻ കരുണയുണ്ടാകേണമേ!

# ഫെബ്രുവരി 26

"മനുഷ്യൻ ഭയാനകവും അത്ഭുതജനകവുമായ വിധത്തിലാണ് നിൎമ്മിക്കപ്പെട്ടിരിക്കുന്നതു്."

എന്നത്രെ സുപ്രസിദ്ധശാസ്ത്രജ്ഞനായ ജെ. എ. തോംപ്സിൻെറ അഭിപ്രായം. അദ്ദേഹം തുടൎന്നു പ്രസ്താവിക്കുന്നു:

"ലിനോടൈപ്പു അച്ചടിയന്ത്രം, നെയ്ത്തുയന്ത്രം, കണക്കുകൂട്ടുന്നയന്ത്രം ആദിയായവ പോലുള്ള വിഷമമായ കൃത്രിമോപകരണങ്ങൾ നമ്മുടെ ശ്രദ്ധയ്ക്കു വിഷയമാകാതിരിപ്പാൻ നിവൃത്തിയില്ല. നാം അവയുടെ നിർമ്മാതാക്കളെ പ്രശംസിക്കുകയും ചെയ്യുന്നു.

"എന്നാൽ ഒരു യന്ത്രത്തെക്കാൾ മഹത്തായ ഒരു സചേതനസത്തയെപ്പററി എന്തുകൊണ്ടാണ് നാം കൂടുതൽ ആശ്ചര്യം പ്രകടിപ്പിക്കാത്തതു്? മററുള്ളവയ്ക്കു ചലനശക്തി പ്രദാനംചെയ്തയാളെ നമസ്ക്കരിക്കുന്നതിൽ നാം എന്തുകൊണ്ടാണു് കൂടുതൽ താല്പര്യം പ്രദർശിപ്പിക്കാത്തതു്.........?"

താൻ എന്തായിരിക്കുന്നുവോ അതിനെല്ലാം താൻ സകലത്തിൻേറയും സ്രഷ്ടാവായ ദൈവത്തോടാണ് കടപ്പെട്ടിരിക്കുന്നതു് എന്നു ഏററു പറയുവാൻ മനുഷ്യൻ തൻെറ അഹങ്കാരവും ബലഹീനതയും നിമിത്തം സന്നദ്ധത പ്രദർശിപ്പിക്കുന്നില്ല. അതുതന്നെ ക്രിസ്തുഹർമാർ, സർവ്വപ്രധാനമായ ഈ സത്യം, എല്ലാ ജീവിതവേദികളുടേയും പ്രമുഖസ്ഥാനത്തു് ആലേഖനം ചെയ്യുവാൻ പരിശ്രമിക്കണമെന്നുള്ളതിനു മതിയായ ന്യായമാണു്.

1 "കർത്താവായ ദൈവം മനുഷ്യനെ ഭൂമിയിലെ മണ്ണു കൊണ്ടു് നിർമ്മിക്കുകയും ജീവൻെറ ശ്വാസം അവൻെറ മുഖത്തു് നിശ്വസിക്കുകയും മനുഷ്യൻ ഒരു സജീവാത്മാവായി ഭവിക്കുകയും ചെയ്തു." (സൃഷ്ടി 2:7)

2 "ഇസ്രായേലിൻെറ പരിശുദ്ധനും നിർമ്മാതാവുമായ കർത്താവു ഇപ്രകാരം പറയുന്നു.........ഞാൻ ഭൂമിയെ നിർമ്മിച്ചു; അതിൻെറ മുകളിൽ ഞാൻ മനുഷ്യനെ സൃഷ്ടിച്ചാക്കുകയും ചെയ്തു." (എശയ്യ 45: 11—12)

3 "കർത്താവു, അവൻ ദൈവമാണെന്നു നിങ്ങളറിയണം. അവൻ നമ്മെ ഉണ്ടാക്കി; അല്ലാതെ നാം നമ്മളെ ത്തന്നെയല്ല." (സങ്കീർത്തനം 99:3))

മനുഷ്യരെ ബഹുമാനിക്കുന്നതുവഴി ഞങ്ങളെയെല്ലാവരേയും സൃഷ്ടിച്ച അങ്ങയെ ബഹുമാനിപ്പാൻ ഇടവരുമാറാകട്ടെ, ദൈവമേ!

## ഫെബ്റവരി 27

ബ്രൂക്ക്ലിനിൽ സംഭവിച്ചതാണിതു്. ഡോമിനിക് ആറെറയോ എന്ന മനുഷ്യൻ കിണർ കുഴിക്കുകയായിരുന്നു.

അയാഠം അതിലുണ്ടായിരുന്ന ഒരു ഗുഹയിൽ പെട്ടെന്നു് അക പ്പെട്ടുപോയി. 18 അടി ആഴത്തിൽ, അരവരെ മണൽകൊണ്ടു മൂടിയും, വലതുകാൽ ഒരു വലിയ പാറയുടെ അടിയിൽപ്പെട്ടു് വലിക്കാൻ വയ്യാതെയും അയാഠം നിസ്സഹായാവസ്ഥയിൽ നിലകൊള്ളുകയായിരുന്നു. മാത്രമല്ല, ഒരു ചെറിയ പാട്ടയിൽ കീഴോട്ടിറക്കുന്നതിനിടയായ കത്തിച്ച ഒരു സിഗററു് അവിട ത്തെ വാതകങ്ങഠക്കു് തീ കൊളുത്തുകയും പെട്ടെന്നൊരു പൊ ട്ടിത്തെറിക്കലുണ്ടാകുകയും ചെയ്തു. അതുമൂലം ആ സാധുമനു ഷ്യന്റെ ദേഹത്തു പല ഭാഗങ്ങളിലും പൊള്ളൽ ഏല്ക്കുന്നതി നും ഇടവന്നു. ഷർട്ടിന്റെ പുറകുവശം കത്തിപ്പോയി. ഉഷ്ണി ച്ച വായു ശ്വസിച്ചതിനാൽ തൊണ്ടയ്ക്കും ശ്വാസകോശത്തിനും പൊള്ളലേററു.

ആ മനുഷ്യനെ ചികിത്സിക്കുന്നതിനുവേണ്ടി ഒരു ഡോ ക്ടറെ ഇറക്കിക്കൊടുത്തു. വൈദികൻ അന്ത്യകൂദാശകളും നല്കി. അതേസമയം 150 വോളൻറിയറന്മാർ അയാളെ രക്ഷപ്പെടുത്തു ന്നതിനു് അശ്രാന്തം പരിശ്രമിച്ചുകൊണ്ടുമിരുന്നു. 27 മണിക്കൂർ നേരത്തെ അദ്ധ്വാനത്തിനുശേഷം കിണററിന്റെ അടിഭാഗത്തു വലിയൊരു ദ്വാരം ഉണ്ടാക്കുന്നതിനും അയാളെ വലിച്ചെടുക്കു ന്നതിനും അവക്കു സാധിച്ചു. പക്ഷെ നിർഭാഗ്യവശാൽ അതി നു ഏതാനും നിമിഷങ്ങഠക്കുമുമ്പു് അയാഠം മരിച്ചുപോയി രുന്നു.

ഈ അത്യാഹിതത്തിൽനിന്നും വലിയൊരു പാഠം നാം പഠിക്കേണ്ടതായുണ്ടു്. അകാലമൃത്യുവിനിരയായ അയാഠം ക ഷ്ടതയനുഭവിക്കുന്ന മനുഷ്യവർഗ്ഗത്തെ പ്രതിനിധാനംചെയ്യുന്നു. ദുരിതനിവാരണത്തിനായി അതു കാത്തുനില്ക്കുകയാണു്. ആക യാൽ നാമെല്ലാവരും നമ്മോടുതന്നെ ചോദിക്കേണ്ട ഒരു ചോ ദ്യമുണ്ടു്: സഹായം പ്രതീക്ഷിച്ചു് ഏറെക്കുറെ നിരാശയുടെ വക്കിലെത്തിയിരിക്കുന്ന ഒരു ലോകത്തെ സമുദ്ധരിക്കാൻ തീക്ഷ്

ണതയോടും വേഗതയോടും കൂടിയാണോ നാം പരിശ്രമിയ്ക്കുന്നതു്?

നഷ്ടപ്പെട്ടതിനെ വീണ്ടും രക്ഷിക്കുവാനായിട്ടാണു് മനുഷ്യപുത്രൻ വന്നിരിക്കുന്നതു്. (മത്തായി 18: 11)

നിസ്സഹായരായ അനേകലക്ഷം ജനങ്ങളുടെ അവശതകൾക്കു് നിവാരണം വരുത്തുന്നതിനുവേണ്ടി പ്രാർത്ഥിക്കുക.

## ഫെബ്രുവരി 28

ഡോമിനിക് ആറെറയോ ബ്രുക്ക്ലിനിലെ കിണററിന്റെ അടിയിൽവച്ചു് അത്യാഹിതത്തിൽപ്പെട്ടു മരിക്കാനിടയായതിനെ പരാമർശിച്ചു് റോബർട്ടു് സി. റുവാർക്കു് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:—

"എന്റെ അഭിപ്രായത്തിൽ, ഇന്നു നമുക്കു് എന്തു തകരാറാണു് പററിയിരിക്കുന്നതു് എന്നതു സംബന്ധിച്ചു് ഡോമിനിക് ആറെറയോ ശക്തിയുക്തമായ ഒരു പ്രസംഗം ചെയ്തിരിക്കുന്നു. ടെലിവിഷൻ, സബ്മറൈൻസ്, ബമ്പിംഗം, വിററമിൻ പിൽസ്, സാമ്പത്തിക ശാസ്ത്രപാട്ടക്കാർ, മനശ്ശാസ്ത്രവിദഗ്ദ്ധന്മാർ, കൃത്രിമ വർഷോല്പാദകർ.........തുടങ്ങി നമ്മുടെ നേട്ടങ്ങൾ വിവിധങ്ങളാണു്.

"ഇങ്ങനെയൊക്കെയാണെങ്കിലും ഒരു കിണറു കുഴിക്കുന്നവനെ ഒരു ദുരന്തത്തിൽനിന്നു പുറത്തെടുക്കുവാൻ നമുക്കു കഴിഞ്ഞില്ല.........ആധുനിക വിജ്ഞാനശേഖരം മുഴുവൻ മതിയായില്ല, ഒരു വ്യക്തിയെ ഒരു കുഴിയിൽനിന്നു രക്ഷിക്കുവാൻ........... ലോകത്തിൽവച്ചു് ഏററവും മഹത്തായ രാജ്യത്തിലെ ഏററവും മഹത്തായ നഗരത്തിനു കേവലം 18 അടി താഴ്ചയുള്ള ഒരു കിണററിൽനിന്നും അയാളെ വലിച്ചെടുക്കുവാൻ കഴിഞ്ഞില്ല.

"നമ്മൾ കിടന്നു വട്ടംകറങ്ങുകയാണു്. നമുക്കു് ആയുധ

ങ്ങളുണ്ടു്. കൂപത്തിൽ മനുഷ്യസാന്നിദ്ധ്യമുള്ളതു് നാം നിഷ്പ്രയാസം കണ്ടുപിടിക്കുകയും ചെയ്യുന്നു. കൂപങ്ങളിൽനിന്നു ഏതു മനുഷ്യനേയും ഏതു സാധനത്തേയും പുറത്തെടുക്കുവാനുള്ള സാമഗ്രികളെല്ലാം നാം സ്ഥലത്തെത്തിക്കുകയും ചെയ്യുന്നു. പക്ഷേ അവസാനം നാം ഡോമിനിക് ആറെറയോയെ പുറത്തെടുക്കുമ്പോൾ അയാൾ മൃതിയടഞ്ഞിരിക്കുകയും ചെയ്യുന്നു. ബോംബു് പതിച്ചല്ല, റേഡിയോ പ്രവർത്തനം വഴിയല്ല, ഒരു ദ്വാരത്തിൽ കാലുപോയതിനാൽ. കൂപത്തിൻെറ ആഴം 18 അടി മാത്രം."

എന്തെന്നാൽ എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷണം തന്നില്ല; ദാഹിച്ചു, കുടിപ്പാൻ തന്നില്ല; നിസ്സഹായനും അന്യനുമായിരുന്നു, നിങ്ങളുടെ ഭവനത്തിൽ എനിക്കു അഭയം തന്നില്ല; നഗ്നനായിരുന്നു, എന്നെ നിങ്ങൾ ഉടുപ്പിച്ചില്ല; ഞാൻ രോഗിയും തടങ്കലിലുമായിരുന്നു, നിങ്ങൾ എന്നെ ഗൗനിച്ചില്ല.

(മത്തായി 25: 42-43)

ശാരീരികവും ആത്മീയവുമായ ദുരിതങ്ങളനുഭവിക്കുന്ന ലോകത്തിൻെറ സഹായാർത്ഥം വേഗം ചെന്നെത്തുവാൻ എൻെറ കർത്താവേ! എന്നെ സഹായിക്കേണമെ.

## മാർച്ച് 1

ഒരു ഭയങ്കര രോഗം പെട്ടെന്നു നിങ്ങളെ അവശനാക്കുന്നപക്ഷം അനന്തരകരണീയം എന്തായിരിക്കും എന്നതിനെപ്പററി നിങ്ങൾ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ?

നിരാശയ്ക്കധീനപ്പെടുകയോ സ്വന്തം വിധിയെ ഓർത്തു നിരന്തരം വിലപിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നതിനു് ഇട വരുമോ? അതോ, ന്യൂയോക്കിലെ ജൂഡി വാൽക്കർ എന്ന ബാ

M/823 KEL

ലികയെപ്പോലെ അനർത്ഥങ്ങളെ അവഗണിച്ചുകൊണ്ടു് പ്രയോജനപ്രദമായ ഒരു ജീവിതം നയിക്കുന്നതിനും എപ്പോഴും മന്ദസ്മിതത്തോടെ വർത്തിക്കുന്നതിനും നിങ്ങൾക്കു സാധിക്കുമോ?

അടുത്തകാലംവരെ ജൂഡി ഒരു ഹോസ്പിററൽ നിവാസിനിയായിരുന്നു. അക്കാലമത്രയും സ്വന്തം ദുരിതങ്ങളെപ്പററി ഒരിക്കലും അവൾ പരാതിപ്പെട്ടിരുന്നില്ല. മററുള്ളവർ അവളോടു് കരുണ കാണിച്ചാൽ അതിനു പ്രതിനന്ദി കാണിക്കുവാൻ അവളുടെ ഹൃദയം വെമ്പൽകൊണ്ടിരുന്നു. ഇങ്ങനെ എല്ലാ പ്രകാരത്തിലും ആകർഷകമായ ഒരു പ്രകൃതിയായിരുന്നു അവളുടേതു്. ഒരിക്കൽ ഹോസ്പിററൽ ചാപ്ലൻ, ഫാദർ ലിയോ മോണഗാൻ എസ്സ്. ജെ. അവളെ സമീപിച്ചു് റേഡിയോമുഖേന വിനോദഭാഷണം നടത്തുന്ന കാര്യത്തെപ്പററി അവളോടു് സംസാരിക്കാൻ ഇടവന്നു. ഒരു പ്രസ്'ബിറേററിയൻ വ്യാപാരിയുടേയും രണ്ടു നീഗ്രോനേഴ്സുമാരുടേയും സഹായത്തോടുകൂടി ആപ്ലാൻ പുരോഗമിച്ചു. മൈക്രോഫോൺ ഉപയോഗിക്കുന്നതിൻെറ സാങ്കേതികവശങ്ങളെപ്പററി അവൾക്കു പാഠങ്ങൾ നല്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചില ഉദാരമതികൾ ചെയ്തുകൊടുത്തു. പലരിൽനിന്നുമായി ഒരു ചെറിയ തുക പിരിച്ചെടുക്കുന്നതിനും സാധിച്ചു. അവസാനം ജൂഡി "പുറത്തിറങ്ങാൻ നിവൃത്തിയില്ലാത്തവരെ" ഉദ്ദേശിച്ചുള്ള അവളുടെ "സായാഹ്നപ്രഭാഷണം" ആരംഭിച്ചു.

ജൂഡിയുടെ മധുരമായ സ്വരവും അകമഴിഞ്ഞ സ്നേഹചൈതന്യവും ഏവരേയും ആനന്ദതുന്ദിലരാക്കി. അവളുടെ സന്ദേശവും ഹൃദയസ്പർശിയായിരുന്നു. "നിങ്ങൾക്കു് എന്തു സംഭവിക്കുന്നു എന്നതല്ല നിങ്ങൾ എങ്ങനെ അതിനെ അഭിമുഖീകരിക്കുന്നു എന്നതത്രേ പ്രാധാന്യമർഹിക്കുന്ന സംഗതി" ഇതായിരുന്നു അതിൻെറ രത്നച്ചുരുക്കം. ഈ സന്ദേശവും അതിൻെറ പിന്നിലുള്ള ചരിത്രവുംനിമിത്തമാണു് അവളുടെ ജീവിതം ഇന്നു അനേകായിരംപേർക്കു് ഉത്തേജകമായിഭവിച്ചിരിക്കുന്നതു്.

DVK Library
Bangalore - 29

"ഏതൊരുവനും തന്റെ അയൽക്കാരനെ സഹായിക്കുകയും, 'ധൈര്യമവലംബിക്കുക' എന്നു് സ്വസഹോദരനോടു പറയുകയും വേണം." (ഏശയ്യാ 41: 6)

പ്രസന്നതയോടെ നമുക്കു ദൈവത്തെ സേവിക്കാം. ആനന്ദാതിരേകത്തോടെ നമുക്കു് അവിടത്തെ സന്നിധിയിൽ പ്രവേശിക്കുകയും ചെയ്യാം.

## മാർച്ച് 2

പ്രധാനപ്പെട്ട ഒരു ബാങ്കർ ഒരിൻഷുറൻസുകമ്പനിയിൽ ചേരാനുള്ള അപേക്ഷയിൽ ഒപ്പുവയ്ക്കാൻ പോകയായിരുന്നു. അപ്പോഴദ്ദേഹത്തിനു് പെട്ടെന്നൊരു ഭൂതോദയമുണ്ടായി. അദ്ദേഹം പറഞ്ഞു: "ഈ സംഗതിയെപ്പററി കുറച്ചുകൂടി ആലോചിക്കണമെന്നാണു് ഇപ്പോഴെനിക്കു് തോന്നുന്നതു്. രേഖകളെല്ലാം ഇവിടെ തന്നിട്ടുപോകുക. എന്നിട്ടു് ഒരാഴ്ചകഴിഞ്ഞു വരിക."

"കൊള്ളാം." ഇൻഷുറൻസു് ഏജൻറു് പറഞ്ഞു, "പക്ഷെ നിങ്ങൾ ഈ കരാറിലൊന്നു് ഒപ്പുവച്ചാൽ കൊള്ളാമെന്നാണു് എൻെറ ആഗ്രഹം." അനന്തരം ഏജൻറു് തൻെറ കൈയിലിരുന്ന ഒരു കാർഡു് അദ്ദേഹത്തെ കാണിച്ചുകൊടുത്തു. അതിൻെറ മറുവശത്തു ഇപ്രകാരമാണു് രേഖപ്പെടുത്തിയിരുന്നതു്. "ഇന്നുമുതൽ ഒരാഴ്ചക്കാലത്തേക്കു സസുഖം ജീവിച്ചിരിക്കാമെന്നു് ഞാൻ സമ്മതിച്ചിരിക്കുന്നു."

"അങ്ങനെയൊരു കരാറിൽ ഒപ്പുവയ്ക്കുവാൻ എനിക്കു് നിവൃത്തിയില്ല." ബാങ്കർ ഉദ്ഘോഷിച്ചു. "അത്രയും ദിവസം ജീവിച്ചിരിക്കുമെന്നു് ഞാനെങ്ങനെയാണറിയുന്നതു്?" തൽക്ഷണം അദ്ദേഹത്തിൻെറ മുഖത്തൊരു ഭാവഭേദമുണ്ടായി. താൻ ഉച്ചരിച്ച വാക്കുകളുടെ അന്തരാർത്ഥത്തെപ്പററി അദ്ദേഹം ഗാഢമായി ചിന്തിച്ചു. അല്പനേരം ഇതികർത്തവ്യതാമൂഢനായിനില

കൊണ്ടശേഷം അദ്ദേഹം ശാന്തമായി പറഞ്ഞു: "ആ അപേക്ഷഫോറമിങ്ങു തരിക. ഞാനതിൽ ഒപ്പുവയ്ക്കാം."

നാം എത്രനാൾ ജീവിക്കുമെന്നു് നമുക്കാർക്കും നിശ്ചയമില്ല. എന്നുവരികിലും നാം നിത്യത്വത്തിൻെറ കവാടത്തിൽ എത്തുന്ന ദിവസത്തെക്കുറിച്ചോ നാഴികയെക്കുറിച്ചോ നമുക്കു യാതൊരറിവുമില്ലെന്ന സംഗതി സാധാരണമായി നമ്മുടെ ശ്രദ്ധയ്ക്കു വിഷയമാകാറില്ല. ഒരു നൂലിന്മേലാണു് നമ്മുടെ ജീവൻ തൂങ്ങിക്കിടക്കുന്നതെന്നും ആ നൂൽ ഇന്നല്ലെങ്കിൽ നാളെ പൊട്ടുമെന്നുമുള്ള വസ്തുത നാം എളുപ്പത്തിൽ മറന്നുപോകുന്നു. ജീവനോടിരിക്കുമ്പോൾ, ലോകത്തെ കുറെക്കൂടി ഭേദപ്പെടുത്തുവാൻവേണ്ടി എന്തെങ്കിലും ചെയ്യുന്നതിനു് നമുക്കു് കഴിയുന്നതാണു്.

നിങ്ങളും അതുപോലെ കാത്തിരിക്കണം. എന്തെന്നാൽ, മനുഷ്യപുത്രൻ വരുന്നതും പ്രതീക്ഷിക്കാത്തൊരു സമയത്തായിരിക്കും. (ലൂക്ക 12: 40)

ആസന്നമരണനായ ഒരു വ്യക്തിയെപ്പോലെ ജീവിക്കുവാൻ എൻെറ ഈശോ! എന്നെ പഠിപ്പിക്കേണമേ.

## മാർച്ച് 3

1950 മാർച്ച് 3-ാംനു- ദക്ഷിണ ഫ്രാൻസിലെ ഒരു ചെറു നഗരമായ വോക്ളൂസ് ഫൊൺടേയിൻ ആററംബോംബിനെ ഔദ്യോഗികമായി നിരോധിച്ചു. ടൗൺകൗൺസിൽ ഔപചാരികമായി പാസ്സാക്കിയ ഒരു പ്രമേയം "നഗരത്തിൻെറ പരിധിക്കുള്ളിൽ ആററംബോംബോ ഹൈഡ്റജൻബോംബോ കൊണ്ടുനടക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതി"നെ വിലക്കുകയുണ്ടായി. പ്രസ്തുത നഗരത്തിലെ ജനസംഖ്യ 943 മാത്രമാണു്.

ലോകത്തിനു് ഇന്നൊരു തകരാറുപ്പററിയിട്ടുണ്ടു്. തിന്മകൾ തങ്ങളുടെ നഗരപരിധിക്കുള്ളിൽ പ്രവേശിക്കുമ്പോൾ മാത്രമാണു് ജനങ്ങൾ അവയെ പ്രതിരോധിക്കാൻ

ശ്രമിക്കുന്നതും അവയ്ക്കെതിരായി പ്രമേയങ്ങൾ പാസ്സാക്കുന്നതും.

പ്രമേയങ്ങൾ പാസ്സാക്കുന്നതുകൊണ്ടു് കുറെയെല്ലാം ഗുണമുണ്ടു്. പക്ഷേ അവ യഥാർത്ഥത്തിൽ ഫലം പുറപ്പെടുവിക്കണമെങ്കിൽ അവയ്ക്കു വാക്കുകളുടെ പിന്തുണ മാത്രം മതിയാകുന്നതല്ല. നാശഗർത്തത്തിലേക്കുള്ള അടിയൊഴുക്കിനെ വിളംബരം ചെയ്യുന്നതുകൊണ്ടു് വലിയ പ്രയോജനമൊന്നും ലഭിക്കുവാൻ പോകുന്നില്ല. പ്രത്യക്ഷവും സൃഷ്ടിപരവുമായ പ്രവർത്തനമാണാവശ്യം. അതായതു്, തത്സംബന്ധമായി നാം എന്തെങ്കിലും ചെയ്യേണ്ടിയിരിക്കുന്നു. നന്മചെയ്യുവാൻ നമുക്കു് ലഭിക്കുന്ന അവസരങ്ങളിൽനിന്നു് ഒഴിഞ്ഞുമാറാതെ അവയെ വിനിയോഗിക്കണമെന്നാണു് ദൈവഹിതം.

മാററിക്കളയുവാനല്ലാ പൂർണ്ണമാക്കുവാനാണു് വന്നിരിക്കുന്നതു്. (മത്തായി 4: 17)

എൻെറ സ്വാർത്ഥതാല്പര്യങ്ങൾക്കു മാത്രമാകാതെ മനുഷ്യവർഗ്ഗം മുഴുവൻെറയും അഭ്യുദയത്തിനായി വേല ചെയ്യുവാൻ എൻെറ ദൈവമേ! എന്നെ സഹായിക്കേണമെ.

## മാർച്ച് 4

അമേരിക്കൻ ഐക്യനാടുകളുടെ അടിത്തറ പാകിയ മഹാരഥന്മാരുടെ ജീവിതം ക്ലേശാവഹമായിരുന്നു. 1783-ൽ കോൺഗ്രസ്സിനു് ഒരു മന്ദിരംതന്നെയില്ലായിരുന്നു. ആറുകൊല്ലക്കാലത്തെ ശമ്പളം ലഭിക്കാഞ്ഞതു നിമിത്തം വെറിപൂണ്ടിരുന്ന സൈന്യവ്യൂഹം നിയമനിർമ്മാതാക്കളെ കാരാഗൃഹത്തിലടയ്ക്കുമെന്നു ഭീഷണിപ്പെടുത്തി. കോൺഗ്രസ്സു നേതാക്കൾ അപ്പോൾ ഫിലാഡെൽഫിയായിലാണു് വസിച്ചിരുന്നതു്. അവർ തൽക്ഷണം അശ്വാരൂഢരായി പ്രിൻസ്ടണിലേക്കു് പലായനം ചെയ്തു. അവിടെനിന്നും അവർ അന്നാപ്പോളിസിലേക്കും അന

ന്തരം ട്രെൻറണിലേക്കും അവസാനം ന്യൂയോർക്കിലേക്കും യാത്ര ചെയ്തു.

നിയമനിർമ്മാതാക്കളുടെ ശമ്പളം തന്നെ കുടിശ്ശികയായി കിടക്കുകയായിരുന്നു. ജീവിതാവശ്യത്തിനുവേണ്ട പണം അവർ ഹേയിം സലോമൺ എന്ന ഒരു യഹൂദനിൽനിന്നും കടംവാങ്ങി ക്കുകയാണു് ചെയ്തിരുന്നതു്. സ്വരാജ്യസ്നേഹിയായിരുന്ന ആ മനുഷ്യനാകട്ടെ, യാതൊരു പലിശയും കൂടാതെ പണം ആവശ്യംപോലെ കടം കൊടുത്തുവന്നു.

ആ വീരപുരുഷന്മാരുടെ ബുദ്ധിമുട്ടുകളും ദുരിതങ്ങളും എത്രമാത്രമായിരുന്നെന്നു് ഇന്നു് അധികംപേരും ചിന്തിക്കാറില്ല. എന്നുവരികിലും ഒരു കാര്യം ഓർക്കുന്നതു് നന്നായിരിരിക്കും. അവർക്കുണ്ടായിരുന്ന മഹനീയലക്ഷ്യത്തിൻെറ വെളിച്ചത്തിലല്ലാതെ അത്തരം മഹാത്യാഗങ്ങളുടെ മൂലകാരണം കണ്ടുപിടിക്കുക സാധ്യമല്ല.

ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു്, കുറെക്കൂടി മെച്ചമായ ഒരു ലോകത്തെ കെട്ടിപ്പടുക്കുവാൻ ഉദ്യമിക്കുന്നവർക്കു് തീർച്ചയായും ക്ലേശങ്ങൾ നേരിടും. പക്ഷേ, അവർ അവ സഹിക്കുന്നതു് മററുള്ളവർ ക്രിസ്തുവിൻെറ സമാധാനത്തിൽ ജീവിക്കണമെന്നുള്ള ഉന്നതലക്ഷ്യത്തോടുകൂടിയാണു്.

"കർത്താവു് ഭവനം പണിചെയ്യുന്നില്ലെങ്കിൽ പണിക്കാർ വൃഥാ ബുദ്ധിമുട്ടുന്നു." (സങ്കി. 126:1)

മററുള്ളവർക്കുവേണ്ടി ക്ലേശങ്ങൾ സഹിക്കുവാൻ വേണ്ട ശക്തി ലഭിക്കുന്നതിനായി പ്രാർത്ഥിക്കുക.

## മാർച്ച് 5

ഇക്കഴിഞ്ഞ മഹായുദ്ധകാലത്തു് അമേരിക്കൻ സൈനികരുടെ ആത്മവീര്യം സംരക്ഷിക്കുന്നതിനു സഹായിച്ച ഘടകങ്ങൾ ഏവയെന്നതിനെപ്പററി നടത്തിയ കൂലങ്കഷവും ശാസ്ത്രീ

യവുമായ പഠനത്തിൽനിന്നു് ഒരു സംഗതി വെളിപ്പെട്ടിരിക്കുന്നു.

മററെല്ലാററിനുമുപരിയായി പ്രാൎത്ഥനയാണു അവരുടെ മനസ്സിനു ഉത്തേജനവും യത്നങ്ങൾക്കു കാൎയ്യക്ഷമതയും പ്രദാനംചെയ്തതു്.

പസിഫിക്ക ദ്വീപുകളിലും യൂറോപ്യൻ രാജ്യങ്ങളിലും, വ്യക്തിപരമായ മററെല്ലാ സൗകൎയ്യങ്ങളേയുമപേക്ഷിച്ചു് പ്രാൎത്ഥനയാണു തങ്ങൾക്കു കൂടുതൽ സഹായകമായി ഭവിച്ചതെന്നു അമേരിക്കൻ യോദ്ധാക്കൾ ഏററു പറകയുണ്ടായി.

പ്രാൎത്ഥനകഴിഞ്ഞാൽ, ഏകോപിത പരിശ്രമമാണു സൈനികരുടെ വിജയത്തിനു നിദാനമായിരുന്നതു്. "മററുള്ളവർ പോയിത്തുലഞ്ഞുകൊള്ളട്ടെ." എന്ന ഒരു മനോഭാവം അവർ പുലൎത്തിയിരുന്നില്ല.

മൂന്നാമതായി, സ്വന്തം പടച്ചട്ടയിൽ അവൎക്കുണ്ടായിരുന്ന അഭിമാനവും സ്വത്വവുമത്രെ.

പസിഫിക്ക ദ്വീപുകളിലും ആൻസിയോ തുറമുഖത്തും പൎയ്യടനം നടത്തിയ ആ മനുഷ്യരെപ്പോലെ പരുപരുത്ത യാഥാൎത്ഥ്യങ്ങളെ അഭിമുഖീകരിക്കുന്നതിനു പ്രാൎത്ഥന എത്രമാത്രം ഉപകരിക്കുമെന്നു ഒരു ക്രിസ്ത്യാനിക്കറിയാം. താൻ മററവനെ തള്ളിതാഴ്ത്തുകയല്ല, പ്രത്യുത, അവനെ വലിച്ചു കരയ്ക്കുകയററുകയാണു ചെയ്യുന്നതു് എന്ന ചിന്ത ഒരു പ്രേഷിതനു ചാരിതാൎത്ഥ്യജനകമാണു്. താൻ അണിഞ്ഞിരിക്കുന്ന പടച്ചട്ട ക്രിസ്തുവിന്റേതാണെന്നും തൽക്കാരണത്താൽ അതു ശ്രേഷ്ഠമാണെന്നും അവനറിയാം.

"......നിങ്ങൾ വിനയമുള്ളവരായിരിക്കുവിൻ; പ്രാൎത്ഥനയിൽ ഉണർവുള്ളവരും ആയിരിക്കുവിൻ. എല്ലാററിനും മുമ്പായി നിങ്ങൾക്കു് അന്യോന്യം ഉററസ്നേഹം ഉണ്ടായിരിക്കട്ടെ." (1. പത്രോ. 4 : 7 —8)

കർത്താവേ! പ്രാർത്ഥിക്കുകയും എൻെറ സഹജീവികളോട്ട് വിശ്വസ്തത പ്രദർശിപ്പിക്കുകയും അങ്ങയുടെ മഹത്വത്തിനായി പരിശ്രമിക്കുകയും ചെയ്യുന്നകാര്യം സദാ ഓക്കുവാൻ എന്നെ സഹായിക്കേണമെ.

## മാർച്ച് 6

മററുള്ളവരുടെ ചേഷ്ടകളെ അതേപടി അനുകരിച്ച് കാണിച്ചു സദസ്യരെ ആനന്ദിപ്പിയ്ക്കുവാൻ സാധിച്ചിരുന്ന ഒരു ബാലിക ഒരിക്കൽ അത്തരമൊരു പ്രകടനമദ്ധ്യേ പെട്ടെന്നു മനോഹരമായ ഒരു സംഗീതമാലപിച്ചു.

"നിനക്കു് ഇത്ര നന്നായി പാടുവാൻ സാധിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല." ആതിഥേയ അഭിനന്ദനം രേഖപ്പെടുത്തി.

''എനിക്കു പാടാൻ അറിഞ്ഞുകൂടാ. ഞാൻ ലില്ലിപോൺസിനെ അനുകരിക്കുകമാത്രമാണു ചെയ്തതു്." ബാലിക പ്രതിവചിച്ചു.

ക്രിസ്തുവിനെ അനുകരിക്കുവാൻ ശ്രമിക്കുന്നവർ തങ്ങൾക്കു പ്രത്യേകപരിശീലനമൊന്നും ലഭിക്കുന്നില്ലെന്നു വരികിലും, സാവകാശത്തിൽ അനന്യസാധാരണമായ വിജയം വരിക്കാറുണ്ടു്. അതിനു ദീർഘകാലത്തെ നിസ്തന്ദ്രയത്നം ആവശ്യമാണെന്നതു വാസ്തവം. എന്നുവരികിലും, ആക്കും ദൈവസഹായത്തോടുകൂടി വർദ്ധമാനമായ തോതിൽ ക്രിസ്തുവിൻെറ പ്രകാശം പൊതുജനവീഥികളിൽ പ്രതിഫലിപ്പിക്കുവാൻ സാധിക്കുന്നതാണു്.

ക്രിസ്തുവിനെ അനുകരിക്കുവാൻ നിങ്ങൾ എത്രമാത്രം പരിശ്രമിക്കുമോ അത്രയ്ക്കും നിങ്ങൾ ക്രിസ്തുവിനെപ്പോലെ ജീവിക്കുന്നതായി നിങ്ങൾക്കു് അനുഭവപ്പെടുന്നതാണു്.

അചിരേണ വി. പൗലോസിനോടുകൂടെ നിങ്ങൾക്കും പറയുവാൻ കഴിയും:

"ഇനി ഞാനല്ല ജീവിക്കുന്നതു്. പിന്നെയോ മിശിഹാ എന്നിൽ ജീവിക്കുന്നു." (ഗാല 2:20)

എൻെറ ഈശോ! എൻെറ സകല പ്രവൃത്തികളിലും അങ്ങയെ കൂടുതൽ കൂടുതലായി അനുകരിക്കുവാൻ എന്നെ സഹായിക്കേണമെ.

## മാർച്ച് 7

കൊച്ചുകുട്ടികൾ ചിലപ്പോൾ വലിയ ചോദ്യങ്ങൾ ചോദിക്കാറുണ്ടു്. ഒരിക്കൽ അഞ്ചുവയസ്സായ ഒരു ബാലൻ അത്തരമൊരു ചോദ്യം ചോദിച്ചു. സ്വന്തം മാതാവും പിതാവും തമ്മിലുള്ള നിരന്തരമായ ശണ്ഠയും വാക്‌തക്കവും കണ്ടു് അമ്പരന്നുപോയതിനാലാണ് അവനതിനു മുതിർന്നതു്. "അമ്മേ, ആളുകൾ കല്യാണംകഴിക്കുമ്പോൾ എന്താണ് കരാറുചെയ്യാറുള്ളതു്"?

"അതിലിത്ര സംശയമെന്താ? പരസ്പരം സ്നേഹിക്കാമെന്നും അനുകമ്പ പ്രദർശിപ്പിക്കാമെന്നും അവർ വാഗ്ദാനം ചെയ്യുന്നു."

ബാലൻ അല്പനേരം ആലോചിച്ചശേഷം വീണ്ടും ചോദിച്ചു: "നിങ്ങളപ്പോൾ കല്യാണം കഴിച്ചവരല്ല, അല്ലേ അമ്മേ"?

നമ്മുടെ കുടുംബാംഗങ്ങളോടു മാത്രമല്ല പുറമെയുള്ളവരോടും നാം പലപ്പോഴും പരുഷമായിട്ടാണു പെരുമാറുന്നതെന്ന സംഗതി നാം മനസ്സിലാക്കുന്നില്ല. അതു ജീവിതത്തെ നിർഭാഗ്യകരമാക്കുകയും ചെയ്യുന്നു. വേദപുസ്തകമാകട്ടെ, എല്ലാ ക്രിസ്ത്യഹർമാരും ആദർശമായി സ്വീകരിക്കേണ്ട ധാർമ്മികപ്രമാണങ്ങളെപ്പററി പ്രതിപാദിക്കുന്നുണ്ടു്:—

"എല്ലാത്തരം സ്നേഹക്കുറവും ക്രോധവും കലഹവും ദൂഷണവും, സകല തിന്മയോടുംകൂടി, നിങ്ങളിൽനിന്നു നീക്കപ്പെടട്ടെ. നിങ്ങൾ പരസ്പരം ദയയുള്ളവരും കരുണയുള്ളവരുമായിരിക്കുവിൻ. ദൈവം മിശിഹാമൂലം നമ്മോടു ക്ഷമിച്ചതുപോലെ നിങ്ങൾ അന്യോന്യം ക്ഷമിക്കുകയും ചെയ്യുവിൻ." (അപ്പ. 4 : 31 — 32)

"ആത്മാവിൻെറ ഫലങ്ങളോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘശാന്തത, മധുരശീലം, സൽഗുണം, വിശ്വാസം." (ഗാല. 5:22—23)

മററുള്ളവരുമായുള്ള എൻെറ എല്ലാ ഇടപാടുകളിലും, സ്നേഹം, ക്ഷമ, വിശ്വസ്തത, സഹനസന്നദ്ധത ആദിയായവ പാലിക്കുവാൻ കർത്താവേ! എന്നെ സഹായിക്കേണമെ.

## മാർച്ചു് 8

കൊണെക്ടിക്കട്ടിൽ നോർട്ടണിലെ ഒരു ശ്മശാനവേദിയിലുള്ള ഒരു ശിലാലിഖിതം ഇപ്രകാരമാണു്. "മിറ ജയിൻ ഡേവിസ്, 47 കൊല്ലം ഒരദ്ധ്യാപിക."

അമേരിക്കയിലെ ആഭ്യന്തരയുദ്ധത്തിനുശേഷം മിസ്സ് ഡേവിസ് ഒരു പ്രോട്ടസ്റ്റൻറ പുരോഹിതനെ വിവാഹം ചെയ്യാൻ തീരുമാനിച്ചതാണു്. പക്ഷേ അദ്ദേഹം പെട്ടെന്നു മരിച്ചുപോയി. തൽഫലമായുണ്ടായ ദുഃഖത്തെ നിവാരണം ചെയ്യുന്നതിനായി സേവനത്തിൻെറ ഒരു ജീവിതമാരംഭിക്കാൻ അവരു നിശ്ചയിച്ചു. ആദ്യമായി അവരു പരിത്യക്തരായ രണ്ടു ആൺകുട്ടികളുടേയും മൂന്നു പെൺകുട്ടികളുടേയും സംരക്ഷണഭാരം കൈയേററു. അനന്തരം സ്കൂളദ്ധ്യാപികയായി.

അക്കാലത്തു അദ്ധ്യാപകവൃത്തിയിലെ പ്രയാസങ്ങരു ബഹുമുഖങ്ങളായിരുന്നു. ഒരദ്ധ്യാപിക സാധാരണമായി സ്വന്തം ജോലികരുക്കു പുറമെ ഒരു ദ്വാരപാലകൻേറയും ഒരു പ്യൂണിൻേറയും ജോലികരു നിർവ്വഹിക്കേണ്ടിവന്നിരുന്നു. പക്ഷേ മിസ്സ് ഡേവിസ് ആദർശങ്ങളിൽനിന്നു വ്യതിചലിക്കയാകട്ടെ, സ്വന്തം തീക്ഷ്ണത തണുത്തുപോകുന്നതിനു് അനുവദിക്കുകയാകട്ടെ ചെയ്തില്ല. അവരു മററുള്ളവരേയും അദ്ധ്യാപികമാരാകാൻ പ്രോത്സാഹിപ്പിച്ചുവന്നു. ഒരു ദിവസം തൻെറ ഒരു സ്നേഹിതയ്ക്കു ഒരു പുത്രി ജനിച്ചതു പ്രമാണിച്ചു് അവരെ അനുമോദിക്കുന്നതിനായി ചെന്നപ്പോരു മിസ്സ് ഡേവിസ് പറഞ്ഞതിപ്ര

കാരമാണ. "മീസ്സിസ് സ്റ്റാർക്ക്, നിങ്ങളുടെ കൊച്ചുമകളെ കാലാന്തരത്തിൽ ഞാനൊരു ടീച്ചറാക്കും."

മിസ്സ് ഡേവിസ് അവളുടെ വാക്കു പാലിച്ചു. ഇന്നു ജൂലിയസ്സാക്കിനു 85 വയസ്സുപ്രായമുണ്ടു്. അതിൽ 45 വർഷവും അദ്ധ്യാപകവൃത്തിയിലാണു ചെലവഴിച്ചതു്. അക്കാലമത്രയും ബാലഹൃദയങ്ങളിൽ ദൈവസ്നേഹവും പരസ്നേഹവും നട്ടുവളർത്തുവാൻ അവർ പരിശ്രമിച്ചിട്ടുണ്ടു്. അവക്കും മററനേകംപേക്കും മിറ ജയിൻ ഡേവിസ്നോടുള്ള കടപ്പാടു നിസ്സീമമത്രെ.

നിൻെറ നിക്ഷേപം എവിടേയോ അവിടെ നിൻെറ ഹൃദയവും. (മത്തായി 6: 21)

എൻെറ ഈശോ! അങ്ങെ സ്നേഹത്തിനുവേണ്ടി മററുള്ളവക്കു സേവനമനുഷ്ഠിച്ചുകൊണ്ടു് എൻെറ ജീവിതം ചെലവഴിക്കാൻ എന്നെ സഹായിക്കേണമെ!

## മാർച്ചു് 9

1492 മാർച്ചു് 9-ാംനു- "യേൽ ന്യൂസ്" എന്ന പത്രത്തിൻെറ അധിപർ വിദ്യാർത്ഥികളുടെ ആത്മീയാഭിവൃദ്ധിയെ അധികരിച്ചു് ഒരു മുഖപ്രസംഗമെഴുതി. അതിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

"കഴിഞ്ഞ കൊല്ലം ഒരു കോളേജ് വിദ്യാർത്ഥി തൻെറ ബിയർക്കുപ്പി മേശപ്പുറത്തിട്ടുകൊണ്ടു്, ഒരവസാനതീരുമാനത്തിൽ താൻ എത്തിയിരിക്കുന്നുവെന്ന ഭാവത്തിൽ ഇപ്രകാരം പറഞ്ഞു: "എങ്ങനെയായാലും ദൈവത്തിൽ വിശ്വസിക്കുന്നതു് ശാസ്ത്രത്തിനു് യോജിച്ചതല്ല. ഭൂതങ്ങളെ ഭയപ്പെടുന്ന നിങ്ങൾ.....................ൻെറ (പ്രഫസ്സരുടെ പേർ വിട്ടുകളയുന്നു) കീഴിൽ പഠിക്കുകയും അത്തരം കാര്യങ്ങളെപ്പററി സ്വയമേവ ബോദ്ധ്യം വരുത്തുകയും വേണം. നിങ്ങൾ കാലത്തിൻെറ പിന്നിലാണു് ജീവിക്കുന്നതു്.

ഏതാനും വരികഠംക്കുശേഷം പത്രാധിപർ രേഖപ്പെടുത്തിയിരിക്കുന്ന വിലയേറിയ അഭിപ്രായമിതാണ്: "പ്രഫസ്സർ.... ........കൊല്ലംതോറും പുതിയതും പഴയതുമായ അനേകശതം വിദ്യാത്ഥികളെ സാമൂഹ്യശാസ്ത്രം പഠിപ്പിച്ചുവരുന്നു........... യഥാത്ഥത്തിൽ അദ്ദേഹം മതവിരുദ്ധപ്രസംഗങ്ങളാണ് നടത്തുന്നതു്............അശ്ലീലവും ഉപദ്രവകരവുമായ ഫലിതപ്രയോഗങ്ങഠം വഴിയായും അദ്ദേഹം മതത്തിൻെറ അടിത്തറ മാന്തുന്നുണ്ടു്.....ഏവംവിധം വദ്യാത്ഥികളേയും സവ്വകലാശാലയേയും അദ്ദേഹം വഞ്ചിച്ചുവരുന്നു."

ദൈവത്തെ വെറുക്കുന്നവർ വിദ്യാഭ്യാസരംഗങ്ങളിലെ പ്രമുഖസ്ഥാനങ്ങഠം കരസ്ഥമാക്കാൻ പരിശ്രമിച്ചുവരുന്നു. ഏതന്മാഗ്ഗേണ പലരുമായി സമ്പക്കം പാലിക്കാൻ സാധിക്കുമെന്നു് അവക്കറിയാം. വാസ്തവത്തിൽ, ദൈവസ്നേഹമുള്ളവർ അന്ധകാരത്തിൻെറ മക്കളിൽനിന്നും ഒരു പാഠം പഠിക്കണം. അവർ പ്രധാനപ്പെട്ട ജീവിതത്തുറകളിൽ പ്രവേശിക്കുകയും മററുള്ളവർ ദൈവത്തിനെതിരായി എത്ര തീക്ഷ്ണതയോടെയാണോ വേല ചെയ്യുന്നതു്, തത്തുല്യമായ തീക്ഷ്ണതയോടെ ദൈവത്തിനുവേണ്ടി അദ്ധ്വാനിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

എന്നിൽ വിശ്വസിക്കുന്ന ഈ ശിശുക്കളിലൊന്നിൻെറയെങ്കിലും മന:സാക്ഷിക്കു ക്ഷതം വരുത്തുന്നവനെ കഴിത്തിലൊരു തിരുകല്ലുകെട്ടി ആഴിയിൽ താഴ്ത്തി കൊല്ലുന്നതായിരിക്കും നല്ലതു്. (മത്തായി 18: 6)

ദൈവമേ! അങ്ങയെ മററുള്ളവർ അറിയുകയും സ്നേഹിക്കുകയും ചെയ്യുവാൻ ഇടവരുത്തുന്നതിനുവേണ്ടി സദാ ജാഗരൂകതയോടും സ്ഥിരനിശ്ചയത്തോടുംകൂടി പ്രയത്നിക്കാൻ എന്നെ സഹായിക്കേണമെ.

# മാർച്ച് 10

ലൃ ക്രാഫ്റ്റ് എന്ന മനുഷ്യൻ "പാഡി" എന്ന തന്റെ കുതിരയേയുംകൊണ്ടു് പീടികകൾതോറും ചുററിനടന്നു "പാൽക്കട്ടി" വില്ക്കുക പതിവായിരുന്നു. ഈ വ്യാപാരം അത്ര വിജയപ്രദമായിരുന്നില്ല. അയാളുടെ കടം വർദ്ധിച്ചും കച്ചവടം ക്ഷയിച്ചും വന്നിരുന്നു. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടുതന്നെ ഒരു ദിവസം ക്രാഫ്റ്റ് പാഡിയോടു് പറഞ്ഞു: "ഇന്നു 200 ഡോളറിന്റെ ചരക്കു് നമുക്കു് വില്ക്കണം."

വൈകുന്നേരം ആ ദിവസത്തെ വരവു് എണ്ണിനോക്കിയപ്പോൾ അതിന്റെ ആകെത്തുക 15 ഡോളർ 76 സെൻറ് മാത്രമാണെന്നു കണ്ടു. ഇതുപോലെ കച്ചവടം നടക്കാതിരുന്ന ഒരു ദിവസം മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. ആകയാൽ അദ്ദേഹത്തിന്റെ ഒരുററ സ്നേഹിതൻ പറഞ്ഞു: "ലൃ നിങ്ങളുടെ ഈ വ്യാപാരമെല്ലാം തകർന്നിരിക്കുകയാണു്. നിങ്ങളതു മനസ്സിലാക്കുന്നില്ലെന്നേയുള്ളു."

പക്ഷേ ലൃ ഭഗ്നോത്സാഹനായില്ല. പ്രയാസങ്ങളോടു പടവെട്ടിക്കൊണ്ടു് അയാൾ മുന്നോട്ടുപോയി. മാത്രമല്ല, 10 കോടി ഡോളർ മുതൽമുടക്കുള്ള ഒരു പാൽക്കട്ടിവ്യവസായം അയാൽ ആരംഭിക്കുകയും ചെയ്തു. ഒരിക്കൽ ക്രിസ്മസ്സപ്രമാണിച്ചു് കീഴ്ജീവനക്കാർക്കു് അദ്ദേഹമയച്ച ഒരു കത്തിൽ ഇപ്രകാരം എഴുതിയിരുന്നു: "എന്റെ ജീവിതത്തിലെ ഏററവും വലിയ വിജയം പരാജയമനോഭാവത്തെ കീഴടക്കിയതാണു്."

ഭൗതികമായ ആദായത്തെ ലക്ഷ്യമാക്കി ഇത്ര വലിയ സ്ഥിരോത്സാഹത്തോടെയാണു് മനുഷ്യർ പ്രവർത്തിക്കുന്നതെങ്കിൽ, തത്തുല്യമായ, തീക്ഷ്ണതയെങ്കിലും ആത്മാക്കളെ രക്ഷിക്കുന്നതിൽ അവർ പ്രദർശിപ്പിക്കേണ്ടതല്ലേ? പൊതുജനവീഥികളിൽ ക്രിസ്തുവിനു് സ്ഥാനം നല്കുവാൻ നാം ചെയ്യുന്ന പരിശ്രമങ്ങൾ പരാജയമടയുവാൻപോകുന്നുവെന്നു തോന്നുമ്പോഴാണു് മഹത്തായ കാര്യങ്ങൾ നിർവ്വഹിക്കാനുള്ള ഒരുത്തേജനം നമുക്കനുഭവ

പ്പെടുന്നതു്, നമ്മുടെ ആത്മവീര്യം നമ്മാംതന്നെ മനസ്സിലാക്കു ന്നതു്.

കർത്താവു് നമ്മോടുകൂടിയുണ്ടെന്നബോധ്യത്തോടുകൂടി, നമ്മെ അലട്ടിക്കൊണ്ടിരിക്കുന്ന പരാജയമനോഭാവത്തെ നാം കീഴടക്കണം. എന്നാൽ നാംമൊരിക്കലും സ്വപ്നംകാണുകപോലും ചെയ്തിട്ടില്ലാത്ത തരം വിജയങ്ങാം നമുക്കു കരഗതമാകുന്നതാണു്.

സ്വന്തം ജീവനെ പരിരക്ഷിക്കുവാൻ ശ്രമിക്കുന്നവനു് അതു നഷ്ടപ്പെടും. മറിച്ചു എനിക്കുവേണ്ടി അതു ബലികഴിക്കുന്നവൻെറ ജീവൻ ഭദ്രമായിരിക്കുകയും ചെയ്യും. (മത്തായി 10: 39)

കർത്താവേ! എൻെറ പരാജയങ്ങാം എളിമയും അവിടുത്തെ സഹായത്തിലുള്ള വർദ്ധമാനമായ പ്രത്യാശയും എനിക്കു പ്രദാനംചെയ്യുന്നതിനു പര്യാപ്തങ്ങളായി ഭവിക്കട്ടെ.

## മാർച്ചു് 11

ഒരിക്കൽ ഒരു ഓർക്കെസ്ട്ര (സംഗീതസദിരു്) കണ്ഡക്ടരെ (ഗായകനേതാവിനെ) കൂടാതെ കഴിക്കുവാൻ സാധിക്കുമോ എന്നു പരീക്ഷിച്ചുനോക്കി. അതു സാദ്ധ്യമല്ലെന്നു് ക്ഷണേന അവർ ഗ്രഹിച്ചു. വളരെയൊക്കെ പരിശ്രമിച്ചുനോക്കിയിട്ടും പരാജയം മാത്രമാണു് അവക്കു് അനുഭവപ്പെട്ടതു്. സംഗീതത്തിനു് സ്വരച്ചേർച്ചയോ ജീവനോ ശ്രവണസുഖമോ ഇല്ലായിരുന്നു. ഗായകരിലൊരാാം പ്രസ്താപിച്ചതുപോലെ, നേതാവിനെ മാററിനിർത്തിയതിൽനിന്നു് അവർ ഒരു സംഗതി പഠിച്ചു: "ഒരു ഓർക്കെസ്ട്രയുടെ അംഗങ്ങളെല്ലാവരും നേതാവിൻെറ കരസ്പർശത്താൽ ചലിക്കുന്ന ഒരു വലിയ സംഗീതോപകരണത്തിൻെറ ഘടകങ്ങാം മാത്രമാണെന്നു്."

കുറെനാാംമുമ്പു ലോകത്തിലെ ജനങ്ങാംക്കു തോന്നി, മാനുഷികപ്രയത്നങ്ങളിൽ—പ്രകൃതിശാസ്ത്രം, സാമൂഹ്യശാസ്ത്രം, സാ

സ്ത്തികശാസ്ത്രം ആദിയായവയിൽ – കൂടുതൽ ശ്രദ്ധപതിക്കുകയും ദൈവികകാര്യങ്ങളിൽ അത്രത്തോളം ശ്രദ്ധപതിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം ലോകം കുറെക്കൂടി ഭേദപ്പെട്ടുമെന്നു്; കുറഞ്ഞപക്ഷം, യാതൊരു വീഴ്ചയും കൂടാതെ പഴേപടി ശാന്തമായിത്തന്നെ അതു പുരോഗമിക്കുമെന്നു്. അതിൻെറ പരിണതഫലമായി, ലോകമാകുന്ന ഓർക്കെസ്ട്ര ഓരോനാറം കഴിയുന്തോറും കർണ്ണാരുന്തുദമായ സംഗീതം പുറപ്പെടുവിക്കാൻ ഇടവന്നു. എന്നിട്ടും ആശ്ചര്യകരമെന്നേ പറയേണ്ടു, പലരും സംഗീതോപകരണങ്ങളിലല്ല—അവയെ നന്നാക്കാൻ സാധിക്കുമായിരിക്കും—പ്രത്യുത സർവ്വലോകനിയന്താവായ കൺഡക്ടറെ മാററിനിർത്തിയതിലാണു പരാജയഹേതു ഒളിഞ്ഞുകിടക്കുന്നതെന്നു മനസ്സിലാക്കിയിട്ടില്ല.

ലോകജീവിതത്തിലെ പരസ്യവും രഹസ്യവുമായ രംഗങ്ങളിലെല്ലാം ക്രിസ്തുവിനെ പുനഃപ്രതിഷ്ഠിച്ചുകൊണ്ടു്, കർണ്ണാരുന്തുദങ്ങളായ സ്വരങ്ങളെ മധുരതമങ്ങളാക്കാൻ നമുക്കോരോരുത്തർക്കും സാധിക്കുന്നതാണു്.

"ആർ എന്നിലും, ഞാൻ അവനിലും വസിക്കുന്നുവോ, അവൻ വളരെ ഫലങ്ങൾ പുറപ്പെടുത്തും. എന്തുകൊണ്ടെന്നാൽ എന്നെക്കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്യുവാൻ കഴിയുകയില്ല." (യോഹ. 15: 5)

അഖിലലോക സ്രഷ്ടാവായ ദൈവത്തിൻെറ നേതൃത്വത്തിൽ സൃഷ്ടിജാലങ്ങളായ ഓർക്കെസ്ട്രയിൽ നിങ്ങളുടെ ഭാഗം അഭിനയിക്കുന്നതിനുവേണ്ട അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## മാർച്ച് 12

ഇപ്പോൾ പ്രതിവർഷം ജനസംഖ്യയിൽ 2 കോടിപ്പേർ വർദ്ധിക്കുന്നുണ്ടു്. മനുഷ്യർ തമ്മിലുള്ള അസമത്വവും ഭീകരമാണെന്നു പറയേണ്ടിയിരിക്കുന്നു. ഒരു വലിയ ഭാഗം ജനങ്ങൾ ജീവസന്ധാരണത്തിനു മാർഗ്ഗമില്ലാതെ വലയുന്നുണ്ടു്. എന്നുവരികി

ലും ദൈവം നമ്മെ ഏല്പിച്ചിരിക്കുന്നതു് സമ്പൽസമൃദ്ധമായ ഒരു ഭൂമിയെയാണ്. അതിൽ നിക്ഷിപ്തമായിരിക്കുന്ന വിഭവങ്ങൾക്കു കൈയ്യും കണക്കുമില്ല. ഇപ്പോഴത്തെ നമ്മുടെ പരിമിതമായ ശാസ്ത്രജ്ഞാനമനുസരിച്ചു നോക്കിയാലും, പ്രസ്തുത ദ്രവ്യങ്ങൾ ഇന്നു ലോകത്തിലുള്ളതിൻെറ ഇരട്ടി ജനങ്ങളെ സംരക്ഷിക്കുവാൻ പോരുന്നവയാണെന്നു നിസ്സംശയം പറയാം. ഭൗതികവിഭവങ്ങൾ ആവശ്യത്തിലധികം കൈവശം വച്ചുകൊണ്ടിരിക്കുന്നവർക്കു ദൈവസമക്ഷം വലിയൊരുത്തരവാദിത്വമുണ്ടു്. ജീവസന്ധാരണത്തിനു് അവശ്യം ആവശ്യമായവയെങ്കിലും അവിടത്തെ മക്കൾക്കെല്ലാവർക്കും ലഭിക്കുന്നതിനുവേണ്ടി അവർ പരിശ്രമിക്കേണ്ടിയിരിക്കുന്നു. അതുതന്നെയാണു ദൈവത്തിൻെറ തിരുമനസ്സും.

അപ്രകാരംതന്നെ നമ്മുടെ കർത്താവു തൻെറ രക്ഷാകരമായ സന്ദേശവും എവരേയും അറിയിക്കുവാനാണ് നമ്മോടു് ആജ്ഞാപിച്ചിരിക്കുന്നതു്.

നിങ്ങൾ ലോകമെങ്ങും പോയി സർവ്വസൃഷ്ടികളോടും ഈ സുവിശേഷം പ്രസംഗിക്കുക. (മർക്കോസ് 16:15)

നമ്മുടെ പ്രയത്നം വേണ്ടവോളമാകുന്നില്ല എന്നതു തീർച്ചതന്നെ. ലോകത്തിൽ ഇന്നു ജീവിക്കുന്ന 250 കോടി ജനങ്ങളിൽ ബഹുഭൂരിപക്ഷവും ക്രിസ്തു ജനിക്കുകയും ജീവിക്കുകയും അവരോരോരുത്തർക്കുംവേണ്ടി മരിക്കുകയും ചെയ്തെന്നു ഒരിക്കലെങ്കിലും കേൾക്കുന്നതിനു് ഇടവന്നിട്ടില്ല. നവമായി ജന്മമെടുക്കുന്ന 2 കോടിപ്പേരിൽ ഒരു ന്യൂനപക്ഷത്തെമാത്രമേ ആരെങ്കിലും ക്രിസ്തുനാമത്തിൽ സമീപിക്കുന്നതിന്നിടവരികയുള്ളു.

നമുക്കു സമൃദ്ധമായി ലഭിച്ചിരിക്കുന്ന ഭൗതികവും ആധിഭൗതികവുമായ അനുഗ്രഹങ്ങൾ മററു മനുഷ്യർക്കുകൂടി പകുത്തുകൊടുക്കുന്നതിൽ നാം അനാസ്ഥ പ്രദർശിപ്പിക്കുന്നിടത്തോളം കാലം ലോകത്തിൽ സുസ്ഥിരമായ സമാധാനം ഉണ്ടാകുമെന്നു പ്രതീക്ഷിക്കാവുന്നതല്ല.

കർത്താവേ! അവിടുന്നു ഔദാര്യപൂർവ്വം എൻെറമേൽ വർഷിച്ചിരിക്കുന്ന ആത്മീയവും ശാരീരികവുമായ അനുഗ്രഹങ്ങൾ ഇതരജനങ്ങൾക്കുകൂടി പകർന്നുകൊടുക്കുവാൻ എന്നെ പഠിപ്പിക്കേണമെ.

## മാർച്ച് 13

"ക്രിസ്തുവിൻെറ അനുയായികൾ" പലപ്പോഴും പാപമാർഗ്ഗമുപേക്ഷിച്ചു പുണ്യപഥത്തിൽ പ്രവേശിക്കുന്നവരോടു നിർദ്ദാക്ഷിണ്യം പെരുമാററാറുണ്ടു്. പാപി പുണ്യത്തിനു പ്രാരംഭമിടുന്നതിനു മുമ്പുതന്നെ പുണ്യപൂർണ്ണത പ്രാപിച്ചിരിക്കണമെന്നാണു് അവരുടെ അഭിപ്രായഗതി. അതിൻെറ യുക്തി ദുർഗ്രഹമാണെന്നു പറയേണ്ടതില്ലല്ലൊ.

പാപപങ്കത്തിൽനിന്നും ഒരാൾ മോചനംപ്രാപിക്കുവാൻ ശ്രമിക്കുമ്പോൾ അയാളെ അവർ പുറകോട്ടു തള്ളിയിടുകയും, അവൻ നല്ലജീവിതം കഴിക്കുവാൻ ആരംഭിക്കുന്നതിനുമുമ്പുതന്നെ കളങ്കരഹിതനായിരിക്കണമെന്നു ശഠിക്കുകയും ചെയ്യുന്നു. ഏററവുമധികം പ്രോത്സാഹനമാവശ്യമായിരിക്കുന്നവർക്കു് ഏററവും കുറച്ചുമാത്രമാണതു ലഭിക്കുന്നതു്.

തൻെറ ജീവിതത്തിൻെറ സർവ്വപ്രധാനമായ ഉദ്ദേശ്യം എല്ലാമനുഷ്യരേയും രക്ഷിക്കുക എന്നതാണെന്നു് ദിവ്യരക്ഷകൻ പലവുരു സ്വശിഷ്യരെ അനുസ്മരിപ്പിക്കേണ്ടിവന്നിട്ടുണ്ടു്.

നഷ്ടപ്പെട്ടതിനെ വീണ്ടും രക്ഷിക്കുവാനായിട്ടാണു് മനുഷ്യപുത്രൻ വന്നിരിക്കുന്നതു് (മത്തായി 18:11)

ദുഷ്കീർത്തി സമ്പാദിച്ചിരുന്ന പലരും ഈശോയുടെ ചുററും വന്നുകൂടുന്നതിനെ കണ്ടിട്ടു്, ഫ്രീശന്മാർ അവിടുത്തെ ശിഷ്യന്മാരോടു് ഇപ്രകാരം പറയുകയുണ്ടായി.

"എന്താണിങ്ങനെ നിങ്ങളുടെ ഗുരു കുത്തകക്കാരോടും പാപികളോടും ഒന്നിച്ചു ഭക്ഷണത്തിനിരിക്കുന്നതു്? ഈശോ ഇതിനു മറുപടി അരുളി, ആരോഗ്യവാന്മാർക്കല്ലാ;

രോഗികൾക്കാണു് വൈദ്യനെക്കൊണ്ടാവശ്യം. എന്നെ പ്രസാദിപ്പിക്കുന്നതു കാരുണ്യമത്രേ ബലിയല്ല എന്ന വേദവാക്യത്തിന്റെ അർത്ഥം പോയി പഠിക്കുക. നീതിമാന്മാരെയല്ലാ പാപികളെ ആണു് ഞാൻ ക്ഷണിപ്പാൻ വന്നിരിക്കുന്നതു്." (മത്തായി 9: 11-13)

ദിവ്യരക്ഷകാ, അങ്ങേ സ്നേഹവും ക്ഷമാശീലവും ഏററവു മധമരായ മനുഷ്യരുടെ മുമ്പിലും അവതരിപ്പിപ്പാനുള്ള തീക്ഷ്ണമായ ഒരാഗ്രഹം എനിക്കു പ്രദാനം ചെയ്യേണമെ.

## മാർച്ച് 14

ജിം ഒരിൻഷുറൻസ് കമ്പനിയിലെ ഒരുദ്യോഗസ്ഥനായിരുന്നു. അയാളുടെ ഗണിതശാസ്ത്രജ്ഞാനവും കാര്യശേഷിയും അനന്യസാധാരണമായിരുന്നുവത്രെ. എങ്ങനെയോ പ്രധാനപ്പെട്ട ഒരു തൊഴിലാളിയൂണിയൻ ജിമ്മിന്റെ സാമർത്ഥ്യവിശേഷത്തെപ്പററി കേൾക്കാനിടവന്നു. അവർ അദ്ദേഹത്തിന്റെ സേവനമാവശ്യപ്പെട്ടു. പുതിയ ഉദ്യോഗം സ്വീകരിച്ചാൽ ശമ്പളത്തിൽ കുറവുവരും. വിദൂരത്തുപോയി ജോലിചെയ്യണം. മററു പല അസൗകര്യങ്ങളുമുണ്ടാകും. ജിമ്മിനാണെങ്കിൽ അഞ്ചുകുട്ടികളുമുണ്ടു്. എന്നിട്ടും അയാൾ ആ ഉദ്യോഗം സ്വീകരിച്ചു.

ക്രിസ്തുഹരാദർശത്തിൽ വിശ്വസിച്ചിരുന്ന ഒരാളാണു് ജിം. തൊഴിലാളിയൂണിയനുകളിൽ ക്രിസ്തീയധർമ്മപ്രമാണത്തിനു് പ്രചാരംലഭിക്കുന്നതിന്റെ തോതനുസരിച്ചു് വിധ്വംസകശക്തികൾക്കു് അവയെ കീഴ്പ്പെടുത്തുവാൻ അസാദ്ധ്യമായിവരുമെന്നു് അയാൾക്കറിയാമായിരുന്നു. മാത്രമല്ല, തൊഴിലാളിമുതലാളിബന്ധങ്ങൾ കൂടുതൽ സൗഹാർദ്ദപരവും ക്രിസ്തീയതത്വങ്ങൾക്കനുയോജ്യവുമാക്കിത്തീർക്കുവാൻ തനിക്കു കഴിയുമെന്ന പ്രതീക്ഷയും അദ്ദേഹത്തിൽ മൊട്ടിട്ടു നിന്നിരുന്നു.

ജിമ്മിനെപ്പോലെ ധൈര്യമവലംബിച്ചു വളരെപ്പേർ ക്രി

ന്ദുവിനുവേണ്ടി പ്രവൃത്തിരംഗത്തിറങ്ങുകയും, "ആഴത്തിൽ വല വീശുകയും", ജനസാമാന്യത്തെ മുഴുവൻ ബാധിക്കുന്ന രംഗങ്ങളുടെ കേന്ദ്രസ്ഥാനം കൈക്കലാക്കുകയും ചെയ്യുന്നപക്ഷം, തീച്ച്യായും ലോകത്തിൽ ഗുണസംവർദ്ധകമായ ഒരു വ്യതിയാനം സംഭവിക്കുന്നതാണ്.

'അവിശ്വാസികളെ, നിങ്ങൾ ഇത്ര ഭീരുക്കളായതു എന്തുകൊണ്ടു്! (മത്തായി 8: 26)

ആത്മവീര്യം എന്ന ഗുണത്തിനുവേണ്ടി, എടുത്തുചാട്ടം കൂടാതെ ധൈര്യസമേതം കാര്യം നിർവ്വഹിക്കുവാനുള്ള സന്നദ്ധതയുണ്ടാകുവാൻവേണ്ടി, പരിശുദ്ധാത്മാവിയോടു പ്രാർത്ഥിക്കുക.

## മാർച്ച് 15

ഒന്നാംലോകമഹായുദ്ധകാലം. രംഗം, ഫ്രാൻസിലെ ഒരു നഗരം. ഒരമേരിക്കൻ സൈന്യാധിപൻ രണ്ടുയോദ്ധാക്കൾ പാചകശാലയിൽനിന്നു വലിയ ഒരു കുട്ടകവും വഹിച്ചുകൊണ്ടു പോകുന്നതിനെ കണ്ടു. "അതിനകത്തുള്ളതു് ഞാനൊന്നു രുചിച്ചു നോക്കട്ടെ." അദ്ദേഹം ആഗ്രഹം പ്രദർശിപ്പിച്ചു.

"പക്ഷേ, ജനറൽ—"ഒരു യോദ്ധാവു പറഞ്ഞുതുടങ്ങി.

"തൻെറ "പക്ഷെ" യൊന്നും എനിക്കു കേൾക്കണ്ട." ദൃഢസ്വരത്തിൽ ജനറൽ പ്രതിവചിച്ചു. "ഒരു വെള്ളിക്കയിൽ കൊണ്ടുവരുക."

ഒരു വെള്ളിക്കയിൽ അദ്ദേഹം കോരിവായിലൊഴിച്ചു. തൽക്ഷണം അതു തുപ്പിക്കളഞ്ഞു. "ഇതിനെയാണോ നിങ്ങൾ സൂപ്പെന്നു വിളിക്കുന്നതു്?" ജനറൽ ഗർജ്ജിച്ചു.

"അതു സൂപ്പല്ല, സാർ. അതാണു ഞാൻ അങ്ങയോടു പറയാൻ ഭാവിച്ചതു്. അതു പാത്രം കഴുകിയ വെള്ളമാണ്."

പരസേവനം നിർവ്വഹിക്കാനാഗ്രഹിക്കുന്ന പലക്കും പ്രധാനപ്പെട്ട ഒരു ന്യൂനതയുണ്ടു്. അവർ മററുള്ളവർ പറയുന്നതു മുഴുവൻ കേൾക്കുകയില്ല. തൽഫലമായി അവർ തങ്ങൾക്കും ഇത

രക്ഷം യാതൊരാവശ്യവുംകൂടാതെ ഉപദ്രവം വരുത്തിവയ്ക്കുന്നു. മാത്രമല്ല, മററുള്ളവരുടെ, പ്രത്യേകിച്ചും അവശരുടേയും അധിക്ഷിപ്തരുടേയും ദരിദ്രരുടേയും ദുഃഖിതരുടേയും ആവശ്യങ്ങഠം ഏവയെന്നു് ഇക്കൂട്ടർ അറിയുന്നില്ല. തന്നിമിത്തം അവരെ സഹായിക്കാനായി ഇവർ ചെയ്യുന്ന ശ്രമം വിഫലമായിപ്പോകുന്നു.

"ശ്രവിക്കുന്ന ശ്രോത്രേന്ദ്രിയവും ദർശിക്കുന്ന നയനവും. കർത്താവാണു് അവ രണ്ടും നിർമ്മിച്ചതു്." (പഴഞ്ചൊല്ല് 20:12)

കർത്താവേ! എൻെറ വ്യക്തിമാഹാത്മ്യത്തിൻെറ മുറവിളി ശമിപ്പിക്കുകയും ഉപചാരപൂർവ്വം മററുള്ളവരെ ശ്രവിപ്പാനുള്ള അനുഗ്രഹം എനിക്കു പ്രദാനം ചെയ്യുകയും ചെയ്തരുളേണമെ!

## മാർച്ച് 16

"ഈ ഭവനങ്ങഠം നാലോ അതിലധികമോ സന്താനങ്ങളുള്ള വ്യക്തികഠംക്കു മാത്രമേ വില്ക്കുകയുള്ളൂ." 1940-ൽ അമേരിക്കയിൽ സെൽറ് ലൂയിസ് നഗരത്തിലെ ജനങ്ങളെ ആശ്ചര്യഭരിതരാക്കിയ ഒരു കുറിപ്പാണിതു്. "മേരി റിഡ്ജ്" എന്ന പേരിൽ, ഏററവും ചുരുങ്ങിയ ചെലവിൽ ഭവനങ്ങഠം പണിചെയ്തു വില്ക്കുന്ന ഒരു പദ്ധതി അവിടെ രൂപം പ്രാപിച്ചിരുന്നു. തത്സംബന്ധമായ പരസ്യത്തിൻെറ അടിയിലാണു് പ്രസ്തുത കുറിപ്പു ചേർത്തിരുന്നതു്.

ചാഠംസ് എഫ്. വാറെററോട്ട് എന്നദേഹമായിരുന്നു ഈ ഭവനനിർമ്മാണപദ്ധതിയുടെ പ്രണേതാവു്. ആദായം ലഭിക്കണമെന്ന ഉദ്ദേശ്യം അദ്ദേഹത്തിനു് അശേഷമില്ലായിരുന്നു. പിന്നെ എന്തിനു് അദ്ദേഹമതു തുടങ്ങി? ഇതാ, അദ്ദേഹത്തിൻെറ സമാധാനം: "സുഖലോലുപത്വം നിറഞ്ഞ ആധുനികലോകത്തിൽ, അനേകം സന്താനങ്ങളെ സ്വാഗതംചെയ്യുവാൻ മാത്രം ധൈര്യവും നിസ്സ്വാർത്ഥതയും ദൈവസ്നേഹവും ഉള്ളവരെ സഹായിക്കാൻവേണ്ടി ഞാൻ കണ്ടുപിടിച്ച ഒരു മാർഗ്ഗമാണിതു്"

ചെറിയ കുടുംബങ്ങളെ ഉദ്ദേശിച്ചുമാത്രം ഭവനങ്ങൾ പണിചെയ്യുക, കുട്ടികൾ ഇല്ലാത്തവർക്കുമാത്രം കെട്ടിടങ്ങൾ വാടകയ്ക്കുകൊടുക്കുക ആദിയായവ ഗർഹണീയങ്ങളായ നടപടികളാണ്. അത്തരമൊരു ചിന്താഗതിയെ വച്ചുപുലർത്തുന്നവർക്ക് വിവാഹമോചനം, ജനനനിയന്ത്രണം തുടങ്ങിയ ദുഷ്കൃത്യങ്ങളുടെ കാര്യത്തിലും ഗുരുതരമായ ഉത്തരവാദിത്വം വഹിക്കേണ്ടതുണ്ടു്.

പക്ഷേ, വിമർശിക്കുകയും പരാതിപ്പെടുകയും ചെയ്യുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. സെൻറ് ലൂയിസിലെ ആ പരോപകാരിയുടെ മാതൃക എല്ലാക്രിസ്ത്യഹർമാരും അനുകരിക്കേണ്ടിയിരിക്കുന്നു. സ്ഥിതിഗതികളുടെ അനാശാസ്യതയെപ്പററി വിലപിക്കുക മാത്രമല്ല അയാൾ ചെയ്തതു്; പ്രത്യുത, അതിനു നിവാരണം വരുത്തുവാൻ യഥാശക്തി പരിശ്രമിക്കുകയും ചെയ്തു.

"..........സത്രത്തിൽ അവർക്കു സ്ഥലമില്ലായിരുന്നു."

(ലൂക്ക 2:7)

ദൈവമേ! അങ്ങേ തിരുമനസ്സു നിറവേററുവാൻ ആഗ്രഹിക്കുന്നവരെ അനുഗ്രഹിക്കേണമെ!

## മാർച്ച് 17

വിരൂപയായ ഒരു സ്ത്രീയുടെ കാര്യം അടുത്തകാലത്തു് എൻെറയൊരു സ്നേഹിതൻ പറയുകയുണ്ടായി. കഴിഞ്ഞ പതിനഞ്ചുവർഷം സൗന്ദര്യവർദ്ധനവിനുള്ള നിരവധി സാധനങ്ങൾ അവർ നിത്യം ഉപയോഗിച്ചു വന്നിരുന്നുവത്രെ. എന്നിട്ടും കാര്യമായ ഫലമൊന്നുമുണ്ടായില്ല. ആ സ്ത്രീ ഇതു മനസ്സിലാക്കുന്നില്ലായിരിക്കാം. അതുകൊണ്ടായിരിക്കണം അവർ എൻെറ ആ സ്നേഹിതനോടു് ഇപ്രകാരം പറയാൻ ഇടവന്നതു്: "ഈ സാധനങ്ങൾ കൂടാതെ കഴിച്ചുകൂട്ടുക എനിക്കു അസാദ്ധ്യമാണ്. ഇതാ! ഈ കുപ്പിയിൽ എഴുതിയിരിക്കുന്നതു് നോക്കുക — 'നിങ്ങൾക്കു സൗന്ദര്യം പ്രദാനം ചെയ്യുമെന്നു ഉറപ്പുനൽകുന്നു.'"

ഇത്തരക്കാർ വേറെയുമുണ്ടു്. ഒരാറം മതകാൎയ്യങ്ങളിൽ താനൊരു "സംശയവാദി"യാണെന്നു പറഞ്ഞു അഭിമാനംകൊള്ളുന്നു. അതേസമയംതന്നെ വിചിത്രങ്ങളായ, പല ആശയങ്ങളും അയാളുടെ മസ്തിഷ്ക്കത്തിൽ കുടികൊള്ളാൻ അനുവദിക്കുകയും ചെയ്യുന്നു. മന്ത്രവാദത്തിലും അതുപോലെയുള്ള മററു ഗൂഢതന്ത്രങ്ങളിലും അന്ധമായി വിശ്വാസമൎപ്പിക്കുവാൻപോലും അയാറം സന്നദ്ധനായെന്നു വരാവുന്നതാണു്.

ആകയാൽ മനുഷ്യർ തങ്ങളുടെ ജീവിതത്തിൽ വിശ്വാസത്തിനു് സ്ഥാനമനുവദിക്കുന്നവരാണു്. അവൎക്കതു വളരെയധികമുണ്ടെന്നു് പറയാം. പലപ്പോഴും അതു അസ്ഥാനസ്ഥിതമാണെന്നുമാത്രം.

നേരെമറിച്ചു്, ദൈവംതന്നെ മനുഷ്യൎക്കു് പ്രദാനംചെയ്യുന്ന വിശ്വാസം ജ്ഞാനോദ്ദീപ്തമാണു്, അന്ധമല്ല; യുക്തിയുക്തമാണു്, വികാരജന്യമല്ല; വസ്തുസ്ഥിതമണു്, മായാത്മകമല്ല.

സ്വവിശ്വാസം യഥാസ്ഥാനത്തു് — നമ്മെ എല്ലാവരേയും സൃഷ്ടിച്ചിരിക്കുന്ന അഖിലലോകനാഥന്റെ സ്നേഹസാന്ദ്രമായ പരിലാളനയിൽ — പ്രതിഷ്ഠിക്കുന്നതിനു് അവിടുത്തെ മക്കളെ സഹായിക്കുവാൻ നമുക്കോരോരുത്തൎക്കും സാധിക്കുന്നതാണു്.

'നിങ്ങളുടെ വിശ്വാസം എവിടെ?' (ലൂക്കാ 8: 25)

ദൈവമേ! യഥാൎത്ഥവിശ്വാസമാകുന്ന മഹാദാനം അതില്ലാത്തവൎക്കു പ്രദാനം ചെയ്തരുളേണമേ!

## മാർച്ചു് 18

ആധുനികകാലത്തെ വലിയൊരു വിപത്താണു് ചുമതലയേറിയ കാൎയ്യങ്ങളിൽനിന്നും വഴുതിമാറുന്ന സ്വഭാവം. പ്രസ്തുത മനോഭാവത്തെ സദാ അപലപിച്ചുകൊണ്ടിരുന്ന ഒരാളാണു് ജോസഫു് എ. ഷംപീററർ. യാഥാൎത്ഥ്യങ്ങളെ, അവ എത്ര പരുപരുത്തതായിരുന്നാലും, നേരിടാനും സത്യസന്ധതയോടുകൂടി അവയെ ബഹുജനസമക്ഷം അവതരിപ്പിക്കാനുമാണു് അദ്ദേഹം നിരന്തരം നൽകിവന്ന ഉദ്ബോധനം.

സംഭവവികാസങ്ങൾ എത്രതന്നെ വ്യഥാജനകങ്ങളായിരുന്നാലും അവ പരാജയമനോഭാവം വളർത്തുന്നതിനു് പര്യാപ്തങ്ങളല്ലെന്നു് അദ്ദേഹം ഊന്നിപ്പറഞ്ഞിരുന്നു. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ "പരാജിത മനഃസ്ഥിതിക്കാരൻ അധരംമൂലം മതത്തിനും സംസ്കാരമൂല്യങ്ങൾക്കും സേവനമനുഷ്ഠിക്കുകയും അതേസമയംതന്നെ അവയെ പരിരക്ഷിക്കുന്നതിനായി മുന്നോട്ടു വരാതിരിക്കുകയും ചെയ്യുന്നവനാണു്.....................
ശുഭാപ്തിവിശ്വാസവും ചിലപ്പോൾ ഒരുതരം കൃത്യവിലോപമായി ഭവിക്കാറുണ്ടു്.

അതിരുകവിഞ്ഞ ശുഭാപ്തിവിശ്വാസത്തിലും പ്രയോജനരഹിതമായ ദോഷൈകദൃഷ്ടിത്വത്തിലും ചെന്നു പതിക്കാതിരിക്കുവാൻ വേണ്ട മുന്നറിവു് വേദപുസ്തകം നല്കുന്നുണ്ടു്.

1. "ഭൂമിയിൽ മനുഷ്യൻെറ ജീവിതം ഒരു പോരാട്ടമാണു്; അവൻെറ ദിനങ്ങൾ ഒരു കൂലിവേലക്കാരൻ്റെ ദിനങ്ങൾ പോലെയുമാണു്." (ജോബ് 7 : 1)

2. "സമയത്തിനുമുമ്പു് നിങ്ങളുടെ വേല ചെയ്യുക, അവൻെറ സമയത്തിൽ അവൻ നിങ്ങൾക്കു നിങ്ങളുടെ സമ്മാനം തരും." (Ecclesi. 51 : 38)

യാഥാർത്ഥ്യങ്ങളെ ധൈര്യസമേതം നേരിടുവാനും വിശ്വാസസംരക്ഷണത്തിനായി നല്ലവണ്ണം പോരാടുവാനും ദൈവമേ! എൻെറ മനസ്സിനു ശക്തി നൽകേണമെ.

## മാർച്ച് 19

1948-ൽ ഒരു ഡച്ചുവിമാനം സ്കോട്ടു്ലൻറിൽ പ്രെസ്റ്റ്വിക്കിനു സമീപംവച്ചു നിലംപതിക്കുകയുണ്ടായി. 40 പേർ ഈ അത്യാഹിതത്തിൽപ്പെട്ടു മൃതിയടഞ്ഞു. ബ്രിട്ടീഷു വ്യോമവകുപ്പു പ്രസ്തുത വിമാനാപകടത്തിൻെറ കാരണങ്ങളെപ്പററി അന്വേഷിക്കയും അവരുടെ ഗവേഷണഫലം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അപകടമേഖലകളെല്ലാം ശരിയായി കുറിച്ചിട്ടില്ലായിരുന്ന ഒരു ഭൂപടമായിരുന്നുവത്രെ വൈമാനികരെ വഴി തെററിച്ചതു്.

അനേകായിരങ്ങൾ ഇപ്പോൾ ജീവിതത്തിൽക്കൂടി പ്രയാണംചെയ്യുന്നതു യാതൊരു ഭൂപടവും (map) കൂടാതെയാണു്. മററനേകംപേർ തെററായ ഒരു ഭൂപടത്തിൻെറ സഹായത്തോടുകൂടി ജീവിതയാത്ര തുടരുന്നതിനു് ഇടവരുകയും ചെയ്യുന്നു. ഒരു പക്ഷേ അതു അവരുടെ കുററമല്ലായിരിക്കാം. എന്നുവരികിലും തങ്ങൾക്കും സമുദായത്തിനും അവർ വരുത്തിവയ്ക്കുന്ന നാശം ഭയാനകമാണു്.

ജീവിതത്തിൻെറ യഥാർത്ഥമായ ഒരു ഭൂപടം ദൈവംതന്നെ വരച്ചുണ്ടാക്കുകയും അവിടത്തെ തിരുസ്സഭ അതിൻെറ കോപ്പികൾ വിതരണംചെയ്യുകയും ചെയ്തിട്ടുണ്ടു്. അതു ശരിയായ മാർഗ്ഗം നമുക്കു കാണിച്ചുതരുന്നതിനെപ്പററി സംശയിച്ചിട്ടാവശ്യമില്ല. കാരണം, ജീവിതയാത്രയിൽ ഒരു മനുഷ്യനു നേരിട്ടേക്കാവുന്ന സകലവിധ അപകടങ്ങളേയും അതിൽ കുറിച്ചിട്ടുണ്ടു്. മനുഷ്യനിർമ്മിതങ്ങളായ ഭൂപടങ്ങളൊന്നും സുരക്ഷിതമായ പാതയിൽക്കൂടി നമ്മെ നയിക്കുന്നതിനു പര്യാപ്തമല്ല. കാരണം, അവയൊന്നും പൂർണ്ണമല്ല.

"മലയിൽവച്ചു് നിനക്കു കാണിച്ചുതന്ന മാതൃക നോക്കി, അതുപ്രകാരം ചെയ്യുക." (പുറപ്പാടു് 25 : 40)

"ഞാൻ വഴിയും സത്യവും ജീവനും ആകുന്നു" എന്ന അങ്ങേ വാക്കുകളുടെ ആന്തരാർത്ഥം ഗ്രഹിക്കുവാൻവേണ്ട അനുഗ്രഹം, കർത്താവേ! എനിക്കു പ്രദാനം ചെയ്തരുളേണമേ.

## മാർച്ച് 20

കുറെനാൾമുമ്പു് മിഡ്‌വെസ്റ്റിൽ നടത്തിയ ഒരു തൊഴിലാളിസമ്മേളനത്തിൽ 600 ഓളം പ്രതിനിധികൾ സംബന്ധിച്ചിരുന്നു. 7 ലക്ഷത്തോളം തൊഴിലാളികളെയാണു് അവർ പ്രതിനിധാനംചെയ്തിരുന്നതു്. അവരുടെ മുമ്പിൽ വച്ചിരുന്ന കാര്യപരിപാടിയുടെ യാഥാർത്ഥസ്വഭാവത്തെപ്പററി അവരിൽ ഭൂരിഭാഗംപേർക്കും യാതൊരു രൂപവുമില്ലായിരുന്നു. ആ പരിപാടി സമരസന്നദ്ധരായ ഒരുഗണം വിപ്ലവകാരികളുടെ ചിന്താസ

ന്താനമായിരുന്നുവെന്നതാണു വാസ്തവം. ശ്രദ്ധാപൂർവ്വം ആസൂത്രണംചെയ്തിരുന്ന അതിൻെറ വിജയസിദ്ധിയെപ്പററി സംശയിക്കാൻതന്നെ പ്രയാസമായിരുന്നു.

അപ്പോഴതാ പതിനൊന്നാം മണിക്കൂറിൽ ഒരു കൊച്ചുമനുഷ്യൻ, തൻെറ സഭാകമ്പം കീഴടക്കിക്കൊണ്ടു് എഴുന്നേററുനിന്നു സംസാരിക്കാൻ അനുവാദം ആവശ്യപ്പെടുന്നു. കാര്യ്യപരിപാടിയെപ്പററി വേണ്ടിടത്തോളം വിവരങ്ങൾ തനിക്കു ലഭിച്ചിട്ടില്ല എന്ന പ്രതിഷേധവും മുഴക്കിക്കൊണ്ടാണു് അദ്ദേഹം യോഗത്തിലേക്കു പുറപ്പെട്ടതുതന്നെ. തത്സമയം അദ്ദേഹത്തെ യാത്രയാക്കി അയച്ചവർ നല്കിയ ഉദ്ബോധനം ഇപ്പോഴും അദ്ദേഹത്തിൻെറ കണ്ണുപുടങ്ങളിൽ മാറെറാലിക്കൊണ്ടിരുന്നു: "തെററും ശരിയും തമ്മിലുള്ള വ്യത്യാസം താങ്കൾക്കറിയാം. ഏതെങ്കിലും കാര്യ്യം തെററാണെന്നു തോന്നുകയാണെങ്കിൽ എഴുന്നേററുനിന്നു അതങ്ങു പറയണം."

അദ്ദേഹമതു അക്ഷരംപ്രതി അനുവർത്തിച്ചു. സംസാരിക്കാൻ അനുവാദംലഭിച്ചമാത്രയിൽ അദ്ദേഹം നിസ്സങ്കോചം തട്ടിവിട്ടു: "സംപൂജ്യനായ അദ്ധ്യക്ഷാ, ഒരുകാര്യ്യം പറയേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു, പക്ഷേ പറയാതെ നിവൃത്തിയില്ല. ഇതു മുഴുവൻ കള്ളത്തരമാണെന്നാണു് എനിക്കു തോന്നുന്നതു്."

ഒരു വൈദ്യുതപ്രവാഹംകണക്കെ അതു എല്ലാവരേയും പ്രകമ്പിതരാക്കി. തുടന്നു തീവ്രമായ വാദപ്രതിവാദം നടന്നു. പ്രമേയങ്ങളുടെയെല്ലാം തനിനിറം പെട്ടെന്നു പ്രത്യക്ഷപ്പെട്ടു. അങ്ങനെ അവ ലജ്ജാവഹമായവിധത്തിൽ പരാജയമടയുന്നതിനു് ഇടവന്നു.

ഇതു നിർവ്വഹിച്ച ക്രിസ്തഫർ വലിയ ബുദ്ധിമാനോ ഒരു പ്രഗത്ഭ പണ്ഡിതനോ ആയിരുന്നില്ല. എന്നാലും അയാളുടെ കാര്യ്യത്തിൽ വി. പൗലോസ്ശ്ലീഹായുടെ താഴെ ചേർക്കുന്ന വാക്യങ്ങൾ ഏററവും അന്വത്ഥമായിരുന്നു:—

"ദൈവം ജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ ലോകത്തിലെ ഭോഷന്മാരെ തിരഞ്ഞെടുത്തു: ശക്തന്മാരെ

ലജ്ജിപ്പിക്കുവാൻ ലോകത്തിലെ ബലഹീനന്മാരേയും തിരഞ്ഞെടുത്തു." (I കൊറിന്തി. 1 : 27)

ഞങ്ങളുടെ കർത്തവ്യമെന്തെന്നു മനസ്സിലാക്കുവാനും, അതു നിർവ്വഹിക്കുവാൻവേണ്ട വരപ്രസാദവും ശക്തിയും ലഭിക്കുവാനും കർത്താവേ! കനിഞ്ഞരുളേണമെ.

## മാർച്ച് 21

ഡൊറോത്തി തോമ്പ്സൺ എന്ന വനിത അടുത്തകാലത്തു പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിൽ, ഏവരുടേയും അടിയന്തിരശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ട ഒരു വിപത്തിനെപ്പററി പ്രസ്താവിച്ചിട്ടുണ്ടു്: "ഒരു സമുദായം അധോഗതിപ്രാപിച്ചുവരുന്നതിൻെറ ലക്ഷണങ്ങൾ അതിൻെറ പൂർണ്ണമായ അധഃപതനത്തിനു വളരെമുമ്പുതന്നെ പ്രത്യക്ഷപ്പെട്ടുതുടങ്ങും. പരമ്പരാഗതങ്ങളായ മൂല്യങ്ങളുടെനേർക്കു് പ്രദർശിപ്പിക്കപ്പെടുന്ന അവജ്ഞയാണു് പ്രസ്തുത ലക്ഷണങ്ങൾ. അവയിൽ ചിലതു് താഴെ ചേർക്കുന്നു:

1. "പാതകങ്ങളുടെ വർദ്ധനവും അവയെക്കുറിച്ചുള്ള ലജ്ജയില്ലായ്മയും; ബഹുജനങ്ങൾ അവയുടെനേർക്കു പ്രദർശിപ്പിക്കുന്ന നിഷ്പക്ഷതാമനോഭാവവും അവയെ സാധൂകരിക്കാൻ ചെയ്യുന്ന ശ്രമവും.

2. "എല്ലാത്തരം ജനങ്ങളുടെ ഇടയിലും ഔചിത്യബോധം കുറഞ്ഞുവരുന്നതു്.

3. "അവകാശങ്ങൾ സാധിച്ചുകിട്ടാൻവേണ്ടിയുള്ള വാദങ്ങൾ അനുദിനം വർദ്ധിച്ചുവരുകയും ചുമതലാബോധവും ഉത്തരവാദിത്വബോധവും അടിക്കടി കുറഞ്ഞുവരികയും ചെയ്യുന്നതു്.

4. "നേതാക്കളുടെ പ്രീണനനയവും, മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തേയോ ന്യായദീക്ഷണതയേയോ ബലികഴിച്ചിട്ടായാലും അധികാരത്തിൽ പററിപ്പിടിച്ചുനില്ക്കാൻ അവർ പ്രദർശിപ്പിക്കുന്ന വ്യഗ്രതയും.

സമുദായം എത്രമാത്രം അധ:പതിക്കുന്നുവോ, അത്രയ്ക്കും ക്രിസ്തുവിൻെറ പ്രകാശം തമോമയമായ മേഖലകളിൽ വ്യാപിപ്പിക്കുക ആവശ്യമായി വരുന്നു.

"അവർ ദൈവത്തിൻെറ അക്ഷയമഹത്വത്തെ ക്ഷയമുള്ള മനുഷ്യൻെറ രൂപത്തിനു് സദൃശമായി...... പകത്തി." (റോമ. 1 : 23)

മനുഷ്യർക്കു് യഥാർത്ഥ സ്വാതന്ത്ര്യം പ്രദാനംചെയ്യാൻ കഴിവുള്ള ഏകസത്യത്തെ ബഹുജനവീഥികളിലേക്കു ആനയിക്കുവാൻ കർത്താവേ! എന്നെ സഹായിക്കേണമെ.

## മാർച്ച് 22

തൻെറ മരണത്തിൻെറ തലേരാത്രി ഒടുവിലത്തെ അത്താഴത്തിൽവച്ചു് ഈശോ അംത്താരയിലെ ദിവ്യബലിയാകുന്ന വിശുദ്ധ കുർബാനയെ സ്ഥാപിച്ചു.

പിന്നീടു് അപ്പം എടുത്തു വാഴ്ത്തിയശേഷം മുറിച്ചു് അവർക്കു് കൊടുത്തുകൊണ്ടു് ഇപ്രകാരം കല്പിച്ചു: 'ഇതു നിങ്ങൾക്കുവേണ്ടി അർപ്പിക്കപ്പെടുന്ന എൻെറ ശരീരമാകുന്നു. എൻെറ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുക.' അത്താഴം കഴിഞ്ഞശേഷം പാനപാത്രമെടുത്തു് അവർക്കു കൊടുത്തുകൊണ്ടു് ഇങ്ങനെ കല്പിച്ചു: 'ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തുവാനിരിക്കുന്ന എൻെറ രക്തം കൊണ്ടുള്ള പുതിയ ഉടമ്പടിയാണു്.'

(ലൂക്കാ 22: 19-20)

മാത്രമല്ല, ക്രിസ്തുനാഥൻ സ്വശിഷ്യരെ സംബോധനചെയ്തുകൊണ്ടു് ഒരന്തിമപ്രഭാഷണവും നടത്തി. അതിലെ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു:

1. "ഞാനാകുന്നു വഴി; സത്യവും ജീവനും ഞാനാണു്. എന്നിൽക്കൂടിയല്ലാതെ പിതാവിൻെറ അടുക്കലേക്കു വരുവാൻ ഒരുവനും കഴിയുകയില്ല." (യോഹ. 14 — 6)

2. "നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ എൻെറ പ്രമാണങ്ങൾ പാലിക്കുക."

(യോഹ. 14:15)

3. "എന്നെക്കൂടാതെ നിങ്ങൾക്കൊന്നും ചെയ്യുവാൻ സാധിക്കയില്ല." (യോഹ. 15 : 5)

4. "ഇപ്പോൾ നിങ്ങൾ സന്താപനിമഗ്നരാകുന്നു. പക്ഷെ ഒരുദിവസം ഞാൻ നിങ്ങളെ വന്നു കാണും; അന്നു നിങ്ങളുടെ ഹൃദയം സന്തോഷനിമഗ്നമാകും. ആ സന്തോഷം നിങ്ങളിൽ നിന്നു ഒരുവനും അപഹരിക്കുകയില്ല."

(യോഹ. 16 : 22)

അങ്ങേ ശരീരരക്തങ്ങൾ കൂടെക്കൂടെ സ്വീകരിക്കുന്നതിനു് എൻെറ ഈശോയെ! എന്നെ അനുവദിക്കേണമെ. തദ്വാരാ അങ്ങേ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി പ്രതിഷ്ഠിതമായ ഒരപ്പസ്തോലികജീവിതം നയിക്കുവാൻ വേണ്ട ശക്തി എനിക്കു ലഭിക്കുമാറാകട്ടെ.

## മാർച്ച് 23

ദുഃഖവെള്ളിയാഴ്ച ക്രിസ്തുനാഥൻ നിങ്ങൾക്കും മററെല്ലാക്കും വേണ്ടി സഹിച്ച പീഢകളെപ്പററി സജീവബോധം ഉളവാകണമെന്നാഗ്രഹിക്കുന്നെങ്കിൽ ഇപ്രകാരം ചെയ്യുക. നിങ്ങളുടെ മുറിയിൽ വച്ചു് ഏതെങ്കിലും സമയം ആരും കാണാതെ മൂന്നു മിനിട്ടുനേരത്തേക്കു കുരിശാകൃതിയിൽ നിങ്ങളുടെ കൈകൾ വിരിച്ചുപിടിക്കുക. മൂന്നു മണിക്കൂർനേരം ക്രിസ്തു നിങ്ങൾക്കു വേണ്ടി അനുഭവിച്ച വേദനയെ അല്പമായിട്ടെങ്കിലും അതു നിങ്ങളെ അനുസ്മരിപ്പിക്കുന്നതായിരിക്കും.

അമൂല്യമായ ആ മൂന്നുമിനിട്ടുനേരത്തേയ്ക്കു്, ക്രിസ്തു ചെയ്തതുപോലെ ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടി പ്രാർത്ഥിക്കുക. അതേസമയം തന്നെ താഴെ ചേർക്കുന്ന കാര്യങ്ങളെപ്പററി ധ്യാനിക്കുകയും ചെയ്യുക.

1. സ്വന്തം കൈകാലുകൾ ആണികളാൽ തറയ്ക്കപ്പെട്ട

വനായി പരുപരുത്ത കുരിശിന്മേൽ അവിടന്നു മൂന്നുമണിക്കൂർ നേരം തൂങ്ങിക്കിടന്നിരുന്നു.

2. അവിടത്തെ തിരുവസ്ത്രങ്ങൾപോലും ഉരിഞ്ഞെടുക്കപ്പെട്ടിരുന്നു.

3. ഈ സമയമത്രയും അവിടന്നു ശത്രുക്കളാൽ അധിക്ഷേപിക്കപ്പെടുകയും അപഹസിക്കപ്പെടുകയും ചെയ്തിരുന്നു. എന്നാൽ അവിടത്തോടു ചേർന്നു നിന്നിരുന്നവരിൽ ഭൂരിഭാഗവും ഭയം നിമിത്തം അവിടെ സന്നിഹിതരായിരുന്നില്ല.

4. ആക്ഷേപം വർദ്ധിപ്പിക്കുന്നതിനായി രണ്ടു കള്ളന്മാരുടെ മദ്ധ്യത്തിലാണു് അങ്ങയെ അവർ കുരിശിൽ തറച്ചതു്.

5. ഇങ്ങനെയൊക്കെ ആയിട്ടും അവിടത്തേക്കു് ആരുടെ നേർക്കും വിദ്വേഷമില്ലായിരുന്നുവെന്നു മാത്രമല്ല, സ്വഘാതകരുടെ പാപങ്ങളുടെ മോചനത്തിനായി പരസ്യമായി പ്രാർത്ഥിക്കുവാൻ പോലും അവിടുന്നു സന്നദ്ധനായി.

'പിതാവെ, ഇവർ ചെയ്യുന്നതെന്തെന്നു് ഇവരറിയുന്നില്ല. ഇവരോടു ക്ഷമിക്കേണമെ.' (ലൂക്ക 23: 34)

ക്രൂശിതനായ ഈശോയെ! അവിടന്നു സകല മനുഷ്യരുടേയും നേർക്കുള്ള സ്നേഹത്തിനുവേണ്ടി സഹിച്ച പീഡകളുടെ സജീവബോധം ഞങ്ങൾക്കു പ്രദാനം ചെയ്തരുളേണമെ.

## മാർച്ച് 24

ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ദുഃഖവെള്ളിയാഴ്ചയിലെ പാഠം പ്രാധാന്യമർഹിക്കുന്ന ഒന്നാണു്. ക്രിസ്തുവിനു ബഹുജനവീഥികളിൽ സ്ഥാനം നല്കാൻ, പീഡനങ്ങളും മരണം തന്നെയും അവഗണിച്ചുകൊണ്ടു ആദ്ധ്യാത്മികമൂല്യങ്ങൾക്കുവേണ്ടി സദാ നിലകൊള്ളുവാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ നിരന്തരം ക്ലേശങ്ങൾ സഹിക്കുവാനുള്ള സന്നദ്ധത നിങ്ങൾക്കു് ആവശ്യമായിരിക്കുന്നു. അതു് എളുപ്പമായിരിക്കുമെന്നു ക്രിസ്തു വാഗ്ദാനം ചെയ്തിട്ടില്ല.

എല്ലാ അഗ്നിപരീക്ഷണങ്ങളുടേയും ഇടയിൽ സാക്ഷാൽ ക്രിസ്തുസംവാഹകനായ വ്യക്തി വീക്ഷിക്കുന്നതു ദുഃഖവെള്ളിയാ

ഴ്ചയിലെ വിജയത്തിനു സദൃശമായ ഒരു വിജയമാണു്. അനു ദിനം വളർന്നുവരുന്ന ഭൗതികാസക്തിയുടെ മദ്ധ്യത്തിൽ, അത്യാഗ്രഹത്തിൻെറയും ഭീകരതയുടേയും ക്രൂരതയുടേയും പിടിയിലമ ന്നിരിക്കുന്ന ഒരു ലോകത്തിൽ, ക്രൂശിതനായക്രിസ്തുവിനുമാത്രം പ്രദാനംചെയ്യാൻ കഴിയുന്ന വിശ്വാസം, ശരണം, ഉപവി എന്ന ഗുണത്രയത്തിൻെറ ശക്തിയാലാണു ഒരു ക്രിസ്ത്യഹർ ഉത്തേജിതനാകുന്നതു്.

ക്രിസ്തുവിനെ വഹിക്കുന്ന നമുക്കോരോരുത്തർക്കും, അവിടത്തേക്കുവേണ്ടി ക്ലേശമനുഭവിക്കുന്നതു് ഒരിക്കലും നിഷ്ഫലമാകയില്ല എന്ന ചാരിതാർത്ഥ്യത്തിനവകാശമുണ്ടു്. ഐഹികജീവിതത്തിലെ പോരാട്ടത്തിനുശേഷം, അനർഘവും ശാശ്വതവുമായ സൗഭാഗ്യം ഉദയംചെയ്യുന്നതായിരിക്കും. നിത്യതയോട താരതമ്യപ്പെടുത്തിനോക്കുമ്പോഠം കേവലം ക്ഷണികമായ സഹനം വഴിയാണു് ആ സൗഭാഗ്യം കരസ്ഥമാക്കിയതെന്ന വസ്തുത അതിനെ കൂടുതൽ ആസ്വാദ്യമാക്കിത്തീക്കുകയും ചെയ്യും.

"എന്നാൽ നിങ്ങളെന്നെ വിശ്വസിക്കുക. ലോകം ആഹ്ലാദിക്കുമ്പോഠം നിങ്ങഠം കരയുകയും വിലപിക്കുകയും ചെയ്യും. നിങ്ങഠം അത്യധികമായി ദുഃഖിക്കും; എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി പകരും."

(യോഹ. 16 : 20)

ലോകദൃഷ്ട്യാ ഞാൻ നഷ്ടം സഹിക്കുമ്പോഠം നിത്യസൗഭാഗ്യത്തിനുള്ള ധനം കരസ്ഥമാക്കുകയാണെന്നു ഗ്രഹിക്കുവാൻ കർത്താവേ! എന്നെ പഠിപ്പിക്കേണമെ.

## മാർച്ച് 25

ഉയിർപ്പുഞായറാഴ്ച ക്രിസ്തു മരണം, പാപം, നൈരാശ്യം എന്നിവയുടെമേൽ പരിപൂർണ്ണമായ വിജയം വരിച്ചു. ഏതതസംബന്ധമായി ചിലപ്പോഴെല്ലാം വിസ്മരിക്കപ്പെടുന്ന ഒരു വസ്തുതയുണ്ടു്—അന്നു സമാധാനത്തിൻെറ പൊൻപുലരിയായിരുന്നുവെന്നതു്. ക്രിസ്തുവിൻെറ വിജയത്തിൻെറ പ്രത്യക്ഷഫലമാണു്

ആ സമാധാനം. അതു സകലരും കാംക്ഷിക്കുന്നതും മനുഷ്യശക്തികാംക്കതീതവുമാണു്. ഈ ജീവിതത്തിൽ ആരംഭിക്കുന്നതും കാലാകാലത്തോളം നിലനില്ക്കുന്നതുമായ ഒന്നാണതു്.

പുനരുത്ഥാനശേഷം ഈശോ സ്വശിഷ്യരെ സംബോധന ചെയ്തുകൊണ്ടു് അരുളിച്ചെയ്ത ആദ്യത്തെ വാക്കു് "സമാധാനം" എന്നതായിരുന്നു. അതേ ശ്വാസത്തിൽത്തന്നെ, പ്രസ്തുത സമാധാനം സകല മനുഷ്യരുടേയും പക്കലേക്കു സംവഹിക്കുന്നതിനുള്ള അനന്യസാധാരണമായ ശക്തി അവക്കു പ്രദാനം ചെയ്യുമെന്നും അവിടുന്നു് ഉറപ്പു നൽകി.

അവരുടെ പിന്നിൽ പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്നീ ത്രിയൈകസവ്വേശ്വരൻ ഉണ്ടെന്നും ഈശോ അവരെ ഉൽബോധിപ്പിച്ചു. സ്വഗ്ഗസ്ഥനായ പിതാവു തന്നെ ഭരമേല്പിച്ച ചുമതലതന്നെയാണു് താനവരെ ഭരമേല്പിക്കുന്നതെന്നും അവിടുന്നരുളിച്ചെയ്തു. അവിടുത്തെ വാക്കുകാംതന്നെ ശ്രവിച്ചാലും:

"നിങ്ങാംക്കു സമാധാനം. എന്റെ പിതാവു് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളേയും അയയ്ക്കുന്നു" (യോഹ. 20 : 21)

ഉത്ഥാനം പ്രാപിച്ച ഈശോ! അങ്ങേ സമാധാനസന്ദേശം എല്ലവരേയും അറിയിക്കുന്നതിനു് അങ്ങേ തൃക്കരങ്ങളിൽ ഒരുപകരണമായി വത്തിക്കുവാൻ എന്നെ അനുവദിക്കേണമേ!

## മാർച്ച് 26

കമ്മ്യൂണിസം ഗുരുതരമായ ഒരു വിപത്തുതന്നെ. എന്നുവരികിലും ഇന്നു ലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന മഹാപ്രശ്നം അതല്ല. ആരോഗ്യം നഷ്ടപ്പെടുമ്പോളാണല്ലോ രോഗം വന്നു ഭവിക്കുന്നതു്. വിളക്കു കെട്ടുപോകുമ്പോാം അന്ധകാരം വ്യാപിക്കുന്നു. സ്നേഹം മന്ദീഭവിക്കുമ്പോാം, വിദ്വേഷം വദ്ധിക്കുകയും ചെയ്യുന്നു.

ഒരൊററ രാത്രികൊണ്ടു് കമ്മ്യൂണിസം തിരോധാനം ചെയ്താലും നമ്മെ അലട്ടുന്ന പ്രശ്നം ഗുരുതരമായിത്തന്നെ നില

കൊള്ളും. എന്താണാപ്രശ്നം? പഴയ കിരാതസിദ്ധാന്തങ്ങളിലേക്കു സാവകാശത്തിലെങ്കിലും സുനിശ്ചിതമായ രീതിയിൽ ലോകം തിരികെ പൊയ്ക്കൊണ്ടിരിക്കുന്നുവെന്നതാണതു്. മിക്ക ജനങ്ങളും ക്രിസ്തുമതത്തിൻെറ ഗുണഫലങ്ങൾ അനുഭവിക്കുവാൻ ആഗ്രഹിക്കുന്നവരാണ്. പക്ഷെ, ക്രിസ്തുമതത്തെപ്പററി അവൎക്കുള്ള ജ്ഞാനം. വിരളമായി വരികയാണു്.

അമേരിക്കരുടെ ഭരണഘടനയും അവകാശപ്പട്ടികയും ദൈവത്തിൻെറ പരമാധികാരം ഏററുപറയുന്നുണ്ടെന്ന വസ്തുത ചുരുക്കംപേൎക്കുമാത്രമേ അറിയാവൂ. അമേരിക്കൻ ഡിമോക്രസിയുടെ വിധാതാക്കളായ നേതാക്കന്മാർ "സ്വാതന്ത്ര്യപട്ടയം" ആസൂത്രണം ചെയ്തപ്പോൾ "ലോകത്തിൻെറ പരമോന്നതനായ വിധികൎത്താവി"ൻെറ കാര്യം ഊന്നിപ്പറഞ്ഞ സംഗതിയും ചുരുക്കം ചിലൎക്കുമാത്രമേ അറിയാവൂ. ഈ തത്വം അനന്തരതലമുറകൾ വിസ്മരിച്ചേക്കുമെന്ന ഭയംനിമിത്തം എത്ര ശക്തിമത്തായിട്ടാണു് അതു തലയിലടിച്ചുകയററുവാൻ അവർ പരിശ്രമിച്ചതു്!

നിങ്ങൾ സ്വാതന്ത്ര്യത്തെ വിലമതിയ്ക്കുന്നുണ്ടെങ്കിൽ, ഏതൊരു ജനതതിയുടേയും ആലംബമായിരിയ്ക്കുന്ന ആദ്ധ്യാത്മികതത്വങ്ങൾ പരസ്യവും രഹസ്യവുമായ എല്ലാ ജീവിതത്തുറകളിലും പുനഃപ്രതിഷ്ഠിക്കുവാൻ പരമാവധി പരിശ്രമിക്കുക.

പരിശുദ്ധമായവ നായ്ക്കൾക്കു ഇട്ടുകൊടുക്കരുതു്. പന്നികളുടെ മുമ്പിൽ മുത്തു വിതറുകയുമരുതു്.

(മത്തായി 7: 6)

എല്ലാവരുടേയും ഗുണോൽക്കർഷത്തെ ലക്ഷ്യമാക്കി വേല ചെയ്യുവാനുള്ള ഒരു ദൃഢനിശ്ചയം കൎത്താവേ! എനിയ്ക്കു പ്രദാനം ചെയ്തരുളേണമെ.

## മാർച്ച് 27

1946-ൽ സ്റ്റേററൻ ദ്വീപിലെ ഹല്ലോരൻ ആസ്പത്രിയിൽ രോഗബാധിതനായി കിടന്നിരുന്ന ജോൺത്രൗൺ എന്ന ഒരു

യുവാവു് ന്യൂയോർക്കിലെ ടൈംസ് പത്രത്തിലേക്കൊരു കത്തെഴുതി. ലോകത്തിൽ നടമാടുന്ന ദുഃഖദുരിതങ്ങളും അസ്വാസ്ഥതകളുമാണു് അപ്രകാരമൊരു കത്തെഴുതുന്നതിനു അയാൾക്കു് പ്രചോദനം നൽകിയതു്. അയാളാകട്ടെ ഒരു തളർവാതക്കാരനായിരുന്നു. മനുഷ്യരുടെയിടയിൽ സമാധാനം സ്ഥാപിക്കാനുള്ള മാർഗ്ഗങ്ങൾ കത്തിൽ രേഖപ്പെടുത്തിയിരുന്നു. ഈ പുസ്തകത്തിൻെറ മുദ്രണം ആരംഭിക്കുന്നതിനു് ഏതാനും മാസം മുമ്പു് ജോൺ ക്രൗൺ നിര്യാതനായെന്ന വസ്തുത അദ്ദേഹത്തിൻെറ വാക്കുകളുടെ ഗൗരവം വർദ്ധിപ്പിക്കുന്നുണ്ടു്. അദ്ദേഹം എഴുതിയിരുന്നതു് ഇങ്ങനെയാണു്: —

"ലോകത്തെ സ്വേഛാധിപത്യത്തിൽനിന്നും രക്ഷിക്കുക എന്ന ഭാരമേറിയ ജോലിയിൽ ഞാൻ വ്യാപൃതനായിരുന്നു. എന്നാൽ ലോകത്തിലാകട്ടെ എൻെറ മാതൃരാജ്യത്തിലാകട്ടെ ഞാനിപ്പോൾ സമാധാനം ദർശിക്കുന്നില്ല.

ലോകത്തിലെ സകല കുഴപ്പങ്ങളും ജനസാമാന്യത്തിൽ നിന്നാണു് ഉദയം ചെയ്യുന്നതു്. ജനതയുടെ സ്വാർത്ഥവും അത്യാഗ്രഹവും നിറഞ്ഞ പ്രവർത്തനരീതികൾ ഓരോ വ്യക്തിയുടേയും താദൃശമായ പ്രവർത്തനരീതികളുടെ ശതഗുണീഭാവം മാത്രമാണു്. സാമാന്യവ്യക്തിയുടെ ധാർമ്മികനിഷ്ഠ അധഃപതിയ്ക്കുമ്പോൾ, ജനതയുടേയും ലോകത്തിൻേറയും ധാർമ്മികനിഷ്ഠ അധഃപതിക്കുന്നു........മനുഷ്യൻ വീണ്ടും സമാധാനം പ്രാപിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ ദൈവത്തിനുവേണ്ടി നിൻെറ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക എന്ന മൂലപ്രമാണത്തിലേക്കു് അവൻ പിന്തിരിയണം."

നിങ്ങൾ എത്ര അപ്രധാനനും അജ്ഞാതനും ആയിരുന്നാലും എല്ലാവരുടേയും ഉൽക്കർഷത്തിനുവേണ്ടി പരിശ്രമിക്കുവാൻ ദൈവസമക്ഷം വ്യക്തിപരമായ ഒരു ചുമതലയുണ്ടു് നിങ്ങൾക്കു്. ആ ചുമതല നിർവ്വഹിക്കുന്നതിൽ നിങ്ങൾ പ്രദർശിപ്പിക്കുന്ന തീക്ഷ്ണതയായിരിക്കും നിങ്ങളുടെ ദൈവസ്നേഹത്തിൻേറയും പരസ്നേഹത്തിൻേറയും ഉരകല്ലു്.

"നാം ദൈവത്തെ സ്നേഹിക്കുകയും അവിടുത്തെ കല്പനകൾ അനുസരിക്കുകയും ചെയ്യുമ്പോൾ നാം ദൈവത്തിൻെറ മക്കളെ സ്നേഹിക്കുന്നുവെന്നു നമുക്കറിയാം."

(I യോഹ. 5 : 2)

ദൈവമേ! മററുള്ളവരുടെ നേക്കുള്ള എൻെറ കത്തവ്യങ്ങളെ എന്നെ സദാ അനുസ്മരിപ്പിക്കേണമെ.

## മാർച്ച് 28

ഇംഗ്ലണ്ടിലെ ഒരു ദേവാലയത്തിൽ 4 പെനി നാണയങ്ങളും ഒരരപ്പെനിയും പതിച്ച ഒരസാധാരണ കാസയുണ്ടു്. അതിൻെറ കഥ ശ്രദ്ധാർഹമാണ്. നാലുവയസ്സായ ഒരു ബാലൻ ആസന്നമരണനായി കിടക്കുകയായിരുന്നു. തൻെറ മാതാപിതാക്കന്മാരോടു് അന്ത്യയാത്ര പറയുന്നതിനു മുമ്പായി അവൻ തൻെറ പണപ്പെട്ടി കൊണ്ടുവരാൻ ആവശ്യപ്പെട്ടു് അനന്തരം പറഞ്ഞു: "ഇതു മുഴുവനും ഞാൻ നിങ്ങൾക്കു തരുന്നു."

അവൻെറ മരണശേഷം പെട്ടി തുറന്നപ്പോൾ അതിനകത്തു് നാലാര പെനി ഉള്ളതായി കണ്ടു. ആ നാണയങ്ങൾകൊണ്ടു് എന്തുചെയ്യണമെന്നതിനെപ്പററി അവർ ആലോചന തുടങ്ങി. ഒരു കാസ നിമ്മിച്ചു് അതിന്മേൽ ഈ നാണയങ്ങൾ പതിച്ചശേഷം അതു ദേവാലയത്തിനു് സംഭാവന ചെയ്യാമെന്നും അങ്ങനെ തങ്ങളുടെ കുഞ്ഞുമകൻെറ അന്തിമസമ്മാനം ദൈവസ്തുതിക്കായി പ്രതിഷ്ഠിക്കാമെന്നുള്ള തീരുമാനത്തിലാണ് അവർ എത്തിച്ചേർന്നതു്.

നമുക്കുള്ളവ സകലവും ദൈവത്തിൻെറ ദാനങ്ങളാണ്. അവിടുത്തേ നേക്കുള്ള നമ്മുടെ സ്നേഹം പ്രത്യക്ഷപ്പെടുത്തുവാൻ നാം ആഗ്രഹിക്കുന്നെങ്കിൽ നാമതിനു തെളിവു നല്കണം, സേവനവും സ്വാത്മത്യാഗവും വഴി. ക്രിസ്തു സകലക്കും നല്കുവാനാഗ്രഹിക്കുന്ന സമാധാനം അനിയന്ത്രിതമായ സുഖാനുഭൂതിവഴിയല്ല; പ്രത്യുത, ദൈവസേവനവും ദൈവത്തെ ഓത്തുകൊണ്ടുള്ള പരസേവനവും വഴിയാണ് കരഗതമാകേണ്ടതു്.

"രക്ഷയുടെ കാസ ഞാനെടുക്കും; കർത്താവിന്റെ തിരുനാമം ഞാൻ വിളിച്ചപേക്ഷിക്കുകയും ചെയ്യും."
(സങ്കീ. 115 : 13)

ദൈവത്തിനർപ്പിക്കുന്ന ചൈതന്യനിർഭരമായ സേവനത്തിന്റെ ഒരു മണിദീപമായി നിങ്ങൾ പ്രശോഭിക്കുവാൻവേണ്ടി പ്രാർത്ഥിക്കുക.

## മാർച്ച് 29

ഇക്കഴിഞ്ഞ യുദ്ധകാലത്തു് ജർമ്മനിയെ ബോംബു ചെയ്യാനായിപോയ ഒരു വിമാനത്തിൽ സൈനികചാപ്ലനായ ഒരു വൈദികനുമുണ്ടായിരുന്നു. എതിർപക്ഷത്തുനിന്നുമുള്ള പീരങ്കി വെടികളുടെ ഭീകരഗർജ്ജനങ്ങൾകൊണ്ടു് അന്തരീക്ഷം മുഖരിതമായിരുന്നു. മാത്രമല്ല, ശത്രുക്കളുടെ ഫൈററർ വിമാനങ്ങൾ ചുററുപാടും പാറിപ്പറന്നുകൊണ്ടുമിരുന്നു. ഇക്കാരണങ്ങളാൽ ഭയചകിതരായി ഭവിച്ച വൈമാനികരെ ആശ്വസിപ്പിക്കുന്നതിനായി പുരോഹിതൻ വിളിച്ചുപറഞ്ഞു: "നിങ്ങളെന്തിനാണ് ഭയപ്പെടുന്നതു്? ദൈവം നിങ്ങളോടുകൂടിയുണ്ടു്."

തൽക്ഷണം വിമാനത്തിന്റെ പിൻഭാഗത്തു് വച്ചിരുന്ന പീരങ്കിയുടെ ചുമതല വഹിച്ചിരുന്നയാൾ പ്രതിവചിച്ചു: "ദൈവം അവിടെ മുൻഭാഗത്തു് ഉണ്ടായിരുന്നേക്കാം. പക്ഷേ അദ്ദേഹം ഇവിടെ, വിമാനത്തിന്റെ ഈ അററത്തു്, ഇല്ല."

ഏതാനും നിമിഷങ്ങൾക്കുശേഷം ഒരു ഷെൽ വിമാനത്തിന്റെ പിൻഭാഗം തുളച്ചു കടന്നു, പൊട്ടിത്തെറിക്കാതെ മുകളിലേക്കു് പോയി. ഒരു നിമിഷത്തെ സ്തംഭനാവസ്ഥയ്ക്കും നിശ്ശബ്ദതയ്ക്കും ശേഷം മേൽപ്പറഞ്ഞയാൾ ഉദ്ഘോഷിച്ചു: "അച്ചാ, ഞാൻ പറഞ്ഞതു് തിരുത്തേണ്ടിയിരിക്കുന്നു. ദൈവം അല്പം മുമ്പേ ഇങ്ങോട്ടു വന്നിരിക്കുന്നു."

ദൈവസാന്നിദ്ധ്യത്തിന്റെ പ്രത്യക്ഷമായ പ്രകാശനമില്ലാത്തിടത്തു് ദൈവം സന്നിഹിതനല്ലെന്നു് വിചാരിച്ചുപോകുന്നവർ പലരുമുണ്ടു്. എന്നാൽ ഒരു കാര്യം തീർച്ചയാണു്. ദൈവം

മനുഷ്യരാശിയെ സദാ തൃക്കൺപാർത്തുകൊണ്ടിരിക്കുന്നു. യുദ്ധം, രക്തച്ചൊരിച്ചിൽ, സ്വാതന്ത്ര്യവിനാശം തുടങ്ങിയ ദുരന്തചരിതങ്ങളെല്ലാം ലോകം ദൈവത്തെ തിരസ്കരിച്ചു എന്ന കാരണത്താൽ സംഭവിക്കുന്നവയാണു്; ദൈവം ഒരിക്കലും ലോകത്തെ തിരസ്കരിച്ചിട്ടില്ല.

എന്നാൽ, ഈ ദുഃസ്ഥിതിക്കു നിവാരണം വരുത്തുവാൻ സാധിക്കുന്നതാണു്, ദൈവത്തിനെതിരായി വേലചെയ്യുന്നവർ പ്രദർശിപ്പിക്കുന്നിടത്തോളം ധീരതയും അദ്ധ്വാനശീലവും ദൈവത്തിനുവേണ്ടി വേലചെയ്യുന്നവർ പ്രദർശിപ്പിച്ചാൽ മാത്രം മതിയാകുന്നതായിരിക്കും.

"കർത്താവു് എൻെറ ജീവൻെറ സംരക്ഷകനാണു്, ഞാൻ പിന്നെ ആരെ ഭയപ്പെടണം?" (സങ്കീ. 26 : 1)

എൻെറ പ്രിയരക്ഷകാ, അങ്ങയുടെ സ്നേഹവും സത്യവും ബഹുജനവീഥികളിൽ പ്രതിഷ്ഠിക്കുവാൻ ഞാൻ എങ്ങനെയാണു് ക്ലേശമനുഭവിക്കേണ്ടതു് എന്നു് എന്നെ പഠിപ്പിച്ചരുളേണമേ.

## മാർച്ച് 30

വാഷിംഗ്ടണിൽ അടുത്തകാലത്തു് സാമൂഹ്യകപ്രശ്നങ്ങളെ അധികരിച്ചുള്ള നിയമനിർമ്മാണം സംബന്ധിച്ചു് ഒരു വാദപ്രതിവാദം ഉണ്ടായി. കോൺഗ്രസ്സിലെ ഒരംഗം താഴെ ചേർക്കുന്ന ചിന്തോദ്ദീപകമായ പ്രസ്താവന ചെയ്തു.

"ഈ വിഷയത്തിൽ നിങ്ങൾ എങ്ങനെ വോട്ടുചെയ്താലും, 'എനിക്കു ജനവ്യൂഹത്തിൻെറ മേൽ അനുകമ്പയുണ്ടു്' എന്നരുളിചെയ്ത സംപൂജ്യപുരുഷൻെറ ചൈതന്യത്തിനു യോജിച്ചവിധം നിങ്ങൾ പ്രവർത്തിക്കുന്നപക്ഷം, നിങ്ങൾക്കു വലിയ തെററു പററുകയില്ല."

ക്രിസ്തുമതത്തിൻെറ സാരസർവ്വസ്വമാണു് ദിവ്യരക്ഷകൻെറ പ്രസ്തുത വാക്കുകളിൽ അടങ്ങിയിരിക്കുന്നതു്. അതിൻെറ പശ്ചാത്തലവും അദ്ദേഹം ചിത്രീകരിച്ചു. ജനക്കൂട്ടം ക്രിസ്തുവിൻെറ പിന്നാലെ കൂടിയിട്ടു് മൂന്നുദിവസമായി. ഒരു വിജന

പ്രദേശത്താണു് അവരിപ്പോഠം തടിച്ചുകൂടിയിരിക്കുന്നതു്. ക്ഷീണം അധികം. വിശപ്പു ദുസ്സഹവും. എന്നിട്ടും ശിഷ്യർ അവരെയെല്ലാം വെറുംകൈയായി വീട്ടിലേക്കു തിരിച്ചയയ്ക്കാൻ വൈമുഖ്യം പ്രദർശിപ്പിക്കുന്നില്ല. പക്ഷേ ക്രിസ്തു അതിനു വഴിപ്പെടാതിരിക്കുന്നു. ക്ലേശവും ക്ഷീണവും തങ്ങിനിന്നിരുന്ന അവരുടെ മുഖത്തു ക്രിസ്തു സഹനസന്നദ്ധതയുടേയും സ്വാമിഭക്തിയുടേയും വിശ്വാസചൈതന്യത്തിൻേറയും നിഴൽപ്പാടുകഠം ദർശിക്കുന്നു. ഈശോ അവരുടെ ഇടയനായിരുന്നു; അവർ അവിടത്തെ അജഗണങ്ങളും. തല്ക്കാരണത്താൽ അവിടത്തെ ഹൃത്തടത്തിൽ അലതല്ലിയ ദൈവീകമായ അനുകമ്പയ്ക്കു് അതിരില്ലായിരുന്നു. ചുരുക്കം ചിലരിൽ മാത്രമല്ല, എല്ലാവരിലുമാണു് അവിടത്തേക്കു വാത്സല്യമുണ്ടായിരുന്നതു്. ആ അനുകമ്പ പ്രവൃത്തിപഥത്തിലേക്കു് ഇറങ്ങിച്ചെന്നു. അവിടുന്നു ജനൗഘത്തെ തീററിപ്പോററി.

ശാരീരികവും ആദ്ധ്യാത്മികവുമായ ആഹാരം ലഭിക്കാതെ വലയുന്നവർ ലോകത്തിൽ ധാരാളമുണ്ടു്. എന്നാൽ ക്രിസ്തുവിനു യോജ്യമായ അനുകമ്പയോടുകൂടി ചുരുക്കംപേർ മാത്രമേ അവരുടെ പക്കൽ ചെല്ലുകയും സഹായഹസ്തം നീട്ടിക്കൊടുക്കുകയും ചെയ്യുന്നുള്ളു.

"ഈ പുരുഷാരത്തോടു് എനിക്കനുകമ്പ തോന്നുന്നു;.....അവക്കു ഭക്ഷിക്കുന്നതിനു യാതൊന്നുമില്ല."

(മത്തായി 15: 32)

സാമൂഹ്യനീതി പാലിക്കപ്പെടുവാൻവേണ്ടി പരിശ്രമിക്കുന്നതിനുള്ള ജ്ഞാനവും ധൈര്യവും, കത്താവേ! എനിക്കു പ്രദാനം ചെയ്തരുളേണമേ!

## മാർച്ച് 31

രണ്ടാം ലോകമഹായുദ്ധത്തിൽ പല വീരകൃത്യങ്ങളും നിർവ്വഹിച്ചു്, അമേരിക്കൻജനതയുടെ ആരാധനാപാത്രമായിഭവിച്ച ഒരു വൈമാനികനെ തിരികെ വിളിച്ചു് "വാർബോണ്ടു്" പ്രസ്ഥാനത്തെ സഹായിപ്പാൻ ആവശ്യപ്പെടുകയുണ്ടായി.

ഒരു മിഡ്‌വെസ്റ്റേൺ നഗരത്തിൽവെച്ചു് ഒരുദിവസം തനിക്കു് അനുഭവപ്പെട്ട സംഗതികൾ — അന്തമില്ലാത്ത കക്ഷിമത്സരങ്ങൾ, പ്രകടനങ്ങൾ മുതലായവ — അദ്ദേഹത്തെ അസ്വസ്ഥനാക്കി. യുദ്ധത്തിന്റെ കാര്യംതന്നെ അവർ വിസ്മരിച്ചിരിക്കുന്നതുപോലെയാണു് അദ്ദേഹത്തിനു തോന്നിയതു്. അവസാനം, അദ്ദേഹം ചെയ്ത തീപ്പൊരിപ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:

"ഇക്കഴിഞ്ഞ ഒരുമണിക്കൂർസമയം നിങ്ങൾ ഏതോ ഒരു വിനോദയാത്രയുടെ സ്ഥലം, തീയതി എന്നിവ സംബന്ധിച്ചായിരുന്നു വാദപ്രതിവാദങ്ങൾ നടത്തിയതു്. എന്നാൽ ഞാൻ വസിച്ചിട്ടുള്ളതും നിങ്ങളുടെ മക്കൾ ഇപ്പോൾ വസിക്കുന്നതുമായ സ്ഥലങ്ങളിൽ വിനോദയാത്രയ്ക്കുള്ള ലക്ഷണമൊന്നുമില്ല. ഉല്ലസിക്കുവാനുള്ള സമയമല്ല ഇതു്. നിങ്ങളെ ഓർത്തു് എനിക്കു ലജ്ജതോന്നുന്നു....നാം വളരെ എളുപ്പത്തിൽ പരാജിതരായി ഭവിച്ചേക്കാവുന്ന ഒരു യുദ്ധത്തിലേർപ്പെട്ടിരിക്കയാണെന്ന സംഗതി നിങ്ങൾക്കു ബോദ്ധ്യപ്പെടുന്നില്ലേ?"

നിരീശ്വരത്വത്തിന്റെയും ഭൗതികത്വത്തിന്റെയും ലോകായതീകത്വത്തിന്റെയും ശക്തികൾ ഇപ്പോൾ മനുഷ്യന്റെ ആത്മാവിനെ കീഴടക്കുവാൻവേണ്ടിയുള്ള ഒരു ഭയങ്കരയുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയാണു്. ആകയാൽ ദൈവവിശ്വാസികൾ കാലം വൈകുന്നതിനുമുമ്പു് അരയും തലയും മുറുക്കി രംഗത്തിറങ്ങുകയും സംസ്കാരത്തിന്റെ മൂലക്കല്ലുകളായ സത്യങ്ങൾക്കായി പോരാടുകയും ചെയ്യേണ്ടതു പൂർവ്വാധികം ആവശ്യകമായി ഭവിച്ചിരിക്കുന്നു.

"ഞാനൊരു നല്ല യുദ്ധം ചെയ്തു...എന്റെ വിശ്വാസം സംരക്ഷിച്ചു." (II തിമോ. 4 : 7)

ആത്മീയമായ ഒരു വിജയം കരസ്ഥമാക്കുവാൻവേണ്ടി ആത്മീയായുധങ്ങൾ ഉപയോഗിച്ചു പോരാടുവാൻ കർത്താവേ! എനിക്കു പ്രചോദനം നൽകേണമെ.

# ഏപ്രിൽ 1

കാലിഫോർണിയായിലെ ഒരു യുവാവു്. ക്രിസ്തുഹാദർശം അയാളെ വെല്ലുവിളിക്കുന്നതുപോലെ തോന്നി. തൽഫലമായി ഒരു ഗവമ്മെൻറുദ്യോഗം സ്വീകരിക്കാൻതന്നെ അയാരം നിശ്ചയിച്ചു. അയാരം സ്വയം വാദിച്ചതിങ്ങനെയാണു്: "എനിക്കു് ലഭിക്കുന്ന അവസരം ഞാൻ പാഴാക്കുന്നപക്ഷം പൊതുഗുണത്തിനുവേണ്ടി മററുള്ളവർ ത്യാഗമനുഷ്ഠിക്കുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നതെങ്ങനെ?"

സ്വകുടുംബത്തെ സംബന്ധിക്കുന്ന യാതൊരു കാര്യത്തിലും സ്വന്തമായി തീരുമാനങ്ങരം ചെയ്യുന്നതു് യോജ്യമല്ല എന്ന അഭിപ്രായക്കാരനായിരുന്നു ഈ യുവാവു്. ആകയാൽ അയാരം ഭാര്യയോടും ആലോചിച്ചു. അവളാകട്ടെ, ധൈര്യപൂർവ്വം വേണ്ടത്ര പ്രോത്സാഹനങ്ങരം നല്കുയാണു് ചെയ്തതു്. അങ്ങനെ തനിക്കും തൻെറ മക്കരംക്കും വന്നുഭവിച്ചേക്കാവുന്ന സാമ്പത്തിക നഷ്ടങ്ങളെല്ലാം അവഗണിച്ചുകൊണ്ടു്, മുന്നോട്ടുതന്നെ പോകാൻ അയാരം തീരുമാനിച്ചു.

"ഓരോ രാജ്യത്തിനും അതഹിക്കുന്ന ഗവമ്മെൻറു് ലഭിക്കുന്നു" എന്ന തത്വം എല്ലാവരും ഉരുവിടാറുണ്ടു്. എന്നാൽ ഒട്ടുമിക്കവരും, അതിൽ അടങ്ങിയിരിക്കുന്ന വെല്ലുവിളി ഗ്രഹിക്കാതെ ഒരു നിസ്സഹായമനസ്ഥിതിയോടുകൂടി അതിനു തല കുനിക്കുന്നു. എന്നാൽ ഉദ്ദേശം 260 കൊല്ലങ്ങരംക്കുമുമ്പു് വില്യംപെൻ അതിനെ വിമശിച്ചിട്ടുണ്ടു്: "നല്ല ആളുകരം മേധാവിത്വം വഹിക്കുന്നപക്ഷം ശരിയായി പ്രവത്തനം നടത്താൻ സാധിക്കാത്തവിധത്തിൽ അത്ര വഷളായി ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ള യാതൊരു ഭരണസമ്പ്രദായവുമില്ല."

ക്രിസ്തീയചൈതന്യമുള്ള അനേകംപേർ, അസൗകര്യങ്ങളേയും കഷ്ടനഷ്ടങ്ങളേയും അവഗണിച്ചുകൊണ്ടു് ഗവമ്മെൻറുദ്യോഗങ്ങളിൽ പ്രവേശിച്ചെങ്കിൽ മാത്രമേ നമ്മുടെ ഭരണസമ്പ്രദായം അഭിവൃദ്ധിപ്പെടുകയുള്ളൂ.

"ജനങ്ങളെ ഭരിക്കുന്ന നിങ്ങൾ കേൾക്കുവിൻ........നിങ്ങളുടെ പ്രവൃത്തികളെ പരിശോധിക്കുകയും നിങ്ങളുടെ ചിന്തകളെ ചുഴിഞ്ഞുനോക്കുകയും ചെയ്യുന്ന കർത്താവിനാൽ നിങ്ങൾക്കു് അധികാരവും അത്യുന്നതനാൽ നിങ്ങൾക്കു ശക്തിയും നൽകപ്പെട്ടിരിക്കുന്നു." (ബോധജ്ഞാനം 6: 3—4)

ദൈവമേ! പൊതുഭരണം ശരിയായി നടക്കുന്നതിനു് നിയുക്തമായ നിയമങ്ങളേയും ഉന്നതാദർശങ്ങൾ നിറഞ്ഞ അധികാരികളേയും ഞങ്ങൾക്കു പ്രദാനം ചെയ്തരുളേണമേ.

## ഏപ്രിൽ 2

1797-ൽ അമേരിക്കൻ ഐക്യനാടുകളിൽ ഇരുമ്പുകലപ്പ കണ്ടുപിടിച്ച അവസരത്തിൽ ന്യൂജേഴ്സിയിലെ കൃഷിക്കാർ അതുപയോഗിക്കാൻ വിസമ്മതിച്ചു. അതു മണ്ണിൽ വിഷംകലത്തുമെന്നും അങ്ങനെ കളകളുടെ വളർച്ചയെ സഹായിക്കുമെന്നുമാണു് അവർ പറഞ്ഞ ന്യായം.

ഇരുമ്പുകപ്പലുകൾ വെള്ളത്തിൽ പൊങ്ങിക്കിടക്കുകയില്ലെന്നും ഈ ലോഹം വടക്കുനോക്കിയന്ത്രത്തിന്റെ പ്രവത്തനത്തെ തടസ്സപ്പെടുത്തുമെന്നും മരക്കപ്പലുകളെക്കാൾ വേഗത്തിൽ ഇരുമ്പുകപ്പലുകൾക്കു കേടു ഭവിക്കുമെന്നും മററും വാദിച്ച മറെറാരു കൂട്ടം ആളുകളുമുണ്ടായിരുന്നു.

1888-ൽ ബഫിംഗ്ടൺ ഉരുക്കുഫ്റെയിംകൊണ്ടുള്ള പലനിലകെട്ടിടങ്ങൾ പണിയുന്നതിന്റെ പേററൻറ വാങ്ങിയപ്പോൾ "ആക്കിട്ടെക്ച്ചറൽ ന്യൂസ്" എന്ന പത്രം ആ പദ്ധതി വിജയപ്രദമാകയില്ലെന്നു് നിർബന്ധപൂർവ്വം വാദിച്ചുകൊണ്ടിരുന്നു.

ലോകത്തെ സമുദ്ധരിക്കുന്നതിനായി ക്രിസ്തു സംവിധാനം ചെയ്തിരിക്കുന്ന പദ്ധതി വിജയപ്രദമാകയില്ലെന്നു വിശ്വസിക്കുന്നവർ ഇപ്പോഴുമുണ്ടു. ആ മാർഗ്ഗത്തിൽക്കൂടി ലോകത്തെ നന്നാക്കാൻ സാധിക്കയില്ലെന്നാണവരുടെ വാദം. അതു തെററാണെന്നു കാണിക്കുവാൻ ഒരു ക്രിസ്റ്റഫറിനു് വളരെയധികം അവ

സരങ്ങരം ലഭിക്കുന്നതായിരിക്കും. നിങ്ങളുടെ ജീവിതത്തിലും ലോകത്തിലുമുണ്ടാകുന്ന പരിവർത്തനംവഴിയാണു് നിങ്ങളതു കാണിച്ചുകൊടുക്കേണ്ടതു്.

"രക്ഷനല്കാൻ സാധിക്കാത്തവിധത്തിൽ കർത്താവിൻെറ കരത്തിൻെറ നീളം കുറയുകയോ കേരംക്കാൻ സാധിക്കാത്തവിധത്തിൽ കർത്താവിൻെറ കാതുകരം ഭാരമുള്ളവയാകുകയോ ചെയ്തിട്ടില്ല." (ഏശയ്യ 59:1)

പരാതിപ്പെടുന്നവനാകാതെ പ്രവർത്തിക്കുന്നവനാകാൻ വേണ്ടി പ്രാർത്ഥിക്കുക.

## ഏപ്രിൽ 3

കഴിഞ്ഞ ഏതാനും തലമുറകളായിട്ടു് വളരെ ഉപദ്രവം ചെയ്തിട്ടുള്ള ഒരബദ്ധ ധാരണയാണു് ശാസ്ത്രം ദൈവവിശ്വാസത്തെ നിരർത്ഥമാക്കി എന്നുള്ളതു്. ആപൽക്കരമായ ഈ ധാരണയെ തിരുത്തുന്നതിൻെറ നല്ലൊരു മാതൃക ഒരു വിദ്യാർത്ഥിവഴി എനിക്കു ലഭിക്കുകയുണ്ടായി. ഹൈസ്കൂരം ക്ലാസ്സുകരംക്കായി ഡൊനാാൾഡു് എച്ചു്. പെയിസ്റ്റർ, ഡോക്ടർ ജോർജ്ജു് ജെ സ്റ്റ്യൂസ് എന്ന രണ്ടുപേർകൂടി രചിച്ചിട്ടുള്ള ഒരു ശാസ്ത്രഗ്രന്ഥം അവൻ എന്നെ കാണിച്ചുതന്നു. അതിൻെറ മുഖവുരയിൽ അദ്ധ്യാപകന്മാക്കു് കൊടുത്തിരിക്കുന്ന നിർദ്ദേശം ഇതാണു്:–

"ശാസ്ത്രവും മതവും തമ്മിൽ യാതൊരു സംഘട്ടനത്തിനും അവകാശമില്ല. ശരിയായ ശാസ്ത്രജ്ഞാനം പ്രപഞ്ചസ്രഷ്ടാവിൻെറ നേക്കു് കൂടുതൽ ഭക്തിയും ബഹുമാനവും സംജാതമാക്കുകമാത്രമേ ചെയ്യുകയുള്ളു."

വിദ്യാർത്ഥികരംക്കു് ഗ്രന്ഥകർത്താക്കരം നൽകിയിരിക്കുന്ന ഉപദേശം ഇപ്രകാരമാണു്:–

"ശാസ്ത്രം എന്നു പറയുന്നതു് പ്രകൃതിയേയും അതിൻെറ പ്രവത്തനങ്ങരംക്കു് ആധാരമായിരിക്കുന്ന നിയമങ്ങളേയും സംബന്ധിച്ച പഠനമാണു്. നിങ്ങളുടെ അനുദിനജീവിതത്തിൽ നിങ്ങരം അനുസരിക്കേണ്ട നിയമങ്ങളുണ്ടെന്നു നിങ്ങരംക്കറി

യാം. ഒരു പ്ലാനനുസരിച്ചു് ഈ പ്രപഞ്ചം പ്രയാണംചെയ്യുന്നതിനുവേണ്ടി ദൈവവും ചില നിയമങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. ശാസ്ത്രജ്ഞൻ പ്രസ്തുത ദൈവികനിയമങ്ങളെ കണ്ടുപിടിക്കുവാനും വ്യാഖ്യാനിക്കുവാനുമാണു് സദാ പരിശ്രമിച്ചുകൊണ്ടിരിക്കുന്നതു്."

ആയിരമായിരംപേരുടെ ജീവിതങ്ങൾക്കു് രൂപംകൊടുക്കുന്ന പാഠ്യപുസ്തകങ്ങളിൽ ദൈവത്തിനു സ്ഥാനം നല്കുന്നതിനു് മേല്പറഞ്ഞ ഗ്രന്ഥകാരന്മാരെപ്പോലെയുള്ള അനേകംപേർ ആവശ്യമായിരിക്കുന്നു.

"കർത്താവിന്റെ തൃക്കൈയാണു് ഇവയെല്ലാം ഉണ്ടാക്കിയതെന്നു് അറിഞ്ഞുകൂടാത്തതു് ആർക്കാണു്." (ജോബ്ബ് 12: 9.)

ദൈവമേ! പാഠ്യപുസ്തകങ്ങൾ നിർമ്മിക്കുന്നവരെ ആശീർവ്വദിക്കുകയും നേർവഴിക്കു നയിക്കുകയും ചെയ്യണമേ.

## ഏപ്രിൽ 4

ഒരു പ്രത്യേകനിയമം പാസ്സാക്കുന്നതിനുവേണ്ടി വോട്ടുചെയ്തതിൽ കൃതജ്ഞതപ്രകാശിപ്പിക്കുന്നതിനായി തന്റെ നിയോജകമണ്ഡലത്തിലെ മെമ്പർക്കു് ഒരാളൊരു കത്തെഴുതി. അതിനു ലഭിച്ച മറുപടി ഇപ്രകാരമായിരുന്നു:-

"നിങ്ങളുടെ കത്തു് എന്നിൽ ആശ്ചര്യവും ആനന്ദവും ഉളവാക്കി. കഴിഞ്ഞ 13 കൊല്ലക്കാലം ഞാൻ നിങ്ങളുടെ ഡിസ്ട്രിക്ടിന്റെ പ്രതിനിധിയായിരുന്നു. എന്നാൽ, ഒരു നിയമസഭാസാമാജികൻ എന്ന നിലയിൽ എന്റെ ചുമതല നിർവ്വഹിക്കുന്നതിനു് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടുള്ള ഒരു കത്തു് ഇദംപ്രഥമമായിട്ടാണു് എനിക്കു് ലഭിക്കുന്നതു്."

ഈ മറുപടി നമ്മെ ഇരുത്തിച്ചിന്തിപ്പിക്കേണ്ട ഒന്നാണു്. ക്രിസ്തീയതത്വങ്ങൾ രാഷ്ട്രീയജീവിതത്തിൽ പ്രതിഫലിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർക്കു് അതു വലിയ ഉത്തേജനമാണു് നൽകുന്നതു്.

കത്തുകൾമുഖേന നന്മചെയ്യുവാൻ ഏവക്കും കഴിയുന്നതാണ്. പ്രത്യേകിച്ചും പ്രധാനപ്പെട്ട ജീവിതത്തുറകളിൽ കാര്യക്ഷമമായ എന്തെങ്കിലും ചെയ്യത്തക്കവണ്ണം സ്വയം സമർപ്പിക്കുന്നതിനു സാധിക്കാത്തവക്കുള്ള ഒരു സേവനോപാധിയാണതു്. ക്രിസ്തീയ തത്വങ്ങൾക്കു് എതിരായി നിലകൊള്ളുന്നവരാകട്ടെ ഒരിക്കലും മിണ്ടാതിരിക്കയില്ല. നിയമത്തിനും ക്രമത്തിനും ഔചിത്യത്തിനുംവേണ്ടി നിലകൊള്ളുന്നവരുടെ ചെയ്തികളെ പ്രതിഷേധിച്ചുകൊണ്ടുള്ള നിരവധി കത്തുകളാണ് മേല്പറഞ്ഞ കൂട്ടരുടെ തൂലികത്തുമ്പിൽനിന്നും ടൈപ്പ്റൈറ്റർ യന്ത്രങ്ങളിൽനിന്നും പ്രവഹിക്കുന്നതു്.

ഒരു ക്രിസ്തുഹറിന്റെ കത്തുകൾ സൃഷ്ടിപരങ്ങളായിരിക്കും, വൃഥാ വിമർശനപരങ്ങളായിരിക്കയില്ല. അയാൾ തിന്മയെപ്പററി ആവലാതിപ്പെടുകമാത്രം ചെയ്യാതെ നന്മ പ്രവർത്തിക്കുവാൻ പ്രോത്സാഹനം നല്കും. അയാൾ സദാ ഇങ്ങനെയായിരിക്കും എഴുതുന്നതു്:

"സ്നേഹത്തിന്റേയും സൽപ്രവൃത്തികളുടേയും പ്രോത്സാഹനത്തിൽ നാം അന്യോന്യം ശ്രദ്ധിച്ചുകൊള്ളണം."
(എബ്രാ 10:24)

സൽകൃത്യങ്ങൾ ചെയ്യുന്നവക്കും പ്രോത്സാഹകങ്ങളായ കത്തുകൾ എഴുതുവാൻ ലഭിക്കുന്ന അവസരങ്ങൾ നഷ്ടപ്പെടുത്താതിരിപ്പാൻവേണ്ടി പ്രാത്ഥിക്കുക.

## ഏപ്രിൽ 5

മ്ലാനവദനനായി, ചിന്താമഗ്നനായി വഴിയരികിൽ ഇരുന്നിരുന്ന ഒരാളോടു ഒരു യാത്രക്കാരൻ ചോദിച്ചു:

"നിങ്ങളുടെ പരുത്തികൃഷി എങ്ങനെയിരിക്കുന്നു"?

"അതിനു കേടൊന്നും പററിയില്ല..........പ്രാണികളുടെ ഉപദ്രവം ഭയന്നു കൃഷി ചെയ്തതേയില്ല."

"ആകട്ടെ, ഗോതമ്പെങ്ങനെയിരിക്കുന്നു?"

"മഴയുണ്ടാകയില്ലെന്നു കരുതി അതും കൃഷിചെയ്തില്ല."

"ഉരുളക്കിഴങ്ങോ?"

"അതും അങ്ങനെതന്നെ. അതിന്റെ കാര്യത്തിൽ, കൃമികൾ ബാധിക്കുമെന്ന പേടിയായിരുന്നു."

"പിന്നെ നിങ്ങൾ എന്താണു കൃഷിചെയ്തതു്?"

"ഒന്നും വേണ്ടെന്നുവച്ചു. കൃഷിപ്പിഴകൂടാതെ കഴിക്കാമല്ലോ."

പല മനുഷ്യരുടേയും മനോഭാവം ഇതുപോലെയാണു്. അവരുടെ വീക്ഷണം വളരെ ഹ്രസ്വമാണു്. പക്ഷേ അതു വലിയ ഉപദ്രവമാണു് വരുത്തിവയ്ക്കുന്നതു്. ഏതെങ്കിലും ഒരു പ്രസ്ഥാനമാരംഭിക്കുമ്പോൾ ന്യായമായ സൂക്ഷ്മം വേണമെന്നതു ശരിതന്നെ. പക്ഷേ അതിരുകവിഞ്ഞ സൂക്ഷ്മവും ആപത്ശങ്കയും സ്വാശ്രയബോധത്തിന്റേയും ദൈവവിശ്വാസമില്ലായ്മയുടേയും അടയാളമാണു്. ലോകത്തിലുള്ള മിക്ക കുഴപ്പങ്ങളുടേയും കാരണവും ഇതുതന്നെ. ദുഷ്കൃത്യങ്ങൾ ചെയ്വാൻ സന്നദ്ധനായിരിക്കുന്ന ഒരു ദൈവദ്രോഹി വരുത്തിക്കൂട്ടുന്നതിൽ കൂടുതൽ നാശം പ്രവൃത്തിരഹിതനായിരിക്കുന്ന ഒരു "നല്ല മനുഷ്യൻ" വരുത്തിവെക്കുന്നു.

"അലസതമുഖേന ഒരു ഭവനം നിലംപതിക്കാവുന്നതാണു്." (പ്രസംഗികൻ 10 : 18)

പാപകരമായ പ്രവൃത്തിപോലെ മിക്കപ്പോഴും അലസതനിമിത്തമുള്ള പ്രവൃത്തിരാഹിത്യവും കുററകരമാണെന്നു സദാ സ്മരിക്കുവാൻ കർത്താവേ! എന്നെ അനുഗ്രഹിക്കേണമെ!

## ഏപ്രിൽ 6

"വിപ്ലവങ്ങൾ ആരംഭിക്കുന്നതു ബോംബുനിർമ്മാണശാലകളിലല്ല, മഷിക്കുപ്പികളിലാണു്" എന്നത്രെ ഫറാൻസീസ് ഹാക്കററ് അടുത്തകാലത്തു പ്രസിദ്ധംചെയ്ത ഒരു ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതു്. അദ്ദേഹം തുടന്നു പ്രസ്താവിക്കുന്നു: "ജർമ്മനി മുമ്പു ചെയ്തിരുന്നതുപോലെയും റഷ്യ ഇപ്പോൾ ചെയ്യുന്നതുപോലെയും എഴുത്തുകാരുടെ ബുദ്ധി പരിശോധിക്കുന്ന ഗവമ്മെൻറു്

വിമർശനം എത്രമാത്രം പതഞ്ഞുപൊങ്ങിയെന്നു സൂക്ഷ്മനിരീക്ഷണംചെയ്യുകയും സാഹിത്യകാരന്മാരെ രാഷ്ട്രീയമായ അടവുകരം ഉപയോഗിച്ചു് നയിക്കുകയോ നിയന്ത്രിക്കുകയോ നശിപ്പിക്കുകയോചെയ്തു് സ്വാതന്ത്ര്യത്തിൻെറ വേരറുത്തുകളയുകയും ചെയ്യുന്നു.

ഒരു സാഹിത്യകാരൻ — അയാളൊരു നോവലെഴുത്തുകാരനോ, ചെറുകഥാകൃത്തോ, ലേഖനകർത്താവോ, പത്രാധിപരോ, റേഡിയോ ടെലവിഷൻ ചലച്ചിത്രം എന്നിവയ്ക്കുവേണ്ടി എഴുതുന്നവനോ ആരായിരുന്നാലുംശരി-വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു വ്യക്തിയാണെന്നതിനു സംശയമില്ല. ലിഖിതങ്ങളാണു യഥാർത്ഥത്തിൽ ലോകത്തിൽ പരിവർത്തനം നടത്തുന്നവ. ബൈറൺ എന്ന കവി പറഞ്ഞിരിക്കുന്നതുപോലെ, "ഒരുതുള്ളി മഷി അനേകായിരംപേരെ, ചിലപ്പോഴെല്ലാം അനേകലക്ഷം പേരെ, ഇരുത്തിച്ചിന്തിപ്പിക്കുന്നു"

സ്വേച്ഛാധിപതികളായ രാഷ്ട്രീയ മേധാവികരംക്കെല്ലാം ഇതറിയാം. എന്നുതന്നെയല്ല, ഇരിക്കുന്നകൊമ്പു അറുത്തുകളയുന്ന പല എഴുത്തുകാരുമുണ്ടു്; നമ്മുടെ ഇടയിൽ. ഉത്തമാദർശങ്ങരംനിറഞ്ഞ സാഹിത്യകാരന്മാർ വർദ്ധമാനമായ തോതിൽ ബഹുജനസേവനം നിർവ്വഹിക്കുവാനായി രംഗപ്രവേശം ചെയ്യാത്തപക്ഷം, അവരും മററെല്ലാവരും അതിൻെറ തിക്തഫലമനുഭവിക്കാതിരിക്കുകയില്ല.

"നിങ്ങളെ ഓർമ്മപ്പെടുത്തുവാൻ തക്കവണ്ണം ഏറെക്കുറെ ധൈര്യത്തോടുക്രൂടി നിങ്ങരംക്കു ഞാൻ എഴുതിയിരിക്കുന്നു." (റോമ. 15. 15)

ചുരുക്കംചിലർ വരുത്തിവയ്ക്കുന്ന നാശം നിവാരണംചെയ്യുന്നതിനു വളരെപ്പേർ സാഹിത്യസേവനം ചെയ്യുന്നതിനുവേണ്ടി പ്രാർത്ഥിക്കുക.

## ഏപ്രിൽ 7

"സാക്സൻജാതിയിൽപ്പെട്ട ഏതൊരു കുട്ടിയും പ്രഥമസ്ഥാനം ആഗ്രഹിക്കുവാൻ പരിശീലിക്കപ്പെടുന്നു" എന്നത്രെ റാൽ

ഫ് വാൾഡൊ എമേഴ്സൺ 1850-ൽ രേഖപ്പെടുത്തിയിരിക്കുന്നതു്. അദ്ദേഹം തുടരുന്നു: "തന്നോടു മത്സരിക്കുന്നവരുടെ ഇച്ഛാഭംഗവും അസൂയയും വിദ്വേഷവുമാണു് ഒരു മനുഷ്യൻ സ്വന്തം മഹാത്മ്യത്തിൻെറ മാനദണ്ഡമായി സ്വീകരിക്കുന്നതു്."

ക്രിസ്തുവിൻെറ അരൂപി അനാശാസ്യമായ ഈ മത്സരമനോഭാവത്തിൽനിന്നു് എത്ര വ്യത്യസ്തമായിരിക്കുന്നു! ഈ മനോഭാവമത്രെ കുടുംബങ്ങളിലും സ്കൂളുകളിലും മനുഷ്യഹൃദയങ്ങളിലും സംഘട്ടനങ്ങളുണ്ടാക്കുന്നതു്. ക്രിസ്തുഭർമാർ ആകാനാഗ്രഹിക്കുന്നവർ വി. പൗലോസിൻേറയും വി. യാക്കോവിൻെറയും താഴെചേർക്കുന്ന വാക്യങ്ങളെപ്പററി ധ്യാനിക്കേണ്ടതാണു്.—

1. "നിങ്ങൾ നിങ്ങളുടെ സഹോദരന്മാരെ സ്നേഹിക്കുകയും അന്യോന്യം ഉപവിയോടുകൂടി വർത്തിക്കുകയും ചെയ്യുവിൻ. പരസ്പരം ബഹുമാനിക്കുന്നതിൽ മുന്നിടുവിൻ."
(റോമ. 12: 10)

2. "നിങ്ങളിൽ ആരെങ്കിലും വിജ്ഞാനമോ പാണ്ഡിത്യമോ അവകാശപ്പെടുന്നുണ്ടോ? ഉണ്ടെങ്കിൽ, അവർ നല്ല മാതൃക കാണിച്ചുകൊണ്ടും ബുദ്ധിമാനായ ഒരു മനുഷ്യൻ ചെയ്യേണ്ടതുപോലെ സമാധാനപൂർവ്വം ജീവിച്ചുകൊണ്ടും അവൻെറ ഗുണവിശേഷത്തിനു തെളിവുനൽകട്ടെ. കടുത്ത അസൂയയും മത്സരചിന്തകളും നിങ്ങളുടെ ഹൃദയത്തിൽ കാണുന്നിടത്തോളംകാലം സത്യവിരുദ്ധമായ ഈ പ്രശംസാവചനങ്ങളെല്ലാം പാടില്ലാത്തവയാണു്........എന്തുകൊണ്ടെന്നാൽ, എവിടെ മാത്സര്യമുണ്ടോ, അവിടെ നിങ്ങൾ ക്രമരാഹിത്യവും എല്ലാത്തരം ന്യൂനതയും ദർശിക്കുന്നു." (യാക്കോബു് 3: 13-14: 16)

യഥാർത്ഥമഹാത്മ്യം സ്ഥിതിചെയ്യുന്നതു മററുള്ളവരെ ഉയർത്തിക്കൊണ്ടുവരുന്നതിലാണെന്നും അവരെ അടിച്ചുതാഴ്ത്തുന്നതിലല്ലെന്നും എൻെറ ഈശോ! എന്നെ പഠിപ്പിക്കേണമെ.

## ഏപ്രിൽ 8

19-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഒരു പ്രസിദ്ധ ആംഗ്ലേയസാഹിത്യകാരനാണു് സാമുവൽ ടെയ്ലർ കോളെറിഡ്ജ്.

അദ്ദേഹത്തിൻെറ കൃതികഠം, പ്രത്യേകിച്ചും Rime of the Ancient Mariner എന്ന കവിത, വിദ്യാൎത്ഥിലോകത്തിനു സുപരിചിതമാണു്. മനുഷ്യവ്യക്തിയുടെ ആദ്ധ്യാത്മികമൂല്യത്തിലുള്ള വിശ്വാസമത്രെ കോളെറിഡ്ജിൻെറ മഹാത്മ്യത്തിനു മാററു കൂട്ടിയ ഒരു പ്രധാനസംഗതി. പ്രസ്തുത വിഷയം സംബന്ധിച്ചു് യുക്തിയുക്തമായി ചിന്തിക്കുന്നതിനു് അദ്ദേഹത്തിനു കഴിയുമായിരുന്നു. അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക:

"ഒന്നുകിൽ നമുക്കു് അമൎത്ത്യമായ ഒരാത്മാവുണ്ടു്; അല്ലെങ്കിൽ ഇല്ല. അങ്ങനെയൊന്നില്ലാത്തപക്ഷം നമ്മഠം മൃഗങ്ങളാണു്. ഒരുപക്ഷേ ഒന്നാംകിടയിൽ പെട്ടവയും ഏററവും ബുദ്ധിയുള്ളവയുമായ മൃഗങ്ങളായിരിക്കും; എന്നുവരികിലും യഥാൎത്ഥമൃഗങ്ങഠംതന്നെ. ആനയും അച്ചിളും തമ്മിൽ വ്യത്യാസം ഉള്ളതുപോലെ, നമ്മുടെയിടയിൽ ഉച്ചനീചത്വങ്ങഠം ഉണ്ടായിരിക്കാമെങ്കിലും തരഭേദം ഉണ്ടായിരിക്കയില്ല."

മനുഷ്യനെ അടിമത്തത്തിലേക്കു വലിച്ചിഴയ്ക്കുവാൻ ആഗ്രഹിക്കുന്നവർ പറയുന്നതു് അവൻ ഒരു മൃഗംമാത്രമാണെന്നാണു്. ദുഷിച്ച ഈ ആശയം വിദ്യാഭ്യാസം, ഗവൺമെൻറു്, തൊഴിൽ, സാഹിത്യം, ചലച്ചിത്രങ്ങഠം, റേഡിയോ, ടെലവിഷൻ എന്നിവസംബന്ധിച്ച രംഗങ്ങളിൽ പ്രചരിപ്പിക്കുവാൻ അവർ അഹോരാത്രം പരിശ്രമിച്ചുവരുന്നുണ്ടു്. മൃഗങ്ങളെപ്പോലെ നമുക്കു വൎത്തിക്കുവാൻ നിവൃത്തിയില്ലാത്തതു്, പ്രധാനമായി നമുക്കു് അമൎത്ത്യമായ ഒരാത്മാവുള്ളതു നിമിത്തമാണെന്ന സംഗതി അവർ വിസ്മരിക്കുകയോ മനഃപൂൎവ്വം അവഗണിക്കുകയോ ചെയ്യുന്നു.

ആകയാൽ മനുഷ്യനു ആദ്ധ്യാത്മികമായ ഒരു വിലയുണ്ടെന്നു ബോധ്യമുള്ളവരായ നാം അരയും തലയും മുറുക്കി രംഗത്തിറങ്ങുകയും ആ ബോദ്ധ്യം എല്ലാ മനുഷ്യരുടേയും മനസ്സിൽ ദൃഢമൂലമാക്കുവാൻ പരിശ്രമിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

"നിത്യജീവൻെറ പുനരുത്ഥാനത്തിൽ ലോകത്തിൻ്റെ രാജാവു് അവിടത്തെ നിയമങ്ങഠക്കുവേണ്ടി മരിക്കുന്ന നമ്മെ ഉത്ഥാനം ചെയ്യിക്കുന്നതാണു്."

(11 മക്കബായ 7:9)

മററുള്ളവർ മനുഷ്യൻെറ ആദ്ധ്യാത്മികപ്രകൃതി നിഷേധിക്കുമ്പോഠം അതു പ്രഖ്യാപിക്കുവാനായി തത്തുല്യമായ തീക്ഷ്ണതയോടെ പ്രവത്തിക്കുവാൻവേണ്ട അനുഗ്രഹത്തിനായി പ്രാത്ഥിക്കുക.

## ഏപ്രിൽ 9

നല്ല മനസ്സാക്ഷിയും ഉന്നതാദശ്ങ്ങളുമുള്ള സ്ത്രീപുരുഷന്മാർ തങ്ങഠം ഏതു രാഷ്ട്രീയകക്ഷിയിൽ പെട്ടവരായാലും ഗവമ്മെൻറുദ്യോഗങ്ങഠം സ്വീകരിക്കുവാൻ സദാ സന്നദ്ധരായിരിക്കേണ്ടതത്രെ. അവക്കതിനു പ്രചോദനം നൽകുകയെന്നതു ക്രിസ്റ്റഫർലക്ഷ്യങ്ങളിൽപ്പെടുന്ന ഒന്നാണു്. താദൃശപ്രേഷിതവൃത്തിഗണ്യമായ വിജയം വരിക്കുമെന്നുള്ളതിനു താഴെചേക്കുന്ന കത്തു സാക്ഷ്യംവഹിക്കുന്നു.

"കെൻറക്കിയിലെ പ്രജാധിപത്യഗവമ്മെൻറുവക പ്രതിനിധിസഭയിലേക്കു് അടുത്തകാലത്തു ഞാൻ തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. എൻെറ വിജയംപ്രമാണിച്ചു അങ്ങയെ അനുമോദിക്കുവാൻ ഞാനാഗ്രഹിക്കുന്നു. "നിങ്ങഠംക്കു ലോകത്തെ വ്യത്യാസപ്പെടുത്തുവാൻ കഴിയും" എന്ന അങ്ങയുടെ ക്രിസ്റ്റഫർഗ്രന്ഥവും പ്രതിമാസലേഖയുമാണു് എനിക്കു പ്രോത്സാഹനവും മനശ്ശക്തിയും പ്രദാനംചെയ്തതു്. എൻെറ നിയോജകമണ്ഡലത്തെ നീതിയുക്തമായ വിധത്തിൽ പ്രതിനിധാനംചെയ്ക എന്ന മഹത്തായ ജോലി യഥാവിധി നിവ്വഹിക്കുന്നതിനുവേണ്ടി നിങ്ങഠം എനിക്കുവേണ്ടി പ്രാത്ഥിക്കുന്നപക്ഷം ഞാൻ കൃതാത്ഥനായിരിക്കും."

ചിലപ്പോഴെല്ലാം ഉത്തമരായ വ്യക്തികളെ പൊതുഗുണത്തിനായി വേലചെയ്യുന്നതിനുവേണ്ടി രാഷ്ട്രീയരംഗങ്ങളിലേക്കു പറഞ്ഞയയ്ക്കുവാൻ ഒരൊററവാക്കു മതിയായിരിക്കും. ഈ സംഗതി സദാ നമുക്കു ഉത്തേജനം നല്കട്ടെ. കെൻറക്കിയിലെ നിയമസഭാമെമ്പറെപ്പോലുള്ള അനേകായിരംപേരുടെ സേവനം ഇന്നാവശ്യമാണു്. അതിനു മേല്പറഞ്ഞവണ്ണം അവക്കുവേണ്ട

പ്രോത്സാഹനവും മാഗ്ഗനിർദ്ദേശവും നൽകുവാൻ നാം സന്നദ്ധരാകണം.

"സ്നേഹത്തിനും സൽപ്രവൃത്തികൾക്കും പ്രോത്സാഹനം നൽകിക്കൊണ്ടു് നമുക്കു് അന്യോന്യം ശ്രദ്ധയോടെ വർത്തിക്കാം. (എബ്രായ 10:24)

മററുള്ളവർ ക്രിസ്തുസംവാഹകരായി ഭവിപ്പാൻവേണ്ട പ്രോത്സാഹനം നൽകാൻ എൻെറ ഈശോ! എന്നെ സഹായിക്കേണമേ!

# ഏപ്രിൽ 10

ഒരിക്കൽ അബ്രാഹം ലിങ്കൺ ഒരുദ്യോഗസ്ഥനെ തൃപ്തിപ്പെടുത്തുവാൻവേണ്ടി ഏതാനും സൈനികവിഭാഗങ്ങളെ സ്ഥലംമാററി. പ്രസിഡൻറ് ചെയ്തതു വലിയൊരു പിശകായിപ്പോയെന്നു കരുതി യുദ്ധകാര്യ്യസെക്രട്ടറി, സ്റ്റാൻറൺ, ആ ഉത്തരവു് നടപ്പിൽവരുത്തുവാൻ വിസമ്മതിച്ചു. "ലിങ്കൺ ഒരു മണ്ടനാണു്" എന്നത്രെ അദ്ദേഹം ഉദ്ഘോഷിച്ചതു്.

സ്റ്റാൻറണിൻെറ അഭിപ്രായം കേട്ടപ്പോൾ ലിങ്കൺ പറഞ്ഞതിങ്ങനെയാണു്: "ഞാനൊരു മണ്ടനാണെന്നു സ്റ്റാൻറൺ പറഞ്ഞെങ്കിൽ ഞാനപ്രകാരമായിരിക്കണം. കാരണം, അദ്ദേഹത്തിനു സാധാരണ തെററു പററാറില്ല. ഞാനങ്ങുചെന്നു്, കാര്യ്യങ്ങൾ നേരിട്ടൊന്നന്വേഷിച്ചറിയട്ടെ."

ലിങ്കൺ അപ്രകാരംചെയ്തു. ആ ആജ്ഞ തെററിപ്പോയെന്നു സ്റ്റാൻറൺ അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തി. ഒച്ചപ്പാടൊന്നും കൂടാതെ അദ്ദേഹമതു പിൻവലിക്കുകയും ചെയ്തു.

മററുള്ളവർ തന്നെപ്പററി എന്തുപറഞ്ഞാലും അതിൽ അമർഷംകൊണ്ടിരുന്നില്ല എന്നതാണ് ലിങ്കൻെറ മഹാത്മ്യത്തിനു നിദാനമായിരുന്നതു്. അദ്ദേഹം എളിമയുള്ളവനായിരുന്നതിനാൽ വിമർശനങ്ങളെ സദാ സ്വാഗതംചെയ്തിരുന്നു.

നിങ്ങളുടെ ഹ്രസ്വമായ ജീവിതകാലത്തു ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി കാര്യ്യക്ഷമമായ എന്തെ

ങ്കിലും ചെയ്യാൻ നിങ്ങാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ വിമർശനങ്ങളെ ശാന്തതയോടും പ്രസന്നതയോടുംകൂടി നേരിടുവാൻ നിങ്ങാം പഠിച്ചിരിക്കുന്നതു നന്നായിരിക്കും. അതു നിങ്ങളുടെ അരൂപിയെ ശക്തിപ്പെടുത്തുകയും നിങ്ങളുടെ പ്രവർത്തനങ്ങളുടെ വിജയസാദ്ധ്യത വദ്ധിപ്പിക്കുകയും ചെയ്യും.

"ബുദ്ധിയുള്ള ഒരു മനുഷ്യൻ ശ്രവിക്കും. അവൻ കൂടുതൽ ബുദ്ധിയുള്ളവനായിത്തീരുകയും ചെയ്യും..."

(പഴഞ്ചൊല്ല് 1:5)

എൻെറ അഭിമാനത്തിനു കോട്ടംവരാത്ത വിധത്തിൽ വിമർശനങ്ങളെ നേരിടാൻ കത്താവേ! എന്നെ സഹായിക്കേണമേ!

## ഏപ്രിൽ 11

ഒരു വയോജനവിദ്യാഭ്യാസകേന്ദ്രം. 120പേരാണു് അവിടെ റഷ്യൻഭാഷ എഴുതാനും വായിക്കാനും സംസാരിക്കാനും അഭ്യസിച്ചുകൊണ്ടിരുന്നതു്. അതു പ്രയാസമേറിയ ഒരു ഭാഷ തന്നെയാണു്.

പരീക്ഷാഫലം പുറത്തുവന്നപ്പോാം ഏവരും വിസ്മയിച്ചുപോയി. 40 വയസ്സിനുമേൽ പ്രായമുള്ളവരാണു് ഏററവുമധികം മാക്കു് സമ്പാദിച്ചിരുന്നതു്. കോളേജ്വിദ്യാത്ഥികളോടൊപ്പം യാതൊരു പ്രയാസവുംകൂടാതെ അവർ ഭാഷാഭ്യസനം നടത്തിയിരുന്നു. ഏതദ്വിഷയകമായി, അധികാരപൂവ്വം അഭിപ്രായം പുറപ്പെടുവിക്കാൻ അർഹതയുള്ള ഒരു വ്യക്തി ഒരിക്കൽ പറഞ്ഞു; "നിങ്ങാം യഥാത്ഥത്തിൽ പഠിക്കാനാഗ്രഹിക്കുന്നുണ്ടെങ്കിൽ പ്രായം അതിനൊരു പ്രതിബന്ധമായിരിക്കയില്ല."

ക്രിസ്തീയാദർശങ്ങാം ബഹുജനരംഗങ്ങളിൽ പ്രചരിപ്പിക്കുവാൻ ആഗ്രഹമുണ്ടെങ്കിലും "പ്രായം കവിഞ്ഞുപോയി" എന്ന കാരണം പറഞ്ഞു കൃത്യവിമുഖരാകുന്നവർ ചിലരുണ്ടു്. അവരെ തട്ടിയുണത്തുന്നതിനു മേല്പറഞ്ഞതരം പരീക്ഷണങ്ങാം പര്യാപ്തങ്ങളാകാതിരിക്കയില്ല.

"വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും." നിങ്ങാം വൃദ്ധ

നായാലും ശരി, യുവാവായാലും ശരി, ക്രിസ്തുവിൻെറ നാമത്തിൽ ജനസാമാന്യത്തെ സമീപിക്കാൻ നിങ്ങാംക്ക സന്നദ്ധതയുള്ളപക്ഷം നിങ്ങാംക്കതിനു നിരവധി അവസരങ്ങാം ലഭിക്കുന്നതാണു്. സൽപ്രവൃത്തികാം ചെയ്യുന്നതിൽ നിങ്ങാം മരണംവരെ ഉറച്ചുനില്ക്കുകയാണെങ്കിൽ, നിങ്ങളുടെ ജീവിതത്തിലെ ഓരോ ദിനവും അഭിനവവും വർത്തമാനവുമായ രീതിയിൽ പ്രയോജനകരമായി ഭവിക്കുന്നതായിരിക്കും.

"മരണംവരെ നീ വിശ്വസ്തനായിരിക്കുക; എന്നാൽ ജീവൻെറ കിരീടം നിനക്കു ഞാൻ തരുന്നതാണു്."

(വെളി. 2:10)

നിങ്ങളിൽ ജീവനുള്ളിടത്തോളംകാലം ദൈവത്തിൻെറ തൃക്കരങ്ങളിൽ ഒരുപകരണമായി വർത്തിക്കുവാൻവേണ്ട അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## ഏപ്രിൽ 12

വിദേശകാര്യങ്ങളിൽ വിദഗ്ദ്ധാഭിപ്രായം പറയുന്ന ഒരു പത്രമാണു് ലണ്ടനിൽനിന്നു പുറപ്പെടുന്ന "എക്കണോമിസ്ററു്." ബാർബറാ വാർഡ്‌ എന്ന മഹതി അതിൻെറ സഹപത്രാധിപസ്ഥാനം കൈയേററപ്പോാം അവക്കു് 27 വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു. അതിനുമുമ്പു് അവരൊരു ഗായികയായിരുന്നു. എന്നാൽ പത്രാധിപ എന്ന നിലയിൽ അവരനുഷ്ഠിച്ചസേവനത്തിൻെറ ഗുണഫലങ്ങാം വിശ്വവ്യാപകമായി ഭവിച്ചു. യഥാർത്ഥത്തിൽ അവരൊരു ക്രിസ്റ്ററഫർ ആണെന്നതിനു സംശയമില്ല.

അവക്കതിനുവേണ്ട പ്രചോദനം എവിടെനിന്നു ലഭിച്ചു? ഏതത്സംബന്ധമായി ഒരാാം എഴുതിയിരിക്കുന്നതു് ഇപ്രകാരമത്രെ: "ഒരു വ്യക്തിയെന്ന നിലയിൽ ബാർബറയ്ക്കു തീഷ്ണമായ മതബോധം ഉണ്ടു്. എന്നാൽ ക്രിസ്തുമതം കേവലം വ്യക്തിപരവും ആദ്ധ്യാത്മികരംഗത്തിലെ ഒരധികതത്വമായി പരിഗണിക്കപ്പെടാവുന്നതും അനുദിനജീവിതത്തിൽനിന്നു് അകററിനിർത്താവുന്നതുമായ ഒന്നാണെന്നു് അവക്കഭിപ്രായമില്ല. പരസ്യ

വും രഹസ്യവുമായി ജീവിതമുറകളെ സംബന്ധിക്കുന്ന സജീവമായ ഒരു ശക്തിവിശേഷമാണതെന്നത്രെ അവരുടെ അഭിപ്രായം." ചുരുക്കിപ്പറഞ്ഞാൻ, ആ മഹതി കർത്താവിൻെറ താഴെ ചേക്കുന്ന വാക്കുകൾ ഏടിസ്ഥമാക്കിയിരുന്നു

"നാഥാ, നാഥാ, എന്നെന്നേ വിളിക്കുന്നവർക്കെല്ലാം സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം ലഭിക്കുകയില്ല. അതു എൻെറ സ്വർഗ്ഗസ്ഥനായ പിതാവിൻെറ തിരുഹിതം നിറവേററുന്നവർക്കുമാത്രമേ, ലഭിക്കൂ. (മത്തായി 7: 21)

വിശ്വാസം, ശരണം, ഉപവി എന്ന മൂന്നു ദാനങ്ങൾ നിങ്ങളുടെ സ്വന്തം മാത്രമായി പരിഗണിക്കരുതു്. പ്രത്യുത, ദൈവദത്തമായ ഒരവകാശമെന്നോണം അവയെ, എല്ലാവർക്കും, ദൈവത്തെ വെറുക്കുന്നവർക്കുകൂടി, പ്രദാനം ചെയ്യേണ്ടതാണ്. ഇതു ചെയ്യുവാൻ നിങ്ങൾക്കു്, പ്രത്യേകിച്ചും നിങ്ങളൊരു ക്രിസ്ററഫറാണെങ്കിൽ, വ്യക്തിപരമായ ഒരു ചുമതലയുണ്ടു്.

പരിശുദ്ധാത്മാവേ! എൻെറ വിശ്വാസം പരിരക്ഷിക്കുകമാത്രമല്ല, പ്രചരിപ്പിക്കുകകൂടി ചെയ്യുവാൻ എന്നെ പഠിപ്പിക്കേണമേ!

## ഏപ്രിൽ 13

ലോകത്തിനു് പ്രത്യാശയ്ക്കു വഴിയുണ്ടെന്നുള്ളതു്–ദൈവസഹായത്തോടുകൂടി ചെറിയ മനുഷ്യർക്കു് വലിയ കാര്യങ്ങൾ നിർവ്വഹിക്കുവാനും നമ്മെ സമാധാനത്തിൻെറ രാജപാത ിലേക്കു നയിക്കുവാനും സാധിക്കുമെന്നുള്ളതു്– ഒരു ക്രിസ്റ്റഫർ സിദ്ധാന്തമാണു്. നിങ്ങൾ ആരെങ്കിലും ആയിക്കൊള്ളട്ടെ, നിങ്ങളുടെ കഴിവുകൾ എത്രയെങ്കിലും പരിമിതമായിക്കൊള്ളട്ടെ, ലോകത്തെ സമുദ്ധരിക്കുവാൻ കുറെയൊക്കെ ചെയ്യുവാൻ നിങ്ങൾക്കും സാധിക്കുന്നതാണു്. ആകയാൽ നിങ്ങൾ നിസ്സാരനല്ല, അപ്രധാനനല്ല.

"അന്ധകാരത്തെ പഴിക്കുന്നതിനേക്കാൾ ഭേദം ഒരു കൈ

ത്തിരി കത്തിച്ചുകാണിക്കുന്നതാണെ"ന്ന വിശ്വാസത്തോടുകൂടി ക്രിസ്റ്റഫർമാർ രംഗത്തിറങ്ങുന്നു. അതാണ് വിശുദ്ധ പൗലോസിൻെറ സ്പഷ്ടിപരമായ വീക്ഷണഗതി:

"തിന്മ നിങ്ങളെ ജയിക്കരുതു്; മറിച്ചു്, നിങ്ങൾ നന്മകൊണ്ടു് തിന്മയെ ജയിക്കുവിൻ." (റോമ. 12:21)

അന്ധകാരത്തെ ആട്ടിയോടിക്കുവാനുള്ള മാർഗ്ഗം പ്രകാശത്തെ കൊണ്ടുവരുകയാണു്. ലോകത്തെ മുടിക്കാനായി വേല ചെയ്യുന്നവരെക്കാൾ കൂടുതൽപേർ അതിനെ രക്ഷിക്കാനായി ആത്മാർത്ഥതയോടും ഉദാരമനസ്സോടുംകൂടി വേലചെയ്യേണ്ടിയിരിക്കുന്നു. അപ്പോൾമാത്രമേ ഇന്നത്തെ സ്ഥിതിഗതികൾ ഭേദപ്പെടുകയുള്ളു.

ലോകത്തിൽ ഇന്നു കാണുന്ന തകരാറുകൾക്കെല്ലാം ഉത്തരവാദികൾ മനുഷ്യരാശിയുടെ ഒരു ശതമാനം മാത്രമാണു്. തീർച്ചയായും ക്രിസ്റ്റഫർമാരായി വേലചെയ്യുവാൻ സന്നദ്ധതയുള്ള ഒരു ശതമാനം പേരെ, തലതിരിഞ്ഞുപോകാത്തവരും ഔചിത്യബോധമുള്ളവരുമായ അത്രയും പൗരന്മാരെ, കണ്ടുപിടിക്കുവാൻ വിഷമമില്ല. അവർ ജീവിതത്തിൻെറ നീർച്ചാലുകളിലേക്കു് സനാതനസത്യങ്ങളെ സംവഹിക്കണം. മേല്പറഞ്ഞ കൂട്ടർ അവയെ നിർമ്മാർജ്ജനംചെയ്യാനാണു് അത്യദ്ധ്വാനം ചെയ്യുന്നതു്.

"ആകയാൽ ബലവാന്മാരായ നാം ബലഹീനന്മാരുടെ അശക്തതകൾ വഹിക്കണം. നാം നമ്മെത്തന്നെ പ്രസാദിപ്പിക്കരുതു്." (റോമ. 15: 1.)

ദൈവമേ! ജീവിതനാടകത്തിൽ എൻെറ ഭാഗം ശരിയായി അഭിനയിക്കുവാൻ എന്നെ സഹായിക്കേണമെ.

## ഏപ്രിൽ 14

"ഇന്നത്തെ ദുർഘടസന്ധി" എന്ന ശീർഷകത്തിൽ ജയിംസ് റസ്സൽ ലോവൽ എഴുതിയ ഒരു കവിതയിൽ ഇപ്രകാരം പറഞ്ഞിരുന്നു: "എന്നെങ്കിലും ഏതൊരു വ്യക്തിയും ഏതൊരു

ജനപദവും സ്വയം നിർണ്ണയം ചെയ്യേണ്ട ഒരു നിമിഷം വരും —സത്യവും അസത്യവും തമ്മിലുള്ള യുദ്ധത്തിൽ, നന്മയുടേയോ തിന്മയുടേയോ ഭാഗത്താണ് ചേരേണ്ടതെന്നു്."

ദൈവമുണ്ടു്; അവിടത്തെ ശത്രുവുമുണ്ടു്. ഇവരിൽ ഒരാളെ തിരഞ്ഞെടുക്കേണ്ട ആവശ്യം പലപ്പോഴും ആവിർഭവിക്കുന്നു. നാം ജീവിച്ചിരിക്കുമ്പോൾ, ദൈവത്തെ തിരസ്കരിക്കുവാനുള്ള മനഃസ്വാതന്ത്ര്യംപോലും അവിടന്നു് നമുക്കനുവദിച്ചുതരുന്നു. പക്ഷേ ആ തിരഞ്ഞെടുപ്പിന്റെ കണക്കു ബോധിപ്പിക്കാനുള്ള സമയം തീർച്ചയായും സമാഗതമാകാതിരിക്കയില്ല.

1. "ഈ ദിവസം നിന്റെ മുമ്പിൽ ഞാൻ നന്മയും ജീവനും, മറുവശത്തു മരണവും ദുരിതവും വച്ചിരിക്കുന്നുവെന്നോർക്കുക." (ആവർത്തനം 30: 15.)

"ഒരാൾക്കു ഒരേസമയത്തു രണ്ടു യജമാനന്മാർക്കു അടിമയായിരിപ്പാൻ സാദ്ധ്യമല്ല. ഒന്നുകിൽ അവൻ ഒരുവനെ വെറുത്തു മററവനെ സ്നേഹിക്കണം. അല്ലെങ്കിൽ ഒരുവനെ സ്നേഹിച്ചു് അപരനെ ദ്വേഷിക്കണം. ഒന്നുകിൽ ദൈവത്തെ, അല്ലെങ്കിൽ ധനത്തെ സേവിക്കണം." (മത്തായി. 6: 24)

ദൈവമേ! അവിടുന്നെനിക്കു നൽകിയിരിക്കുന്ന മനഃസ്വാതന്ത്ര്യം തിന്മയ്ക്കായിട്ടാകാതെ നന്മക്കായിമാത്രം വിനിയോഗിക്കുവാൻ എനിക്കു പ്രചോദനം നല്കിയരുളേണമേ!

## ഏപ്രിൽ 15

ബുദ്ധിശാലിനിയും ഭാവനാസമ്പന്നയുമായ ഒരു ബാലികയായിരുന്നു മേരി. പക്ഷേ മൂകത്തായിരുന്നു അവളുടെ അരിശം ഇരുന്നിരുന്നതു്. മററുള്ളവരുമായി ഇണങ്ങിപ്പോകാൻ അവൾക്കസാദ്ധ്യമായിരുന്നു.

ആകയാൽ ഒരു മനശ്ശാസ്ത്രവിദഗ്ദ്ധന്റെ ഉപദേശപ്രകാരം അവളെ സഹായിക്കാൻ അവളുടെ അദ്ധ്യാപിക തീരുമാനിച്ചു.

ഒരു ദിവസം അവർ പറഞ്ഞു: "മേരീ, നീ നമ്മുടെ ക്ലാസ്സുവകയായി കളിക്കുന്നതിനുള്ള പ്രഹസനത്തിൻെറ പ്ലാൻ തയ്യാറാക്കണം. അതിൻെറ നായകൻ കോപശീലനും, മററുള്ളവരെല്ലാം പറയുന്നതു് തെററെന്നും താൻ പറയുന്നതുമാത്രം ശരിയെന്നും വിചാരിക്കുന്നവനുമായ ഒരു വ്യക്തിയായിരിക്കട്ടെ—പിന്നീടു് അവനെ സഹകരണബുദ്ധിയുള്ളവനും മററുള്ളവരുടെ അഭിപ്രായഗതി മനസ്സിലാക്കുവാൻ സാധിക്കുന്നവനുമായ ഒരാളായി മാററുക."

താൻ സൃഷ്ടിക്കേണ്ടതു് തന്നെപ്പോലെയുള്ള ഒരു കഥാപാത്രത്തെയാണെന്ന ബോധംകൂടാതെയാണു് മേരി ജോലിയാരംഭിച്ചതു്. പക്ഷേ കഥാപാത്രത്തിൻെറ സ്വഭാവത്തിൽ പരിവർത്തനം വരുത്തിത്തുടങ്ങിയപ്പോൾ അവളുടെ സ്വഭാവത്തിനും സാവകാശത്തിൽ മാററം വന്നുതുടങ്ങി. അവളുടെ കഥാനായകൻ മററുള്ളവരുമായി സ്ഹകരിച്ചു പ്രവർത്തിക്കുവാൻ പഠിച്ചു; അതോടെ അവളും.

ദൈവാനുഗ്രഹമുള്ളപക്ഷം നമുക്കോരോരുത്തർക്കുംസാധിക്കും മററുള്ളവരിൽ ഒരു മാററം വരുത്തുവാൻ; അതേസമയംതന്നെ നമ്മിലും ദൈവസ്നേഹം വർദ്ധമാനമാകയും ചെയ്യും. മററുള്ളവരെപ്പററി ചിന്തിക്കുകയും അവരെ സഹായിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നതുവഴി നാം പലപോഴും രണ്ടു കാര്യങ്ങൾ സാധിക്കുന്നുണ്ടു്.

"നാം പരസ്പരം സ്നേഹിക്കുന്ന പക്ഷം ദൈവം നമ്മിൽ വസിക്കുകയും അവിടത്തെ സ്നേഹം നമ്മിൽ പൂർത്തിയാക്കപ്പെടുകയും ചെയ്യുന്നു." (1 യോഹ. 4 : 12)

മററുള്ളവർ നന്നാവുന്നതിനു വേണ്ട സഹായം നൽകുന്നതുവഴി ഞാനും നന്നാവുന്നതിനു് കർത്താവേ! സഹായം നൽകിയരുളേണമെ.

## ഏപ്രിൽ 16

ഇക്കഴിഞ്ഞ യുദ്ധകാലത്തു ഒരു സാഹിത്യകാരൻ ഒരു സംഗതി പറയുകയുണ്ടായി. അദ്ദേഹം ഏതോ ഗവർമ്മെൻറുദ്യോ

ഗം വഹിച്ചുകൊണ്ടു് വാഷിംഗ്ടണിൽ വസിക്കുമ്പോഠം അദ്ദേഹത്തിൻെറ പേർ കേന്ദ്രഗവമ്മെൻറവക പല സമിതികളുടേയും മെയിലിംഗ് ലിസ്റ്റിൽ പെട്ടിരുന്നു. തത്ഫലമായി അദ്ദേഹത്തിനു പത്രമാസികകളും പുസ്തകങ്ങളും ശതക്കണക്കിനാണു് കിട്ടിവന്നതു്. അവയുടെ ഒരംശംപോലും വായിക്കുവാൻ അദ്ദേഹത്തിനു സമയമില്ലാതിരുന്നതുകൊണ്ടും, ഗവർമ്മെൻറ് മിതവ്യയം അഭ്യസിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി പലപ്പോഴും കേട്ടിരുന്നതുകൊണ്ടും, മെയിലിംഗ് ലിസ്റ്റിൽനിന്നും തൻെറ പേർ മാററുവാൻ അദ്ദേഹം അഭ്യർത്ഥിച്ചു. കുറെനാളത്തേക്കു മറുപടിയൊന്നും ലഭിച്ചില്ല. ഏതാനും വാരങ്ങഠക്കു ശേഷം ഒരു താഴ്ന്ന ഉദ്യോഗസ്ഥനിൽനിന്നും ഉപചാരപൂർവ്വകമായ ഒരു മറുപടി ലഭിച്ചു. താൻ ഇക്കാര്യം സംബന്ധിച്ചു നല്ലപോലെ ആലോചിച്ചെന്നും, അദ്ദേഹത്തിൻെറ പേർ എല്ലാലിസ്റ്റിൽനിന്നും മാററുന്നതാണു് കൂടുതൽ വ്യയഹേതുകമെന്നും അതിൽ പറഞ്ഞിരുന്നു.

ഗവമ്മെൻറുദ്യോഗം വഹിക്കുന്ന ഒരു ക്രിസ്റ്റുഫർ മിതവ്യയത്തിലും അതുപോലെതന്നെ സത്യസന്ധതയിലും കാര്യക്ഷമതയിലും ശ്രദ്ധപതിക്കേണ്ടതാണു്. സൂക്ഷ്മമില്ലായ്മയും അതിവ്യയവും അഴിമതികഠക്കു വഴിതെളിക്കും; ക്രമേണ അധഃപതനവും വന്നുഭവിക്കും. മാത്രമല്ല, എത്രമാത്രം സത്യസന്ധതയോടും കാര്യക്ഷമതയോടും മിതവ്യയശീലത്തോടുംകൂടിയാണോ രാജ്യഭരണം നിവ്വഹിക്കപ്പെടുന്നതു് അത്രയ്ക്കും ദൈവാനുഗ്രഹം ലഭിക്കുകയും ചെയ്യും.

"നിൻെറ മുമ്പിൽ വച്ചിരിക്കുന്ന സാധനങ്ങളെ മിതവ്യയശീലനായ ഒരു മനുഷ്യനെപ്പോലെ ഉപയോഗിക്കുക." (Eccl. .31:19)

കൂടുതൽ സത്യവാന്മാരും സമർത്ഥരും മിതവ്യയശീലരുമായ ഗവമ്മെൻറുദ്യോഗസ്ഥന്മാർ ഉണ്ടാകുവാൻവേണ്ടി പ്രാർത്ഥിക്കുക.

# ഏപ്രിൽ 17

നല്ലപോലെ ചെവികേൾക്കാൻ പാടില്ലാതിരുന്ന വൃദ്ധനായ ഒരു കൃഷീവലൻ ഒരു രാഷ്ട്രീയയോഗത്തിൽ സംബന്ധിക്കുവാനായി പോകുന്നവഴി എന്തോ തടസ്സമുണ്ടായതിനാൽ അല്പം കഴിഞ്ഞാണ് യോഗശാലയിൽ എത്തിയതു്. തന്നിമിത്തം പുറകിലേ അയാൾക്കൊരു ഇരിപ്പിടം കിട്ടിയുള്ളു. അവിടെ അയാൾ ഏതാണ്ട് 40 മിനിട്ടു നേരം മൗനമുദ്രിതനായി ഇരുന്നു. ആ സമയമെല്ലാം പ്രാസംഗികൻ ഇടതടവില്ലാതെ എന്തോ തട്ടിവിടുകയായിരുന്നു. അവസാനം വൃദ്ധൻ സമീപത്തിരുന്നിരുന്ന ഒരാളെ തോണ്ടിവിളിച്ചുകൊണ്ട് ചോദിച്ചു: "അദ്ദേഹം എന്തിനെക്കുറിച്ചാണ് സംസാരിക്കുന്നതു്?"

അല്പനേരം ആലോചിച്ചശേഷം അയാൾ മറുപടി പറഞ്ഞു: "എനിക്കറിഞ്ഞുകൂടാ, അദ്ദേഹം അക്കാര്യം പറഞ്ഞില്ല."

അതു വാസ്തവമായിരുന്നിരിക്കണം. ആ സമയമത്രയും പ്രാസംഗികൻ ശബ്ദഘോഷമുണ്ടാക്കിയിരുന്നെങ്കിലും പ്രാധാന്യമർഹിക്കുന്ന യാതൊന്നിനേയും പരാമർശിച്ചിരുന്നിരിക്കയില്ല. അദ്ദേഹം പല വ്യക്തികളേയും സംഘടനകളേയുംപോലെയാണ്. ക്രിസ്തുവിനുവേണ്ടി അനേക കാര്യങ്ങൾ നിർവ്വഹിക്കുവാൻ അവർക്കു സാധിക്കുമെങ്കിലും അവർ പ്രസംഗത്തിനായി വളരെയധികം സമയം ചെലവഴിക്കുകയും പ്രവൃത്തിക്കായി തുഛമായസമയം മാത്രം വിനിയോഗിക്കുകയും ചെയ്യുന്നു.

പലരും വിലയേറിയ അനേകം മണിക്കൂറുകൾ സംസാരിച്ചു സംസാരിച്ചു് കടത്തിവിടുന്നു. നിർമ്മാണാത്മകമായ ഒരൊററ സംഗതിപോലും ചെയ്യുകയുമില്ല. സംഗതികൾ അപഗ്രഥനംചെയ്യുക, കുററം വെളിവാക്കുക, അവിശ്വാസപ്രമേയങ്ങൾ പാസാക്കുക ആദിയായവ വളരെ എളുപ്പമാണ്. എന്നാൽ ഇക്കൂട്ടർ സ്ഥിതിഗതികൾ ഭേദപ്പെടുത്തുന്നതിനു് ഒരു ചെറുവിരൽ അനക്കുകപോലും ചെയ്യുകയില്ല.

"വായാടിയായ ഒരു മനുഷ്യൻ നീതീകരിക്കപ്പെടുമോ?"
(Job 11:2)

വ്യർത്ഥഭാഷണത്താൽ ഞാൻ വഞ്ചിതനാകാതിരിപ്പാൻ കർത്താവേ! എന്നെ സഹായിക്കേണമെ.

## ഏപ്രിൽ 18

ലെഫ്ററനൻറ് ബൻജമിൻ ടോളൻറ് — 24 വയസ്സായ ഒരമേരിക്കക്കാരൻ. താരതമ്യേന സുരക്ഷിതമായ സ്വസ്ഥാനം ഉപേക്ഷിക്കുവാനോ മുറിവേററ ഒരുദ്യോഗസ്ഥൻെറ സൈനിക വിഭാഗത്തിൻെറ നേതൃത്വം ഏറെറടുക്കുവാനോ സ്വന്തം ജീവൻ അപകടത്തിൽപ്പെടുത്തുവാനോ അദ്ദേഹം നിർബ്ബന്ധനായിരുന്നില്ല. പക്ഷേ വീരോചിതമായ ആ ത്യാഗമനുഷ്ഠിക്കുവാൻ അദ്ദേഹം സന്നദ്ധനായി. അദ്ദേഹം മരണമടഞ്ഞു.

പിന്നീടദ്ദേഹത്തിൻെറ വിൽപ്പത്രം കണ്ടുകിട്ടി— പഴയ ദ്രവിച്ച കടലാസിലുള്ള ഒരു ഹസ്തലിഖിതം. അദ്ദേഹത്തിൻെറ സ്വത്തിൽ 5 ശതമാനം സാധുക്കൾക്കായി നീക്കിവച്ചിരുന്നു. 5 ശതമാനം പള്ളിക്ക് — "ദൈവരാജ്യം ഭൂലോകത്തോടടുപ്പിക്കാനും," ഭൂലോകത്തെ ദൈവരാജ്യത്തോടടുപ്പിക്കാനും," 20 ശതമാനം കോൺഗ്രസ്സിനു നൽകാൻ ആഗ്രഹം പ്രദർശിപ്പിച്ചിരുന്നു —"എല്ലാജനങ്ങളുടേയും താല്പര്യങ്ങൾ സംരക്ഷിക്കുന്ന സമർത്ഥമായ ഒരു ഗവമ്മെൻറുണ്ടാകാൻവേണ്ടി." എന്നാൽ കോൺഗ്രസ്സ് നിർഭാഗ്യവശാൽ ആ സംഭാവന തിരസ്കരിക്കുകയാണു് ചെയ്തതു്. 30 ശതമാനം അദ്ദേഹം പഠിച്ചിരുന്ന വിദ്യാലയങ്ങൾക്കു നൽകിയിരുന്നു. 40 ശതമാനം തൊഴിലാളി-മുതലാളി സഹകരണസംഘങ്ങളെ പ്രോത്സാഹിപ്പിക്കുവാനായി നീക്കിവച്ചിരുന്നു.

ദൈവം എല്ലാ മനുഷ്യക്കുമായി ഉദ്ദേശിച്ചിരിക്കുന്ന സമാധാനം എല്ലാ ജീവിതരംഗങ്ങളിലും പുനഃസ്ഥാപിക്കുന്നതിനു വേണ്ടി നമുക്കെല്ലാവക്കും വളരെയധികം ചെയ്യുവാൻ സാധിക്കും.

സർവ്വപ്രകാരേണയും ക്രിസ്തുവിൻെറ സമാധാനത്തിൻെറ ഒരുപകരണമായിത്തീരാൻ വേണ്ട അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## ഏപ്രിൽ 19

വെടിയുണ്ടക്കുപകരം ഗ്യാസുപയോഗിക്കുന്ന ഒരുതരം തോക്കുകളെപ്പററി കുറെക്കാലംമുമ്പു് ഒരു ശാസ്ത്രീയ പ്രസിദ്ധീകരണത്തിൽ പറഞ്ഞിരുന്നു. ചിലർ മദ്ധ്യഅമേരിക്കയിലേയും ദക്ഷിണഅമേരിക്കയിലേയും വനാന്തരങ്ങളിലേക്കു ഒരു പര്യടനം നടത്താൻ പോകുകയായിരുന്നു. അവരുടെ ഉദ്ദേശ്യം വന്യമൃഗങ്ങളെ ജീവനോടെ പിടിച്ചെടുക്കണമെന്നും പിന്നീടവയെ പ്രദർശനത്തിനും പഠനത്തിനും വേണ്ടി ഉപയോഗിക്കണമെന്നുമായിരുന്നു. തോക്കിൽനിന്നുമുള്ള വാതകപ്രവാഹം മൃഗങ്ങളെ താല്ക്കാലികമായി അവശരാക്കുമായിരുന്നുവത്രെ. 150 വാരവരെയായിരുന്നു അതിൻെറ പ്രവർത്തനപരിധി.

ഇന്നു ലോകത്തിലുള്ള നിരീശ്വരന്മാർ മനുഷ്യമനസ്സുകളെ കീഴടക്കുവാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണ്. അബദ്ധസിദ്ധാന്തങ്ങളുടെയും വഞ്ചനാത്മകമായ അർദ്ധസത്യങ്ങളുടേയും അവിഛിന്നമായ പ്രക്ഷേപണംവഴി മനുഷ്യനെ അന്ധനാക്കി അവൻെറ ദൈവികമായ ഉത്ഭവവും നിത്യമായ അന്ത്യവും വിസ്മരിപ്പിക്കുവാനും അവൻെറ ആത്മാവും ശരീരവും നശിപ്പിക്കുവാനും അവർ പരിശ്രമിച്ചുവരുന്നു.

ക്രിസ്തുനാമത്തിൽ ഏവരേയും സമീപിക്കുന്നതിനായി നിങ്ങൾ ഉപജാപങ്ങളും വഞ്ചനയും പ്രയോഗിക്കേണ്ട ആവശ്യമില്ല. ദൈവം വെളിപ്പെടുത്തിയ സത്യങ്ങൾതന്നെയാണ് നിങ്ങളുടെ കൈവശമുള്ളതു്. എന്നാൽ അപകടം നിറഞ്ഞ ഈ കാലഘട്ടത്തിൽ അവ എവിടേയും പ്രചരിപ്പിക്കുന്നതിനായി നാം വളരെയധികം തീക്ഷ്ണത പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. ദൈവശത്രുക്കൾ അവരുടെ വിഷം വിതരണംചെയ്യുന്നതിൽ കാണിക്കുന്നിടത്തോളം ഉത്സാഹമെങ്കിലും ഇക്കാര്യത്തിൽ നമുക്കുണ്ടായിരിക്കേണ്ടതല്ലയോ?

"ശരീരത്തെയല്ലാതെ ആത്മാവിനെ കൊല്ലുവാൻ കഴിവില്ലാത്തവരെ ഭയപ്പെടേണ്ടാവശ്യമില്ല. എന്നാൽ ശരീരത്തേയും ആത്മാവിനേയും ഒരുമിച്ചു നരകത്തിൽ തള്ളിയിട്ടു നശിപ്പിക്കുവാൻ ശക്തിയുള്ളവനെ ഭയപ്പെടുവിൻ." (മത്തായി 10: 2 )

- അബദ്ധസിദ്ധാന്തങ്ങൾ നിമിത്തം ഇതികർത്തവ്യതാമൂഢരായി ചമഞ്ഞിരിക്കുന്നവർക്കും വഴിതെററിപ്പോയവർക്കുംവേണ്ടി പ്രാർത്ഥിക്കുക.

## ഏപ്രിൽ 20

അതിവിചിത്രമായ ഒരു കഥ. അമേരിക്കയിലെ ഒരു കോളേജിൽ ഒരു സമാജത്തിൻെറ പ്രസിഡൻറു സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പു നടന്നു. ഹാരിബ്ളും എന്ന വിദ്യാർത്ഥി പരാജിതനായതു് നാലു വോട്ടിൻെറ കുറവുകൊണ്ടാണു്. പക്ഷെ അത്തരമൊരു വിദ്യാത്ഥിയേ ഉണ്ടായിരുന്നില്ലത്രെ. മററു രണ്ടു സ്ഥാനാത്ഥികളും വ്യാജനാമങ്ങൾ മാത്രമായിരുന്നു. ഗവർമ്മെൻറു നടപടികൾക്കനുരൂപമായ നടപടികൾക്കു കോളെജുകളിൽ സ്ഥാനം നല്കുന്നതിനെ പ്രതിഷേധിക്കുവാനായിരുന്നുവത്രെ വിദ്യാത്ഥികൾ ഈ കൃത്രിമം ചെയ്തതു്. തങ്ങൾ സ്ഥാനാത്ഥികളുടെ ഗുണാഗുണങ്ങൾ പരിഗണിച്ചല്ല വോട്ടുചെയ്യുന്നതെന്നു് അവർ വ്യക്തമാക്കി

എന്നാൽ ഗവർമ്മെൻറുദ്യോഗസ്ഥന്മാരാകുന്നതിനുള്ള പരിശീലനക്കളരിയായ ഒരു കോളേജിലെ വിദ്യാത്ഥികൾ തിരഞ്ഞെടുപ്പുനടപടികളെ ഇത്ര അലക്ഷ്യമായ മനോഭാവത്തോടെ വീക്ഷിക്കുക എന്നതു് നിർഭാഗ്യകരമാണു്. പക്ഷേ ഈ വിദ്യാത്ഥികളും രാഷ്ട്രീയരംഗത്തുള്ള സമ്മതിദായകന്മാരും തമ്മിൽ വലിയ വ്യത്യാസമില്ല.

പ്രാദേശികം, സാംസ്ഥാനികം, ഫെഡറൽ എന്നീ ഗവർമ്മെൻറുകളിൽ ഓരോ വ്യക്തിയും വദ്ധമാനമായ താല്പര്യം പ്രദശിപ്പിക്കാത്തപക്ഷം ദൈവം നമുക്കു നൽകിയിരിക്കുന്ന സ്വാ

തന്ത്ര്യം നമ്മുടെ കുററംകൊണ്ടുതന്നെ നാം നഷ്ടപ്പെടുത്തുന്നതായിരിക്കും. നാമർഹിക്കുന്ന ഗവർമ്മെണ്ടാണു് നമുക്കു ലഭിക്കുന്നതു്.

"ലോഭത്തോടുകൂടി വിതയ്ക്കുന്നവൻ ലോഭത്തോടുകൂടി കൊയ്യുന്നു." (11 കൊറി. 9: 6)

പൊതുക്കാര്യ്യങ്ങളിൽ സാധാരണക്കാരായ പൗരന്മാർ കൂടുതൽ താല്പര്യം പ്രദർശിപ്പിക്കുന്നതിനുവേണ്ടി പ്രാത്ഥിക്കുക.

# ഏപ്രിൽ 21

ഒരു ലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: രണ്ടരമൈൽ സമചതുരത്തിലുള്ള 93000000 മൈൽ നീളത്തിൽ ഭൂമിയിൽനിന്നും സൂര്യ്യനിലേക്കു് ഉയർന്നുനില്ക്കുന്നതുമായ മഞ്ഞുകട്ടകൊണ്ടുള്ള ഒരു തൂണിനെ ഒരു സെക്കൻ്റിൽ വെള്ളമാക്കുവാൻ സാധിക്കുന്നവിധത്തിൽ ചൂടുള്ളതാണു് സൂര്യ്യൻ. അററ്ലാൻറിക്, പസിഫിക്, ഇൻഡ്യൻ എന്നീ സമുദ്രങ്ങളിലേയും മഹാതടാകങ്ങളിലേയും ജലം മുഴുവൻ സൂര്യ്യനിലൊഴിച്ചാലും അതു ചീററകപോലും ചെയ്യുന്നതല്ല.

സൃഷ്ടികർത്താവിൻെറ നേർക്കുള്ള നമ്മുടെ ഭയഭക്തിയെ വദ്ധിപ്പിക്കുന്നതിനു് പര്യാപ്തമായ മററുചില സംഗതികളെക്കുറിച്ചുകൂടി ലേഖനത്തിൽ പ്രസ്താപിക്കുന്നുണ്ടു്.

'സൂര്യ്യനിലെ ഓരോ ചതുരശ്രുഗജത്തിൽനിന്നും 100,000 കുതിരശക്തി സദാ പുറപ്പെട്ടുകൊണ്ടിരിക്കുന്നു. പത്തു ടൺ വരുന്ന 250 ടാങ്കുകളെ 40 നിലയുള്ള ഒരു കെട്ടിടത്തിൻെറ മുകളിലേക്കു് ഒരു മിനിട്ടിൽ ഉയത്തുന്നതിനു് ആ ശക്തി മതി. സൂര്യ്യൻ ദിവസംതോറും നല്കുന്ന വെളിച്ചത്തിനു് ഏതെങ്കിലും ഒരു കമ്പനിക്കു പ്രതിഫലം കൊടുക്കേണ്ടിവരുന്നപക്ഷം നമ്മുടെ രാഷ്ട്രീയവരുമാനം മുഴുവൻ അതിനായി വിനിയോഗിക്കേണ്ടിവരുമായിരുന്നു. ഈ ഭൂമി പോലുള്ള 200 കോടി ഭൂമികറക്കുകൂടി വെളിച്ചം പ്രദാനംചെയ്യുന്നതിനുള്ള ശക്തി സൂര്യ്യനുണ്ടു്."

1. "ദിവസം അങ്ങയുടേതാണു്; രാത്രിയും അങ്ങയുടേതുതന്നെ; പ്രഭാതപ്രകാശവും സൂര്യനും അങ്ങ നിർമ്മിച്ചതാണു്." (സങ്കീ. 73: 16.)

2. സൂര്യൻ... വിസ്മയകരമായ ഒരു ഉപകരണം, അത്യുന്നതന്റെ കൈവേല." (Eccle. 43: 2)

ദൈവമേ! പ്രപഞ്ചത്തെ കണ്ടു് ഞാൻ ആശ്ചര്യപ്പെടുകയും അങ്ങനെ അവിടുത്തെ അദൃശ്യമായ ദൈവത്വത്തിന്റെ മനോഹാരിതയെപ്പററി കൂടുതൽ സജീവമായ ഒരു ബോധം എനിക്കുളവാകുകയും ചെയ്യട്ടെ.

## ഏപ്രിൽ 22

ഒരിക്കലൊരു യുവാവു് "ക്ഷമാശീലം" എന്ന വിഷയത്തെ അധികരിച്ചു സുദീർഘമായ ഒരു പ്രസംഗംചെയ്തു. അതു പണ്ഡിതോചിതവും അതേസമയംതന്നെ രസഹീനവുമായ ഒരു ചർച്ചയായിരുന്നു.

പ്രസംഗം അവസാനിച്ചപ്പോൾ പണ്ഡിതവരേണ്യനും ജനസമ്മതനുമായിരുന്ന ഒരു വൃദ്ധൻ പ്രസ്തുത യുവപ്രാസംഗികനെ സമീപിച്ചു് ഇപ്രകാരം പറഞ്ഞു: നിങ്ങൾ ക്ഷമാശീലത്തെപ്പററി പല വിക്ഷണകോണങ്ങളിൽക്കൂടിയും ചർച്ചചെയ്തുവെന്നു മാത്രമല്ല, ഞങ്ങൾക്കെല്ലാവക്കും അതു് അഭ്യസിക്കുവാനുള്ള ഒന്നാന്തരമൊരവസരം പ്രദാനംചെയ്യുകകൂടി ചെയ്തു."

ക്രിസ്തുവിന്റെ സത്യം നാം ആരെയെങ്കിലും അറിയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവരെ അസഹ്യപ്പെടുത്തുകയോ അമർഷംകൊള്ളിക്കുകയോ ചെയ്തിട്ടു പ്രയോജനമില്ല. അങ്ങനെ ചെയ്യുന്നപക്ഷം ഫലം വിപരീതമായിരിക്കും. ജനങ്ങളെ സത്യത്തിലേക്കു അടുപ്പിക്കുന്നതിനുപകരം അവരെ അതിൽനിന്നും ആട്ടിപ്പായിക്കുകയായിരിക്കും നാം ചെയ്യുന്നതു്."

ഷേക്സ്പിയർ മഹാകവിയുടെ "ഹാംലെററി"ലെ പൊളോനിയസ് നൽകുന്ന ഉപദേശം എത്രയോ സ്മരണാർഹമായിരിക്കുന്നു: "വിജ്ഞാനത്തിന്റെ ജീവൻ ഹ്രസ്വതയാണു്."

എന്നാൽ പോളോനിയസ്സിനെക്കാരം ബുദ്ധിമാനായ ഒരാരം ശതാബ്ദങ്ങരംക്കുമുമ്പു് ഇപ്രകാരം പ്രസ്താപിച്ചിട്ടുണ്ടു്:

"പ്രസംഗത്തിൻെറ പ്രാരംഭത്തെക്കാരം നല്ലതു് അതിൻെറ സമാപനമാണു്." (Eccle. 7. 9)

ഞാൻ സഹായിക്കുവാൻ ഉദ്ദേശിക്കുന്നവരെ ശത്രുക്കളാക്കാതിരിപ്പാൻ കർത്താവേ! എന്നെ പഠിപ്പിക്കേണമെ.

## ഏപ്രിൽ 23

"ഐക്യനാടുകളും സാസ്ക്കാരവും" എന്ന പുസ്തകത്തിൽ ഡോക്ടർ ജോൺ യു. നെഫ് താഴെ ചേർക്കുന്ന സംഭവം വിവരിക്കുന്നുണ്ടു്.

"നീ ബൈബിരം വായിച്ചിട്ടുണ്ടോ? ഏഴു വയസ്സായ ഒരു ബാലനോടു് ചോദിച്ച ചോദ്യമാണിതു്. അവൻെറ പിതാവാകട്ടെ ഒരഭ്യസ്തവിദ്യൻ. ധാരാളം പുസ്തകങ്ങരം വായിച്ചിട്ടുള്ള ഒരു പണ്ഡിതൻ. ഗ്രന്ഥങ്ങളുമായി ഇടപഴകി ദിനങ്ങരം പോക്കിയിട്ടുള്ള ഒരു പ്രസാധകൻ. പക്ഷേ കുട്ടിയുടെ പ്രത്യുത്തരം വിസ്മയജനകമായിരുന്നു: "ബൈബിരം എന്നു പറഞ്ഞാൽ എന്താണു്?"

ഏതൽസംബന്ധമായി ഡോക്ടർ നെഫ് ഇപ്രകാരമെഴുതുന്നു: "കഴിഞ്ഞ അരശ്ശതാബ്ദക്കാലമായി യൂറോപ്പിനെ അപേക്ഷിച്ചു് അമേരിക്കൻ ഐക്യനാടുകളിൽ മതവിശ്വാസം കെട്ടുവരികയും, കുടുംബാംഗങ്ങളുടെ നേർക്കുള്ള ഉത്തരവാദിത്വബോധം കുറഞ്ഞുവരുകയും, സ്കൂരം വിദ്യാഭ്യാസം എഴുത്തും വായനയും സംബന്ധിച്ച ശിക്ഷണങ്ങളുടെ പരിധിയിൽ ഒതുങ്ങിനില്ക്കുവാൻ തുടങ്ങുകയും ചെയ്തിരിക്കുന്നു. ഈദൃശമായ അധഃപതനം ത്വരിതഗതിയിലാണു് സംഭവിച്ചുകൊണ്ടിരുന്നതു്."

അതിൻെറ വിനാശകരങ്ങളായ ഫലങ്ങരം പൂർണ്ണമായി അനുഭവപ്പെട്ടന്നതു് ആ നാട്ടിലെ 28,000,000-ത്തോളം വരുന്ന യുവജനങ്ങരം, മതത്തിനുമാത്രം പ്രദാനംചെയ്യാൻ സാധിക്കു

ന്ന മൂല്യങ്ങളെപ്പററി യാതൊരു ഗന്ധവുമില്ലാതെ പുരുഷപ്രായം പ്രാപിക്കുമ്പോളാണു്.

"മതാപിതാക്കന്മാരേ, നിങ്ങളുടെ മക്കളെ നിങ്ങൾ കോപിപ്പിക്കരുതു്. പിന്നെയോ, നമ്മുടെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും അവരെ നിങ്ങൾ വളർത്തുവിൻ." (അപ്പ. 6:4)

ആദ്ധ്യാത്മികമൂല്യങ്ങൾക്കു് സർവ്വത്ര പ്രചാരം നൽകാൻവേണ്ട അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## ഏപ്രിൽ 24

1790 ഏപ്രിൽ 19-ാംനു-, ബൻജമിൻ ഫ്റാങ്ക്ളിൻ സ്വന്തം ശിലാലിഖിതം വിരചിച്ചു.

"ഒരു പ്രിൻററായ ബൻജമിൻ ഫ്റാങ്ക്ളിന്റെ ശരീരം (ഒരു പഴയ പുസ്തകത്തിന്റെ കവർപോലെ, വിഷയസൂചി തേഞ്ഞുമാഞ്ഞു്, അക്ഷരവും തങ്കച്ഛായയും നഷ്ടപ്പെട്ടു്) പുഴുക്കളുടെ ആഹാരമായി ഇവിടെ കിടക്കുന്നു. എന്നുവരികിലും ആകൃതി ശൂന്യമാകുന്നതല്ല. അദ്ദേഹം വിശ്വസിച്ചിരുന്നതുപോലെ അതിന്റെ അഭിനവവും കൂടുതൽ മനോഹരവും തിരുത്തിയതും പരിഷ്ക്കരിച്ചതുമായ ഒരു പതിപ്പു വീണ്ടും പ്രത്യക്ഷപ്പെടുന്നതാണു്."

വേദപുസ്തകം മുഴുവനിലും കാണാം, മഹത്തരമായ ഒരു ഭാവിജീവിതത്തിലുള്ള വിശ്വാസം മുഴച്ചുനില്ക്കുന്നതു്.

1. "എന്തുകൊണ്ടെന്നാൽ എന്റെ രക്ഷകൻ ജീവിക്കുന്നുവെന്നും അവസാനദിവസം ഞാൻ ഭൂമിയിൽനിന്നുമെഴുന്നേല്ക്കുമെന്നും എനിക്കറിയാം. വീണ്ടും ഞാനെന്റെ തോൽ ധരിക്കുകയും എന്റെ മാംസത്തിൽ ഞാനെന്റെ ദൈവത്തെ കാണുകയും ചെയ്യും."

(ജോബ് 19: 25—16)

2. "ഭൂമിയിലെ പൊടിമണ്ണിൽ നിദ്രചെയ്യുന്ന

വർ വളരെപ്പേർ ഉണരും; ചിലർ നിത്യജീവനിലേക്കും, മററുള്ളവർ (നിത്യ) ശിക്ഷാവിധിയിലേയ്ക്കും....."
(ദാനിയൻ 12:2)

നിത്യജീവനിലേക്കുള്ള പ്രവേശനദ്വാരമെന്നവണ്ണം മരണത്തിനു് സ്വാഗതമരുളുവാൻ കർത്താവേ! എന്നെ സന്നദ്ധനാക്കണമേ.

## ഏപ്രിൽ 25

സുപ്രസിദ്ധ പത്രാധിപരായിരുന്ന ഹോരെസ് ഗ്രീലിക്കു് ഒരിക്കൽ ഒരു മറുപടി കത്തുകിട്ടി. സ്വന്തം ഇടവക ദേവാലയം ഋണബാധ്യതകളിൽനിന്നും വിമുക്തമാക്കാനുള്ള മാർഗ്ഗം കാണാഞ്ഞതിനാലുള്ള ഉൽക്കണ്ഠ കത്തിൽ നിഴലിച്ചിരുന്നു. അവർ പല വിദ്യകളും പ്രയോഗിച്ചുനോക്കിയത്രേ: തിരുനാളാഘോഷങ്ങൾ, പ്രദർശനങ്ങൾ, വിരുന്നുകൾ, സൽക്കാരങ്ങൾ ആദിയായവ. ഇനി അവർ എന്തുചെയ്യാനാണു്?

"എന്തുകൊണ്ടു് മതം ഒന്നു പരീക്ഷിച്ചുനോക്കിക്കൂടാ?" ഇതായിരുന്നു പത്രാധിപരുടെ മറുപടി.

ഇന്നത്തെ ലോകത്തിനും ഉപകരിക്കുന്ന ഒരു മറുപടിയാണതു്. ആധുനികസംസ്കാരത്തെ നിലനിർത്തുവാനുള്ള മാർഗ്ഗങ്ങൾ പലരും തലപുകഞ്ഞാലോചിക്കുകയാണു്. സാമൂഹ്യകപരിഷ്ക്കാരം, സാമ്പത്തികപദ്ധതി, പുതിയ പുതിയ ഭരണസമ്പ്രദായങ്ങൾ ആദിയായവ അവർ പരീക്ഷിച്ചുനോക്കുന്നുണ്ടു്.

അവയിൽ പലതും നല്ലതാണു്; പ്രയോജനപ്രദവുമാണു്. പക്ഷേ സർവ്വപ്രധാനമായ, എല്ലാ പ്രവർത്തനങ്ങളുടേയും ജീവനാഡിയായിരിക്കേണ്ട, ഒരു കാര്യം വിസ്മരിക്കപ്പെടുന്നു— ക്രിസ്തുവിനേയും അവിടത്തെ സ്നേഹത്തേയും എല്ലാ ജീവിതത്തുറകളിലേക്കും ആനയിക്കണമെന്നുള്ളതു്. ക്രിസ്തീയസ്നേഹം മാത്രം ഇന്നത്തെ പല പ്രശ്നങ്ങൾക്കും നിവാരണം വരുത്തുകയില്ലെന്നു് ചിലർ പറഞ്ഞേക്കാം. എന്നാൽ ക്രിസ്തീയസ്നേഹം കൂടാതെ ആ പ്രശ്നങ്ങൾക്കൊന്നിനും നിവാരണം ഉണ്ടാകയില്ല എന്നതും അനിഷേധ്യമാണു്.

"ദൈവത്തെ സ്നേഹിക്കുന്നവർക്കു് എല്ലാം നന്മയ്ക്കായി ഉപകരിക്കുന്നു." (റോമാ. 8:28)

അങ്ങയുടെ സ്നേഹംകൂടാതെ, ദേശീയവും അന്തർദേശീയവുമായ യാതൊരു പ്രശ്നത്തിനും യഥാർത്ഥമായ സമാധാനം കണ്ടെത്തുവാൻ സാധിക്കുകയില്ല എന്നോർക്കുവാൻ കർത്താവേ! എന്നെ സഹായിക്കേണമെ.

## ഏപ്രിൽ 26

ഒരു വ്യവസായശാലയിൽ ഒരു പുതിയ ഗ്യാസ് എൻജിൻ സ്ഥാപിക്കപ്പെട്ട വാർത്ത വ്യവസായശാലയുമായി ഇടപാടുകൾ ഉള്ളവരെയെല്ലാം അറിയിക്കുവാൻ ഭാരവാഹികൾ നിശ്ചയിച്ചു. തൽസംബന്ധമായ കത്തുകൾ അയയ്ക്കുന്ന ജോലി ഒരു പെൺകുട്ടിയെയാണു് ഏല്പിച്ചതു്. അവൾ ഉദ്യോഗത്തിൽ പ്രവേശിച്ചിട്ടു് അധികം നാൾ ആയിരുന്നില്ല. എന്തു പററിയെന്നോ? മിക്ക കവറുകളിലും ക്ഷണക്കത്തു് ഇടാൻ അവൾ മറന്നുപോയി.

കാര്യമെന്തെന്നു് അന്വേഷിച്ചുകൊണ്ടുള്ള ടെലഫോൺ സന്ദേശങ്ങൾ പലയിടങ്ങളിലുംനിന്നു് ഓഫീസിൽ വന്നുകൂടിയപ്പോഴാണു് അബദ്ധം മനസ്സിലായതു്. വാസ്തവത്തിൽ ആ പ്രമാദം ബഹുജനങ്ങളുടെ ശ്രദ്ധയേയും ഉന്മേഷത്തേയും തട്ടിയുണർത്തി. കത്തു് അത്രയ്ക്കും ഗുണം ചെയ്യുകയില്ലായിരുന്നു. കേവലം അപ്രതീക്ഷിതമായ ഈ സംഭവവികാസങ്ങൾ കണ്ടു സന്തുഷ്ടനായ കമ്പനിയുടമസ്ഥൻ ആ ബാലികയ്ക്കു് ഒരു ബോണസ് കൊടുക്കുകയും ചെയ്തു.

നിങ്ങൾ സത്യത്തെ മുറുകെപ്പിടിക്കുകയും നിങ്ങളാലാവതു ചെയ്യുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യുന്നിടത്തോളം കാലം നിങ്ങളുടെ അബദ്ധങ്ങൾ ഓർത്തു നിങ്ങൾ ചിന്താകുലനാകേണ്ട. പ്രമാദം പററാത്തവരാരുമില്ല. ഉദ്ദേശ്യശുദ്ധിയുള്ളപക്ഷം അബദ്ധങ്ങൾ കാട്ടിക്കൂട്ടുന്നവർക്കും കർത്താവു് സമ്മാനം നല്കുന്നതാണു്. വി. ആഗുസ്തീനോസ് പ്രസ്താവിച്ചി

രിക്കുന്നതുപോലെ, "വളഞ്ഞ പേനകൊണ്ടും നേരെയെഴുതുവാൻ ദൈവത്തിനു സാധിക്കും." മുഴുവൻ മനുഷ്യവർഗ്ഗത്തേയും സംബന്ധിച്ചു് ദൈവത്തിനുള്ള ഉദ്ദേശ്യങ്ങൾ നിർവ്വഹിക്കപ്പെടാനായി അവിടുന്നു് നമ്മുടെ പ്രമാദങ്ങളേയും പ്രയോജനപ്പെടുത്തുന്നതാണു്.

"എന്തെന്നാൽ നാമെല്ലാവരും പല കാര്യങ്ങളിൽ തെററിപ്പോകുന്നു." (യാക്കോബു് 3 : 2)

തെററു പററിയേക്കുമെന്നുള്ള ഭയത്താൽമാത്രം അങ്ങേ തിരുമനസ്സു നിറവേററുവാൻ പരിശ്രമിക്കാതിരിക്കുന്നതിനു് ഇട വരുത്തല്ലേ, കർത്താവേ!

# ഏപ്രിൽ 27

സുപ്രസിദ്ധനായ ഒരു മനശ്ശാസ്ത്രവിദഗ്ദ്ധൻ. ചെറുപ്രായത്തിൽ വളരെയധികം ശാരീരികവേദന അനുഭവിച്ചവനും പട്ടിണിയും പാടുംകൊണ്ടു് വലഞ്ഞവനുമാണദ്ദേഹം. ജീവിതസായാഹ്നത്തിൽ, അതീതകാലങ്ങൾ പ്രത്യവലോകനം ചെയ്തുകൊണ്ടു് അദ്ദേഹം ഇപ്രകാരമെഴുതി:

"ഞാൻ കോളെജിൽനിന്നും ബിരുദം സമ്പാദിച്ചു പുറത്തിറങ്ങിയപ്പോൾ, അവിടെയുണ്ടായിരുന്ന നരച്ച, സ്വരം കുറഞ്ഞ ഗ്രീക്കുപ്രഫസ്സറുടെ കാര്യം ഞാൻ പ്രത്യേകം ഓക്കുന്നു. അദ്ദേഹം ഞങ്ങളുടെ ഡിപ്ലോമകൾ തന്നശേഷം ഇപ്രകാരം പറഞ്ഞു: "യുവതികളേ, യുവാക്കന്മാരേ, വളരെയധികം ബുദ്ധിയുണ്ടായിരിക്കുക എന്നതു് ഏവക്കും സാദ്ധ്യമല്ല; എന്നുവരികിലും വിശാലമായ ഒരു ഹൃദയമുണ്ടായിരിക്കുക എന്നതു് ഏവക്കും സാദ്ധ്യമാണു്."

"അന്നത്തെ ചടങ്ങുകളിൽ ഞാനോർക്കുന്നതു് അതുമാത്രമാണു്. എൻെറ ജീവിതത്തിൽ പരാജയമനോഭാവം വളന്നുവരുമ്പോഴെല്ലാം ഈ സംഗതി എൻെറ സ്മൃതിപഥത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്."

വിശാലമായ ഒരു ഹൃദയമുള്ളവൻ, അതായതു് മറെറാരു

ഗ്രന്ഥകത്താവു് പ്രസ്താവിക്കുന്നതുപോലെ, "വിസ്തൃതവും വലിയതും തൽക്കാരണത്താൽ പ്രയാസമേറിയ കാര്യങ്ങൾ ചെയ്യുവാൻ സന്നദ്ധവും ആയ ഒരു ഹൃദയ''മുള്ളവൻ ''കത്തവ്യങ്ങളിലാണു് ബദ്ധശ്രദ്ധനായിരിക്കുന്നതു്, ബഹുമാനത്തിലല്ല."

ഒരു ക്രിസ്തുഘനെ തിരിച്ചറിയാനുള്ള മാർഗ്ഗം, അവൻെറ അഥവാ അവളുടെ വിശാലഹൃദയമായിരിക്കണം. മററു പോരായ്മകളെ വകവയ്ക്കേണ്ടതില്ല

"നിങ്ങൾ പൗരുഷത്തോടുകൂടി വത്തിക്കുവിൻ; നിങ്ങളുടെ ഹൃദയങ്ങൾ ശക്തങ്ങളായിരിക്കുകയും ചെയ്യട്ടെ."
(സങ്കീ. 30 : 25)

വിശാലഹൃദയത്വം എന്ന ഗുണത്തിനായി പ്രാത്ഥിക്കുക.

## ഏപ്രിൽ 28

20-ാം നൂററാണ്ടിലെ ഏററവും അപകടം നിറഞ്ഞ വ്യക്തികളിൽ ഒരാളായിട്ടാണു് ഡോക്ടർ ഹ്ജാൽമർ ഷാച്ട് പരിഗണിക്കപ്പെടുന്നതു്. അതേസമയം തന്നെ അനന്യസാധാരണമായ വ്യക്തിവിലാസവും ബുദ്ധികൂമ്മതയും ഉണ്ടായിരുന്ന ഒരാളാണദ്ദേഹം. ഡോക്ടർ ഷാച്ട് ജമ്മനിയിലെ സാമ്പത്തികോപദേഷ്ടാവു് ആകുന്നതിനുമുമ്പു് അദ്ദേഹത്തിൻെറ സഹപ്രവത്തകനായിരുന്ന ഡോക്ടർ മാക്ക്സ് ഇമ്മാനുവൽ, അദ്ദേഹത്തെപ്പററി ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ടു്.

"ഞങ്ങൾ ദിവസവും തമ്മിൽ കാണുമായിരുന്നു. അദ്ദേഹത്തിനു പ്രിയംകരമായിരുന്നതും എനിക്കു പലപ്പോഴും നല്കിയിരുന്നതുമായ ഉൽബോധനമിതാണു്. നിങ്ങളുടെ ആദശ്വാദം അങ്ങു വിസ്മരിക്കുക. ധനം സമ്പാദിക്കുക. അനന്തരം രാഷ്ട്രീയാധികാരം പിടിച്ചു പററുവാൻ ശ്രമിക്കുക. യാതൊന്നും നിങ്ങളുടെ വഴിയിൽ വിലങ്ങുതടിയായി നില്ക്കാതിരിക്കട്ടെ."

ഈ മനോഭാവം നാസിജമ്മനിയിൽ മാത്രമല്ല ദൃശ്യമാകുന്നതു്. അടുത്ത കാലത്തു് അമേരിക്കയിലെ പ്രധാനപ്പെട്ട ഒരു

സർവ്വകലാശാലയിൽനിന്നും ബിരുദം കരസ്ഥമാക്കിയ ഒരു യുവാവു് ഇപ്രകാരം പറയുന്നതു കേൾക്കുകയുണ്ടായി. "മേലോട്ടുയരണമെങ്കിൽ മററെല്ലാവരേയും ചവുട്ടിത്താഴ്ത്തണം."

നേർവഴി ചിന്തിക്കുന്നവരും സ്വരാജ്യസ്നേഹികളുമായ നിരവധിപേർ പ്രധാനപ്പെട്ട ജീവിതരംഗങ്ങളിൽ പ്രവേശിക്കുകയും ബഹുജനങ്ങളുടെ ആശയങ്ങൾക്കു് രൂപം കൊടുക്കുകയും ചെയ്യാത്തപക്ഷം, ഷാച്ടിൻേറയും മററു നാസിനേതാക്കന്മാരുടേയും സ്വാത്ഥപരവും ഗഹ്ണീയവുമായ മനോഭാവം സ്വീകരിക്കാനുള്ള സന്നദ്ധത അനുദിനം നമ്മുടെ മദ്ധ്യത്തിൽ വളന്നു വരുന്നതാണു്.

ക്രിസ്തുഹർമാർ ഉദ്യോഗങ്ങൾ സ്വീകരിക്കുന്നതു് പണത്തിനോ പ്രതാപത്തിനോ വേണ്ടിയല്ല, പ്രത്യുത സകല ജീവിതരംഗങ്ങളിലും ക്രിസ്തുവിനു പുനഃപ്രവേശം നല്കുന്നതിനായിട്ടാണു്.

"കത്താവിനെതിരായി മത്സരിച്ച ദുഷ്ടന്മാർ അവരുടെ സ്വന്തം തന്ത്രങ്ങൾക്കു യോജിച്ചവിധത്തിൽ ശിക്ഷിക്കപ്പെടും." (ബോധജ്ഞാനം 3:10)

കൂടുതൽ ക്രിസ്തുഹർമാർ ഗവമ്മെൻറുദ്യോഗങ്ങളിൽ പ്രവേശിക്കുവാൻവേണ്ടി പ്രാത്ഥിക്കുക.

## ഏപ്രിൽ 29

19-ാം നൂററാണ്ടിലെ സുപ്രസിദ്ധ റഷ്യൻ ഗ്രന്ഥകർത്താവായ ഡോസ്റ്റൊവ്സ്കി തൻെറ ഒരു കൃതിയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:

"ദൈവത്തിൻെറ എല്ലാ സൃഷ്ടികളേയും, ഓരോ മണൽത്തരിയെപ്പോലും സ്നേഹിക്കുക."

"എല്ലാ ഇലയേയും ദൈവത്തിൻെറ പ്രകാശത്തിൻെറ ഓരോ കതിരിനേയും സ്നേഹിക്കുക."

"മൃഗജാലങ്ങളെ സ്നേഹിക്കുക, സസ്യജാലങ്ങളെ സ്നേഹിക്കുക, എല്ലാററിനേയും സ്നേഹിക്കുക."

"നിങ്ങൾ സകലത്തേയും സ്നേഹിക്കുന്നപക്ഷം പ്രപഞ്ച

വസ്തുക്കളിൽ അന്തർലീനമായിരിക്കുന്ന ദൈവികരഹസ്യം നിങ്ങൾക്കു മനസ്സിലാകും."

"നിങ്ങൾ അതറിയുമ്പോൾ, ഓരോദിവസം കഴിയുന്തോറും നിങ്ങൾക്കതു കൂടുതൽ സുഗ്രാഹ്യമായി ഭവിക്കും."

"അവസാനം സർവ്വംകഷമായ ഒരു സ്നേഹചൈതന്യത്തോടെ ലോകം മുഴുവനേയും സ്നേഹിക്കുവാൻ നിങ്ങൾ സന്നദ്ധനാവുകയും ചെയ്യും."

"ദൈവത്തിൻെറ സകലസൃഷ്ടികളേയും സ്നേഹിക്കുക"യെന്നതു ഡോസ്റ്റോവ്സ്ക്കിയുടെ കാലത്തേതുപോലെ ഇന്നു് അത്ര എളുപ്പമല്ലെന്നു ചിലർക്കു തോന്നിയേക്കാം. കാരണം, മനുഷ്യരുടെ പ്രവൃത്തികൾ, വർദ്ധമാനമായ തോതിൽ പ്രപഞ്ചവസ്തുക്കളിലുള്ള ദൈവികച്ഛായയെ നമ്മുടെ ദൃഷ്ടികളിൽനിന്നു മറയ്ക്കുവാൻ പോരുന്നവയായിത്തീർന്നിരിക്കുന്നു പക്ഷേ മനുഷ്യരുടെ പ്രവൃത്തികൾതന്നെ—കെട്ടിടങ്ങൾ, വ്യവസായശാലകൾ, കപ്പലുകൾ, തീവണ്ടികൾ, വിമാനങ്ങൾ - അവ എത്ര അപൂർണ്ണങ്ങളായിരുന്നാലും ശരി, ദൈവത്തിൻെറ ശക്തിയേയും മഹത്വത്തേയും പ്രതിഫലിപ്പിക്കുന്നുണ്ടു്.

പഴയ നിയമത്തിൽ നിന്നുമുള്ള താഴെ ചേർക്കുന്ന വാക്യമായിരിക്കട്ടെ ഓരോ ക്രിസ്ത്യാനിക്കും ഏററവുമിഷ്ടപ്പെട്ട പ്രാർത്ഥന:

"ഭൂമിയിൽ അങ്കുരിക്കുന്ന സമസ്തവസ്തുക്കളേ! കർത്താവിനെ വാഴ്ത്തുവിൻ. എല്ലാററിലുമുപരിയായി സദാകാലവും അവിടത്തെ വാഴ്ത്തിപ്പുകഴ്ത്തുവിൻ........മൃഗങ്ങളേ; ആടുമാടുകളേ, കർത്താവിനെ വാഴ്ത്തുവിൻ. എല്ലാററിലുമുപരിയായി അവിടത്തെ വാഴ്ത്തിപ്പുകഴ്ത്തുവിൻ." (ദാനിയൽ 3: 76, 81)

അവിടത്തെ മഹത്വത്തിൻെറ പ്രതിഫലനങ്ങളെന്ന നിലയിൽ സകല മനുഷ്യരേയും വസ്തുക്കളേയും സ്നേഹിപ്പാൻ കർത്താവേ! എന്നെ പഠിപ്പിക്കേണമെ.

## ഏപ്രിൽ 30

അഭിനവമായ യാതൊരു പ്രധാനപ്പെട്ട ഗ്രന്ഥവും താൻ വായിക്കാതെ വിടുന്നില്ല എന്നഭിമാനം കൊണ്ടിരുന്ന ഒരു

യുവതി സ്വന്തം ലിററേച്ചർ പ്രഫസറെ സമീപിച്ച്, അന്നു പ്രചാരം സിദ്ധിച്ചുവന്ന ഒരു നോവൽ വായിച്ചിട്ടുണ്ടോ എന്നു ചോദിച്ചു. "ഇല്ല" എന്നദ്ദേഹം മറുപടി നല്കി. അതു കേട്ടപ്പോൾ ആ യുവതി അദ്ദേഹത്തിനു നല്കിയ ഉപദേശമിതാണു്: "സാർ, വേഗത്തിലതു വായിക്കണം. അതു പുറത്തായിട്ടു് ഇപ്പോൾ മൂന്നുമാസം കഴിഞ്ഞിരിക്കുന്നു."

പ്രഫസറാകട്ടെ സുസ്മേരവദനനായി ഇപ്രകാരം പ്രത്യുത്തരിച്ചു് "കുമാരി, ഡാൻറിയുടെ ഡിവൈൻ കോമഡി നിങ്ങൾ വായിച്ചിട്ടുണ്ടോ? ഇല്ല, അല്ലേ. അങ്ങനെയെങ്കിൽ വേഗത്തിലതു വായിക്കണം. അതു പുറത്തായിട്ടു് 600-ലധികം വർഷങ്ങളായിരിക്കുന്നു."

അഭിനവവും അസാധാരണവുമായ കാര്യങ്ങൾക്കു്, അവ നല്ലതോ, ചീത്തയോ, തെററോ ശരിയോ എന്നു നോക്കാതെ, മുൻഗണന നല്കിയിരുന്ന ആളുകളെപ്പററി വി. പൗലോസിനറിവുണ്ടായിരുന്നു. പഴയ തത്വങ്ങൾ മുറുകെപ്പിടിക്കുവാൻ ഉൽബോധിപ്പിച്ചുകൊണ്ടു് തൻെറ പ്രിയപ്പെട്ട തിമോത്തിക്കു് അദ്ദേഹം എഴുതിയിരിക്കുന്നതു നോക്കുക.

"ദൈവത്തിൻേറയും, തൻെറ വെളിപാടിൽ ജീവിച്ചിരിക്കുന്നവരേയും മരിച്ചവരേയും വിധിക്കുവാനിരിക്കുന്ന നമ്മുടെ കർത്താവായ ഈശോമിശിഹായുടേയും സന്നിധിയിൽ ഞാൻ നിന്നോടു് സാക്ഷിപ്പെടുത്തിപ്പറയുന്നു: വചനം പ്രസംഗിക്കുക, സമയത്തും അസമയത്തും ഉത്സാഹിയായിരിക്കുക, ദീർഘശാന്തതയോടും പഠിപ്പോടുംകൂടി ശാസിക്കുകയും കുററപ്പെടുത്തുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ അവർ ക്ഷേമകരമായ ഉപദേശം കേൾക്കാതെ സ്വന്തം ദുരാശകൾക്കൊത്തവണ്ണം.... ഉപദേഷ്ടാക്കളെ തങ്ങൾക്കായി വർദ്ധിപ്പിക്കുകയും സത്യത്തിൽ നിന്നു തങ്ങളുടെ ചെവി മാററിക്കളഞ്ഞിട്ടു് കെട്ടുകഥകളിലേക്കു തിരിയുകയും ചെയ്യുന്ന സമയംവരും." (11 തിമോ 4: 1-4)

ദൈവത്തിൻെറ സത്യത്തിൽ അധിഷ്ഠിതമല്ലാത്ത ഉപരിപ്ലവസിദ്ധാന്തങ്ങളാൽ വഞ്ചിക്കപ്പെടാതിരിപ്പാൻവേണ്ടി പ്രാർത്ഥിക്കുക.

# മേയ് 1

1947-ലാണ് ക്രിസ്ലഹർമാർ മേയ് 1-ാംനു- ഒരു പ്രാൎത്ഥനാദിനമായി കൊണ്ടാടണമെന്ന് ആദ്യമായി തീൎമാനിച്ചതു്. ആധുനികകാലങ്ങളിൽ ക്രിസ്തുവിൻേറയും അവിടത്തെ പരിശുദ്ധ മാതാവിൻേറയും ശത്രുക്കളെ സംബന്ധിച്ചിടത്തോളം പ്രസ്തുതദിനം ഒരു പ്രകടനദിനമായിത്തീൎന്നിട്ടുണ്ടു്. അന്നു മാർക്സ്യൻ തൊഴിലാളികൾ അണിനിരക്കുകയും വിപ്ലവാത്മകമായ മുദ്രാവാക്യങ്ങൾ വിളിച്ചുപറയുകയുംചെയ്യുന്നു.

ആദ്ധ്യാത്മികവും സൃഷ്ടിപരവും പ്രത്യാശാഭരിതവുമായ പ്രസ്തുതതീരുമാനം ഈ ദിനം പരസ്യയോഗങ്ങളിൽ പങ്കെടുക്കുവാനും അല്ലാത്തപക്ഷം രഹസ്യമായിട്ടെങ്കിലും റഷ്യയിലേയും അതിൻെറ പിടിയിലമർന്നിരിക്കുന്ന രാജ്യങ്ങളിലേയും ജനങ്ങൾക്കുവേണ്ടി പ്രാൎത്ഥനകൾ അർപ്പിക്കുവാനും അനേകായിരംപേൎക്കു പ്രചോദനം നൽകിയിരിക്കുന്നു. 1948 മുതൽ ഈ സുകൃതാഭ്യാസം ലോകത്തിലെ വിവിധഭാഗങ്ങളിൽ പ്രചരിക്കുവാനും തുടങ്ങീട്ടുണ്ടു്.

ചെങ്കൊടിക്കാൎക്കും അവരുടെ അധീനതയിലുള്ളവൎക്കുംവേണ്ടി പ്രാൎത്ഥിക്കുവാനായി പൊതുനിരത്തുകളിലും മൈതാനങ്ങളിലും ദേവാലയങ്ങളിലും അനേകലക്ഷം പേർ തടിച്ചുകൂടുന്നുവെന്നു കേട്ടപ്പോൾ അമേരിക്കയിലെ പ്രധാനപ്പെട്ട ഒരുദ്യോഗസ്ഥൻ ഇപ്രകാരം പറകയുണ്ടായി: "അതുകൊണ്ടു് വല്ല പ്രയോജനവും ഉണ്ടാകുന്നതാണു്. അതിൻെറ ഗതി മുകളിലേക്കാണു്, കീഴോട്ടല്ല. അതിനെക്കാൾ ക്രിസ്തീയമായ യാതൊന്നുമില്ല."

അനേകനൂറാണ്ടുകളായി മാതാവിൻെറ ദിനമായി ആഘോഷിക്കപ്പെടുന്ന മേയ് 1-ാംനു-, ഇക്കൊല്ലം കൂടുതൽ ഭക്തിസംവർദ്ധകമായ വിധത്തിൽ ആഘോഷിക്കുവാനായി നമുക്കു് പരിശ്രമിക്കാം.

"നന്മനിറഞ്ഞവളേ, നിനക്കു സ്വസ്തി!- സ്ത്രീകളിൽ അനുഗ്രഹീതേ, കൎത്താവു നിന്നോടുകൂടെ!" (ലൂക്കാ 1:28)

ഇന്നു്, ഈ പ്രാത്ഥന കൂടെക്കൂടെ ചൊല്ലണം: "ലോകത്തിൻെറ രക്ഷകാ, റഷ്യയെ രക്ഷിക്കുക."

## മേയ് 2

മിന്നെസോട്ടായിലെ ഒരു മോട്ടോർ ഡ്രൈവർ ഒരു സേർവ്വീസ് സ്റ്റേഷനിൽചെന്നു 10 ഗാലൻ ഗ്യാസ് ആവശ്യപ്പെട്ടു. തൽക്ഷണം അവിടത്തെ മൂന്നു ജോലിക്കാർ വേല തുടങ്ങി. ഒരാഠം വിൻറ്ഷീൽഡ് തുടയ്ക്കുകയും വേറൊരാഠം ടയറിലെ വായുവിൻെറ സമ്മർദ്ദം അളക്കുകയും മൂന്നാമതൊരാഠം റേഡിയേററിൽ വെള്ളം നിറയ്ക്കുകയും ചെയ്തു. അവരുടെ ജോലി തീൎന്നപ്പോഠം ഡ്രൈവർ ബില്ലനുസരിച്ചുള്ള പണവും കൊടുത്തു വാഹനവും ഓടിച്ചുകൊണ്ടുപോയി.

ഏതാനും മിനിററുകഠംക്കുശേഷം ചിന്താക്ലാന്തമായ മുഖഭാവത്തോടെ അയാഠം മടങ്ങിവന്നുകൊണ്ടു് ചോദിക്കുകയാണു്: "നിങ്ങഠം വല്ലവരും എൻെറ കാറിൽ ഗ്യാസു നിറച്ചുവോ?"

ജോലിക്കാർ മൂന്നുപേരും പരസ്പരം നോക്കി. ആരും അക്കാര്യം നിർവ്വഹിച്ചില്ലെന്നു് അവർ വിനയപൂർവ്വം സമ്മതിക്കുകയും ചെയ്തു.

അനുദിനജീവിതത്തിലെ ബദ്ധപ്പാടിൽ ഉപരിപ്ലവവും ആകർഷകവും എന്നാൽ അതേസമയംതന്നെ കേവലം അപ്രധാനവുമായ കാര്യങ്ങഠം നിർവ്വഹിക്കുന്നതിലാണു് നാം വ്യഗ്രത പ്രദർശിപ്പിക്കാറുള്ളതു്. നമ്മുടെ ജീവിതത്തിൻെറ പരമപ്രധാനമായ ലക്ഷ്യത്തിൽ നാം ശ്രദ്ധപതിക്കാറില്ല. ഇഹത്തിൽ ദൈവത്തെ അറിയുകയും സ്നേഹിക്കുകയും അവിടുത്തേക്കു് സേവനമനുഷ്ഠിക്കുകയും ചെയ്തു് പരത്തിൽ നിത്യഭാഗ്യം അനുഭവിക്കുക എന്നതാണു് പ്രസ്തുത ലക്ഷ്യം.

"ഒന്നാമത്തേതിനു് ഒന്നാംസ്ഥാനം" എന്നതായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം. "ദൈവം ആദ്യമേ, മററുള്ളവയെല്ലാം പിന്നീടു്."

'ദൈവം നിങ്ങഠംക്കെല്ലാവൎക്കും അങ്ങേ ആരാധിക്കുവാ

നായി ഒരു ഹൃദയവും ഒരു വലിയ ഹൃദയത്തോടുകൂടി അങ്ങയുടെ ഹിതമനുവർത്തിക്കാനുള്ള വരവും സന്നദ്ധതയുള്ള ഒരു മനസ്സും നൽകുമാറാകട്ടെ" (11 മക്കാബ. 1: 2—3)

കർത്താവേ! പ്രപഞ്ചത്തിലെ നശ്വരവസ്തുക്കൾ ഞാനുപയോഗിക്കുമ്പോൾ, അവിടുന്നാണു് സകലത്തിൻേറയും സാക്ഷാത്തായ ഉല്പത്തിസ്ഥാനവും അന്ത്യവുമെന്ന വസ്തുത വിസ്മരിക്കാതിരിപ്പാൻ എന്നെ സഹായിക്കേണമെ.

## മേയ് 3

ഒരു ഗവേഷകസംഘം ആഫ്റിക്കയുടെ മദ്ധ്യത്തിലുള്ള വനാന്തരങ്ങളിൽക്കൂടി പര്യടനം നടത്തുകയായിരുന്നു. ആദ്യത്തെ കുറെ ദിവസങ്ങളിൽ അതിവേഗത്തിലായിരുന്നു അവരുടെ പ്രയാണം. ഒരു പ്രഭാതത്തിൽ പുറപ്പെടാൻ സമയമായപ്പോൾ, വനവാസികളായ കുറെ ചുമട്ടുകാർ വൃഥാ വഴിയിലിരിക്കുന്നതായി അവർ കണ്ടു. കാരണമന്വേഷിച്ചപ്പോൾ കിട്ടിയ മറുപടി ഇതാണു്: "കുറെ സമയം ഞങ്ങൾ ഇവിടെ ചെലവഴിക്കണം. ഞങ്ങളുടെ ആത്മാക്കൾ ശരീരത്തിനു് ഒപ്പം വരുന്നതുവരെ ഇവിടെനിന്നും നീങ്ങാൻ പാടില്ല."

ഇന്നു ലോകത്തിൽ ആ ചുമട്ടുകാരെപ്പോലെയുള്ള നിരവധി പേരുണ്ടു്. അവർ ബഹുകാര്യവ്യഗ്രരായി ഓടിനടക്കുന്നു; ഒരനുഭവത്തിൽനിന്നും മറെറാരനുഭവത്തിലേക്കു് കുതിച്ചുപായുന്നു. ആത്മാവിൻേറ ക്ഷേമത്തെക്കുറിച്ചുമാത്രം ചിന്തിക്കുവാൻ അവർക്കു സമയമില്ല. അവരുടെ പ്രവൃത്തികൾ കണ്ടാൽ സ്വന്തം ആത്മാക്കളെ അവർ പിന്നിൽ എവിടെയോ വച്ചുകൊണ്ടു പോന്നിരിക്കയാണെന്നു തോന്നും.

ഈ അനാസ്ഥ ഏററവും പ്രകടമായി പ്രത്യക്ഷപ്പെടുന്നതു് അവസാന വിധിനാളിൽ സൃഷ്ടിനാഥൻ എല്ലാവരിൽനിന്നും അവരുടെ കാര്യസ്ഥതയുടെ കണക്കു് ആവശ്യപ്പെടുമ്പോഴായിരിക്കും. അപ്പോൾ അവർ ആഗ്രഹിക്കും, "ആത്മാവു് ഒപ്പം വരുന്നതിനായി" അല്പം സാവകാശത്തിൽ പോയിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്നു്. പക്ഷേ, ഫലമുണ്ടാകയില്ല.

നിങ്ങളുടെ സാഹചര്യങ്ങാംക്കനുയോജ്യമായ വിധത്തിൽ ഒരു ക്രിസ്ലുഫറായി വർത്തിച്ചുകൊണ്ടു്, നിത്യതത്തിനുവേണ്ടി ഒരുങ്ങുകയാണു് ഐഹികജീവിതത്തിലെ സർവ്വപ്രധാനമായ കത്തവ്യം എന്നു പലരേയും അനുസ്മരിപ്പിക്കുവാൻ നിങ്ങാംക്കു സാധിക്കും.

"നിൻെറ കണക്കു് ഇങ്ങു് ഏല്പിക്കുക. ഇനിമേൽ നീ കാര്യസ്ഥനായിരിക്കേണ്ട." (ലൂക്ക 16 : 2)

ക്ഷണഭംഗുരമായ ലൗകികവ്യാമോഹങ്ങളുടെ മദ്ധ്യത്തിൽ എൻെറ ആത്മാവിൻെറ കാര്യം ഞാൻ മറക്കാതിരിപ്പാൻ കത്താവേ! എന്നെ സഹായിക്കേണമെ.

# മേയ് 4

സുപ്രസിദ്ധഗായികയായ മേരി ഗാർഡൻ വളരെയധികം ധനം സമ്പാദിച്ചു. പക്ഷേ, സദാനേരവും അവളുടെ പിതാവു് പണത്തിനായി അവളെ അലട്ടിക്കൊണ്ടിരുന്നു: മിക്കപ്പോഴും വലിയ തുകകളാണു് അദ്ദേഹം ആവശ്യപ്പെട്ടുവന്നതു്.

അവാം എപ്പോഴും സ്വപിതാവിനെ തൃപ്തിപ്പെടുത്തിവന്നെങ്കിലും അദ്ദേഹത്തിൻെറ അഭ്യത്ഥനകാം അതിരുകവിഞ്ഞു പോകുന്നെന്നു അദ്ദേഹത്തെ അറിയിക്കാറുണ്ടായിരുന്നു. അത്തരം അവസരങ്ങളിലെല്ലാം "ഇതൊരു പ്രത്യേകാവശ്യത്തിനാണു്." എന്നത്രെ അദ്ദേഹം നൽകിവന്ന മറുപടി. അവാംക്കു സ്വപിതാവിൻെറ അപേക്ഷ നിരാകരിക്കുക യാതൊരു കാരണവശാലും സാദ്ധ്യമായിരുന്നില്ല.

സാർവ്വത്രികമായ വിലമാന്ദ്യം ഉണ്ടായപ്പോാം മിസ്സ് ഗാർഡനും മററു പലരെപ്പോലെ സ്റ്റോക്കുവ്യാപാരത്തിൽ പണമെല്ലാം നഷ്ടപ്പെട്ടു. കാലവിളംബമെന്യേ അവളുടെ പിതാവു് നിര്യാതനായി. അപ്പോളിതാ അവളെ വിസ്മയസ്തബ്ധയാക്കിയ ഒരു വാത്ത: അവളുടെ പേരിൽ അദ്ദേഹം വമ്പിച്ച തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടെന്നു്. അവാം നൽകിയതിൽ ഒരു പൈപോലും നഷ്ടപ്പെടുത്താതെ, അദ്ദേഹം അവാംക്കായി അതു മുഴുവൻ സംഭരിച്ചിരുന്നു.

ദൈവം നമ്മിൽനിന്നും ആവശ്യപ്പെടുന്ന കാര്യങ്ങൾ ചിലപ്പോൾ ഭാരമേറിയവയായി നമുക്കു തോന്നാവുന്നതാണു്. എന്നാൽ ആ സമയമത്രയും അവിടുന്നു നമുക്കായി സ്വർഗ്ഗീയ ബാങ്കിൽ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുകയാണു് ചെയ്യുന്നതു്. തീരെ പ്രതീക്ഷിക്കാത്ത സമയത്തായിരിക്കും, നമുക്കായി നീക്കിവച്ചിരിക്കുന്ന മിച്ചസംഖ്യകൾ കണ്ടു നാം വിസ്മയഭരിതരാകുന്നതു്. നല്ല കാര്യങ്ങൾക്കുവേണ്ടി നമ്മെ കരുപ്പിടിക്കുന്നതിനു ദൈവം ഉപയോഗിക്കുന്ന ഉപകരണങ്ങളാണു് ക്ലേശങ്ങൾ.

"ഞാൻ സ്നേഹിക്കുന്ന സകലരേയും ഞാൻ കുററപ്പെടുത്തുകയും ശിക്ഷിക്കുകയും ചെയ്യുന്നു." (വെളി. 3:19)

ദൈവം തൻെറ സ്നേഹഭാജനങ്ങൾക്കു് അയച്ചുകൊടുക്കുന്ന കുരിശുകൾ അവർ സന്തോഷസമേതം സ്വാഗതം ചെയ്യാൻ വേണ്ടി പ്രാർത്ഥിക്കുക.

## മേയ് 5

1776-ൽ ഇംഗ്ലണ്ടിലെ കോമൺസ് സഭയിൽ ഡേവിഡ് ഹാർ്ലി എന്നയൊരാൾ താഴെക്കാണുന്ന പ്രമേയം അവതരിപ്പിച്ചു: ''അടിമവ്യാപാരം ദൈവത്തിൻെറ നിയമങ്ങൾക്കും മനുഷ്യൻെറ അവകാശങ്ങൾക്കും വിരുദ്ധമായിരിക്കുന്നു." പ്രമേയം തള്ളിപ്പോയെന്നു മാത്രമല്ല, ഹാട്ട്ലിയെ അവർ കോമൺസ് സഭയിൽനിന്നും കൂകിപ്പുറത്താക്കുകയും ചെയ്തു. എന്നുവരികിലും യഥാർത്ഥത്തിൽ, അദ്ദേഹം ധൈര്യപൂർവ്വം അവലംബിച്ച നിലയാണു് അടിമവ്യാപാരത്തിനു് അറുതിവരുത്തിയ സംഭവവികാസങ്ങളുടെ നാന്ദിയായി ഭവിച്ചതു്.

പലപ്പോഴും പറയപ്പെടാറുള്ളതുപോലെ, ധൈര്യം ഒരു പകർച്ചവ്യാധിപോലെ പടർന്നുപിടിക്കുന്ന ഒന്നാണു്. ചാനിംഗ് പോളോക്കു് എഴുതിയിരിക്കുന്നതു ശ്രദ്ധിച്ചാലും: "ഒരു പുരുഷൻ അഥവാ സ്ത്രീ ഒരു പതാക നാട്ടുന്നു. അനേകായിരങ്ങൾ അതിൻെറ കീഴിൽ അണിനിരക്കുകയും ചെയ്യുന്നു. പ്രാദേശികാടിസ്ഥാനത്തിൽ സമാരംഭിക്കുന്ന ചെറിയ പ്രസ്ഥാനങ്ങൾ കാലക്രമേണ അഖിലലോകവ്യാപകമായി ഭവിക്കുന്നു."

വസ്തുതകളെ ദീർഘമായൊന്നു പ്രത്യവലോകനം ചെയ്ത ശേഷം മി. പോളോക്കു് ഇപ്രകാരം ഉപസംഹരിക്കുന്നു: "ഒരു ചുരുങ്ങിയ കാലഘട്ടമായി പരിഗണിക്കാവുന്ന 3000 അഥവാ 4000 കൊല്ലക്കാലം മനുഷ്യവർഗ്ഗം വർത്തിച്ചവിധം പരിഗണിക്കുമ്പോഴം—അതായതു്, അതു നിങ്ങളേയും എന്നേയുംപോലുള്ള സാധാരണക്കാരായ വ്യക്തികളാലാണു് നയിക്കപ്പെട്ടതു് എന്നതോക്കുമ്പോഴം—"ദൈവത്തോടുകൂടി നിലകൊള്ളുന്നവൻ ഒരു ഭൂരിഭാഗകക്ഷിയാണു്" എന്ന പ്രസ്താവന എന്നെ പുളകം കൊള്ളിക്കുന്നു."

നിങ്ങളിലും മററുള്ളവരിലും നിക്ഷേപിച്ചിരിക്കുന്ന നന്മയ്ക്കായുള്ള ആഴമേറിയ കഴിവിനെ നിങ്ങൾ യഥായോഗ്യം വിലമതിക്കേണ്ടതാണു്. മറിച്ചു ചിന്തിക്കുവാൻ ഇടവരാതിരിക്കട്ടെ.

"......അവൻ എല്ലാ കാര്യങ്ങളും ചെയ്യുവാൻ ശക്തിയുള്ളവനായിരിക്കും: കാരണം, ദൈവത്തിൻെറ പ്രകാശം അവൻെറ പാദങ്ങളെ നയിക്കുന്നു." Eccles. (50 : 31)

കർത്താവേ! അവിടുന്നു് എൻെറ കരങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന കഴിവിനെ ഞാനൊരിക്കലും വിസ്മരിക്കാതിരിപ്പാൻവേണ്ട അനുഗ്രഹം എനിക്കു നല്കിയരുളേണമേ!

## മേയ് 6

സുപ്രസിദ്ധ നടിയായ എഥൽ വാട്ടേഴ്സ് അവളുടെ ആഴമേറിയ മതവിശ്വാസത്തെ മറച്ചുവയ്ക്കാറില്ല. അവളെ സന്ദർശിക്കുവാൻ ചെല്ലുന്നവരോടു് പലപ്പോഴും അവൾ പറയാറുണ്ടു്; ഒരു നാടകമോ ചലച്ചിത്രമോ യഥാർത്ഥത്തിൽ വിജയപ്രദമാകണമെങ്കിൽ അവയ്ക്കു് ആദ്ധ്യാത്മികമായ ഒരു വിലയുണ്ടായിരിക്കണമെന്നു്.

1950 ആരംഭത്തിൽ, മിസ്സ് വാട്ടേഴ്സ് ഒരു ചലച്ചിത്രത്തിൽ പ്രത്യക്ഷപ്പെട്ടു. അതു ചലച്ചിത്രവ്യവസായത്തിനുള്ള ഒരടിയാണെന്നു വിമർശകർ അഭിപ്രായപ്പെടുകയുണ്ടായി. അതുണ്ടാക്കിയ ഒച്ചപ്പാടും കുറച്ചൊന്നുമായിരുന്നില്ല. അല്പകാലം കഴിഞ്ഞു് അവൾ ഒരു റേഡിയോ പ്രകടനത്തിൽ ഒരു ഭാഗം

അഭിനയിക്കേണ്ടിവന്നു. തൻെറ വായ്മൂടികെട്ടാൻ ആരെല്ലാം ശ്രമിച്ചാലും വേണ്ടില്ല, തനിക്കു ചിലതെല്ലാം പറവാനുണ്ടെന്നു റേഡിയോയുടെ പ്രണേതാവിനെ അവൾ അറിയിച്ചു. റേഡിയോയ്ക്കു് ഇപ്പോഴത്തേതിനെക്കാൾ കൂടുതലായ അദ്ധ്യാത്മികത്വം കൈവരിക്കുവാൻ സാധിക്കുമെന്നത്രെ അവൾ പ്രത്യേകം ഊന്നിപ്പറഞ്ഞതു്.

പ്രഥമരാത്രിയിൽത്തന്നെ അവൾ ഒരു സംഗതി വെളിപ്പെടുത്തി-മററുള്ളവർ പരസ്പരം അനുമോദനങ്ങൾ കൈമാറിക്കൊണ്ടിരുന്നപ്പോൾ താൻ തൻെറ മുറിയിൽ മുട്ടുകുത്തി ദൈവത്തോടു നന്ദിപ്രകാശിപ്പിക്കുകയായിരുന്നെന്നു്. അവൾ പറഞ്ഞു: "അവർ ആദ്യമായി പ്രഹസനം വായിക്കാൻ തന്നപ്പോൾ അതു കൂടുതൽ ആദ്ധ്യാത്മികമാക്കാൻ ശ്രമിക്കേണ്ടതു് ആവശ്യമാണെന്നു ഞാൻ നിർബന്ധിച്ചു. ഞാൻ പറഞ്ഞതിതാണു്: നിങ്ങളെന്നെ സ്വീകരിക്കുകയാണെങ്കിൽ എൻെറ കർത്താവിനെക്കൂടി സ്വീകരിക്കേണ്ടിയിരിക്കുന്നു."

നിങ്ങൾ ആരായാലും, എവിടെയായാലും, ക്രിസ്തുവിനെ പൊതുനിരത്തുകളിലേക്കു കൊണ്ടുവരാൻ നിങ്ങൾക്കെന്തെങ്കിലും ചെയ്യാൻ കഴിയാതിരിക്കയില്ല. എപ്പോഴും അക്കാര്യം ഓർക്കുക.

"നിങ്ങൾ, ഓറെശ്ലേത്തും യൂദാ മുഴുവനിലും ശമ്രായരുടെ സ്ഥലത്തും, ഭൂമിയുടെ അതിർത്തികൾവരെയും എനിക്കു സാക്ഷികൾ ആകും." (നടപടി 1:8)

ക്രിസ്തുവിൻെറ ഒരു സാക്ഷിയായി ഭവിപ്പാനും ഏററവും വിപുലമായ തോതിൽ നിങ്ങളുടെ പ്രേഷിതവൃത്തി നിർവഹിപ്പാനും വേണ്ട അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## മേയ് 7

വെയിൽസിലെ ഒരു പഴഞ്ചൊല്ലാണിതു്: "പിശാചിനു മൂന്നു മക്കളുണ്ടു്: അഹങ്കാരം അസത്യഭാഷണം, അസൂയ." ഭയങ്കരമായ ഒരു ത്രികോണമാണതു്. പക്ഷേ അവയിൽ ഒന്നോ

അതിലധികമോ ദുർഗ്ഗുണം വച്ചുപുലർത്തുന്നവനു താനർഹിക്കുന്ന ശിക്ഷ ലഭിക്കാതിരിക്കുകയില്ല.

1. "എവിടെ അഹങ്കാരമുണ്ടോ, അവിടെ കുററവുമുണ്ടു്. എവിടെ എളിമയുണ്ടോ, അവിടെ വിജ്ഞാനവുമുണ്ടു്." (prov. 11: 2)

2. "എന്തുകൊണ്ടെന്നാൽ അഹങ്കാരമാണു് എല്ലാ പാപത്തിൻേറയും ആരംഭം. അതിനെ വച്ചുപുലർത്തുന്നവൻ ശാപങ്ങൾ നിറഞ്ഞവനാകും. അതു് അവസാനം അവനെ നശിപ്പിക്കുകയും ചെയ്യും." (Eccles. 10: 15)

3. "തിന്മപ്രവർത്തിക്കുന്നവരെയെല്ലാം നീ വെറുക്കുന്നു. നുണ പറയുന്നവരെയെല്ലാം നീ നശിപ്പിക്കും." (സങ്കീ. 5:7)

4. "ഒരു കള്ളസ്സാക്ഷി ശിക്ഷിക്കപ്പെടാതിരിക്കയില്ല; നുണകൾ പറയുന്നവൻ നശിച്ചുപോകുകയും ചെയ്യും." (Prove. 19: 9)

5. "......ദുഷ്ടമനുഷ്യൻ ശകാരവും ലജ്ജയും അവകാശപ്പെടുത്തും; അതുപോലെതന്നെ അസൂയ നിറഞ്ഞവനും ദ്വയാർത്ഥപ്രയോക്താവായ പാപിയും." (Eccles. 6: 1)

6. "പിശാചിൻെറ അസൂയയാലാണു ലോകത്തിൽ മരണം പ്രവേശിച്ചതു്." (ജ്ഞാനം 2: 24)

അഹങ്കാരം, അസത്യഭാഷണം, അസൂയ എന്നീ ദുർഗ്ഗുണങ്ങളിൽനിന്നു ഞങ്ങളെ കാത്തുസൂക്ഷിക്കണമെ ദൈവമേ!

## മേയ് 8

അമേരിക്കൻ ഐക്യനാടുകളിലെ നാലാമത്തെ പ്രസിഡൻറിൻെറ ഭാര്യയായിരുന്ന ഡോളി മാഡിസൺ അമേരിക്കൻ ചരിത്രത്തിൽ മായാമുദ്രകൾ പതിച്ചിട്ടുള്ള ഒരു പ്രസിദ്ധ വനിതയാണു്. അവർ എവിടെച്ചെന്നാലും, സ്ത്രീയെന്നോ പുരുഷനെന്നോ, ധനവാനെന്നോ ദരിദ്രനെന്നേ, വലിയവനെന്നോ, ചെറിയവനെന്നോ ഉള്ള വ്യത്യാസംകൂടാതെ സകലമാനപേരുടേയും ശ്രദ്ധയെ ആകർഷിക്കുകയും ഹൃദയത്തെ കവരുന്നുകൂടുകയും

യും ചെയ്യുമായിരുന്നു. താദൃശസാഹചര്യങ്ങളിൽ അസൂയയുടെ അസ്ത്രങ്ങാക്കു് ഒരാറ വിഷയമാകുക സാധാരണമാണു്. എന്നാൽ വളരെ ദുർലഭമായിമാത്രമേ ഈ വനിതയുടെ നേക്കു് അത്തരം അസ്ത്രങ്ങാ പ്രയോഗിക്കപ്പെട്ടുള്ളു.

അവക്കു മററുള്ളവരുടെ മേലുള്ള സ്വാധീനശക്തിക്കു നിദാനമെന്തെന്നു്, അവരുടെ വിജയരഹസ്യമെന്തെന്നു്, ചോദിച്ചതിനു, മിസ്സിസ് മാഡിസൺ, ആശ്ചയ്യപൂവ്വം ഇങ്ങനെ മറുപടി പറഞ്ഞു: "സ്വാധീനശക്തിയോ? എനിക്കതില്ല. ഞാനതാഗ്രഹിക്കുന്നുമില്ല. ഞാൻ എല്ലാവരേയും സ്നേഹിക്കുകമാത്രം ചെയ്യുന്നു."

താരതമ്യവിവേചനം കൂടാതെ, ഏവരുടേയും നേക്കു് അവർ പ്രദശിപ്പിച്ചിരുന്ന സ്നേഹത്തിൻെറ പ്രതിഫലം അവക്കു ലഭിച്ചു. അതായതു് മററുള്ളവരുടെ സ്നേഹത്തിനു അവർ സൂതരാം വിഷയമായി.

മററുള്ളവരുടെ നേക്കു് ഒരാറ പ്രദശിപ്പിക്കുന്ന സ്നേഹത്തിൻെറ പരിമാണമനുസരിച്ചായിരിക്കും ക്രിസ്തുവിനു പൊതുമണ്ഡലങ്ങളിൽ സ്ഥാനം നല്കാനുള്ള തൻെറ പ്രേഷിതവൃത്തിയിൽ അയാറ വിജയം വരിക്കുന്നതു്.

"നിങ്ങാ എൻെറ ശിഷ്യന്മാരാകുന്നുവെന്നു സകല മനുഷ്യരും അറിയുന്നതിനുള്ള അടയാളം നിങ്ങാക്കു പരസ്പരമുള്ള സ്നേഹമായിരിക്കും." (യോഹ. 13: 35)

മനുഷ്യവഗ്ഗം മുഴുവൻെറ നേക്കും നിങ്ങാ പ്രദർശിപ്പിക്കുന്ന സ്നേഹംവഴി മററുള്ളവരെ ക്രിസ്തുവിൻെറ പക്കലേക്കു് ആകഷിക്കുവാനുള്ള വരം ലഭിപ്പാനായി പ്രാത്ഥിക്കുക.

## മേയ് 9

ഒരു പ്രസിദ്ധ ഗ്രന്ഥകാരനായിരുന്ന കെന്നെത്തു് റോബർട്ടു്സിനെ ഒരിക്കൽ പ്രയാസമേറിയ ഒരു ഓപ്പറേഷൻ കാണുവാനായി ഒരുസർജൻ ക്ഷണിച്ചു. സർജൻ ശസ്ത്രക്രിയയ്ക്കു പേരു കേട്ടവനായിരുന്നു. ഓപ്പറേഷനുവേണ്ട ഒരുക്കങ്ങാ ചെയ്തു

കൊണ്ടിരുന്നപ്പോഴം, അദ്ദേഹത്തിനു യാതൊരാശങ്കയും ഉള്ളതു പോലെ തോന്നിയില്ല. എന്നാൽ ഓപ്പറേഷൻ മുറിയിലേക്കു പ്രവേശിച്ചു അദ്ദേഹം ഒരു നിമിഷനേരത്തേക്കു നമ്രശിരസ്കനായി നിലകൊള്ളുന്നതു കണ്ടു. വീണ്ടും ഓപ്പറേഷൻെറ മദ്ധ്യത്തിൽ അല്പനേരത്തേക്കു അദ്ദേഹത്തിൻെറ കരങ്ങൾ നിശ്ചലങ്ങളായപോലെ കാണപ്പെട്ടു.

ഒരു സർജൻ പ്രാർത്ഥിക്കുകയെന്നതു് ആശ്ചര്യകരമായി റോബർട്ട്സിനു തോന്നി. ആകയാൽ ശസ്ത്രക്രിയയ്ക്കുശേഷം അദ്ദേഹം സ്നേഹിതനോടു പറഞ്ഞു: "ഒരു സർജൻ സ്വന്തം വൈദഗ്ദ്ധ്യത്തിൽ മാത്രമാണു് ആശ്രയിക്കുന്നതു് എന്നത്രെ ഞാൻ വിചാരിച്ചിരുന്നതു്."

"സർജനും ഒരു മനുഷ്യൻ മാത്രമാണു്," സ്നേഹിതൻ പ്രതിവചിച്ചു. "അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ അയാൾക്കു കഴിവില്ല. മനുഷ്യനൊക്കാൾ വലിയ ഏതോ ഒരു ശക്തി പ്രവർത്തിച്ചില്ലായിരുന്നെങ്കിൽ ശാസ്ത്രം ഇത്രയും പുരോഗതി പ്രാപിക്കയില്ലായിരുന്നു എന്നാണു് എൻെറ അഭിപ്രായം."

സർജൻ ഇപ്രകാരം ഉപസംഹരിച്ചു: "ഓപ്പറേഷൻ നടത്തുമ്പോൾ ഞാൻ ദൈവത്തിനു് ഏററവുമടുത്തു സ്ഥിതിചെയ്യുന്നതുപോലെ എനിക്കു തോന്നുന്നു. എൻെറ സാമർത്ഥ്യം അവസാനിക്കുന്നതും ദൈവത്തിൻേറതു തുടങ്ങുന്നതും എവിടെയാണെന്നു വാസ്തവത്തിൽ എനിക്കറിഞ്ഞുകൂടാ.''

അഹങ്കാരത്തിൻെറ പാഴ്ക്കുണ്ടുകളിൽ ചെന്നു പതിക്കാതിരിക്കണമെങ്കിൽ, നാം ദൈവത്തിൽ ആശ്രയിച്ചുകഴിയുന്നവരാണെന്ന സംഗതി അംഗീകരിപ്പാനുള്ള എളിമ നമുക്കുണ്ടായിരിക്കണം. സഹായത്തിനും മാർഗ്ഗനിർദ്ദേശത്തിനുമായി അവിടുത്തെ പക്കലേക്കു നാം നമ്മുടെ ദൃഷ്ടികളെ തിരിക്കുന്നതനുസരിച്ചായിരിക്കും അവിടുന്നു നമുക്കു നൽകിയിരിക്കുന്ന ശക്തിവിശേഷങ്ങളെ നാം വികസിപ്പിക്കുന്നതു്.

"നീ എത്രമാത്രം വലിയവനായിരിക്കുന്നുവോ അത്ര

യ്ക്കും നീ നിന്നെത്തന്നെ എല്ലാകാര്യങ്ങളിലും എളിമപ്പെടുത്തുക. എന്നാൽ നീ ദൈവത്തിൻെറ പ്രീതിക്കു പാത്രീഭവിക്കുന്നതാണു്." (Eccles 3:20)

എല്ലാം ദൈവത്തിൽ ആശ്രയിച്ചിരുന്നാലെന്നപോലെ പ്രാർത്ഥിക്കുക. എല്ലാം നിന്നിൽ ആശ്രയിച്ചിരുന്നാലെന്നപോലെ പ്രയത്നിക്കുകയും ചെയ്യുക.

## മേയ് 10

സാൻഫ്റാൻസിസ്കോയിലെ ഒരു നാല്ക്കവല. കൂട്ടംതെററിയ ഒരു ചെറുബാലിക പരിഭ്രാന്തയായിരിക്കുന്നു. അവൾ ചിത്തഭ്രമത്തിൻെറ വക്കത്തോളം എത്തിയിരിക്കുകയാണു്. വഴിയാത്രക്കാരും ഒരു പോലീസുകാരനും അവളോടു പല ചോദ്യങ്ങളും ചോദിച്ചു. പക്ഷെ അവളിൽനിന്നു് ശരിയായ ഒരു മറുപടിയും ലഭിച്ചില്ല; അവളുടെ പരിഭ്രമത്തിനു യാതൊരു കുറവും ഉണ്ടായതുമില്ല. എന്നാൽ പെട്ടെന്നു പത്രവില്പനക്കാരനായ ഒരു ബാലൻ ജനക്കൂട്ടത്തെ തിക്കിമാററിക്കൊണ്ടു് അവളെ സമീപിച്ചു. "എന്തുപററി കൊച്ചേ! വഴിതെററിപ്പോയോ?" അവൻ അനുകമ്പാപൂർവ്വം ആരാഞ്ഞു.

"എൻെറ അമ്മയെ കണ്ടില്ല." വിമ്മിവിമ്മി കരഞ്ഞുകൊണ്ടു് ആ കുട്ടി പറഞ്ഞു.

"സാരമില്ല," ബാലൻ ധൈര്യപൂർവ്വം പറഞ്ഞു. "അമ്മയെ ഇപ്പോൾ കാണിച്ചുതരാം. ഞങ്ങൾ നിൻെറ അമ്മയെ കണ്ടുപിടിക്കുന്നതാണു്." തൽക്ഷണം അവൻ മൂന്നുനാലുപേരെ വിളിച്ചു് ഓരോവഴിക്കു പറഞ്ഞയച്ചു. ഒരന്വേഷകസംഘം അങ്ങനെ നാലുപാടും പുറപ്പെട്ടുകഴിഞ്ഞു.

അനന്തരം അവൻ ബാലികയുടെ നേക്കു തിരിഞ്ഞു് അവൾക്കു സാന്ത്വനമരുളി: "സഹോദരി ഭയപ്പെടേണ്ട. എല്ലാം ഇപ്പോൾ ശരിപ്പെടും."

അങ്ങനെതന്നെ സംഭവിച്ചു. കാൽമണിക്കൂർ വേണ്ടിവന്നില്ല, അവളുടെ അമ്മയെ കണ്ടുപിടിക്കാൻ. മിക്കപ്പോഴും

ശിശുസഹജമായ, ആർഭാടരഹിതമായ ഒരു സമീപനമാണ് ലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കുള്ള ഏററവും ബുദ്ധിപൂർവ്വകവും ശീഘ്രതമവുമായ നിവാരണമാർഗ്ഗമായി പരിണമിക്കുന്നതു്. ദൈവത്തിൻെറ വഴികൾ സുഗമങ്ങളാണ്. ലോകത്തിൻെറ വഴികൾ വളഞ്ഞുപുളഞ്ഞവയും മനുഷ്യനെ അമ്പരപ്പിക്കുന്നവയുമാകയാൽ അവ ഉദ്ദിഷ്ടസ്ഥാനത്തേക്കു് അവനെ നയിക്കാറില്ല.

"നിങ്ങൾ സർപ്പങ്ങളെപ്പോലെ സൂക്ഷ്മഗ്രാഹികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരും ആയിരിപ്പിൻ."

മത്തായി. (10 : 16)

സർപ്പങ്ങളെപ്പോലെ കരുതലുള്ളവരും പ്രാവുകളെപ്പോലെ നിഷ്കളങ്കരും ആയിത്തീരുവാൻവേണ്ട അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## മേയ് 11

പോൾ റിവീറിൻെറ "അർദ്ധരാത്രി പ്രയാണ"ത്തെപ്പററി കേട്ടിട്ടില്ലാത്ത ഒരു സ്കൂൾവിദ്യാർത്ഥി അമേരിക്കൻ ഐക്യനാടുകളിലുണ്ടോ? എന്നാൽ വില്യം ഡാവ്സ് എന്നൊരാളെപ്പററി കേട്ടിട്ടില്ലാത്തവർ പ്രായംവന്നവരുടെ ഇടയിൽപ്പോലും എത്രയധികം! എന്നുവരികിലും ഡാവ്സ് അമേരിക്കൻ ചരിത്രത്തിൽ പോൾ റിവീറിനെപ്പോലെതന്നെ സ്ഥാനമർഹിക്കുന്ന ഒരാളാണ്.

ബ്രിട്ടീഷുകാരുടെ ആഗമനത്തെപ്പററി, ലെക്സിൻടണിൽ ചെന്നു ജോൺ ഹാൻകോക്കിനും സാം ആഡംസിനും അറിവു കൊടുക്കാൻ നിയുക്തനായ ഔദ്യോഗികദൂതനായിരുന്നു ഡാവ്സ്. റിവീറാകട്ടെ ഡാവ്ഡ് പുറപ്പെട്ടശേഷം അയയ്ക്കപ്പെട്ട ദൂതനാണ്. ആദ്യത്തെ ദൂതൻ വഴിക്കുവച്ചു ശത്രുകരങ്ങളിൽ അകപ്പെട്ടെങ്കിലോ എന്ന ഭയം നിമിത്തമാണു രണ്ടാമതൊരു ദൂതനെക്കൂടി അയച്ചതു്. രണ്ടു ദൂതന്മാരും ലെക്സിൻടണിൽവച്ചു കണ്ടുമുട്ടി. അവർ അവിടത്തെ ജനങ്ങളെയെല്ലാം ഉൽബുദ്ധരാക്കി. അനന്തരം ഒരുമിച്ചു് "കൊൺകോർഡ്" എന്ന സ്ഥല

ത്തേക്കു യാത്രചെയ്തു. മാർഗ്ഗമദ്ധ്യേ റിവീർ തടവുകാരനായി പിടിക്കപ്പെട്ടു. ഡാവ്സാകട്ടെ കുതിരയെ അതിശീഘ്രം പായിച്ചു രക്ഷപെട്ടു. ആ നിമിഷത്തിൽ തന്നെ, ഡാവ്സ് ചരിത്രത്തിൽനിന്നു അന്തർദ്ധാനം ചെയ്യുകയുംചെയ്തു. എന്നാൽ റിവീർ ലോംഗ്ഫെല്ലോയുടെ കവിതാപാടവംനിമിത്തം പ്രശസ്തിയുടെ പരിവേഷവുമണിഞ്ഞു ചരിത്രത്തിൽ സ്ഥലംപിടിച്ചിരിക്കുന്നു.

ഒരു മനുഷ്യൻ കാര്യം നിർവ്വഹിക്കാനും മഹത്വം കൈവരിക്കാനും ആഗ്രഹിക്കുന്നെങ്കിൽ അസാദ്ധ്യമായ സംഗതി യാതൊന്നുമില്ല. മനുഷ്യൻ മറവിക്കു് അധീനനാണ്; ദൈവത്തിനാകട്ടെ, മറവിയില്ല. ആരോ ഒരാരം പറഞ്ഞതുപോലെ, "വേലചെയ്യുന്നവരും ഖ്യാതിയടിക്കുന്നവരും എന്നിങ്ങനെ ലോകം രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു."

"ഓരോരുത്തനും തൻെറ അദ്ധ്വാനത്തിനു തക്കവണ്ണം പ്രതിഫലം സ്വീകരിക്കുന്നതാണ്."

(1 കൊറി. 3: 8)

കർത്താവേ! അവിടത്തെ അഭീഷ്ടംപോലെ എന്നെ ഉപയോഗപ്പെടുത്തുക. ഖ്യാതി എവിടെയെങ്കിലും ചെന്നു പററിക്കൊള്ളട്ടെ.

## മേയ് 12

1950-ൽ ന്യൂയോക്ക് സ്റ്റേററ യൂണിവേഴ്സിററിവക ഒരു പുതിയ കെട്ടിടത്തിൻെറ ശിലാസ്ഥാപനം നിർവ്വഹിച്ച അവസരത്തിൽ പ്രസിഡൻറ് ചാറംസ് ഡബ്ളിയു ഹണ്ട് താഴെ ചേക്കുന്ന സന്ദേശം അതിൽ നിക്ഷേപിച്ചു.

"ഞങ്ങറംക്കുശേഷം വരുന്നവർക്കു വന്ദനം.

"1950 മേയ് 12-ാംനു- ആയ ഇന്നു ഞങ്ങറം ഉന്നതവിദ്യാഭ്യാസത്തിനായുള്ള ഒരു മന്ദിരത്തിൻെറ ശിലാസ്ഥാപനം നിർവ്വഹിക്കുന്നു.

"ഞങ്ങഠം ദൈവത്തിൽ വിശ്വസിക്കുന്നു. അത്യാഗാധതലങ്ങളിൽനിന്നും അഭിനവമായ ഉന്നതതലങ്ങളിലേക്കു വീണ്ടുമുയരുവാൻ മനുഷ്യനുള്ള സാമത്ഥ്യത്തിൽ ഞങ്ങഠം വിശ്വസിക്കുന്നു.

"മനുഷ്യവഗ്ഗത്തിനു ജന്മസിദ്ധമായുള്ള ബലഹീനതയിൽനിന്നു് അതിനെ ഉദ്ധരിക്കുവാൻ വിദ്യാഭ്യാസത്തിനു കഴിവുണ്ടെന്നു ഞങ്ങഠം വിശ്വസിക്കുന്നു.

"ഞങ്ങളുടെ കലാലയങ്ങളിൽനിന്നു്, കടന്നുപോകുന്ന യുവതീയുവാക്കന്മാർ തങ്ങളുടെ കഴിവുകഠം മുഴുവനായും കാര്യക്ഷമമായും ലോകസമുദ്ധാരണാത്ഥം വിനിയോഗിക്കുമെന്നും ഞങ്ങഠം വിശ്വസിക്കുന്നു.

"നിങ്ങളുടെ ലോകം ഞങ്ങളുടെ ലോകത്തെക്കാഠം സൗഭാഗ്യപൂണ്ണമായിരിക്കട്ടെ. നിങ്ങളുടെ സൗഭാഗ്യത്തിൻെറ ഒരംശത്തിനു ഹേതുഭൂതർ ഞങ്ങളായിരിക്കുകയും ചെയ്യട്ടെ.

"ആകയാൽ ദൈവമേ! ഞങ്ങളെ സഹായിക്കേണമേ."

ക്രിസ്തുസംവാഹകർ എന്ന നിലയിൽ നമ്മുടെ ഈ തലമുറയേയും ഭാവിതലമുറകളേയും ധന്യമാക്കാൻ നമുക്കു സാധിക്കുന്നതാണു്.

"നിങ്ങഠം എൻെറ ശിഷ്യന്മാരാകുന്നുവെന്നു സകല മനുഷ്യരും അറിയുന്നതിനുള്ള അടയാളം നിങ്ങഠംക്കു പരസ്പരമുള്ള സ്നേഹമായിരിക്കും." (യോഹ. 13:35)

ജനിക്കുവാനിരിക്കുന്നവരേയും സഹായിപ്പാനുള്ള വരം എനിക്കു നൽകേണമെ, ദൈവമേ!

## മേയ് 13

അമേരിക്കയിലെ മിൽവാക്കി നഗരത്തിൽ ഒരു എക്സ്പ്രസ്സ് ട്രെയിനും വലിച്ചുകൊണ്ടു് അതശീഘ്രം പാഞ്ഞിരുന്ന ഒരു ഡീസൽ എൻജിൻ ഒരു ട്രക്കിൽ ചെന്നുമുട്ടി. തൽഫലമായി എൻജിൻ തീവണ്ടിയുടെ മററു ഭാഗങ്ങളിൽനിന്നു വേർപെട്ടു. അതു മുന്നോട്ടുപാഞ്ഞു. കൂട്ടിമുട്ടലിൻെറ ഫലമായി ബ്രേക്കിനു കേടുവന്നതുകൊണ്ടു് എൻജിൻെറ ഗതി നിയന്ത്രിക്കുവാൻ യാതൊരുവിധത്തിലും നിവൃത്തിയില്ലാതായി.

27 മൈൽ ദൂരം അപ്രതിരോധ്യമായ വേഗതയോടെ അതു കുതിച്ചുപാഞ്ഞു. പരിഭ്രാന്തരായ റെയിൽവെ ഉദ്യോഗസ്ഥന്മാർ പാതകളെല്ലാം കഴിയുംവേഗം ശരിപ്പെടുത്തിക്കൊടുത്തുകൊണ്ടിരുന്നു. അവസാനം അതു മിൽവോക്കി നദിയുടെ മുകളിലുള്ള പാലത്തിൽ കയറിത്തുടങ്ങി. മുകളിലേക്കുള്ള കയററത്തിൽ എൻജിൻെറ വേഗത കുറഞ്ഞു. ഏതാനും മിനിട്ടുകൾക്കുശേഷം രണ്ടു ജോലിക്കാർ എൻജിനിൽനിന്നു താഴെയിറങ്ങി. അപ്പോഴും അവരുടെ പാദങ്ങൾ വിറയ്ക്കുന്നുണ്ടായിരുന്നു. എൻജിനീയർ വില്യം ജോർഡൻ പിന്നീടു് റിപ്പോർട്ടേഴ്സിനോടു പറഞ്ഞു: "ഞാൻ ഉറക്കെ പ്രാർത്ഥിച്ചു. ഫയർമനോടും പ്രാർത്ഥിക്കുവാൻ, പറഞ്ഞു. ഞങ്ങളുടെ പ്രാർത്ഥന ഫലപ്രദമാകയും ചെയ്തു." പ്രാർത്ഥനയാണു് തങ്ങളെ രക്ഷിച്ചതെന്നു് അദ്ദേഹവും പറഞ്ഞു: "വേറെ യാതൊരു രക്ഷാമാർഗ്ഗവുമില്ലായിരുന്നു."

ആപൽസന്ധിയിലാണു് മിക്ക മനുഷ്യരും ദൈവത്തിൻെറ പക്കലേക്കു പിന്തിരിയുന്നതു്. എന്നാൽ അതുവരെ കാത്തുനില്ക്കാതെ നേരത്തെതന്നെ മനുഷ്യർ ദൈവസമക്ഷം അഭയം തേടിയിരുന്നെങ്കിൽ ലോകത്തിൻെറ സ്ഥിതി ഇന്നത്തേക്കാൾ വളരെ ഭേദമായിരിക്കുമായിരുന്നു. ഇക്കാര്യത്തിൽ ഒരു ക്രിസ്തുഫറായ നിങ്ങൾക്കു വല്ലതും ചെയ്യാൻ കഴിഞ്ഞേക്കും.

"കർത്താവിൻെറ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷ പ്രാപിക്കും." (റോമ. 10:13)

സ്രഷ്ടാവിനെക്കുറിച്ചുള്ള ചിന്ത ലോകത്തിൽ കൂടുതലായി ഉണ്ടാകുന്നതിനുവേണ്ടി പരിശ്രമിക്കുക.

## മേയ് 14

"അതു സാരമില്ല. അതൊരു കൊച്ചു നുണമാത്രമാണല്ലോ." പലപ്പോഴും നാമിങ്ങനെ കേൾക്കാറുണ്ടു്. ഉപദ്രവം ചെയ്യാത്തതായ യാതൊരു നുണയും ഇല്ല. കാരണം ഏററവും ചെറിയ വഞ്ചനയായാലും അതു വരുത്തിവയ്ക്കുന്ന ഉപദ്രവം അതിഭീമമായിരിക്കാവുന്നതാണു്. വഞ്ചനയും വ്യാജവും പ്രയോ

ഗിക്കുന്നവർക്കുണ്ടാകുന്ന അനുഭവങ്ങൾ ഏവയെന്നു ദൈവം നമുക്കു മുന്നറിവു നൽകിയിട്ടുണ്ടു്:

1. "അവൻ ഒരു കുഴി കുഴിച്ചു താഴ്ത്തി; അവൻ കുഴിച്ച കുഴിയിൽ അവൻ വീഴുകയും ചെയ്തു." (സങ്കീ. 7:16)

2. "അവർ വച്ചിരുന്ന കെണിയിൽ അവരുടെ കാലുകൾ കുടുങ്ങി." (സങ്കീ. 9: 16)

3. "സ്വന്തം സഹോദരനോടു മുഖസ്തുതിയും കാപട്യവും നിറഞ്ഞ വാക്കുകളോടുകൂടി സംസാരിക്കുന്നവൻ സ്വന്തം പാദങ്ങൾക്കു ഒരു വലവയ്ക്കുന്നു." (പഴഞ്ചൊല്ലു് 29:5)

4. "വഞ്ചനനിറഞ്ഞ ഒരു നാവു് സത്യത്തെ സ്നേഹിക്കുന്നില്ല. വഴുതിമാറുന്ന വദനം നാശമുണ്ടാക്കുകയും ചെയ്യുന്നു." (പഴഞ്ചൊല്ലു് 26:28)

കർത്താവേ! സത്യസന്ധവും ആത്മാർത്ഥവുമായ ഒരു നാവിനെ എനിക്കു പ്രദാനം ചെയ്തരുളേണമെ.

## മേയ് 15

ആറുംകൊല്ലംമുമ്പു് ഒരു സംഘം അമേരിക്കൻ പത്രപ്രവർത്തകർ മാർപ്പാപ്പാതിരുമേനിയെ സന്ദർശിച്ച അവസരത്തിൽ അരുളിചെയ്ത വാക്കുകൾ പ്രസിദ്ധീകരണരംഗത്തു വേലചെയ്യുന്ന ഏതൊരു ക്രിസ്തുഹരം സ്മൃതിപദത്തിൽ വച്ചുകൊണ്ടിരിക്കേണ്ടതാണു്.

"അനുദിനകൃത്യങ്ങളുടെ വ്യഗ്രതയിൽ ഒരു എഴുത്തുകാരൻ സ്വന്തം ലിഖിതത്തിൽ ഒരബദ്ധം സ്ഥലംപിടിക്കുന്നതിനു് അനുവദിക്കുക; ഒരു വാർത്തയെ, അതിൻെറ യാഥാർത്ഥ്യത്തെപ്പററി വേണ്ടവിധം അന്വേഷിക്കാതെ സ്വീകരിക്കുക; അനുചിതമായ ഒരഭിപ്രായപ്രകടനം നടത്തുക; ഇവയെല്ലാം മിക്കപ്പോഴും അശ്രദ്ധകൊണ്ടു് സംഭവിക്കുന്നവയായിരിക്കാം, ഉദ്ദേശപ്രേരിതമായിരിക്കയില്ല. എന്നുവരികിലും ആ എഴുത്തുകാരൻ ഒരു സംഗതി മനസ്സിലാക്കണം. അത്തരം അശ്രദ്ധയും

അനാസ്ഥയും, പ്രത്യേകിച്ച് ദുർഘടസന്ധികളിൽ, വളരെയെളുപ്പം ഗുരുതരമായ ഫലങ്ങറം ഉല്പാദിപ്പിക്കുന്നതാണു്."

"ഉന്നതമായ തന്റെ ജീവിതവൃത്തിയെക്കുറിച്ചും അതിന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും ബോധമുള്ള ഒരു പത്രാധിപർ, അഥവാ ലേഖകൻ, അഥവാ പ്രാസംഗികൻ, തനിക്കു അനേകായിരമോ അനേകലക്ഷമോ ജനങ്ങളുടെ നേർക്കുള്ള ചുമതലയെ സദാ സ്മൃതിപഥത്തിൽ വച്ചുകൊണ്ടിരിക്കണം. അവക്കെല്ലാം തന്റെ അറിവിൽ പെട്ടിടത്തോളം സത്യം പ്രദാനംചെയ്യണം, സത്യമല്ലാതെ യാതൊന്നും പ്രദാനംചെയ്യരുതു്. ഈ സംഗതി അവരെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്നതാണു്."

മർദ്ദനം നടമാടുന്ന ഈ ലോകം, വി. പൗലോസിന്റെ താഴെ ചേർക്കുന്ന ഉപദേശം ശ്രവിച്ചിരുന്നെങ്കിൽ, എത്രമാത്രം അഭിവൃദ്ധി പ്രാപിക്കുമായിരുന്നു.

"ആകയാൽ അസത്യം നിങ്ങളിൽനിന്നു നീക്കിക്കളയുകയും ഓരോരുത്തരും അയൽക്കാരനോടു സത്യം സംസാരിക്കുകയും ചെയ്യുവിൻ. എന്തെന്നാൽ നാം പരസ്പരം അവയവങ്ങളാകുന്നു." (അപ്പ. 4:25)

എഴുത്തുകാരെല്ലാം സത്യത്തിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിക്കുവാനായി പ്രാർത്ഥിക്കുക.

## മേയ് 16

രാജ്യത്തിനകത്തും പുറത്തുമുള്ള ശത്രുക്കളെ നമുക്കിന്നു് അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു. ഇത്ര ഭയാനകരായ ശത്രുക്കറം ഇതിനുമുമ്പ് എപ്പോഴെങ്കിലും ഉദയം ചെയ്തിട്ടുണ്ടോ എന്നു സംശയമാണു്. മനുഷ്യവ്യക്തിക്കു ദൈവദത്തമായുള്ള അവകാശങ്ങളെ മുറുകെപ്പിടിക്കുകയെന്നതു് നമ്മുടെയോരോരുത്തരുടേയും സുപ്രധാനമായ ധർമ്മമായി നാം പരിഗണിക്കണം. ഈ അവകാശങ്ങറം കൂടാതെ നമ്മുടെ രാഷ്ട്രത്തിനു് നിലകൊള്ളുന്നതിനോ അതിലെ ജനങ്ങറംക്കു സ്വാതന്ത്ര്യവായു ശ്വസിക്കുന്നതി

നോ സാധിക്കുന്നതല്ല. ആ അവകാശങ്ങളിൽ ചിലതു താഴെ ചേർക്കുന്നു:

1) മാതാവിൻെറ ഉദരത്തിൽ ഉത്ഭവിക്കുന്ന നിമിഷം മുതൽ, ജീവനും ശാരീരികഭദ്രതയ്ക്കുമുള്ള അവകാശം.

2) ദൈവത്തെ സേവിക്കുവാനും പരസ്യമായും രഹസ്യമായും ആരാധിപ്പാനുമുള്ള അവകാശം.

3) വിദ്യാഭ്യാസവും സംഘടനയുംവഴി മതപരമായ പരിശീലനം സാധിക്കാനുള്ള അവകാശം.

4) നീതിയുക്തമായ നിയമങ്ങൾക്കു വിധേയമായി, വ്യക്തിസ്വാതന്ത്ര്യം പാലിപ്പാനുള്ള അവകാശം.

5) സ്ത്രീപുരുഷവ്യത്യാസം, ജാതി, വർണ്ണം, മതം എന്നീ പരിഗണനകൾ കൂടാതെ നിയമത്തിൻെറ തുല്യമായ സംരക്ഷണം ലഭിക്കുവാനുള്ള അവകാശം.

"അവിടുന്നു് അരുളിച്ചെയ്തു: നമുക്കു മനുഷ്യനെ നമ്മുടെ സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കാം." (സൃഷ്ടി 1: 26)

ദൈവദത്തമായ ഈ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി 10 ലക്ഷം ക്രിസ്തുസംവാഹകരെങ്കിലും രംഗത്തിറങ്ങുവാൻവേണ്ടി പ്രാർത്ഥിക്കുക.

## മേയ് 17

ഇന്നലെ മനുഷ്യനു ദൈവം നല്കിയിട്ടുള്ള അഞ്ചവകാശങ്ങളെപ്പററി ചിന്തിച്ചു. ഇന്നു അത്തരം ആറവകാശങ്ങളെക്കുറിച്ചുകൂടി വിചിന്തനം ചെയ്യാം.

6) സത്യത്തിനും നീതിക്കും യോജിച്ചവിധത്തിൽ, സംസാരിക്കുവാനും, വാർത്തകൾ അറിയിക്കുവാനും, ആശയവിനിമയം ചെയ്യാനുമുള്ള അവകാശം.

7) ജീവിതാന്തസ്സു തിരഞ്ഞെടുക്കാനും അതിനെ നിർബാധം നിലനിർത്താനുമുള്ള അവകാശം.

8) മനുഷ്യവ്യക്തിയുടെ നിലയും വിലയും പരിരക്ഷി

ക്കുന്നതിനും വികസിപ്പിക്കുന്നതിനും യോജിച്ചതരം വിദ്യാഭ്യാസം ലഭിപ്പാനുള്ള അവകാശം.

9) അവശതാനിവാരണാൎത്ഥം ഗവമ്മെൻറിൻെറ പക്കൽ പരാതികഠം സമൎപ്പിക്കുവാനുള്ള അവകാശം.

10) ഏതെങ്കിലുമൊരു ജനതയുടെ ഘടകമായിരിക്കാനുള്ള അവകാശം.

11) വേണ്ടിവന്നാൽ അന്യരാജ്യങ്ങളിൽ കുടിയേറിപ്പാൎക്കുകപോലും ചെയ്തു സ്വന്തം ജീവസന്ധാരണത്തിനുള്ള മാൎഗ്ഗം തേടാനുള്ള അവകാശം.

തങ്ങളുടെ ഇഷ്ടംപോലെ ലോകത്തിനു ഭീകരമായ ഒരു രൂപം കൊടുത്തു് അതിനെ പുതുക്കിപ്പണിയുവാൻ ഇച്ഛിക്കുന്നവർ ഈ അവകാശങ്ങളെ അംഗീകരിക്കുന്നില്ല. ആകയാൽ അവ നിലനിൎത്തുവാൻ നാം തീക്ഷ്ണതയോടുകൂടി പരിശ്രമിക്കാത്ത പക്ഷം, നമ്മുടെ കുററത്താൽത്തന്നെ നാമവ നഷ്ടപ്പെടുത്തുന്നതായിരിക്കും.

"ദൈവം മനുഷ്യനെ സ്വന്തം ഛായയിൽ സൃഷ്ടിച്ചു."                (സൃഷ്ടി 1: 27)

ദൈവം നിങ്ങഠംക്കു് നല്കിയിരിക്കുന്ന അമൂല്യങ്ങളായ അവകാശങ്ങഠം പരിരക്ഷിക്കാനുള്ള നിങ്ങളുടെ പരിശ്രമങ്ങളിൽ ദൈവസഹായം ലഭിപ്പാനായി പ്രാൎത്ഥിക്കുക.

## മേയ് 18

ഇതേവരെ നാം ദൈവം നമുക്കു നല്കിയിട്ടുള്ള 11 അവകാശങ്ങളെപ്പററി പര്യാലോചിച്ചു. വേറെ നാലെണ്ണംകൂടി നാമിന്നു നമ്മുടെ ചിന്താവിഷയമാക്കണം. ഇവയെല്ലാം ദൈവദത്തമാകയാൽ യാതൊരു രാഷ്ട്രത്തിനും ഇവ എടുത്തുകളയാൻ അധികാരമില്ലെന്ന സംഗതികൂടി അനുസ്മരിക്കേണ്ടിയിരിക്കുന്നു.

12) സംഘടിക്കുന്നതിനും സമാധാനപൂൎവ്വം യോഗം ചേരുന്നതിനുമുള്ള അവകാശം.

13) വേലചെയ്യുവാനും സ്വന്തം തൊഴിൽ തിരഞ്ഞെടുക്കുവാനുമുള്ള അവകാശം.

14) മററുള്ളവരുടെ അവകാശങ്ങൾക്കു് ഭംഗം വരാത്തവിധത്തിൽ പൊതു താല്പര്യങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടു് വസ്തു സമ്പാദിക്കുവാനും ഉപയോഗിക്കുവാനും ക്രയവിക്രയം ചെയ്യുവാനുമുള്ള അവകാശം.

15) ജീവനുള്ളലിക്കുള്ള അവകാശം.

ലോകത്തിലെ പകുതിഭാഗംപേരെ അടിച്ചമർത്തി ഭരിക്കുന്നവർ ഈ അവകാശങ്ങളൊന്നും അംഗീകരിക്കുന്നില്ലെന്നുള്ളതു് സൂക്ഷ്മദൃക്കുകളായ ആർക്കും വ്യക്തമാണു്. ഇരവുപകലിളവില്ലാതെ അവർ മറേറ പകുതിയെക്കൂടി (അതായതു നമ്മെ) കീഴ്പ്പെടുത്താൻ ശ്രമിച്ചുവരികയാണു്. എന്നാൽ ഈ അവകാശങ്ങൾ പുരുഷാത്മകനായ ഒരു വ്യക്തിയെന്ന നിലയിൽ മനുഷ്യനുള്ളവയാണു്; ദൈവദത്തമാണു്; അനന്യഹാര്യമാണു്.

"നീ അവനെ ദൈവദൂതന്മാരിൽനിന്നു് അല്പം താഴ്ത്തി, മഹത്വബഹുമാനങ്ങൾകൊണ്ടു് അവനെ നീ അലങ്കരിച്ചു. നിൻെറ കൈകളുടെ വേലകളിന്മേൽ അവനെ നീ അധികാരിയാക്കുകയും ചെയ്തു." (സങ്കീ. 8 : 6).

ദൈവദത്തമായ അവകാശങ്ങൾ അനുഭവിക്കാതെ നരകിക്കുന്ന റഷ്യയിലേയും സോവ്യററധീനതയിലുള്ള ഇതരരാജ്യങ്ങളിലേയും ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക.

## മേയ് 19

3 കോടി ജനം വായിക്കുന്ന ഒരു പത്രത്തിൽ ലേഖനമെഴുതുന്ന ഒരു വനിതയാണു് ഡൊറോത്തി ഡിക്ക്സ്. 18 വയസ്സിലാണു് അവർ വിവാഹം കഴിച്ചതു്. താമസംവിനാ അവരുടെ ഭർത്താവു് രോഗബാധിതനായിത്തീർന്നു. തന്നിമിത്തം അവർക്കു രണ്ടുപേർക്കും ജീവസന്ധാരണത്തിനു് മാർഗ്ഗമില്ലാതായി. ഈ പതനത്തിൽ മിസ്സിസ് ഡിക്ക്സ് ജോലിക്കിറങ്ങി. പിന്നീടു് അവരുടെ ഭർത്താവു് 35 കൊല്ലംകൂടി ജീവിച്ചു. അക്കാല

മത്രയും ആ സ്ത്രീയുടെ ജോലിയിൽനിന്നും ലഭിച്ച വരവുകൊണ്ടാണു് രണ്ടുപേരുടേയും ആവശ്യങ്ങരം നിർവ്വഹിച്ചുവന്നതു്.

ക്ലേശാവഹമായ ആ ജീവിതത്തിൻെറ ആദ്യഘട്ടത്തിൽ മിസ്സിസ് ഡിക്ക്സിൻെറ പല സ്നേഹിതരും ഉപദേശിച്ചു, വിവാഹമോചനത്തിനായി ശ്രമിക്കാൻ. ഉദ്വേഗപൂർവ്വം അവരതു നിരസിക്കയാണു് ചെയ്തതു്. അവർ എഴുതിയിരിക്കുന്നതു് ഇങ്ങനെയാണു്: "വിവാഹമോചനത്തെപ്പററി ഞാനൊരിക്കൽപോലും ചിന്തിച്ചിട്ടില്ല. സഹിക്കാൻ എനിക്കുതന്നെ സാധിക്കാതെ വന്നാൽ സഹിക്കുക എന്നു മററുള്ളവരോടു പറയുവാൻ എനിക്കു കഴിയുകയില്ലായിരുന്നു.

വിവാഹശേഷമുള്ള ആദ്യകൊല്ലങ്ങളിലാണു് ഡിക്ക്സ് നിരാശയ്ക്കു് അധീനയാകാതെ, പിൽക്കാലത്തു് മററുള്ളവരുടെ ജീവിതപ്രശ്നങ്ങരംക്കു് പരിഹാരം കണ്ടെത്തുവാൻ അവർക്കു് പ്രചോദനം നൽകിയ ആ ധൈര്യ്യവും സ്വഭാവവൈശിഷ്ട്യവും കെട്ടിപ്പടുത്തതു്. "സത്യം പറയാനും ദൈവത്തെ ഭയപ്പെടാനും ആശ്ചരിതർ ആവലാതിപ്പെടുകയില്ല എന്ന തത്വം സദാ അനുസ്മരിപ്പാനും എൻെറ അമ്മ എന്നെ പഠിപ്പിച്ചു" എന്നത്രെ അവർ ഒരവസരത്തിൽ പ്രസ്താവിച്ചതു്.

നിങ്ങളുടെ ക്ലേശങ്ങളും പ്രയാസങ്ങളും ആദ്ധ്യാത്മിക ദൃഷ്ട്യാ വീക്ഷിക്കുവാനും ഫലപ്രദമാക്കാനും നിങ്ങരം എത്ര കൂടുതലായി പരിശ്രമിക്കുമോ, അത്രയ്ക്കും ക്ലേശിക്കുന്നവക്കു് സാന്ത്വനമരുളുന്നതിൽ "മറെറാരു ക്രിസ്തു"വായി വർത്തിക്കുവാൻ നിങ്ങരംക്കു സാധിക്കുന്നതാണു്.

"എന്നെ അനുഗമിക്കുവാൻ ഇച്ഛിക്കുന്ന ഏവനും സ്വയം പരിത്യജിച്ചും അനുദിനമുള്ള കുരിശു വഹിച്ചും എൻെറ പിന്നാലെ വരട്ടെ." (ലൂക്കാ. 9 : 23)

മററുള്ളവരെ കരുത്തുള്ളവരാക്കുന്നതിനുവേണ്ടി ഞാനും കരുത്തുള്ളവനായി ഭവിപ്പാൻ കർത്താവേ, എന്നെ സഹായിക്കേണമെ!

# മേയ് 20

റഷ്യയിലെ അമേരിക്കൻ പ്രതിനിധിയായിരുന്ന വില്യം സി. ബുള്ളിററ് "വലിയ ഭൂലോകം" എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. അതിലദ്ദേഹം പറയുന്നതു് കമ്മ്യൂണിസത്തിൻെറ വശീകരണശക്തി അതിൻെറ അനുയായികളിൽ "പല മതവിശ്വാസങ്ങളേയുംപോലെ അത്ര വലിയ തീക്ഷ്ണതയും ത്യാഗശീലവും" സംജാതമാക്കിയിട്ടുണ്ടെന്നാണ്.

"ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ്," അദ്ദേഹം എഴുതുന്നു, "ഒരാദിമക്രിസ്ത്യാനിക്കു് യോജിച്ച ധീരോദാത്തതയോടെ സ്വജീവൻ അർപ്പിക്കുന്നു..........എല്ലാ തിന്മയിൽനിന്നും മനുഷ്യവർഗ്ഗം മുഴുവനേയും രക്ഷിക്കുവാനായിട്ടാണത്രെ അവൻ പോരാടുന്നതു്. സ്വയം നിത്യസത്യത്തെ സേവിക്കുന്നതായിട്ടാണ് അവൻ വിചാരിക്കുന്നതു്. അവൻെറ ദൃഷ്ടിയിൽ പാർട്ടിവിശ്വാസികളുടെ ഒരു യൂണിയനാണ്. അവൻെറ പഴയനിയമം മാർക്സിൻേറയും എംഗൽസിൻേറയും ഗ്രന്ഥങ്ങളാണ്; അവൻെറ പുതിയ നിയമമാകട്ടെ, ലനിൻെറയും സ്റ്റാലിൻെറയും കൃതികളും."

ബുള്ളിററ് തുടരുന്നു: "ഒരു കമ്മ്യൂണിസ്റ്റിൻെറ അഭിപ്രായത്തിൽ പരമമായ ഈ ധാർമ്മികലക്ഷ്യം അതിൻെറ സഫലീകരണത്തിനായുള്ള എല്ലാ മാർഗ്ഗങ്ങളേയും — സമരം, കൊലപാതകം, അപവാദം, കരാർലംഘനം തുടങ്ങിയ സകലത്തേയും — നീതീകരിക്കുന്നു."

ഈ തിന്മയ്ക്കെതിരായി വേലചെയ്യുന്നതിനേക്കാൾ വളരെയധികം പ്രാധാന്യം അർഹിക്കുന്നതാണ് പ്രത്യക്ഷമായ ഗുണഫലങ്ങൾ പുറപ്പെടുവിക്കുന്നതിനായി വേലചെയ്യുകയെന്നതു്. കമ്മ്യൂണിസത്തേയൊ മറേറതെങ്കിലും ഇസത്തേയൊ പരാജയപ്പെടുത്തുകയും അതിൻെറ സ്ഥാനത്തു അതിനേക്കാൾ മെച്ചമായ ഒന്നിനെ പ്രതിഷ്ഠിക്കാതിരിക്കുകയും ചെയ്യുന്നതു സ്വയം ആപത്തു വരിക്കുന്നതിനു തുല്യമാണ്. നമ്മുടെ കർത്താവിൻെറ വാക്കുകൾ ശ്രവിച്ചാലും:

"ഒരു മനുഷ്യനെ ആവേശിച്ചിരുന്ന പിശാചു അയാളെ ഒഴിഞ്ഞുപോയശേഷം......ഞാൻ ഉപേക്ഷിച്ചു വന്ന ഭവനത്തിലേക്കു തന്നെ മടങ്ങിപ്പോകും എന്നു സ്വയം പറഞ്ഞു........അവൻ പോയി അവനേക്കാൾ ഭയങ്കരരായ ഏഴു പിശാചുക്കളോടുകൂടി വന്നു അതിൽ കയറി വാസമാക്കി. അങ്ങനെ ആ മനുഷ്യൻെറ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ കഷ്ടതരമായി. (മത്തായി 12: 43—45)

തിന്മയ്ക്കെതിരായി മാത്രമല്ല നന്മയെ പ്രത്യക്ഷത്തിൽ പുലത്താനായും വേലചെയ്യുന്നതിനു സന്നദ്ധരായ അനേകായിരം പേരെ പൊതുനിരത്തുകളിലേക്കയയ്ക്കാൻ ദൈവത്തോടു പ്രാർത്ഥിക്കുക.

## മേയ് 21

1640-ൽ ജോർജ്ജ് ഹെർബെർട്ടു് ഇപ്രകാരമെഴുതി: "ലോകത്തിലെ ജനങ്ങളിൽ പകുതിപ്പേർക്കു് അറിഞ്ഞുകൂടാ, മറേറപകുതി ജീവിക്കുന്നതെങ്ങനെയെന്നു്." അന്നത്തെപ്പോലെ ഇന്നുമതു വാസ്തവമാണു്. ഉള്ളവർ ഇല്ലാത്തവരുടെ കാര്യത്തിൽ വേണ്ടിടത്തോളം ശ്രദ്ധപതിക്കുന്നില്ല. എന്നാൽ വേദപുസ്തകം വീണ്ടും വീണ്ടും പാവങ്ങളുടെ കാര്യം എടുത്തുപറയുന്നുണ്ടു്. നമ്മിലോരോരുത്തരും പ്രസ്തുതവാക്യങ്ങളെപ്പററി ധ്യാനിക്കയും ബഹുജനങ്ങൾക്കു ദൈവനിശ്ചയപ്രകാരമുള്ള ജീവസന്ധാരണമാർഗ്ഗങ്ങൾ ലഭിക്കുന്നതിനുവേണ്ടി പ്രായോഗികമായ എന്തെങ്കിലും ചെയ്യുകയും വേണം. അങ്ങനെ നമ്മുടെ ജീവിതവും ധന്യമായി ഭവിക്കുന്നതാണു്.

1. "........അവശതയനുഭവിക്കുന്നവരോടും സാധുക്കളോടും നീതിചെയ്യുക." (പഴഞ്ചൊല്ല് 31:9)

2. "നിൻെറ ചെവിയെ സന്തോഷസമേതം പാവപ്പെട്ടവരിലേക്കു ചായിക്കുക........." (Ecles. 4:8)

3. "വസ്ത്രമില്ലാത്തതുനിമിത്തം കഷ്ടപ്പെടുന്നവനേയും

ദേഹം മറയ്ക്കാനൊന്നുമില്ലാത്ത പാവപ്പെട്ട മനുഷ്യനേയും ഞാൻ അവഹേളിച്ചിട്ടുണ്ടെങ്കിൽ........എൻെറ കൈ മുറിഞ്ഞുപോക ട്ടെ." ജോബ് 31: 19 22)

എന്നെക്കാറം ദുർഭഗരായ ജനങ്ങളുടെ നേക്കു എൻെറ ക ണ്ണും കരളും തുറക്കുവാൻ എന്നെ സഹായിക്കേണമേ, ദൈവമേ.

## മേയ് 22

ധീരോദാത്തനായ ഒരിൻഡ്യൻ (അമേരിക്കയിലെ ആദി മനിവാസി) ഒരു മൈതാനത്തിൽ ചുററിത്തിരിയുകയായിരു ന്നു. കുതിരപ്പുറത്തുവന്ന ഒരാറം അതു കണ്ടു് ചോദിച്ചു: "സ്നേ ഹിതാ, വഴിതെററിയോ?"

തൽക്ഷണം മറുപടിയും ലഭിച്ചു: "ഇൻഡ്യനു വഴിതെ ററുകയോ? വിഗ്വാമിനാണു വഴിതെററിയതു്."

പലരും പറയും തങ്ങളെ സംബന്ധിച്ചിടത്തോളം കുഴപ്പ മൊന്നുമില്ലെന്നു്. ലോകത്തിനാണത്രെ അബദ്ധം പിണഞ്ഞി രിക്കുന്നതു്. ലോകമൊന്നു തിരിച്ചുടിച്ചു് തങ്ങളുടെ ചിന്താ ഗതിക്കു് അനുരൂപമായി ഭവിക്കുമ്പോറം തകരാറെല്ലാം തീരുമെ ന്നാണു് അവരുടെ അഭിപ്രായം.

മനുഷ്യർ തങ്ങളുടെ മാനസിക പ്രത്യാഘാതങ്ങളുടെ നൂലാ മാലകളിലും വികാരങ്ങളുടെ വിജ്റംഭണങ്ങളിലും കുടുങ്ങിക്കി ടക്കുമ്പോറം കുഴപ്പങ്ങളുടെയെല്ലാം മൂലകാരണം തങ്ങളിലാണു് സ്ഥിതിചെയ്യുന്നതെന്നും തങ്ങളുടെ വിമശ്നത്തിനു വിഷയമാ യ ലോകത്തിലല്ലെന്നും മനസ്സിലാക്കുവാൻ വളരെ പ്രയാസമാ യി ഭവിക്കുന്നു.

അത്തരം ആളുകളോടു ശാന്തമായും അനുകമ്പാപൂവ്വവും വത്തിക്കണം. അവർ നമ്മുടെ ക്ഷമയെ പരീക്ഷിക്കുന്ന അവ സരങ്ങളിൽപ്പോലും അവരോടു എല്ലാം വെട്ടിത്തുറന്നു പറയുന്ന തുകൊണ്ടു പ്രയോജനമൊന്നുമുണ്ടാകയില്ല; ഉപദ്രവകരമായേ അ തു പരിണമിക്കുകയുള്ളു.

ഒരുപക്ഷേ അവരിതു സമ്മതിക്കുകയില്ലെങ്കിലും യഥാത്ഥ

ത്തിൽ അവർ "വഴിയും സത്യവും ജീവനും" കണ്ടുപിടിക്കുവാനായി അന്ധകാരത്തിൽ തപ്പിത്തടയുകയാണ്. അനേകംപേരെ ദൈവത്തിൻെറ പക്കലേക്കു പ്രത്യാഗമിപ്പിക്കുവാനുള്ള ഭാഗ്യം നിങ്ങൾക്കുണ്ടാകുമാറാകട്ടെ.

പശ്ചാത്താപത്തിനാവശ്യമില്ലാത്ത തൊണ്ണൂററിഒൻപതു നീതിമാന്മാരെക്കുറിച്ചു ഉണ്ടാകുന്നതിനേക്കാൾ കൂടുതലായ സന്തോഷം അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ചു് സ്വർഗ്ഗത്തിലുണ്ടാകും. (ലൂക്ക 15:7)

ദൈവമേ! സകലരുടേയും പിതാവായ അവിടത്തെ പക്കൽ പലരും പ്രത്യാഗമിക്കുന്നതിനുവേണ്ട സഹായം നൽകാൻ എനിക്കു വരം തരേണമേ!

## മേയ് 23

അബദ്ധം പിണഞ്ഞേക്കുമോ എന്ന ഭയമാണ്, പലരും! "ഞാനൊന്നിലുമില്ലേ" എന്ന പല്ലവി പാടുന്നവരുടെ ഗണത്തിൽ പെടാൻ കാരണം. മന്ദഭക്തരായ ഈ ക്രിസ്ത്യാനികളുടെ താദൃശമായ ഭീതിക്കു നിദാനമായിരിക്കുന്നതു തീക്ഷ്ണതയല്ല, സ്വാത്ഥതയാണ്. "മററുള്ളവർ എന്തു വിചാരിക്കും" എന്ന ഉൽക്കണ്ഠയാണ്.

കുറെനാൾമുമ്പു് "പിററ്സിൽവേനിയ സ്റ്റാർ" ഇപ്രകാരം എഴുതി: "ഗാലറികളെല്ലാം വിമർശകരെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. അവർ പന്തു കളിക്കുന്നില്ല. യുദ്ധം ചെയ്യുന്നില്ല; യാതൊരബദ്ധവും ചെയ്യുന്നില്ല; കാരണം, അവർ യാതൊരു കാര്യത്തിലും പ്രവേശിക്കുന്നില്ല. താഴെ മല്ലരംഗത്തു വത്തിക്കുന്നവരാണ് പ്രവൃത്തിനിരതരായവർ. അവക്ക് അബദ്ധങ്ങൾ പിണയുന്നു, എന്തെന്നാൽ അവർ പലതും ചെയ്യാൻ പരിശ്രമിക്കുന്നു.

"ഫോർഡ്" അദ്ദേഹത്തിൻെറ ആദ്യത്തെ മോട്ടോർയന്ത്രത്തിൽ റിവേഴ്സ്ഗിയർ വയ്ക്കാൻ മറന്നുപോയി. എഡിസണു

ഒരിക്കൽ ഒരു കണ്ടുപിടിത്തത്തിനായി 20 ലക്ഷം ഡോളർ ചെലവഴിച്ചെങ്കിലും അതുകൊണ്ടു പ്രയോജനമൊന്നുമുണ്ടായില്ല.

"യാതൊരു കാര്യവും ചെയ്യാൻ ശ്രമിക്കാത്തവനാണ് അബദ്ധങ്ങളൊന്നും പിണയാതിരിക്കുന്നതു്. പുരോഗതിയുടെ ചക്രത്തിലുള്ള ബ്രേക്കാണവർ. എന്നാൽ യഥാർത്ഥത്തിൽ അവന്നു പ്രമാദമൊന്നും പററുന്നില്ലെന്നു പറയാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ, അവൻ യാതൊന്നും ചെയ്യാൻ ശ്രമംനടത്താതിരിക്കുകയും ഒന്നും പ്രവർത്തിക്കാതിരിക്കുകയും അതേസമയംതന്നെ വല്ലതും പ്രവർത്തിക്കുന്നവരെ വിമർശിക്കുകയും ചെയ്യുന്നുവെന്നതുതന്നെയാണു അവൻെറ ഏററവും വലിയ തെററു്."

പ്രവൃത്തിനിരതരായവർ അബദ്ധങ്ങൾ ചെയ്തുകൂട്ടുമെന്നു തീർച്ചയായും പ്രതീക്ഷിക്കാവുന്നതാണ്. മനുഷ്യൻെറ ബലഹീനതകളാണ് അവയ്ക്കു കാരണം. കർത്താവിന് എല്ലാം മനസ്സിലാകുന്നുണ്ടെന്നു്, ഫലം എന്തായാലുംവേണ്ടില്ല പ്രവൃത്തിരംഗത്തിറങ്ങുന്നവരെ അവിടുന്നു അനുഗ്രഹിക്കുമെന്നു്, അവർക്കറിയാം.

"......നീ ഉഷ്ണമുള്ളവനാകാതെയും ശൈത്യമുള്ളവനാകാതെയും ശീതോഷ്ണമുള്ളവനായിരിക്കയാൽ ഞാൻ എൻെറ വായിൽനിന്നു നിന്നെ വമിച്ചുകളയുവാൻ പോകുന്നു." (വെളിപാടു് 3:16)

എൻെറ പോരായ്മകളെ അവഗണിച്ചുകൊണ്ടു് സൽപ്രവൃത്തികളിൽ സദാ ജാഗരൂകനായിരിപ്പാൻവേണ്ട ധൈര്യം കർത്താവേ, എനിക്കു പ്രദാനംചെയ്തരുളേണമേ!

## മേയ് 24

"സംശയമുള്ളപ്പോൾ, കരുണയുടെ വശത്തേക്കു ചായുകയാണ്. ഏററവുമുചിതം" എന്നതു നിയമവിദഗ്ദ്ധന്മാർ അംഗീകരിച്ചിരിക്കുന്ന ഒരു മുദ്രാവാക്യമാണ്. സ്നേഹമസൃണമായ ഈ മനോഭാവത്തിൻെറ ആവശ്യകതയെപ്പററി വേദപുസ്തകം ആദ്യന്തം ഊന്നിപ്പറയുന്നുണ്ടു്. "മററു ക്രിസ്തു"മാരായി വേലചെയ്യ

വാൻ ആഗ്രഹിക്കുന്നവർക്കു് ഉണ്ടായിരിക്കേണ്ട പ്രധാനപ്പെട്ട ഒരു ഗുണവും ഇതുതന്നെയാണു്.

1. "കരുണകാണിക്കുകയും വിധിചെയ്യുകയും ചെയ്യുന്നതു് ബലിവസ്തുക്കളെക്കാഠം കർത്താവിനെ പ്രീതിപ്പെടുത്തുന്നു." (Prov. 21: 3)

2. "ദൈവം കരുണയേയും സത്യത്തേയും സ്നേഹിക്കുന്നു: കർത്താവു പ്രസാദാനുഗ്രഹവും മഹത്വവും നൽകും." (സങ്കീ. 83: 9)

3. എന്നെ പ്രസാദിപ്പിക്കുന്നതു കാരുണ്യമത്രേ ബലിയല്ല എന്ന വേദവാക്യത്തിൻെറ അർത്ഥം പോയി പഠിക്കുക. (മത്തായി 9 : 13)

4. "നിങ്ങളുടെ പിതാവു കാരുണ്യവാനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ." (ലൂക്ക 6: 36)

ക്രിസ്തുമൂഖേന ദൈവം നിങ്ങളോടു ക്ഷമിച്ചിരിക്കുന്നവണ്ണം, പരസ്പരം ക്ഷമിപ്പാനും ദയയും കരുണയും പ്രദർശിപ്പാനും വേണ്ട അനുഗ്രഹത്തിനായി പ്രാർത്ഥിക്കുവിൻ.

## മേയ് 25

ന്യൂയോക്കിനേയും ന്യൂജേഴ്സിയേയും തമ്മിൽ യോജിപ്പിക്കുന്ന "ദി ജോർജ് വാഷിംഗ്ടൺ ബ്രിഡ്ജ്" ലോകത്തിലുള്ള ഏററവും വലിയ പാലങ്ങളിലൊന്നാണു്. അതിൽക്കൂടി അനേകായിരം മോട്ടോർ വാഹനങ്ങളാണു്, അനേകശതം ജനങ്ങളേയും അനേകംടൺ ഭാരവും വഹിച്ചുകൊണ്ടു അനുദിനം കടന്നുപോകുന്നതു്. ഹഡ്സൺ നദിയുടെ ജലപ്പരപ്പിൽനിന്നും 200 അടി ഉയരത്തിലാണു പാലം സ്ഥിതിചെയ്യുന്നതു്. ഈ വമ്പിച്ച ഭാരത്തെയെല്ലാം താങ്ങുന്നതെന്താണു്? ചെറിയ ചെറിയ ഉരുക്കുകമ്പികഠം. ഓരോന്നും ഒരീയപെൻസിലിനേക്കാഠം ഘനം കുറഞ്ഞതുമാണു്. അത്തരം 100,(00 കമ്പികളിലധികമുണ്ടത്രെ. ഓരോന്നും പാലത്തിനു താങ്ങു നല്കുന്നതിൽ

ചെറിയൊരുഭാഗം വഹിക്കുകമാത്രം ചെയ്യുന്നു. യാതൊരു കമ്പിയും ഈ കൃത്യം തനിച്ചു നിർവ്വഹിക്കുക സാദ്ധ്യമല്ലെന്നുള്ളതു തീർച്ചയാണല്ലോ. എന്നാൽ മററുള്ളവയുമൊരുമിച്ചു പ്രവർത്തിക്കുമ്പോറം, അവയ്ക്കു നിഷ്പ്രയാസം ഇപ്പോറം വഹിക്കുന്നതിൻെറ നാലിരട്ടി ഭാരംപോലും വഹിക്കുവാൻ സാധിക്കുന്നതാണു്.

യാതൊരു ക്രിസ്തുസംവാഹകനും സ്വയം "ലോകത്തെ വ്യത്യാസപ്പെടുത്തുവാൻ" കഴിയുകയില്ല. എന്നാൽ ഓരോരുത്തനും സ്വമേധയാ മുന്നിട്ടിറങ്ങുകയും വ്യക്തിപരമായ ഉത്തരവാദിത്വമേൽക്കുകയും ചെയ്യുന്നപക്ഷം സംഖ്യാതീതരായ മററു ക്രിസ്തുഹർമാരുടെ സഹകരണത്തോടുകൂടി ക്രിസ്തുവിനെ പൊതുജനരംഗങ്ങളിലേക്കു കൊണ്ടുവരുന്നതിൽ വലിയ പ്രേരണശക്തി ചെലുത്തുവാൻ സാധിക്കുന്നതാണു്. അതാണു് വിജയസിദ്ധിക്കുള്ള മാർഗ്ഗം. ഉണർവ്വോടെ വർത്തിക്കേണ്ട സമയവുമാണിതു്.

"ഒററയായിരിക്കുന്നതിനെക്കാറം ഭേദം രണ്ടുപേർ ഒരുമിച്ചിരിക്കുന്നതാണു്. കാരണം, അവരുടെ സഹവാസത്തിൻെറ ഗുണഫലം അവർക്കുണ്ടു്. ഒരാറം വീഴുകയാണെങ്കിൽ മറെറയാളുടെ താങ്ങു ലഭിക്കും. തനിച്ചായിരിക്കുന്നവനു ദുരിതം; എന്തുകൊണ്ടെന്നാൽ അവൻ വീഴുമ്പോറം, അവനെ താങ്ങിയെഴുന്നേല്പിക്കുന്നതിനു് അവനു് ആരുമില്ല." (Ecl. siastes 4:9—10)

മനുഷ്യവർഗ്ഗത്തിൻെറ ഒരു ചെറുഘടകം മാത്രമാണു ഞാനെങ്കിലും, മനുഷ്യർക്കു അവിടുന്നു നൽകിയിരിക്കുന്ന കൃത്യം നിർവ്വഹിക്കുന്നതിനു് എനിക്കുമൊരു പങ്കു് വഹിക്കുവാൻ സാധിക്കുമെന്നു് ഓർക്കുവാൻ കർത്താവേ! എന്നെ സഹായിക്കേണമെ!

## മേയ് 26

കുറെനാറംമുമ്പു്, ലണ്ടനിലെ 8 വയസ്സുമുതൽ 12 വയസ്സുവരെ പ്രായമുള്ള 228 കുട്ടികളോടു മററു ചോദ്യങ്ങളുടെ കൂട്ടത്തിൽ ഒരു ചോദ്യം ചോദിച്ചു—ഉത്തമരായ മാതാപിതാക്കറം തങ്ങളുടെ കുട്ടികളോടു പെരുമാറേണ്ടതു് എങ്ങനെയെന്നാണു്

അവരുടെ അഭിപ്രായമെന്നു്. അവർ ആദരപൂർവ്വം നല്കിയ നിർദ്ദേശങ്ങളുടെ ഒരു സംഗ്രഹമാണു് താഴെ ചേർക്കുന്നതു്. അതിൽ അടങ്ങിയിരിക്കുന്ന വിജ്ഞാനം കുറച്ചൊന്നുമല്ല.

1. പ്രായമായവർ കുട്ടികളുടെ സാന്നിദ്ധ്യത്തിൽ വഴക്കുകൂടാതിരിക്കുക.

2. നിങ്ങളുടെ കുട്ടികളോടു് എല്ലാവരോടും തുല്യമായ സ്നേഹം പ്രദർശിപ്പിക്കുക.

3. കുട്ടികളോടു് ഒരിക്കലും നുണ പറയാതിരിക്കുക.

4. മാതാപിതാക്കന്മാർ പരസ്പരം സഹനസന്നദ്ധത പ്രദർശിപ്പിക്കുക.

5. പ്രായമായവരും കുട്ടികളും തമ്മിൽ സഖിത്വം പാലിക്കുക.

6. കുട്ടികളുടെ സ്നേഹിതരെ നിങ്ങളുടെ അതിഥികളെപ്പോലെ പരിഗണിക്കുക.

7. ചോദ്യങ്ങൾക്കു് എപ്പോഴും മറുപടി കൊടുക്കുക. "ഇപ്പോൾ എന്നെ ശല്യപ്പെടുത്തല്ലെ." എന്നു് ഒരിക്കലും പറയാതിരിക്കുക.

8. മററു കുട്ടികളുടെ സാന്നിദ്ധ്യത്തിൽ നിങ്ങളുടെ കുട്ടികളെ ശാസിക്കുകയോ ശിക്ഷിക്കുകയോ ചെയ്യാതിരിക്കുക.

9. നിങ്ങളുടെ കുട്ടിയുടെ ഗുണവിശേഷങ്ങൾ നിങ്ങളുടെ ശ്രദ്ധാവിഷയമാക്കുകയും അവൻെറ പരാജയങ്ങൾ അവഗണിക്കുകയും ചെയ്യുക.

10. നിങ്ങളുടെ ചിത്തവൃത്തിയിലും സ്നേഹത്തിലും മാററങ്ങൾ സംഭവിപ്പാൻ അനുവദിക്കാതിരിക്കുക.

മാതാപിതാക്കന്മാർ തങ്ങളുടെ കുടുംബങ്ങൾക്കും മക്കളോടുമുള്ള തങ്ങളുടെ പെരുമാററരീതികൾക്കും ആദ്ധ്യാത്മികമായ ഒരു ചൈതന്യം പ്രദാനം ചെയ്യാൻ ശ്രമിക്കുന്നതിൻെറ തോതനുസരിച്ചു് അവരിൽനിന്നും അവരുടെ മക്കൾ പ്രതീക്ഷിക്കുന്ന ഗുണലക്ഷണങ്ങൾ അവർക്കു കൈവരുന്നതാണു്.

"മാതാപിതാക്കന്മാരേ, നിങ്ങളുടെ മക്കളെ അവർ

വ്യസനിക്കാതിരിക്കേണ്ടതിനായി, നിങ്ങൾ കോപിപ്പിക്കരുതു്." (കൊലൊ. 3 : 21)

എല്ലാ കുടുംബങ്ങളിലും ക്രിസ്തുവിൻെറ സ്നേഹവും സമാധാനവും കളിയാടുവാൻവേണ്ടി പ്രാർത്ഥിക്കുക.

## മേയ് 27

അനേകംപേർ വളരെയെളുപ്പം അജ്ഞേയവാദത്തിനും നിരീശ്വരത്വത്തിനും അധീനരാകുന്നതിനെ കണ്ടു് ഉൽക്കണ്ഠാകുലനായ അമേരിക്കൻ ശാസ്ത്രജ്ഞൻ, ഡോക്ടർ എ ക്രെസ്സി മോറിസൺ, "Man Does Not Stand Alone" എന്ന പേരിൽ ഒരു പുസ്തകമെഴുതി. ദൈവത്തിൻെറ സർവ്വശക്തിയെ ആദരിക്കണമെന്ന സന്ദേശമാണു് പ്രധാനമായി അതിനു പ്രദാനംചെയ്യുവാനുണ്ടായിരുന്നതു്. അതിലെ ചില ഭാഗങ്ങൾ താഴെ ചേക്കുന്നു:

"ഭൂഗോളത്തിൻെറ 23 ഡിഗ്രി വരുന്ന ചരിവാണു് ഋതുക്കൾക്കു കാരണം. അങ്ങനെയൊരു ചരിവില്ലായിരുന്നെങ്കിൽ ഉത്തര ദക്ഷിണ പ്രദേശങ്ങളെ ആകമാനം ഇരുളിമററുകയും മഞ്ഞുകട്ടകൾകൊണ്ടു് നിറയ്ക്കുകയും ചെയ്യുമായിരുന്നു.

"ചന്ദ്രൻ ഭൂമിയിൽനിന്നും ഇപ്പോഴതിനു് യഥാർത്ഥത്തിലുള്ള അകലം പാലിക്കാതെ 50,000 മൈൽ ദൂരത്തിൽ സ്ഥിതിചെയ്യുകയായിരുന്നെങ്കിൽ വേലിയേററങ്ങൾ വളരെ വമ്പിച്ചതായിരിക്കുകയും ദിവസത്തിൽ രണ്ടുപ്രാവശ്യം എല്ലാ ഭൂഖണ്ഡങ്ങളും വെള്ളത്തിൽ മുങ്ങുകയും ചെയ്യുമായിരുന്നു.

"ഭൂമിയുടെ പുറംതട്ടു് 10 അടികൂടി ഘനമുള്ളതായിരുന്നെങ്കിൽ ഓക്സിജൻ ഉണ്ടായിരിക്കയില്ലായിരുന്നു. സമുദ്രത്തിനു് കുറെക്കൂടി ആഴമുണ്ടായിരുന്നെങ്കിൽ, കാർബൺ ഡയോക്സൈഡും ഓക്സിജനും മുഴുവനും അതു വലിച്ചെടുക്കുകയും തത്ഫലമായി സസ്യജീവിതം അസാദ്ധ്യമായിത്തീരുകയും ചെയ്യുമായിരുന്നു."

ഡോക്ടർ മോറിസൺ ഇപ്രകാരം ഉപസംഹരിക്കുന്നു: "സുനിശ്ചിതമായ ഗണിതശാസ്ത്രനിയമപ്രകാരം നമ്മുടെ ഈ പ്രപ

ഞ്ചം വലിയ ഒരു ശില്പവിദഗ്ദ്ധൻെറ ബുദ്ധിശക്തിയാൽ സംവി ധാനം ചെയ്യപ്പെട്ടതാണെന്നു നമുക്കു തെളിയിക്കാൻ സാധിക്കും.

"എങ്ങനെയെന്നാൽ, ദൈവത്തിൻെറ അദൃശ്യ (ലക്ഷണം) ങ്ങളും, അവൻെറ ശക്തിയും, അവൻെറ നിത്യമായ ദൈവത്വവും ഒഴിവുകഴിവുകൾ പറയുവാൻ വഹിയാത്തവണ്ണം അവൻെറ സൃഷ്ടികൾക്കു് ലോകസ്ഥാപനംമുതൽ ബുദ്ധിമുഖേന കാണപ്പെട്ടുകൊണ്ടിരിക്കുന്നു."

(റോമ 1: 20)

ദൈവമേ! അങ്ങയെ അറിയാത്ത അനേകലക്ഷംപേർ അങ്ങയെ അവരുടെ സ്രഷ്ടാവായി അംഗീകരിക്കുവാൻ ഇടവരുത്തേണമേ!

## മേയ് 28

ചിക്കാഗോ നഗരത്തിൽ ഗതാഗതം നിമിത്തമുള്ള അപകടങ്ങൾ ഒഴിച്ചുവയ്ക്കുവാനായി പരിശീലനം നൽകിവരുന്ന ഒരവസരമായിരുന്നു അതു്. സ്പീഡുനിയമം ലംഘിച്ചു കാർ ഓടിച്ചുവന്ന ഒരു ഡ്റൈവറെ ഒരു പോലീസുകാരൻ തടഞ്ഞുനിർത്തി താക്കീതു ചെയ്തു. "നിങ്ങൾ അതിവേഗത്തിലാണല്ലൊ കാറോടിക്കുന്നതു്."

"അങ്ങനെയാണെന്നു തോന്നുന്നു." ഡ്റൈവർ സമ്മതിച്ചു. അതിനുള്ള പിഴ കൊടുക്കാതെ രക്ഷപെടണമെന്ന ഉദ്ദേശ്യത്തോടുകൂടി ഡ്റൈവർ തുടന്നു: "ഗതാഗതവകുപ്പിലെ ഒരു സാർജൻറ് ആണ് ഞാൻ. ഇപ്പോൾ ജോലിയിലല്ല എന്നു മാത്രമേയുള്ളു."

ടിക്കററെഴുതുന്നതിനിടയ്ക്കു് പോലീസുകാരൻെറ കണ്ണു ഡ്റൈവറുടെ ബാഡ്ജിലും മററു ചിഹ്നങ്ങളിലും പതിച്ചു. ആളൊരു സാർജൻറ് തന്നെയാണെന്നു് ബോദ്ധ്യം വന്നു. എന്നിട്ടും പോലീസുകാരൻെറ ഫോറം പൂരിപ്പിക്കാതിരുന്നില്ല.

"എടോ, ചെറുപ്പക്കാരാ," സാർജൻറ് അല്പം കോപത്തോടെ പറഞ്ഞു. "ഒരു ദിവസം നിങ്ങളെ എൻെറ കീഴുദ്യോഗസ്ഥനായി സ്ഥലം മാററിയെന്നു വരാവുന്നതാണെന്നു് ഓർത്തുകൊള്ളുക."

ഒരു നേരിയ മന്ദസ്മിതത്തോടെ പോലീസുകാരൻ ടിക്കററ് സാർജൻറിൻെറ കൈയിൽ കൊടുത്തുകൊണ്ടു് പറഞ്ഞു: "കൊള്ളാം സാർജൻറ്, ഞാനവിടെ വരുമ്പോഠം വേലചെയ്യുന്നതിനു സന്നദ്ധതയുള്ള ഒരു നല്ല മനുഷ്യനെ നിങ്ങഠംക്കു ലഭിക്കുകയായിരിക്കും ചെയ്യുന്നതെന്നു് നിങ്ങഠം ഓർത്തുകൊള്ളുക."

ദൈവം തൻെറ ധാർമ്മികനിയമങ്ങളുടെ കാര്യത്തിൽ യാതൊരു പക്ഷപാതവും കാണിക്കുന്നില്ല. അവിടന്നു് നമുക്കു് മനഃസ്വാതന്ത്ര്യം പ്രദാനം ചെയ്തിട്ടുള്ളതുകൊണ്ടു്, നമ്മിൽ നിന്നു് എന്താണു് താൻ പ്രതീക്ഷിക്കുന്നതെന്നും അവിടന്നു് നമ്മോടു് അരുളിച്ചെയ്തിട്ടുണ്ടു്. സാമുദായികരംഗത്തു് ഒരാഠംക്കുള്ള നിലയെ പരിഗണിച്ചു് അയാളുടെ "ടിക്കററ്" അവിടുന്നു കീറിക്കളയുമെന്നു് വിചാരിക്കേണ്ടതില്ല. വി. പത്രോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നതുപോലെ, "ദൈവം മുഖം നോക്കുന്നവനല്ല." (നടപടി 10: 34)

കർത്താവേ! എല്ലായ്പ്പോഴും അങ്ങയുടെ നിയമം പാലിക്കുവാൻ എന്നെ സഹായിക്കേണമെ!

## മേയ് 29

റോബർട്ട് ബ്രൗണിംഗ് എഴുതിയിട്ടുള്ള ഒരു പദ്യമാണു്, "മോതിരവും പുസ്തകവും" (The Ring and the Book.) എന്നതു്. അതിലദ്ദേഹം പറയുന്നു: ക്രിസ്തുവിനോടു് അവസാനമായി ദയാർദ്രമായ ഒരു വാക്കു പറഞ്ഞതു് ഒരു കള്ളനാണു്. ക്രിസ്തു ആ ദയയെ സ്വീകരിക്കുകയും അയാളുടെ ചോരവൃത്തിയെ ക്ഷമിക്കുകയും ചെയ്തു."

ദുരിതമനുഭവിക്കുന്നവരോടും രോഗികളോടും സംശയഗ്രസ്തരോടും ഉൽക്കണ്ഠാകുലരോടും ദുഃഖവിവശരോടും പറയുന്ന ദയാർദ്രമായ ഒരു വാക്കു ചെയ്യുന്ന ഗുണം കുറച്ചൊന്നുമല്ല.

1. "ഒരു മനുഷ്യൻെറ ഹൃദയത്തിലുള്ള വേദന അവനെ താഴെയിറക്കും, എന്നാലൊരു നല്ല വാക്കുവഴി അവൻ ആനന്ദഭരിതനാകും." (Troy 12: 25)

2. "കണ്ടാലും, നീ പലരേയും പഠിപ്പിച്ചിട്ടുണ്ടു്; ക്ഷീണിച്ച കരങ്ങളെ നീ ശക്തിപ്പെടുത്തിയിട്ടുമുണ്ടു്. വേച്ചു നടന്നവരെ നിൻെറ വാക്കുകൾ ഉറപ്പിച്ചിട്ടുണ്ടു്; വിറച്ചിരുന്ന മുഴങ്കാലുകളെ നീ ശക്തിപ്പെടുത്തിയിട്ടുമുണ്ടു്." (Job) 4. 3-4)

3. "എൻെറ മകനേ, നിൻെറ സൽപ്രവൃത്തികളിൽ നീ യാതൊരു പരാതിയും പറയരുതു്. നീ എന്തെങ്കിലും കൊടുമ്പോൾ, ഒരു ദുഷ്ടവാക്കുമുഖേന ദുഃഖം വരുത്തുകയുമരുതു്. മൂടൽമഞ്ഞു് ചൂടിനെ ശാന്തമാക്കരുതെന്നുണ്ടോ? അതുപോലെ ദാനത്തെക്കാൾ ഭേദം ഒരു നല്ല വാക്കാണു്.."

(Ecclest stious 18: 15—16)

ദയാർദ്രമായ ഒരു വാക്കു സദാ എൻെറ സ്വാധീനത്തിലാണെന്നു എൻെറ ഈശോ! എന്നെ അനുസ്മരിപ്പിക്കേണമേ!

# മേയ് 30

ടെഡ് ലജ്ജാവിവശനും മ്ളാനവദനനും അധഃസ്ഥിതമനോഭാവം നിറഞ്ഞവനുമായ ഒരു ബാലനായിരുന്നു. ഓർമ്മവച്ചനാൾമുതൽ, അവൻ ചെയ്തിട്ടുള്ള ഏതൊരു തെററിനും അവൻ നിശിതമായി വിമർശിക്കപ്പെട്ടിട്ടുണ്ടു്. തത്ഫലമായി, അബദ്ധം പിണഞ്ഞേക്കുമോ എന്ന ഭയംനിമിത്തം അവൻ യാതൊന്നിലും ഏർപ്പെടാതെ കഴിയാൻ തുടങ്ങി. ഒരുദിവസം ക്ലാസിൽ വച്ചു് അവൻെറ അദ്ധ്യാപിക അവനെ സഹായിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി "ബേസ്ബോളി"നെപ്പററി പ്രതിപാദിക്കാൻ തുടങ്ങി.

"യാതൊരു പിശകുംവരാത്ത ബാററിംഗിൻെറ ശരാശരി എത്രയായിരിക്കും? അദ്ധ്യാപിക കുട്ടികളോടു ചോദിച്ചു.

"ഒരായിരം." ഒരു കുട്ടി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. "ശരി", അദ്ധ്യാപിക സമ്മതംമൂളി. "പക്ഷെ ഒന്നാംതരം ബാററർമാക്കുപോലുമുള്ള ശരാശരി മുന്നൂറിനും നാനൂറിനും മദ്ധ്യേയാണു്. അതിൻെറ അർത്ഥം പത്തിൽ മൂന്നോ നാലോ പ്രാവശ്യം മാത്രമാണു ശരിയായി അവർ പന്തടിക്കുന്നതെന്നാ

ണ്. വേറെ വാക്കുകളിൽ പറഞ്ഞാൽ, അവർ വിജയം വരിക്കുന്നതിലധികം പ്രാവശ്യം പരാജയമടയുകയാണ് ചെയ്യുന്നതു്. അവർ സമർത്ഥന്മാർ തന്നെ. പക്ഷേ അവരിലൊരൊററയാഠംപോലും പൂർണ്ണതയുടെ അരികിലെത്തിയിട്ടില്ല.''

അനവദ്യമായ നയചാതുര്യത്തോടെ, ടെഡിനുവേണ്ടിയാണ് താൻ സംസാരിക്കുന്നതെന്ന സംശയംപോലും അവൻെറ മനസ്സിൽ ഉദിക്കാൻ ഇടവരുത്താതെ, ഈ അദ്ധ്യാപിക വന്ദ ചെയ്യാൻ ഉദ്യമിക്കുമ്പോഠം അപ്രതീക്ഷിതമായ ചില പ്രമാദങ്ങഠംക്കധീനപ്പെടുന്നതു് ഒരിക്കലുമൊരു പരാജയമായി പരിഗണിക്കേണ്ടതല്ലെന്ന തത്വം സമർത്ഥിച്ചു. ക്രിസ്റ്റഫർമാർ മനുഷ്യരിലുള്ള ഗുണവിശേഷങ്ങളെ പുറത്തു കൊണ്ടുവരാനാണ് ശ്രമിക്കേണ്ടതു്. അവരുടെ ന്യൂനതകളെ ത്യാജ്യകോടിയിൽ തള്ളിക്കളയുകയും വേണം.

"......നിൻെറ വേലയ്ക്കു പ്രതിസമ്മാനമുണ്ടെന്നു കർത്താവു് പറയുന്നു." (ജറേമിയാസ് 31:16)

ദൈവമേ! എന്നിൽനിന്നും വളരെയധികം ഞാൻ പ്രതീക്ഷിക്കാതെ അങ്ങയുടെ പക്കലേക്കു തിരിയുവാൻ ഇടവരുത്തണമേ! എന്തുകൊണ്ടെന്നാൽ അങ്ങയെക്കൂടാതെ ഒന്നും ചെയ്യുക എനിക്കു സാദ്ധ്യമല്ല.

## മേയ് 31

കാര്യവ്യഗ്രതയുടെ പരമകോടിയിൽ സദാ ദിനങ്ങഠം പോക്കുന്നതു് ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് ഉപദ്രവകരമാണ് എന്നത്രെ ഡോക്ടർ ആസ്റ്റിൻ റിഗ്ഗ്സ് ഈയിടെ പ്രസ്താവിച്ചതു്. അദ്ദേഹം തുടന്നു: ''എന്നുവരികിലും നമ്മിൽ ഭൂരിഭാഗംപേക്കും നമ്മുടെ ഒഴിവുസമയം ചെലവഴിക്കാനുള്ള രണ്ടു മാർഗ്ഗങ്ങളെപ്പററി മാത്രമേ ചിന്തിക്കാൻ സാധിക്കുന്നുള്ളു. ജോലി അല്ലെങ്കിൽ കളി. രണ്ടും ഒരുപോലെ ആയാസമുള്ളതാണ്. അനുദിനജീവിതത്തിൽ നമുക്കു ലഭിക്കുന്ന വിശ്രമസമയങ്ങഠം മറെറാരുവിധത്തിൽ പ്രയോജനപ്രദമാക്കാമെ

ന്ന സംഗതിതന്നെ നമ്മുടെ ശ്രദ്ധയ്ക്കു വിഷയമാകുന്നില്ല—അതായതു്. ധ്യാനത്തിന്നായി അവ ഉപയോഗിക്കാമെന്നു്.

"ധ്യാനം ഉണർവ്വും ആശ്വാസവും പ്രദാനംചെയ്യുന്നു........ ജീവിതം കീഴ്മേൽ മറിയാതെയും പ്രവൃത്ത്യുന്മുഖമായും സംരക്ഷിക്കുന്നതിന്നു് അതു സഹായിക്കുന്നു. വലിയ മനശ്ശാസ്ത്രപണ്ഡിതനായിരുന്ന വില്യം ജയിംസ് തൻെറ തത്വശാസ്ത്രവിദ്യാർത്ഥികാംക്കു കൂടെക്കൂടെ ദേവാലയസന്ദർശനം നടത്തുവാൻ ഉദ്ബോധനം നല്കിവന്നു. ധ്യാനാത്മകമായ ചിന്തകാംക്കു് ഉത്തേജനം നല്കുന്നതും നിശ്ശബ്ദത കളിയാടുന്നതുമായ ഒരു സ്ഥലത്തു പോകുന്നതു ഒരാളുടെ ചിന്താഗതിയെ നേർവഴിക്കു നയിക്കുന്നതിന്നു സഹാകമാണെന്നു് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. ............ധ്യാനം ആവശ്യമില്ലാത്ത കാര്യങ്ങളിൽനിന്നു നമ്മുടെ മനസ്സിനെ വിടുത്തുന്നു. ഇതിൻെറ ഫലമായി അപ്രധാനമായവയിൽനിന്നു പ്രധാനപ്പെട്ടവയെ വേർതിരിച്ചെടുക്കുവാൻ നമുക്കു കഴിയുകയും ചെയ്യുന്നു."

പ്രതിദിനം ഏതാനും വിനാഴികകാം മാത്രം നാം ഏകാഗ്രചിന്തയ്ക്കും പ്രാർത്ഥനയ്ക്കുമായി ചെലവഴിച്ചാൽപോലും, അതു് ഒട്ടമില്ലാത്തിൽ ഭേദമാണു്. അല്പനേരത്തേക്കു നമ്മുടെ മനസ്സിനേയും ഹൃദയത്തേയും ദൈവസന്നിധിയിലേക്കുയത്തുന്നതു നമ്മുടെ ജീവിതാദർശങ്ങാം നിർമ്മലമായി കാത്തുസൂക്ഷിക്കുവാൻ നമ്മെ സഹായിക്കുന്നതായിരിക്കും.

"ദൈവത്തിൻെറ കല്പനകാം നിൻെറ ചിന്താവിഷയമായിരിക്കട്ടെ. അവിടുത്തെ പ്രമാണങ്ങളെപ്പററി സദാ ധ്യാനിക്കുകയും ചെയ്യുക." (Ecclesiastieus 6 : 37)

അനുദിനം അല്പനേരത്തേക്കെങ്കിലും പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന പതിവു് എല്ലാവരും സമ്പാദിക്കുവാൻ വേണ്ടി പ്രാർത്ഥിക്കുക.

## ജൂൺ 1

ഏതാനും കൊല്ലങ്ങാംക്കുമുമ്പു കാലിഫോർണിയായിൽ നടന്ന ഒരു "ബേസ്ബോാം" മത്സരക്കളിയിൽ പ്രസിദ്ധനായ

പിംഗ്ബോഡി എന്ന ദേഹമായിരുന്നു അമ്പയർ. കുറെക്കൂടി ഉയർന്ന സ്ഥലത്തു സ്ഥിതിചെയ്തിരുന്ന പ്രേക്ഷകരുടെ വിമർശനത്തിനു് അദ്ദേഹം വിഷയമായി. ആകയാലദ്ദേഹം പെട്ടെന്നു കളിനിൎത്തുവാൻ ആജ്ഞാപിച്ചിട്ടു് മുകളിൽക്കയറി പ്രേക്ഷകരുടെ മദ്ധ്യത്തിലെത്തി. അനന്തരം കളി തുടരാൻ ആജ്ഞയും നല്കി. മത്സരക്കളിയുടെ ഭാരവാഹികൾ അസാധാരണമായ ഈ നടപടികണ്ടു് അന്ധാളിച്ചുപോയി. അവരെ സമാധാനപ്പെടുത്തുന്നതിനുവേണ്ടി അദ്ദേഹം പറഞ്ഞു: "എനിക്കു താഴെ നിന്നു കാണുവാൻ സാധിക്കുന്നതിൽ ഭേദമായി ഇവിടെനിന്നു കാണാമെങ്കിൽ, ഞാനവൎക്കു് ഇവിടെനിന്നാണു് നിൎദ്ദേശങ്ങൾ കൊടുക്കാൻപോകുന്നതു്. കളി തുടരട്ടെ."

വഴിയരികിലിരുന്നു വിശകലനം ചെയ്യുകയും, വിമൎശിക്കുകയും, ആവലാതിപ്പെടുകയും ചെയ്യുക വളരെ എളുപ്പമാണു്. എന്നാലതിനെക്കാൾ ബുദ്ധിപൂൎവ്വകവും ഫലസന്ദായകവുമായിരിക്കുന്നതു് പ്രവൃത്തിരംഗത്തിൻെറ മദ്ധ്യത്തിലേക്കു കുതിച്ചുകയറുകയും അവിടെയെല്ലാം ക്രൈസ്തവാദൎശങ്ങൾ പുനഃപ്രതിഷ്ഠിക്കാൻ ശ്രമിക്കുകയും ചെയ്യുക എന്നതത്രെ. യഥാശക്തി പരിശ്രമിക്കുന്നവരെ ദൈവം അനുഗ്രഹിക്കുന്നതാണു്. വിമൎശിക്കുകയല്ലാതെ പ്രായോഗികമായി യാതൊന്നും ചെയ്യാതിരിക്കുന്നവർ ദൈവാനുഗ്രഹത്തിനു പാത്രീഭവിക്കുമെന്നു പ്രതീക്ഷിക്കേണ്ടതില്ല.

"തിന്മയാൽ നിങ്ങൾ പരാജിതരാകരുതു്; പ്രത്യുത, തിന്മയുടെമേൽ നന്മകൊണ്ടു് വിജയം വരിക്കുവിൻ."

(റോമ. 12 : 21)

വിമൎശനപടുവായ ഒരു പ്രേക്ഷകനായിമാത്രം വൎത്തിക്കാതിരിപ്പാനുള്ള അനുഗ്രഹത്തിനായി പ്രാൎത്ഥിക്കുക.

## ജൂൺ 2

വില്യം ഓസ്ലർ മോൺടിയലിലെ ജനറലാസ്പത്രിയിൽ ഒരു മെഡിക്കൽ വിദ്യാൎത്ഥിയായിരുന്ന ഘട്ടത്തിൽ, തോമസ് കാർലൈലിൻെറ ഒരു ഗ്രന്ഥം വായിക്കുവാനിടയായി. അ

തില ഒരു വാക്യമാണു്, പിന്നീടു് 50 വർഷം നീണ്ടുനിന്ന അദ്ദേഹത്തിൻെറ ശോഭനമായ ജീവിതകാലമത്രയും അദ്ദേഹത്തിൻെറ ചിന്താഗതിക്കും പ്രവർത്തനരീതിക്കും രൂപംകൊടുത്തതു്. കാർലൈലിൻെറ വാക്കുകഠം ഇവയായിരുന്നു: "നമ്മുടെ പ്രധാനകൃത്യം അകലത്തിൽ അസ്പഷ്ടമായി കിടക്കുന്നതിനെ വീക്ഷിക്കുക എന്നതല്ല, പ്രത്യുത, സമീപത്തു സ്പഷ്ടമായി കിടക്കുന്നതിനനുസൃതമായി പ്രവർത്തിക്കുക എന്നതാണു്."

സർ വില്യം ഓസ്ലർ ഏതാണ്ടു 40 കൊല്ലങ്ങഠംക്കുശേഷം യേൽസർവ്വകലാശാലയിലെ ഏതാനും വിദ്യാർത്ഥികളോടു പറഞ്ഞതുപോലെ, അദ്ദേഹത്തിൻെറ വിജയത്തിനു നിദാനമായിരുന്നതു തലച്ചോറല്ല, "ഒരു ദിവസത്തിൻെറ വിസ്താരം മാത്രമുള്ള മുറികളിൽ ജീവിക്കുന്ന" പതിവാണു്. നമ്മുടെ കർത്താവു് പഠിപ്പിച്ചിരിക്കുന്നതു് "ഇന്നത്തെ അപ്പ"ത്തിനായി പ്രാർത്ഥിക്കുവാനാണെന്നും മററൊരപ്പവും നമുക്കു ഭക്ഷിക്കുക സാദ്ധ്യമല്ലെന്നും ഓസ്ലർ പ്രസ്താവിച്ചു.

"ഇന്നലെ"യുടെനേരെ നിങ്ങഠംക്കു വാതിൽ അടയ്ക്കാവുന്നതാണു്; കാരണം, അതു കടന്നുപോയിരിക്കുന്നു. മനസ്താപിക്കുന്നതിനും തെററുകഠം ഏററുപറയുന്നതിനും അവയ്ക്കു പരിഹാരംചെയ്യുന്നതിനും നിങ്ങഠംക്കു സാധിക്കുമെന്നതു ശരി. പക്ഷേ, ആ ദിവസത്തിൽക്കൂടി വീണ്ടും കടന്നുപോകുക സാദ്ധ്യമല്ല; എന്തെന്നാൽ, സമയം അതിക്രമിച്ചിരിക്കുന്നു. ഭാവിയെ സംബന്ധിച്ചിടത്തോളം, അതിനുവേണ്ട ഒരുക്കങ്ങഠം ചെയ്യാനുള്ള ഏകമാർഗ്ഗം നിങ്ങഠംക്കു സ്വാധീനമായിരിക്കുന്ന സകലതും - നിങ്ങളുടെ പ്രാർത്ഥനകളും പ്ലാനുകളും ഔൽസുക്യവും — ഇന്നത്തെ ജോലി യഥായോഗ്യം നിവ്വഹിക്കുന്നതിനായി വിനിയോഗിക്കുകയാണു്.

ദിവ്യനാഥൻ അരുളിച്ചെയ്തിരിക്കുന്നതുപോലെ:

"അതിനാൽ നാളെയ്ക്കുവേണ്ടി ഉല്കണ്ഠവേണ്ടാ; നാളത്തെ ദിനം അതിനുവേണ്ടി ബുദ്ധിമുട്ടിക്കൊള്ളും. ഇന്നു ഇന്നത്തേയ്ക്കുള്ള ബദ്ധപാടു ധാരാളം മതി."

(മത്തായി 6 : 34)

ഒരു സമയത്തു് ആ ദിവസത്തിൻെറ കാര്യത്തിൽമാത്രം വ്യഗ്രതപ്രദർശിപ്പിക്കാൻ കർത്താവേ! എന്നെ സഹായിക്കേണമെ.

# ജൂൺ 3

കവിയും പ്രബന്ധകർത്താവും നിഘണ്ടുനിർമ്മാതാവും സംഭാഷണചതുരനുമായിരുന്ന പ്രസിദ്ധനായ സാമുവൽ ജോൺസണും, നമ്മെയെല്ലാവരേയുംപോലെ ചില ദൗർബ്ബല്യങ്ങൾക്കു അധീനനായിരുന്നു. പക്ഷെ, വഞ്ചന അവയിൽ പെട്ടിരുന്നില്ല.

ലണ്ടനിൽവച്ചു് ഒരിക്കൽ ഒരു ഡിന്നർപാർട്ടിയുടെ സമയത്തു് ഒരു വനിത മഹാപണ്ഡിതനായ അദ്ദേഹത്തിൻെറ ശബ്ദകോശത്തിലുള്ള തെററായ ഒരു നിർവ്വചനത്തെപ്പററി ആശ്ചര്യം പ്രകടിപ്പിക്കുകയും അത്തരമൊരു പ്രമാദം പററാൻ ഇടവന്നതെങ്ങനെയെന്നു ചോദിക്കുകയും ചെയ്തു. അതിനു ജോൺസൺ നൽകിയ മറുപടി നമുക്കേവക്കുമൊരു ദൃഷ്ടാന്തമായിരിക്കട്ടെ: "അജ്ഞത മഹതി, വെറും അജ്ഞത."

എന്തെങ്കിലും അടവു പ്രയോഗിച്ചു് ആ വിഷമസന്ധിയെ ജോൺസണു നിഷ്പ്രയാസം തരണംചെയ്യാമായിരുന്നു. സ്വന്തംനിലയെ സാധൂകരിക്കുന്നതിനുവേണ്ടി എന്തെങ്കിലുമൊരു വ്യാഖ്യാനം തൽക്ഷണം കണ്ടുപിടിക്കുന്നതിനുള്ള ബുദ്ധിവൈഭവം അദ്ദേഹത്തിനുണ്ടായിരുന്നു. പക്ഷേ, ജോൺസൺ അത്തരം ചിത്തവൃത്തികൾ തികച്ചും അതീതനായിരുന്നു. ഒരാൾക്കില്ലാത്ത സാമർത്ഥ്യം ഉണ്ടെന്നു ഭാവിക്കുന്നതുകൊണ്ടു് പ്രയോജനമില്ലെന്നായിരുന്നു അദ്ദേഹത്തിൻെറ പക്ഷം. വിഖ്യാതനായ ഒരു വർത്തകപ്രമാണി പറഞ്ഞിരിക്കുന്നതു ഇപ്രകാരമാണു്: "വിദഗ്ദ്ധനായ മനുഷ്യൻ തനിക്കു തെററുപററിയിരിക്കാം എന്നു പറയുന്നതിനുവേണ്ടി പ്രതിപാദ്യവിഷയത്തിൽനിന്നു വ്യതിചലിക്കുകപോലും ചെയ്യാറുള്ള സാഹചര്യങ്ങളിൽ........സാധാരണക്കാരനായ വ്യക്തി തൻെറ അഭിപ്രായം ശരിയാണെന്നു എല്ലായ്പോഴും മർക്കടമുഷ്ടി പിടിക്കുന്നതായിരിക്കും."

നിങ്ങളുടെ പരിമിതികളും പ്രമാദങ്ങളും അംഗീകരിക്കു

വാനും ദൈവത്തിൻേറയും മനുഷ്യരുടേയും സമക്ഷം അവ ഏററു പറവാനും എത്രവലിയ സന്നദ്ധതയാണോ നിങ്ങൾ പ്രദശിപ്പിക്കുന്നതു്, അത്രയ്ക്കും നല്ല ക്രിസ്തുഫർമാരായിരിക്കും നിങ്ങൾ.

"യാതൊരു പ്രകാരത്തിലും സത്യത്തിനെതിരായി സംസാരിക്കാതിരിക്കുക. പ്രത്യുത, നിൻേറ അജ്ഞത നിമിത്തമുള്ള അസത്യഭാഷണത്തെപ്പററി ലജ്ജിക്കുക."

(Ecclesiasticus 4: 30)

കത്താവേ! വീരോചിതമായ വിധത്തിൽ സത്യസന്ധത പാലിക്കാനും അങ്ങനെ അങ്ങയേയും മററുള്ളവരേയും കൂടുതൽ കായ്ക്ഷമതയോടെ സേവിക്കാനും വേണ്ട വരം എനിക്കു നല്കിയരുളേണമേ!

# ജൂൺ 4

ബില്ലിക്കു ആറുവയസ്സേ പ്രായമുണ്ടായിരുന്നുള്ളു. അവൻ സ്കൂളിൽ പോയിത്തുടങ്ങിയിട്ടു് ഏറെനാൾ ആയിരുന്നില്ല. ഒരു ദിവസം അവൻേറ പിതാവു് വീട്ടിൽ മടങ്ങിയെത്തിയപ്പോൾ അവൻ സ്വമാതാവിൻേറ മടിയിലിരുന്നു കരയുന്നതായി കണ്ടു. കുട്ടികളുടെ ഒരു പ്രഹസനത്തിൽ അവനു് ഏററവും ചെറിയ ഒരു ഭാഗമാണത്രെ അഭിനയിക്കാനായി കിട്ടിയതു്. അവൻേറ അസൂയാവിഷയമായിരുന്ന മറെറാരു ബാലനായിരുന്നു പ്രധാന നടൻ. ഇതറിഞ്ഞു് അവൻേറ പിതാവു് എന്തുചെയ്തെന്നോ? സാവകാശത്തിൽ അദ്ദേഹം തൻേറ പഴയ സ്വണ്ണവാച്ചെടുത്തു ബില്ലിയുടെ കൈയ്യിൽ വച്ചു.

"നീ ഈ കാണുന്നതു് എന്തെന്നു് എന്നോടു പറയുക." അദ്ദേഹം ആവശ്യപ്പെട്ടു.

"തിളങ്ങുന്ന ചില്ലും സൂചികളും ഒരു നല്ല കൂടും."

അനന്തരം അദ്ദേഹം വാച്ചിൻേറ പുറം തുറന്നു മുൻചോദ്യം ആവത്തിച്ചു. ബില്ലി വിസ്മയസമന്വിതം വാച്ചിനകത്തുള്ള ചെറുചക്രങ്ങളും ആണികളും ഉററുനോക്കി. അവൻേറ പിതാവു് ഉടനേ പറഞ്ഞു: "ഈ ചെറുഘടകങ്ങൾ ഇല്ലായിരുന്നെങ്കിൽ ഈ വാച്ചു പ്രയോജനരഹിതമായിരുന്നേനെ. അവ

മറഞ്ഞിരിക്കുന്നതുകൊണ്ടു് അപ്രധാനങ്ങളെന്നു വരുന്നില്ല. അവകൂടാതെ വാച്ചിനു നടക്കാൻ സാധിക്കുന്നതല്ല."

ഈ കഥയിൽ ഒരു നല്ല പാഠം അടങ്ങിയിട്ടുണ്ടു്. ജീവിതരംഗത്തു നാമഭിനയിക്കേണ്ട ഭാഗം എത്ര ചെറതായിരുന്നാലും, എത്ര അപ്രധാനമായിരുന്നാലും, ദൈവദൃഷ്ടിയിൽ നമുക്കുമുണ്ടൊരു പ്രാധാന്യം, നമുക്കുമുണ്ടൊരു വില.

"ശരീരം മുഴുവൻ കണ്ണുകൾ ആയിരുന്നെങ്കിൽ, ശ്രവണം എവിടെയാകുമായിരുന്നു? മുഴുവൻ ശ്രവണം ആയിരുന്നെങ്കിൽ എങ്ങനെ ഘ്രാണിക്കുമായിരുന്നു?......അവയവങ്ങൾ പലതുണ്ടു്, എങ്കിലും ശരീരം ഒന്നുതന്നെയാകുന്നു." (1 കൊറി. 2: 17, 20)

എൻെറ ഈശോ! അവിടത്തെ ഹിതമനുവർത്തിക്കുന്നതിനായി ഏററവും ലഘുവായ കാര്യങ്ങൾപോലും നിർവഹിക്കുവാൻ ഞാൻ സന്നദ്ധനായിരിക്കുന്നു.

## ജൂൺ 5

പുരാതനകാലംമുതൽ, പലപ്പോഴും കൈപ്പുനിറഞ്ഞ ജീവിതാനുഭവങ്ങൾ മുഖേന, മുഖസ്തുതിയിൽ ഒളിഞ്ഞുകിടക്കുന്ന അപകടങ്ങൾ മനുഷ്യർ മനസ്സിലാക്കിയിട്ടുണ്ടു്.

1678-ൽ ജോൺ റെ ഇപ്രകാരം പ്രസ്താവിച്ചു: "സ്തുതിപാഠകർ ഒരുമിച്ചുകൂടുമ്പോൾ പിശാചു ഊണുകഴിക്കാൻ പോകുന്നു."

1790-ൽ എഡ്മണ്ടു്ബർക്ക് പുറപ്പെടുവിച്ച വിദഗ്ദ്ധാഭിപ്രായമിതായിരുന്നു: "മുഖസ്തുതി, അതു സ്വീകരിക്കുന്നവനേയും നൽകുന്നവനേയും ഒരുപോലെ വഷളാക്കുന്നു."

അമേരിക്കൻ ഐക്യനാടുകളുടെ വിധാതാക്കളിലൊരാളായ തോമസ് ജഫർസൺ പ്രധാന്യമർഹിക്കുന്ന ഒരു നിർദ്ദേശം നൽകി: "ഭയചകിതർ സ്തുതിപാഠകരായി വർത്തിച്ചുകൊള്ളട്ടെ. അമേരിക്കാക്കാർക്കാകട്ടെ അതു ചേർന്നതല്ല."

മുഖസ്തുതിയെപ്പററി വേദപുസ്തകം നമുക്കു മുന്നറിവു നൽകിയിരിക്കുന്നതു് ശക്തിയുക്തമായ ഭാഷയിലാണു്.

1. "അസത്യഭാഷണം സന്തോഷസമേതം ശ്രവിക്കുന്ന രാജാവു് സ്വന്തം ഭൃത്യന്മാരെയെല്ലാം ദുഷ്ടന്മാരാക്കുന്നു."

(Prov. 29: 12)

2. "ബുദ്ധിമാനായ ഒരാാം ശാസിക്കപ്പെടുന്നതാണ് മൂഢന്മാരുടെ മുഖസ്തുതിയാൽ വഞ്ചിതനാകുന്നതിനെക്കാാം ഭേദം." (Eccl siastes 8:6)

3. "യാതൊരു മനുഷ്യനേയും അയാളുടെ മരണത്തിനു മുമ്പു് പ്രശംസിക്കരുതു്, കാരണം, ഒരാളെ അറിയേണ്ടതു് അയാളുടെ മക്കളെ ആധാരമാക്കിയാണ്."

(Ecclesiasticus 11: 30(

4. ഒരു മനുഷ്യനെ ശാസിക്കുന്നവൻ, അയാളെ മുഖസ്തുതിവഴി വഞ്ചിക്കുന്നവനെ അപേക്ഷിച്ചു്, പിന്നീടയാളുടെ പ്രീതിക്കു പാത്രീഭവിക്കുന്നതാണ്." (Prov. 28: 23)

മുഖസ്തുതിമാർഗ്ഗേണ വഞ്ചിക്കുകയോ വഞ്ചിക്കപ്പെടുകയോ ചെയ്യാതിരിപ്പാൻ ദൈവമേ! എന്നെ സഹായിക്കേണമെ.

# ജൂൺ 6

ഒരു ബാലൻ ഗ്രാമപ്രദേശത്തു വസിച്ചിരുന്ന തൻെറ പിതാമഹനെ സന്ദർശിക്കാൻ പോയി. അവൻ അവിടെയൊരു കരയാമയെ കണ്ടു. ഉടൻതന്നെ അവൻ അതിനെ പരിശോധിക്കാൻ തുടങ്ങി. ഉത്തരക്ഷണത്തിൽ അതു തല അകത്തേക്കു വലിച്ചു. ബാലനാകട്ടെ, ഒരു വടിയെടുത്തു് അതിൻെറ ഓട്ടി തല്ലിപ്പൊളിക്കാൻ ശ്രമംചെയ്തു; പക്ഷേ അതു വിഫലമായതേയുള്ളു.

ഇതെല്ലാം സൂക്ഷിച്ചുകൊണ്ടിരുന്ന പിതാമഹൻ വേഗത്തിൽ അവൻെറ സഹായത്തിനെത്തി. "അതല്ല മാർഗ്ഗം," വൃദ്ധൻ നിർദ്ദേശിച്ചു. "ഞാൻ കാണിച്ചുതരാം." ആമയെ വീട്ടിൽ കൊണ്ടുപോയി അയാളതിനെ അടുപ്പിനരികിൽ വച്ചു. ഏതാ

നം നിമിഷങ്ങൾ കഴിഞ്ഞപ്പോഴേക്കും അതിനു ചൂടുപിടിച്ചുതുടങ്ങി. അതു തലയും കാലുകളും പുറത്തേക്കു നീട്ടി, സാവകാശത്തിൽ ബാലൻെറ സമീപത്തേക്കു് ഇഴയുവാനാരംഭിച്ചു.

"മനുഷ്യർ ആമകളെപോലെയാണു്." വൃദ്ധൻ വിദഗ്ദ്ധാഭിപ്രായം പുറപ്പെടുവിച്ചു. "ബലാൽക്കാരമായി ഒരു മനുഷ്യനെക്കൊണ്ടു യാതൊന്നും ചെയ്യിക്കാൻ ശ്രമിക്കരുതു്. സ്നേഹത്തിൻെറ ചൂളയിൽവച്ചു് അവനെ അല്പമൊന്നു ചൂടുപിടിപ്പിക്കുക; അപ്പോൾ അവൻ നിൻെറ ഹിതാനുവർത്തിയായിത്തീരുമെന്നതു് മിക്കവാറും തീർച്ചയാണു്."

അതിരുകവിഞ്ഞ തീക്ഷ്ണത പ്രദർശിപ്പിക്കുന്ന ക്രിസ്ത്യാനികളുടെ മയമില്ലാത്തതും നയമില്ലാത്തതും പരുപരുത്തതുമായ സമ്പ്രദായങ്ങൾ എത്രപേരെയാണു് ക്രിസ്തുവിൻെറ സവിധത്തിൽനിന്നു ആട്ടിപ്പായിക്കുന്നതു്! ക്രിസ്തുവാകട്ടെ, ഒരിക്കലും ബലംചെയ്തു അകത്തു പ്രവേശിക്കയില്ല. വാതിൽക്കൽ കാത്തുനില്ക്കുകമാത്രമാണു് അവിടുന്നു് ചെയ്യുന്നതു്. അകത്തുപ്രവേശിപ്പിക്കുന്നതുവരെ അവിടുന്നു് ഉമ്മരപ്പടിമേൽ സമയം ചെലവഴിക്കുന്നു. ക്രിസ്തുവിൻെറ ഈ സമീപനസമ്പ്രദായമാണു് ഏതൊരു ക്രിസ്തുഹരം അനുകരിക്കേണ്ടതു്.

"ഇതാ! ഞാൻ വാതിക്കൽ നിന്നു മുട്ടുന്നു. എൻെറ സ്വരംകേട്ടു വാതിൽതുറക്കുന്നവൻ ആരോ, അവൻെറ പക്കൽ ഞാൻ പ്രവേശിക്കയും, അവനോടുകൂടി ഞാനും എന്നോടുകൂടി അവനും അത്താഴം കഴിക്കുകയും ചെയ്യും."

(വെളി. 3. 20)

കർത്താവേ! അങ്ങേയുടെ നാമത്തിൽ ഞാൻ ചെയ്യുന്ന സകല കാര്യങ്ങളിലും അങ്ങയുടെ സ്നേഹചൈതന്യവും ശാന്തതയും അനുകരിപ്പാൻ വരം നൽകേണമെ.

## ജൂൺ 7

പ്രസിദ്ധനായ ഒരു വർത്തകപ്രമാണി. ബാല്യകാലത്തെ ഒരു സംഭവമാണത്രേ അദ്ദേഹത്തിൻെറ ഭാവിശ്രേയസ്സിനെല്ലാം നി

ദാനമായിത്തീർന്നതു്. അദ്ദേഹത്തിന്നു പന്ത്രണ്ടു വയസ്സായിരുന്നപ്പോഠം പിതാവു മരിച്ചുപോയി. അങ്ങനെ ഒരു വിധവയും അനേകം കുട്ടികളും ഉഠംപ്പെട്ട ഒരു കുടുംബം അനാഥമായി ഭവിച്ചു.

ഒരു ദിവസം ഒരു പരോപകാരസംഘം പ്രസ്തുത ബാലനു് ഒരു ജോഡി ഉടുപ്പുകഠം വാങ്ങിക്കൊടുപ്പാൻ തീരുമാനിച്ചു. സംഘത്തിൻെറ പ്രതിനിധി അവനേയുംകൊണ്ടു് ഒരു ജൗളിക്കടയിൽ ചെന്നപ്പോഠം, സംഘക്കാർ വിലപിടിച്ച വസ്ത്രങ്ങളൊന്നും വാങ്ങി സംഭാവനചെയ്യുകയില്ലെന്നു കരുതി, കടക്കാരൻ വളരെ താഴ്ന്ന തരം ഉടുപ്പുകളാണു് എടുത്തുകൊണ്ടുവന്നതു്. ഇതുകണ്ടു് സംഘപ്രതിനിധി രോഷാകുലനായി: ''ഈ കുട്ടിയെ നിങ്ങഠം തിരിച്ചറിയുന്നില്ലേ? ഇതു ജോൺ ആഡംസൺ ആണു്. നിങ്ങഠംക്കുള്ളതിൽവച്ചു് ഏററവും നല്ല ഉടുപ്പു അവനു കൊടുക്കുക."

ഈ കഥ ജോൺ ആഡംസൺ വിനയത്തിൻേറയും വികാരാവേശത്തിൻേറയും ഒരു വേലിയേററത്തോടുകൂടി ഇപ്രകാരം ഉപസംഹരിക്കുക പതിവായിരുന്നു: "അന്നു് ആ മനുഷ്യൻ എൻെറ പേർ പറഞ്ഞവിധമുണ്ടല്ലോ, അതിന്നു യോജിച്ചവണ്ണം ജീവിക്കുവാൻ ആ ക്ഷണം മുതൽ ഞാൻ പരിശ്രമിച്ചിട്ടുണ്ടു്."

നിങ്ങഠം ഒരാഠംക്കൊരു നല്ല പേരുകൊടുത്താൽ, അയാഠം അതിന്നനുയോജ്യമായി, നിങ്ങഠംക്കു് അയാളെപ്പററിയുള്ള അഭിപ്രായത്തിന്നു് അനുരൂപമായി ജീവിക്കുവാൻ ശ്രമിക്കുന്നതാണു്. ദൈവമാകട്ടെ, നമ്മുടെ കുററങ്ങളും കുറവുകളും എത്രമാത്രമായിരുന്നാലും, നമ്മിലോരോരുത്തരിലും വളരെയധികം ഗുണാംശങ്ങളുണ്ടെന്നു് സദാ നമ്മെ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു. അവയെ വികസിപ്പിക്കാൻ വേണ്ട വരപ്രസാദസഹായം അവിടന്നു് സദാ നൽകുന്നുമുണ്ടു്.

"......കർത്താവിൻെറ വദനം നിനക്കു നൽകുന്ന ഒരു പുതിയ പേരിനാൽ നീ വിളിക്കപ്പെടുന്നതാണു്."

(ഏശയ്യാ 62:2)

കർത്താവേ! മററുള്ളവരെ അടിച്ചമർത്താതെ അവരെ പിടിച്ചുകയററുവാൻ എന്നെ സഹായിക്കേണമെ.

## ജൂൺ 8

ജയിംസ് വിററ്കോമ്പ് റിലി എന്ന അമേരിക്കൻ കവി തീവണ്ടിയാത്ര ചെയ്യുകയായിരുന്നു. കമ്പനിയുടെ നിസ്സാരമായ നിയമം തെററിച്ചതിന് അദ്ദേഹത്തിനു കൺഡക്ടറിൽ നിന്നും കശ്നമായ ഒരു താക്കീതു ലഭിച്ചു.

"നിങ്ങളതിനു മറുപടിയൊന്നും പറയുന്നില്ലേ? അയാളുടെ പേരെങ്കിലും കമ്പനിക്കാരെ അറിയിക്കുമല്ലോ." റിലിയുടെ സഹയാത്രക്കാരൻ സഹതാപം പ്രകടിപ്പിച്ചു.

"ഇല്ല," റിലി പ്രതിവചിച്ചു. "ഞാൻ തീർച്ചപ്പെടുത്തി ക്കഴിഞ്ഞു, അയാളുടെ പരുപരുത്ത സ്വാഭാവവുമായി ജീവിതകാലം മുഴുവനും പൊരുത്തപ്പെട്ടുപോകാൻ അയാൾക്കു സാധിക്കുമെങ്കിൽ, കുറച്ചു നേരത്തേക്ക് അങ്ങനെ ചെയ്യുവാൻ എനിക്കു സാധിക്കുമെന്നാണ് എൻെറ വിശ്വാസം."

പരുഷപ്രകൃതിക്കാരായ മനുഷ്യരുമായി ഇടപെടേണ്ട അവസരങ്ങൾ നമുക്കെല്ലാവർക്കും ഉണ്ടാകുന്നതാണ്. അപ്പോഴെല്ലാം ഒരു കാര്യം ഓർക്കുന്നതു നന്നായിരിക്കും. അതായതു്, അത്തരം വ്യക്തികൾക്കു സ്വന്തം ജീവിതംതന്നെ ആനന്ദപ്രദമല്ലെന്ന്. ഒരു ഭിഷഗ്വരൻ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്; "സദാക്ലേശമനുഭവിക്കുന്ന ഒരു വ്യക്തി സർവ്വോപരി ആഗ്രഹിക്കുന്നതു് ഒരുപക്ഷേ സ്നേഹമായിരിക്കാം. അയാൾ മററുള്ളവരെ അകററിനിർത്താൻ അഭിലഷിക്കുന്നില്ല........ പക്ഷേ അയാളുടെ ഭയം മററുള്ളവർ അയാളെ സ്നേഹിക്കുന്നില്ലെന്നാണ്. ആകയാൽ അയാളാദ്യം വിരോധം ഭാവിക്കുന്നു."

മററുള്ളവർ മര്യാദയില്ലാതെ പെരുമാറിയാലും നാമതു സഹിക്കണം. ഇക്കാര്യത്തിൽ ഒരടികൂടി മുന്നോട്ടുപോകുന്നതു കുറെക്കൂടി ക്രിസ്തീയമായിരിക്കും. അവരുടെ കാര്യത്തിൽ പ്രത്യേകമായ ഒരൗത്സുക്യവും അനുകമ്പയും നാം പ്രദശിപ്പിക്കേണ്ടതാണ്. ചുരുക്കിപ്പറഞ്ഞാൽ, അവരുടെ ന്യൂനതകളെ സൗ

മുമായ രീതിയിൽ നികത്താനായി നാം ശ്രമിക്കേണ്ടിയിരിക്കുന്നു.

"നിങ്ങൾ അന്യോന്യം സഹിക്കുകയും അന്യോന്യം ക്ഷമിക്കുകയും ചെയ്യുവിൻ......മിശിഹാ നിങ്ങളോടു ക്ഷമിച്ചതു് എങ്ങനെയോ അങ്ങനെതന്നെ നിങ്ങളും ക്ഷമിക്കുവിൻ." (കൊലോ. 3: 13)

അങ്ങയുടെ സ്നേഹം ഏററവുംമധികം ആവശ്യമായിരിക്കുന്നവർക്കു് അതു പകർന്നുകൊടുക്കുവാൻ കർത്താവേ! എന്നെ സഹായിക്കേണമേ!

## ജൂൺ 9

ലോസ് എൻജൽസിൽവച്ചു് ഈയിടെ ഡോക്ടർമാർ, പ്രഫസർമാർ, വാണിഗന്മാർ, ചലച്ചിത്രവ്യവസായത്തിന്റെ വിവിധശാഖകളിലെ ഉദ്യോഗസ്ഥന്മാർ ആദിയായവർ ഉൾപ്പെട്ട ഒരു സദസ്സിൽ ഞാൻ പ്രസംഗിക്കാനിടവന്നു. വദ്യാഭ്യാസം, ഗവൺമെൻറ്, തൊഴിലാളിസംഘടനകൾ, പ്രസിദ്ധീകരണം തുടങ്ങിയ സുപ്രധാനവകുപ്പുകളിൽ ജോലി സ്വീകരിക്കുവാൻ സ്വന്തം മക്കൾ, സ്നേഹിതർ, സഹപ്രവർത്തകർ മുതലായവരെ പ്രേരിപ്പിക്കാൻ ഞാനവരെ ഉദ്ബോധിപ്പിച്ചു.

എന്റെ പ്രസംഗം തീർന്നയുടനെ ശ്രോതാക്കളിലൊരാൾ എഴുന്നേററു് ഇപ്രകാരം പറഞ്ഞു: "എനിക്കിപ്പോൾ 68 വയസ്സായി. ഞാനൊരു പ്രെസ്ബിറേററിയൻ സഭാംഗവും പൊമോന ജൂണിയർ കോളേജിലെ ഒരദ്ധ്യാപകനുമാണു്. പകുതി സമയംമാത്രം ജോലിചെയ്യുന്നവരുടെ കൂട്ടത്തിൽ എന്നേയും പെടുത്തണമെന്നു കാണിച്ചു് കഴിഞ്ഞാഴ്ചയിൽ കോളേജധികൃതർക്കു ഞാനൊരു കത്തയയ്ക്കുകയുണ്ടായി. എന്നാൽ ഈ രാത്രിയിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെപ്പററി അങ്ങു് ഊന്നിപറഞ്ഞതു കേട്ടതുകൊണ്ടു് എന്റെ മനസ്സു മാറിയിരിക്കുന്നു; ഇന്നു വീട്ടിൽ ചെന്നാലുടൻ, മുഴുവൻ സമയവും ജോലിചെയ്തുകൊള്ളാം എന്നു കാണിച്ചു് ഞാൻ കോളേജധികൃതർക്കു് ഒരു കത്തെഴു

ത്തുന്നതാണു്. ലോകത്തിൻെറ സ്ഥിതി പൎയ്യാലോചിക്കുമ്പോറം എനിക്കു ചെയ്യുവാൻ സാധിക്കുന്ന ഏററവും നിസ്സാരമായ ഒരു സേവനമാണതു്."

ബുദ്ധിജീവികഠം ധാരാളമായി പ്രധാനപ്പെട്ട പ്രവൃത്തിരംഗങ്ങളിലേക്കിറങ്ങുവാൻ പ്രചോദനം നൽകുകയെന്നതു ക്രിസ്റ്റഫർ പരിപാടിയുടെ ഒരു ഘടകമാണു്. എന്നാൽ പ്രസ്തുത രംഗങ്ങളിൽ നേരത്തെതന്നെ സേവനമനുഷ്ഠിച്ചു തുടങ്ങിയിരിക്കുന്നവരെ ഉത്തേജിപ്പിക്കുകയെന്നതും നമ്മുടെ ലക്ഷ്യത്തിൽപ്പെടുന്നു. സത്യത്തിൻെറ വായ്പൊത്തുന്നതിൽ പ്രതിയോഗികഠം പ്രദൎശിപ്പിക്കുന്നിടത്തോളം തീക്ഷ്ണത അതിൻെറ കാഹളമൂതുന്നതിൽ മുൻപറഞ്ഞതരം പ്രേഷിതർ പ്രദൎശിപ്പിക്കുന്നപക്ഷം ദൈവത്തിനും രാജ്യത്തിനുംവേണ്ടി എത്ര മഹത്തരമായ സേവനമാണു് അവർ അനുഷ്ഠിക്കുന്നതെന്നു് അവരെ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

"നീതിമാന്മാരുടെ അധരങ്ങഠം പലരേയും പഠിപ്പിക്കുന്നു. എന്നാൽ അറിവില്ലാത്തവർ അവരുടെ അജ്ഞതയിൽത്തന്നെ മരിക്കുകയും ചെയ്യും." (Prov. 10: 21)

പ്രധാനപ്പെട്ട ഏതെങ്കിലുമൊരു ജീവിതത്തുറയിൽ അലസമായി ജോലിചെയ്യുന്ന ഒരുവനെ ഉത്തേജിപ്പിക്കാൻവേണ്ട അവസരവും വരപ്രസാദവും ലഭിക്കാൻവേണ്ടി പ്രാൎത്ഥിക്കുക.

## ജൂൺ 10

കെന്നെത്തു് സ്മിത്തു ബാഠംട്ടിമോറിലെ ഒരു ബസ്സുകണ്ഡക്ടറായിരുന്നു. ഓരോ ട്രിപ്പിനുമിടയ്ക്കു 7മിനിട്ടാണു് അദ്ദേഹത്തിനു ലഭിച്ചിരുന്നതു്. ആ സമയം മുഴുവൻ ബസ്സ്സ്റ്റാൻറിനു സമീപമുള്ള കാടും പടലും നശിപ്പിക്കുന്നതിനായി അദ്ദേഹം വിനിയോഗിച്ചുവന്നു. ഏതാണ്ടു് അരയേക്കർ വിസ്താരമുള്ള ഒരു പറമ്പിൻെറ മദ്ധ്യത്തിലായിരുന്നു ബസ്സ്സ്റ്റാൻറു്. സ്മിത്തു് അവിടത്തെ കുററിക്കാടുകളും കളകളും പറിച്ചുമാററി, ആ സ്ഥലം ഒരുദ്യാനമായി രൂപാന്തരപ്പെടുത്തി. വലിയൊരു പരിവ

ത്തനമാണു് അവിടെ സംഭവിച്ചതു്. ഓക്കു്, പോപ്പലർ മുതലായ വൃക്ഷങ്ങളുടെ ചുററിലും റോസ്, പെററൂണിയ, സീനിയ, വയലററ് മുതലായ പുഷ്പങ്ങൾ വളർന്നുനില്ക്കുന്ന കാഴ്ച എത്ര ഹൃദയാവജ്ജകമാണു്! മനോഹരമായ പുൽത്തകിടികളും അവയുടെ ഇടയ്ക്കു വൃത്തിയായി സൂക്ഷിച്ചിരിക്കുന്ന പാതകളുമുണ്ടവിടെ. അവിടെ നാട്ടിയിരിക്കുന്ന ഉയരമുള്ള ഒരു സ്തംഭത്തിൻെറ ഉച്ചിയിൽ ഒരമേരിക്കൻ പതാക സദാ നേരവും പാറിക്കളിക്കുകയും ചെയ്യുന്നു.

വൃഥാ സൊള്ളിക്കളയാവുന്ന സമയം പ്രയോജനകരമായ വിധത്തിൽ ചെലവഴിച്ചുകൊണ്ടു സഹജീവികളുടെ ജീവിതം പൂർവ്വാധികം ആനന്ദകരമാക്കുവാൻ സ്മിത്തു സന്നദ്ധനായി. അനേകംപേർ ഇപ്രകാരം തങ്ങളുടെ ഒഴിവുസമയത്തിൻെറ ഒരു ഭാഗം മററുള്ളവക്കുവേണ്ടി പ്രാത്ഥിക്കുവാനും പ്രയത്നിക്കുവാനുമായി വിനിയോഗിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

"പരിശ്രമശാലികളുടെ ചിന്തകൾ ധാരാളമായി ഫലം പുറപ്പെടുവിക്കുന്നു." (Prov. 21:5)

കത്താവേ! ഞാൻ അലസമായി തള്ളിവിടാറുള്ള സമയം സഹജീവികളുടെ പ്രയോജനത്തിനും അങ്ങയുടെ മഹത്വത്തിനുമായി വിനിയോഗിക്കാൻ എന്നെ സഹായിക്കേണമേ!

# ജൂൺ 11

"ജഡത്തിൻെറ പ്രവൃത്തികളും" "അരൂപിയുടെ ഫലങ്ങളും'' തമ്മിലുള്ള വൈരുദ്ധ്യത്തെ വി. പൗലോസു ചൂണ്ടിക്കാണിക്കുന്നുണ്ടു്. ആദ്യത്തെ ഗണത്തിൽപ്പെട്ടവയെപ്പററി വി. ശ്ലീഹാ പ്രസ്താവിച്ചിരിക്കുന്നതു് ഇപ്രകാരമാണു്: മുമ്പിലത്തെപ്പോലെ ഞാൻ വീണ്ടും നിങ്ങൾക്കു മുന്നറിവു നല്കുന്നു: അത്തരം കാര്യങ്ങൾ ചെയ്യുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ലെന്നു്.'' ഗലാത്തിയാക്കാക്കുള്ള ലേഖനത്തിൽ (5: 19–23) അദ്ദേഹം "ജഡത്തിൻെറ പ്രവൃത്തികളു''ടേയും "അരൂപിയുടെ ഫലങ്ങളു''ടേയും ലിസ്റ്റു് നൽകുന്നുണ്ടു്. അതു താഴെചേക്കുന്നു.

ജഡത്തിൻെറ പ്രവൃത്തികൾ

1) വ്യഭിചാരം. 2) അശുദ്ധി. 3) ദുഷ്കാമം. 4) വിഗ്രഹാരാധന. 5) ആഭിചാരം. 6) ശത്രുത. 7) തക്കം. 8) പക. 9) കോപം. 10) ശാഠ്യം. 11) ഭിന്നതകൾ. 12) കക്ഷിമത്സരം. 13) അസൂയ. 14) കൊല. 15) മദ്യപാനം. 16) (തെറി) പ്പാട്ടു്.

അരൂപിയുടെ ഫലങ്ങൾ

1) സ്നേഹം. 2) സന്തോഷം. 3) സമാധാനം. 4) ദീർഘശാന്തത. 5) മധുരശീലം. 6) സൽഗുണം. 7) വിശ്വാസം. 8) വിനയം. 9) അടക്കം.

അരൂപിയുടെ ഫലങ്ങളെ വിലമതിക്കാൻ ദൈവമേ! എന്നെ സഹായിക്കേണമേ!

# ജൂൺ 12

"മരണാനന്തരം നമ്മുടെ കരങ്ങളിൽ വഹിക്കുവാൻ സാധിക്കുന്നതു നാം ദാനംചെയ്ത വസ്തുക്കൾ മാത്രമാണു്" എന്നൊരു പഴഞ്ചൊല്ലുണ്ടു് സംസ്കൃതത്തിൽ.

രണ്ടാംശതാബ്ദത്തിൻെറ അന്ത്യഘട്ടത്തിൽ വി. ജോൺ ക്രിസോസ്റ്റോം ഇപ്രകാരമെഴുതി: "വളരെയധികം കൈവശം വച്ചുകൊണ്ടിരിക്കുന്നവനല്ല ധനവാൻ; മറിച്ചു്, വളരെയധികം കൊടുക്കുന്നവനാണു്." അദ്ദേഹം വേദപുസ്തകത്തിലെ പ്രബോധനത്തെ പുനഃപ്രകാശിപ്പിക്കുകയാണു് ചെയ്തതു്.

1. "നിൻെറ ശക്തിക്കനുസൃതമായി നീ കരുണ കാണിക്കണം. നിനക്കു് അധികമുണ്ടെങ്കിൽ അധികം കൊടുക്കുക. നിനക്കു് അല്പംമാത്രമേയുള്ളുവെങ്കിൽ, അതനുസരിച്ചു് മനസ്സോടെ അല്പമെങ്കിലും നൽകുന്നതിൽ ശ്രദ്ധവയ്ക്കുക. എന്തുകൊണ്ടെന്നാൽ അങ്ങനെ ആവശ്യത്തിൻെറ നാളിൽ ലഭിക്കത്തക്ക നല്ലൊരു പ്രതിസമ്മാനം നീ "നിനക്കായി സംഭരിക്കുന്നതായിരിക്കും.'' (തോബിയാസ് 4: 8—10)

2. "സ്വന്തം അപ്പത്തെ ഔദാര്യപൂർവ്വം വിനിയോഗിക്കു

ന്നവനെ അനേകംപേരുടെ അധരങ്ങൾ വാഴ്ത്തുന്നതായിരിക്കും." (Ecclesiasticus 31:28)

3. ചോദിക്കുന്നവക്കെല്ലാം കൊടുക്കുക. വായ്പ വാങ്ങുവാൻ വരുന്നവനിൽനിന്നു മുഖം തിരിച്ചു കളയരുതു്.

(മത്തായി 5: 42)

ദൈവമേ! ഇഹത്തിൽവച്ച് അവിടത്തെ നാമത്തിൽ ഞാൻ ദാനംചെയ്യുന്നതെല്ലാം നിത്യത്വത്തിനായി സംഭരിക്കുകയാണ് ചെയ്യുന്നതെന്ന സംഗതി ഗ്രഹിക്കുവാൻവേണ്ട ബുദ്ധി എനിക്കു പ്രദാനം ചെയ്തരുളേണമെ.

# ജൂൺ 13

സ്വന്തം കാർ റിപ്പയർ ചെയ്യിക്കുവാനായി വർക്ക്ഷാപ്പിൽ ചെന്ന ഒരാൾ അവിടത്തെ ഒരു മെക്കാനിക്ക് മറ്റൊരു കാർ നന്നാക്കുന്നവിധം സൂക്ഷിക്കുകയായിരുന്നു. ഒരു തുള്ളി പോലും കളയാതെ അയാളതിലെ എണ്ണ മാററി വേറെ എണ്ണയൊഴിച്ചു; റേഡിയേററർ കൃത്യമായി ചെക്കുചെയ്തു; വിൻറ് ഷീൽഡ് വൃത്തിയാക്കി; അതിന്മേലുണ്ടായിരുന്ന വിരലടയാളങ്ങൾപോലും തുടച്ചുകളഞ്ഞു; സീററുകളിൽ ശുചിയായ തുണികൾ വിരിച്ചു; കൈകൾ നല്ലവണ്ണം കഴുകി; അനന്തരം സാവകാശത്തിൽ കാറോടിച്ചു പോകയുംചെയ്തു.

"അയാൾ ഒന്നാന്തരമൊരു മെക്കാനിക്കാണ്." ആഗതൻ ഷോപ്പിലെ ഫോർമൻെറ പക്കൽ അഭിനന്ദനം പ്രകടിപ്പിച്ചു.

''ഓ! അതു് അയാളുടെ സ്വന്തം കാറാണ്." ഫോർമൻ ആ ജോലിക്കാരൻ പ്രദർശിപ്പിച്ച നിഷ്കർഷയുടേയും വൈദഗ്ദ്ധ്യത്തിൻേറയും കാരണം വിശദമാക്കി.

നാമെല്ലാവരും, ഒരു വിധത്തിൽ അല്ലെങ്കിൽ മറെറാരു വിധത്തിൽ സ്വാർത്ഥം പുലർത്തുന്നവരാണ്; തൻകാര്യം വൻകാര്യമായി പരിഗണിക്കുന്നവരാണ്. മററുള്ളവക്കുവേണ്ടി എന്തെങ്കിലും ചെയ്യുമ്പോൾ നമ്മുടെ സ്വന്തം കാര്യത്തിൽ പ്രദർ

ശിപ്പിക്കുന്നതുപോലുള്ള ശ്രദ്ധ നാം പ്രദർശിപ്പിക്കാറില്ല. എന്നാൽ ദൈവികനിയമം സമൃക്ഷം ക്രമാനുയോജ്യവുമായ ഒരു മാനദണ്ഡം നമുക്കു പ്രദാനംചെയ്തിട്ടുണ്ടു്.

"നിന്റെ അയൽവാസിയെ നിന്നെപ്പോലെതന്നെ സ്നേഹിക്കുക." (മത്തായി 19 : 14)

നിന്റെ കാര്യത്തിൽ നീ ബദ്ധശ്രദ്ധനായിരുന്നുകൊള്ളുക. അതിനു യാതൊരു വിരോധവുമില്ല. ദൈവം നിന്നിൽനിന്നു് അതു പ്രതീക്ഷിക്കുന്നുണ്ടു്. എന്നാൽ തത്തുല്യമായ ശ്രദ്ധ നീ മററുള്ളവരുടെ കാര്യത്തിലും പ്രദർശിപ്പിക്കണമെന്നു ദൈവം അഭിലഷിക്കുന്നു. ഈ ആദർശം പാലിക്കുന്നതിനു് ആത്മാത്ഥമായി പരിശ്രമിക്കുന്നവർ വേണ്ടവോളമില്ലാത്തിടത്തോളംകാലം ലോകത്തിലെ യാതൊരു രാജ്യത്തിലും സമാധാനം സുസാധ്യമാണെന്നു് വിചാരിക്കേണ്ടതില്ല.

കർത്താവേ! ഞാനെന്റെ ആദ്ധ്യാത്മികക്ഷേമത്തിൽ ശ്രദ്ധ പതിക്കുന്നതോടൊപ്പം സഹജീവികളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ക്ഷേമത്തിലും ഔൽസുക്യം പ്രദശിപ്പിക്കുവാൻ വരം നല്കേണമേ!

# ജൂൺ 14

സാമൂഹ്യപ്രവത്തകക്കു് അധികം പണം സമ്പാദിക്കുവാൻ സാധിക്കുകയില്ല. ലോകം അവക്കു പ്രദാനംചെയ്യുന്ന പ്രശസ്തിയും കേവലം തുച്ഛമാണു്. എന്നുവരികിലും അവക്കു ചിലപ്പോഴെല്ലാം മറെറാരുതരം പ്രതിഫലം ലഭിക്കുന്നു: കൃതജ്ഞതാസൂചകമായ ഒരു വാക്കു്.

അടുത്തകാലത്തു് ക്ലെവെലൻറിലെ ഒരു സ്ത്രീ സാമൂഹ്യസേവനത്തിൽ വിദഗ്ദ്ധോപദേശം നല്കുന്ന ഒരാളെ കാണുവാനായി ചെന്നു. അവർ പറഞ്ഞു: "യാതൊരു സഹായത്തിനും വേണ്ടിയല്ല ഞാൻ വന്നതു്. അങ്ങയോടു നന്ദിപറയാൻമാത്രമേ എനിക്കാഗ്രഹമുള്ളു. 18 കൊല്ലംമുമ്പു് എന്റെ ഭത്താവിനേയും നാലു മക്കളേയും ഉപേക്ഷിക്കാതിരിക്കുന്നതിനു് നിങ്ങളെനിക്കു പ്രചോദനം നൽകി. അതിനുശേഷം കുട്ടികളെ ഞാൻ വേണ്ട

പോലെ വളർത്തിക്കൊണ്ടുവരികയും പലപ്പോഴും രോഗബാധിതനായിഭവിച്ച എൻെറ ഭർത്താവിനെ പരിചരിക്കുകയും ചെയ്തിട്ടുണ്ടു്."

അവർ തുടൻ: "മക്കളുടെയെല്ലാം വിവാഹം കഴിഞ്ഞു. ഞാനൊരു പിതാമഹിയാണിപ്പോൾ. എൻെറ ജീവിതം ഭാരമേറിയതായിരുന്നുവെന്നതിനു സംശയമില്ല. പക്ഷേ, അതു പ്രയോജനകരമായ ഒന്നായിരുന്നുവെന്നുതന്നെ തോന്നുന്നു. എല്ലാററിനും കാരണം നിങ്ങൾതന്നെ. ഇതു വിശ്വസിച്ചാലും, ഞങ്ങളുടെ കുടുംബത്തിനു് ലഭിച്ചതിൽവച്ചു് ഏററവും ഉത്തമനായ മിത്രം നിങ്ങളാണു്."

സാമൂഹ്യസേവനത്തിൻെറ വയൽ അതിവിശാലമാണു്. ഹതഭാഗ്യരും ക്ലേശാധീനരുമായ മനുഷ്യർക്കു് ആനന്ദവും ആശ്വാസവുമരുളുവാൻ നിങ്ങൾക്കുള്ള സാദ്ധ്യതകൾ വളരെയധികമാണു്. സാധുക്കളുടെ മദ്ധ്യത്തിൽ ക്രിസ്തുതന്നെ നിർവ്വഹിച്ച വേലയുമാണതു്. ഇന്നു്, ഈ നിമിഷത്തിൽ, ആയിരമായിരം സാമൂഹ്യപ്രവർത്തകരെ ആവശ്യമായിരിക്കുന്നു. പ്രാധാന്യമർഹിക്കുന്ന ഈ രംഗത്തു് ഒരദ്ധ്യാത്മികചൈതന്യം വളർത്തുക എന്നതാണു അവരുടെ കർത്തവ്യം.

"ഒരു സഹോദരനോ സഹോദരിയോ നഗ്നരായും ജീവസന്ധാരണത്തിനു് വകയില്ലാത്തവരായും ഇരിക്കയും നിങ്ങളിൽ ഒരാൾ അവരോടു് 'നിങ്ങൾ സമാധാനത്തോടുകൂടി, പോയി: തീ കാഞ്ഞു തൃപ്തരാകുവിൻ' എന്നു പറയുകയും, ശരീരത്തിൻെറ ആവശ്യത്തിനു വേണ്ടതു് അവർക്കു കൊടുക്കാതിരിക്കയും ചെയ്താൽ എന്തു പ്രയോജനം? അപ്രകാരം പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം തനിയേ ചത്തതാകുന്നു." (യാക്കോബു് 5: 15-17)

ധാരാളം പേർ സമുദായസേവനത്തിനായി മുന്നോട്ടിറങ്ങുവാൻ വേണ്ടി പ്രാർത്ഥിക്കുക.

# ജൂൺ 15

പ്രസിദ്ധ നോവലെഴുത്തുകാരനായ സെയിൻഗ്രേ പട്ടിണിയും പാട്ടമായി ഏഴു നീണ്ട വർഷങ്ങൾ ചെലവഴിച്ച ഒരാളാണ്. അദ്ദേഹത്തിന്റെ പ്രയത്നത്തിന് ഒരു കാശുപോലും പ്രതിഫലം ലഭിച്ചില്ലെന്നു മാത്രമല്ല, പ്രോത്സാഹജനകമായ ഒരു വാക്കുപോലും കേൾക്കുന്നതിന് ഇടവന്നില്ല. എന്നിട്ടും ഭഗ്നോത്സാഹനാകാതെ അദ്ദേഹം തന്റെ സാഹിത്യപരിശ്രമങ്ങൾ തുടർന്നു. പിൽക്കാലത്തെ അദ്ദേഹത്തിന്റെ അനുഭവങ്ങൾ മേൽപ്പറഞ്ഞതിൽനിന്ന് എത്രയോ ഭിന്നമായിരുന്നു! പ്രശസ്തിയുടെ വിഷ്ടരത്തിൽ പ്രതിഷ്ഠിതനായപ്പോൾ പ്രതിവർഷം 3,00,000 ഡോളർ സമ്പാദിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചിരുന്നു.

സെയിൻഗ്രേക്കിനുമാത്രമല്ല ഇതുപോലെ പട്ടിണിയോടു പടവെട്ടേണ്ടിവന്നിട്ടുള്ളത്. ഇ. ഫിലിപ്പ്സ് ഒപ്പൻഹയിം 20-ാമത്തെവയസ്സിൽ തന്റെ ആദ്യഗ്രന്ഥം രചിച്ചെങ്കിലും, 40-ാമത്തെ വയസ്സുവരെ ഇഴഞ്ഞുവലിഞ്ഞാണ് അദ്ദേഹം മുന്നോട്ടു പോയത്. അതിനുശേഷം സാഹിത്യപരിശ്രമംവഴി കാലയാപനത്തിനുവേണ്ട വക സമ്പാദിക്കാൻ അദ്ദേഹത്തിനു യാതൊരു പ്രയാസവുമുണ്ടായില്ല. ഇപ്പോൾ അദ്ദേഹത്തിന്റെ കൃതികളുടെ എണ്ണം 150-തിലധികമാണത്രെ.

പ്രസിദ്ധ അപസർപ്പകകഥാകാരനായ എഡ്ഗർ വാല്ലസ് അദ്ദേഹത്തിന്റെ പ്രഥമകൃതിയായ "നാലു നീതിമാന്മാർ" 25 ഡോളറിനു വിൽക്കാൻ ശ്രമിക്കുകയുണ്ടായി. പക്ഷേ, അന്ന് അതു വാങ്ങിക്കാനാരുമില്ലായിരുന്നു. എന്നിട്ടും വാല്ലസ് നഷ്ടധൈര്യനായില്ല പിന്നീടതിന്റെ 40 ലക്ഷം പ്രതികളാണ് വിററഴിഞ്ഞത്. ഇപ്പോഴും അതു വാങ്ങാനാളുകളുണ്ട്.

ക്രിസ്തുഭക്തന്മാരായി വർത്തിക്കണമെന്ന ലക്ഷ്യത്തോടുകൂടി സാഹിത്യരംഗത്തിറങ്ങുന്നവർക്ക് താരതമ്യേന കൂടുതൽ പ്രയാസങ്ങൾ അനുഭവപ്പെടുന്നതാണ്. താദൃശമായ ഒരു ജീവിതവൃത്തിക്കു സഹജമായ ക്ലേശത്തിനും ത്യാഗത്തിനും ഇച്ഛാഭംഗത്തിനും അവർ സന്നദ്ധരായിരിക്കണം. പക്ഷേ, സഹജീവികളുടെ

ജീവിതം ധന്യമാക്കണമെന്ന ഉൽകൃഷ്ടലക്ഷ്യം, മഹാവിപത്തുകളെപ്പോലും തരണംചെയ്യുന്നതിനു അവക്കു വലിയൊരു പ്രേരണാശക്തിയായിരിക്കും.

"നീ സഹിക്കുവാനിരിക്കുന്നതിനെപ്പററി നീ ഭയപ്പെടേണ്ട...... ..മരണംവരെ വിശ്വസ്തനായിരിക്കുക. ആയുസ്സിൻെറ കിരീടം നിനക്കു ഞാൻ തരും."

(വെളിപാടു് 2:10)

ഉൽകൃഷ്ടാദർശങ്ങളോടും ലക്ഷ്യങ്ങളോടുംകൂടിയ എഴുത്തുകാരാകാനാഗ്രഹിക്കുന്നവക്കു് ക്ഷമയും സ്ഥിരോത്സാഹവും സമൃദ്ധമായി ലഭിക്കുന്നതിനുവേണ്ടി ദൈവത്തോടു് പ്രാത്ഥിക്കുക.

## ജൂൺ 16

പ്രസിദ്ധ ചലച്ചിത്രനിമ്മാണകേന്ദ്രമായ ഹോളിവുഡ്ഡിലെ ഒരു പ്രധാന നടിയുടെ ഭവനത്തിനു സമീപം രണ്ടു വധൂവരന്മാർ എവിടെനിന്നോ വന്നു വാസമുറപ്പിച്ചു. അവരുടെ ദാമ്പത്യജീവിതം അത്ര വിജയകരമായിരുന്നില്ല. തൽസംബന്ധമായ കിംവദന്തികൾ പ്രസ്തുത നടിയുടെ കർണ്ണങ്ങളിലും ചെന്നുപതിച്ചു.

"എല്ലാവരും ആ രണ്ടുപേരുടേയും കാര്യമേ പറയുന്നുള്ളു. ചിലർ ഭാര്യയുടെ ഭാഗം പിടിക്കുന്നു. മററുചിലർ ഭത്താവിൻെറ ഭാഗവും വാത്തയും കൊണ്ടുചെന്ന ഒരാൾ റിപ്പോർട്ടു സമർപ്പിച്ചു.

"ശരി," നടി പ്രതിവചിച്ചു: "അവനവൻെറ കാര്യം നോക്കുന്ന കിറുക്കന്മാരും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നു. "ങ് — ഉം — ?"

സ്പാനിഷ് ഭാഷയിലെ താഴെ ചേക്കുന്ന പഴഞ്ചൊല്ലിൽ വളരെയധികം പ്രായോഗികവിജ്ഞാനമടങ്ങിയിട്ടുണ്ടു്: "കിംവദന്തികളുംകൊണ്ടു് നിന്നെ സമീപിക്കുന്നവൻ നിന്നെക്കുറിച്ചും കിംവദന്തികൾ പരത്തുന്നതാണു്." വേദപുസ്തകത്തിലെ ഉദ്ബോധനങ്ങളും അക്ഷരംപ്രതി വാസ്തവമായിരിക്കുന്നു:

(1) "നീ നിൻെറ അയൽവാസിക്കെതിരായി എന്തെ

ങ്കിലും കേൾക്കയുണ്ടായോ? അതു നിന്നിൽത്തന്നെ ലയിക്കട്ടെ. എന്നാൽ അതു നിന്നെ പൊട്ടിത്തെറിപ്പിക്കുകയില്ല എന്നു വിശ്വസിക്കാം." (Eccle: 19:10)

(2) "രഹസ്യങ്ങൾ വെളിപ്പെടുത്തുകയും വഞ്ചനയോടു കൂടി നടക്കുകയും സ്വന്തം അധരങ്ങളെ വിസ്തൃതമായി തുറക്കുകയും ചെയ്യുന്നവനുമായി ഇടപെടരുതു്." (Prov. 20:19)

എൻെറ അയൽവാസിയെപ്പററി ഞാൻ കേൾക്കാനിടവരുന്ന അപവാദം എന്നിൽനിന്നു പുറത്തുപോകാതെ സൂക്ഷിക്കാൻ കർത്താവേ! എന്നെ പഠിപ്പിക്കേണമേ!

# ജൂൺ 17

ഇംഗ്ലണ്ടിൽ എക്ലെസ്ററിലെ ഒരു പാർക്കിൽ കുരുടന്മാർക്കായുള്ള ഒരു പൂന്തോട്ടമുണ്ടു്. പാർക്കിൻെറ ഒരു ഒഴിഞ്ഞ മൂലയിലാണു് അതു സ്ഥിതിചെയ്യുന്നതെങ്കിലും ആർക്കും നിഷ്പ്രയാസം അതിൽ പ്രവേശിക്കാവുന്നതാണു്. നയനാഭിരാമമായ ചെടികളും സൗരഭ്യംനിറഞ്ഞ കുസുമങ്ങളും അവിടെ ധാരാളമായി വളരുന്നു. പുഷ്പവാടികൾ ഉയർന്ന പുൽത്തകിടികളിൽ സ്ഥിതിചെയ്യുന്നതുകൊണ്ടു് കുനിയാതെ അവയിലെ സൗരഭ്യമാസ്വദിക്കുന്നതിനു് സന്ദർശകർക്കു സാധിക്കുന്നു.

അവിടെ ലോഹനിർമ്മിതമായ ഒരു ബോർഡു് സ്ഥാപിച്ചിട്ടുണ്ടു്. ബ്രെയ്ല് എന്ന ഫ്രഞ്ചുകാരൻ ആവിഷ്ക്കരിച്ച പദ്ധതിയനുസരിച്ചു് അന്ധന്മാർക്കു തപ്പിനോക്കിവായിക്കുന്നതിനുതകുന്നതരം കുത്തുകൾ അതിന്മേലുണ്ടു്. അനേകംപേരുടെ കരസ്പർശം ഏററതിൻെറ ഫലമായി അവ സദാ തിളങ്ങിക്കൊണ്ടിരിക്കുന്നു. അവിടെ ലേഖനംചെയ്തിരിക്കുന്ന വാക്യമിതാണു്: "എക്ലെസ്റററിലെ അന്ധന്മാർക്കു്: ഒരുദ്യാനത്തിൽ നിങ്ങൾക്കു ലഭ്യമായ പ്രധാനപ്പെട്ട ആനന്ദം അവിടെയുള്ള സുഗന്ധത്തിൽ നിന്നാണെന്ന ബോധത്തോടുകൂടി ഈ പുഷ്പങ്ങളെ നിങ്ങളുടെ സുഖാനുഭൂതിക്കുവേണ്ടി തിരഞ്ഞെടുത്തിരിക്കുന്നു."

ഈ ഉപവനത്തിൻെറ വിധാതാക്കൾ അനന്യസാധാരണമായ ചിന്താചതുരതയാണു് പ്രദർശിപ്പിച്ചതു്. അതു അനുക

ന്ധാർദ്രമായിരുന്നു; ഉത്തേജകമായിരുന്നു. ആത്മീയാന്ധതയ്ക്കു് അധീനരായവരുടെ നേർക്കു് നാം അനുവർത്തിക്കേണ്ട നയമെന്തെന്നു് അതു നമ്മെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. മേൽപ്പറഞ്ഞതിനു തുല്യമായ ഒരനുഭാവം ഇത്തരക്കാരുടെ നേർക്കു് നാം പ്രദർശിപ്പിക്കുന്നപക്ഷം താല്ക്കാലികമായ ഒരാനന്ദം മാത്രമല്ല നാമവർക്കു പ്രദാനംചെയ്യുന്നതു്. അന്ധകാരാവൃതമായ അവരുടെ ആത്മാക്കളിൽ ശാശ്വതമായ പ്രകാശത്തിന്റെ കതിരുകൾ വീശുവാൻ നമുക്കു സാധിച്ചെന്നു വരാവുന്നതാണു്.

"..... ഈശോ വീണ്ടും അവരോടു സംസാരിച്ചു: ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു; എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ ചരിക്കുകയില്ല; ജീവനാകുന്ന പ്രകാശത്തെ അവൻ സ്വാധീനമാക്കുകയും ചെയ്യും." (യോഹ. 8 : 12)

ആത്മീയാന്ധകാരത്തിൽ വർത്തിക്കുന്ന എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുക.

# ജൂൺ 18

നമ്മുടെ കർത്താവിന്റെ അധരങ്ങളിൽനിന്നു പുറപ്പെട്ടവയായി രേഖപ്പെടുത്തിയിട്ടുള്ള വചനങ്ങളിൽ സുമാർ നേർപകുതി സാമൂഹ്യപ്രശ്നങ്ങളോടു് ബന്ധപ്പെട്ടവയാണു്.

1. സ്നാപകയോഹന്നാന്റെ രണ്ടു ശിഷ്യന്മാർ അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം ദിവ്യരക്ഷകനെ സമീപിച്ചു് ഇപ്രകാരം ചോദിച്ചു: "അങ്ങാണോ വരാനിരിക്കുന്നയാൾ?" അതോ, ഞങ്ങൾ മറെറാരാളെ പ്രതീക്ഷിച്ചിരിക്കണമോ?"

ഈശോ പ്രതിവചിച്ചു: "കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ സുഖം പ്രാപിക്കുന്നു. ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർക്കുന്നു; പാവങ്ങളോടു് സുവിശേഷം പ്രസംഗിക്കപ്പെടുന്നു; ഇങ്ങനെ നിങ്ങൾ കേൾക്കുകയും കാണുകയും ചെയ്തിട്ടുള്ളതു് നിങ്ങൾ പോയി യോഹന്നാനോടു പറയുവിൻ." (മത്തായി 11: 3—5)

2. അവിടുത്തെ സർവ്വപ്രധാനമായ രണ്ടു കല്പനകളിൽ രണ്ടാമത്തേതിനെപ്പററിയും ചിന്തിക്കുക: "നീ നിൻെറ അയല്ക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം."

(മത്തായി 22: 39)

3. അവസാനവിധിയുടെ വിവരണത്തിൽ നമ്മുടെ പ്രതിഫലത്തിൻെറ മാനദണ്ഡമായി ക്രിസ്തുനാഥൻ പ്രഖ്യാപിച്ചിരിക്കുന്നതു് നമ്മുടെ അയൽവാസിക്കു് അവൻെറ ആവശ്യത്തിൽ നാം നല്കുന്ന സഹായമാണു്: "എൻെറ ഈ ഏററവും എളിയ സഹോദരന്മാരിൽ ഒരുവനോടു നിങ്ങൾ അപ്രകാരം പ്രവർത്തിച്ചപ്പോഴൊക്കെ നിങ്ങൾ എന്നോടുതന്നെയാണു് പ്രവർത്തിച്ചതെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു."

(മത്തായി 25: 40)

ഇതരമനുഷ്യരുമായുള്ള നമ്മുടെ വേഴ്ച്ചകളിൽ ദൈവം നമുക്കു മാർഗ്ഗദർശകമായി പ്രഖ്യാപിച്ചിട്ടുള്ള ആദർശങ്ങൾ പാലിക്കുന്ന പക്ഷം, അവിടുത്തെ ഹിതത്തിനു യോജിച്ചവിധം സാമൂഹ്യവും സാമ്പത്തികവുമായ വ്യവസ്ഥിതികളിൽ ഒരു സമൂലപരിവർത്തനം വരുത്തുവാൻ സാധിക്കുന്നതാണു്.

കർത്താവേ! അങ്ങയുടെ സന്ദേശത്തിൻെറ ഉത്തരാർദ്ധം വിസ്മരിക്കാതിരിപ്പാൻ എന്നെ സഹായിക്കേണമേ! മററുള്ളവരേയും അതു അനുസ്മരിപ്പിക്കുവാൻ എനിക്കു് ഇടയാകണമേ!

# ജൂൺ 19

ചികിത്സാർത്ഥം സ്കോട്ടുലൻറിൽചെന്നു വസിച്ചിരുന്ന യുവാവായ ഒരു ഡോക്ടർ സുഖംപ്രാപിച്ചുവരുകയായിരുന്നു. നേരംപോക്കിനുള്ള ഒരു മാർഗ്ഗമെന്നോണം അദ്ദേഹം ഗ്രന്ഥരചനയിലേർപ്പെട്ടു. ആദ്യത്തെ നോവൽ എഴുതിത്തീർന്നപ്പോൾ അദ്ദേഹം അതു വീണ്ടും വായിച്ചുനോക്കി. അദ്ദേഹത്തിനു് അശേഷം തൃപ്തിവന്നില്ല. സാഹിത്യപരമായി തനിക്കുള്ള കഴിവുകൾ തുലോം തുച്ഛമാണെന്ന ബോധം പെട്ടെന്നു അദ്ദേഹത്തിൻെറ മനസ്സിലുദിക്കുകയും ചെയ്തു. കൂടുതലായൊന്നും ആലോചിക്കാതെ ഡോക്ടർ നോവലിൻെറ കൈയെഴുത്തുപ്രതി എടുത്തു ചവററുകൊട്ടയിലേക്കൊരേറുകൊടുത്തു.

അദ്ദേഹത്തിന്റെ ആത്മവിശ്വാസത്തെ ഊതിക്കത്തിക്കുവാൻ ശ്രമിച്ചതു സമീപത്തു വസിച്ചിരുന്ന ഒരു കൃഷീവലനാണു്. അയാഠം പറഞ്ഞു: "എന്റെ പിതാവു് ഈ ചതുപ്പുനിലത്തു നീച്ചാലുകഠം കുഴിച്ചു് ഇതിനെ ഒരു മേച്ചിൽസ്ഥലമാക്കുവാൻ ആജീവനാന്തം പരിശ്രമിച്ചതാണു്. എന്നിട്ടും അദ്ദേഹത്തിനതു് സാധിച്ചില്ല. ഞാനും ഇക്കാലമത്രയും ആ ജോലി തന്നെ തുടന്നുവരുന്നു. എനിക്കും ഇതേവരെ വിജയം സിദ്ധിച്ചിട്ടില്ല. എന്നാൽ ഒരുകാര്യം തീച്ചയാണു്. കിളച്ചുമാറിരിക്കുന്നതിനു് എനിക്കു് നിവൃത്തിയില്ല. മാത്രമല്ല, വേണ്ടിടത്തോളം കിളച്ചാൽ ഇവിടം ഒരു മേച്ചിൽസ്ഥലമാക്കാൻ കഴിയുമെന്നു് എന്റെ പിതാവിനറിയാമായിരുന്നു. എനിക്കും അതറിയാം."

ഈ വാക്കുകഠം ഡോക്ടുക്കു് ഒരു നവോന്മേഷം പ്രദാനം ചെയ്തു. തിരസ്കൃതമായ കടലാസ്സുകളെല്ലാം കണ്ടുപിടിച്ചു് അദ്ദേഹം ജോലിതുടന്നു. മൂന്നുമാസംകൊണ്ടു് "തൊപ്പിക്കാരന്റെ കോട്ട" എന്ന ഗ്രന്ഥം അദ്ദേഹം പൂത്തിയാക്കി. ഒരു പുസ്തകക്കമ്പനി അതു വാങ്ങി, അതിനെ ഒരു നാടകമാക്കി; പിന്നീടു് ഹോളിവുഡ്ഡിലെ ചലച്ചിത്രനിമ്മാതാക്കഠം വലിയ വില കൊടുത്തു് അതിന്റെ അവകാശം തീറുവാങ്ങുകയും ചെയ്തു. ഇതിനകം 13 ഭാഷകളിലേക്കു പ്രസ്തുതഗ്രന്ഥം തജ്ജിമചെയ്യപ്പെട്ടിട്ടുണ്ടു്. എ. ജെ. ക്രോനിൻ എന്ന ഗ്രന്ഥകാരൻ പറയുന്നതുപോലെ, "ഇതിനെല്ലാം ഹേതു സ്ഥിരോത്സാഹത്തെപ്പററി അദ്ദേഹത്തിനു ലഭിച്ച അവസരോചിതമായ ഒരു പാഠമാണു്."

ദൈവത്തിനും അയല്ക്കാരനുംവേണ്ടി മഹത്തായ കാര്യങ്ങഠം നിവ്വഹിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി സദാ ഓക്കേണ്ടതാണു്, യുദ്ധരംഗത്തുനിന്നു ഓടിപ്പോകുന്നവർ വിജയം വരിക്കുകയില്ലെന്നും, വിജയം വരിച്ചവർ യുദ്ധരംഗത്തുനിന്നു് ഓടിപ്പോകുകയില്ലെന്നും.

"പക്ഷെ അവസാനം വരെ ക്ഷമയോടു സഹിക്കുന്നവൻ രക്ഷപെടുകയും ചെയ്യും..." (മത്തായി 24 : 13)

കർത്താവേ! അങ്ങയിൽ ഞാൻ വിജയശ്രീലാളിതനാകുന്നതിനു തടസ്സമായി നില്ക്കുന്ന സകലതും തട്ടിനീക്കി മുന്നോട്ടു പോകുവാൻ എന്നെ സഹായിക്കേണമെ.

# ജൂൺ 20

ഇൻഡ്യാനായിലെ ഒരു കൃഷിക്കാരൻ താൻ കൃഷിചെയ്തുണ്ടാക്കിയ ഏററവും നല്ലയിനത്തിൽപ്പെട്ട ധാന്യങ്ങൾ കച്ചവടത്തിനായി ചന്തയിൽ കൊണ്ടുചെല്ലുമായിരുന്നു. അവ അയൽവാസികൾക്കു കൊടുക്കുന്നതിലും അയാൾ വലിയ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നു. അപ്രകാരം ചെയ്യുന്നതിൻെറ കാരണം ചോദിച്ചപ്പോൾ അയാളുടെ മറുപടി ഇതായിരുന്നു:

"അതു എൻെറ രക്ഷയ്ക്കുവേണ്ടിത്തന്നെയാണു്. കാററു് പൂമ്പൊടിയെ പറപ്പിച്ചു വയലുകൾതോറും വിതരണം ചെയ്യുന്നു. എൻെറ അയല്ക്കാർ താണതരത്തിൽപ്പെട്ട ധാന്യങ്ങൾ കൃഷിചെയ്യുന്നപക്ഷം, അവയിലെ പൂമ്പൊടികൾ എൻെറ വയലുകളിൽ പറന്നുവീണു് എൻെറ ധാന്യങ്ങളുടെ മെച്ചവും ഇല്ലാതാക്കും. അക്കാരണത്താൽ അവരും നല്ലതരം ധാന്യങ്ങൾ കൃഷിചെയ്യുന്ന കാര്യത്തിൽ ഞാൻ നിഷ്കർഷ വയ്ക്കുന്നു."

വളരെ ചുരുക്കംപേർ മാത്രമേ ഈ കൃഷീവലനെപ്പോലെ ബുദ്ധിശാലികളായുള്ളു. മിക്കവരും സ്വാർത്ഥത്തിൻെറ മാർഗ്ഗത്തിൽക്കൂടിയാണു് പ്രയാണം ചെയ്യുന്നതു്. അവരുടെ ധാരണ ഓരോരുത്തരും സ്വന്തം അഭ്യുദയത്തെ ലക്ഷ്യമാക്കി അത്യദ്ധ്വാനം ചെയ്താൽമാത്രം മതി, അതിൻെറ സൽഫലങ്ങൾ ഇതരക്കും ലഭിച്ചുകൊള്ളും എന്നാണു്.

ഈ നയം വളരെനാൾ പ്രയോഗിച്ചുനോക്കിട്ടുള്ളതാണു്. അതു ദുരന്തദുരിതങ്ങൾക്കു ഹേതുവായി ഭവിക്കുകയേ ചെയ്തിട്ടുള്ളു. യുദ്ധത്തിലെ അനുഭവംപോലും ഇതാണു്. വേദപുസ്തകത്തിലെ ദൈവപ്രചോദിതമായ താഴെ ചേക്കുന്ന വാക്യങ്ങൾ നാമോരോരുത്തരും ഹൃദിസ്ഥമാക്കിയിരുന്നെങ്കിൽ നാമെത്രമാത്രം വിവേകികളായിരിക്കുമായിരുന്നു!

"ചിലർ തങ്ങളുടെ വസ്തുവകകൾ വിതരണം ചെയ്യുകയും കൂടുതൽ സമ്പന്നരായിത്തീരുകയും ചെയ്യുന്നു. മററുള്ളവർ അവരുടെ സ്വന്തമല്ലാത്തതു തട്ടിയെടുക്കുന്നു. എന്നിട്ടു് എപ്പോഴും ദാരിദ്ര്യത്തിലുമാണു്."

(Prov. 11 : 24)

മററുള്ളവരുടേയും എൻേറയും ഉൽക്കർഷത്തിനു് ഉപകരിക്കുന്ന വിധത്തിൽ വേലചെയ്യുവാൻ കർത്താവേ! എന്നെ സഹായിക്കേണമേ!

# ജൂൺ 21

കുബേരകുമാരിയായ ലില്ലിയൻവാൾഡു് ഒരു നഴ്സാകാൻ തീരുമാനിച്ചുവെന്ന വാർത്ത അവളുടെ സ്നേഹിതരെ സംഭ്രാന്തരാക്കി. അക്കാലത്തു് അവളുടെ നിലയിലുള്ളവർ അത്തരമൊരു ജീവിതവൃത്തി സ്വീകരിക്കുകയെന്നതു് അശ്രുതപൂർവ്വമായിരുന്നു.

മിസ്സ് വാൾഡിൻെറ പരിശീലനമെല്ലാം പൂർത്തിയായ ശേഷം, ഒരു ദിവസം അവൾ ന്യൂയോക്കിലെ ഒരു തെരുവിൽ ഏതാനും സ്ത്രീകളോടു് സംസാരിച്ചുകൊണ്ടു നിൽക്കുകയായിരുന്നു. ആതുരപരിചരണമായിരുന്നു വിഷയം. അപ്പോഴതാ ഒരു ബാലൻ വന്നു അവളുടെ സഹായമഭ്യർത്ഥിച്ചു. അവൾ തൽക്ഷണം അവനെ അനുഗമിച്ചു. അവൻ അവളെ നയിച്ചതു് ഒരു ചെററപ്പുരയിലേക്കാണു്. രണ്ടേരണ്ടു മുറിമാത്രം. ഒമ്പതുപേരാണു് അവിടെ താമസിച്ചിരുന്നതു്. ഉറക്കം മിക്കവാറും തറയിൽത്തന്നെ. ഒരു കിടക്കയിൽ, രക്തസ്രാവപീഡിതയായ ഒരു സ്ത്രീ നിസ്സഹായാവസ്ഥയിൽ കിടന്നിരുന്നു.

മിസ്സ് വാൾഡു് നേരേ മുന്നോട്ടുചെന്നു. ആ സ്ത്രീയെ ആദ്യമൊന്നു കുളിപ്പിച്ചു. അനന്തരം ഡോക്ടരെ വിളിക്കാൻ ആളെ പറഞ്ഞയച്ചു. മുറി അടിച്ചുവാരി വൃത്തിയാക്കി. അനേകം മണിക്കൂറുകൾ കഴിഞ്ഞാണു് മിസ്സ് വാൾഡു് സ്ഥലം വിട്ടതു്. പക്ഷേ അവൾ കണ്ട കാഴ്ച അവളുടെ ഹൃദയത്തെ ഗാഢ

മായി സ്പർശിച്ചിരുന്നു. തത്ഫലമായി അവളൊരു നിശ്ചയം ചെയ്തു: മേൽപ്പറഞ്ഞവിധം പരിത്യക്തരായ രോഗികളെ ശുശ്രൂഷിക്കുന്നതിനായി ജീവാർപ്പണം ചെയ്യുവാൻ. സുദീർഘമായ മുപ്പത്തെട്ടു കൊല്ലക്കാലം അവൾ ആ വ്രതം പാലിച്ചു. ലോകത്തിലെ ഒന്നാമത്തെ സന്ദർശക നഴ്സുമാരുടെ സ്ഥാപനമായ "ഹെൻറി സ്ട്രീററ് സെററിൽമെൻറ്" മിസ്സ് വാൾഡ് സ്ഥാപിച്ചതാണു്. മാത്രമല്ല, "ദി ഫെഡറൽ ചിൽഡ്റൻസ് ബ്യൂറോ" സ്ഥാപിക്കുവാൻ അവൾ പ്രസിഡണ്ട് ടാഫ്ററിനു പ്രചോദനം നൽകുകയും ചെയ്തു.

ഈ സംഭവകഥയിൽനിന്നുമുള്ള അനുമാനം സുസ്പഷ്ടമാണു്. വലിയ കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്ന എളിയ മനുഷ്യരെ ദൈവം അനുഗ്രഹിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

"... ...എൻെറ ഈ ഏററവും എളിയ സഹോദരന്മാരിൽ ഒരുവനോടു് നിങ്ങൾ ഇവയെല്ലാം ചെയ്തപ്പോൾ അവയെല്ലാം എനിക്കു ചെയ്തു." (മത്തായി 25 : 40)

സേവിക്കപ്പെടുവാൻ ഇടയാകാതെ സേവിക്കുവാൻ ആഗ്രഹിക്കുന്നതിനു് കർത്താവേ! എനിക്കു വരം നൽകേണമേ!

# ജൂൺ 22

ക്രിസ്തുവിനു് ഉദ്ദേശം 400 വർഷങ്ങൾക്കുമുമ്പു് ഗ്രീക്കു തത്വജ്ഞനായ പ്ലേറേറാ ഒരു വിഷമപ്രശ്നം ഉന്നയിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ കാലത്തിനു മുമ്പും പിമ്പും പലരുടേയും ശ്രദ്ധയ്ക്കു വിഷയമായിട്ടുള്ള ഒന്നാണതു്. പ്ലേറേറാ പറഞ്ഞതു് ഇപ്രകാരമാണു്: "മനുഷ്യാത്മാവിൽ ഒരു വണ്ടിക്കാരനും രണ്ടു കുതിരകളുമുണ്ടു്. അവയിലൊന്നു കരുത്തുള്ളതും വഴക്കമുള്ളതും ആജ്ഞയനുസരിക്കാൻ താമസം വരുത്താത്തതുമാണു്. ....മറേറതു് അനുസരണമില്ലാത്തതും സംരക്ഷണയിലിരിക്കാത്തതും അത്യാർത്തിയുള്ളതും മയമില്ലാത്തതുമാണു്. അടിയും കുത്തും കൊണ്ടുമാത്രമേ അതിനെ നിയന്ത്രിക്കാൻ സാധിക്കയുള്ളു.

"നമ്മിൽ സ്ഥിതിചെയ്യുന്ന വണ്ടിക്കാരൻ എത്ര പരിശ്രമിച്ചാലും, നമ്മുടെ നല്ല കുതിര ചിലപ്പോഴെല്ലാം സ്വകൃത്യനിവ്വഹണത്തിൽനിന്നു വ്യതിചലിപ്പിക്കപ്പെട്ടുവെന്നും മറേറ കുതിര എല്ലാം നാശത്തിലേക്കു് വലിച്ചിഴച്ചെന്നും വരാവുന്നതാണു്."

ഉത്ഭവപാപം ചില നാശഫലങ്ങൾ ഉളവാക്കിയിട്ടുണ്ടെന്നുള്ളതു് പരുപരുത്ത ഒരു യാഥാത്ഥ്യമാണു്. മനുഷ്യവർഗ്ഗത്തെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കുള്ള പല പ്രതിവിധികളും അതുമായി ഏററുമുട്ടിത്തകന്നുപോയിട്ടുണ്ടു്. പ്ലേറേറാ പ്രശ്നം ഉന്നയിക്കുകമാത്രംചെയ്തു; പരിഹാരമാഗ്ഗമൊന്നും നിർദ്ദേശിച്ചില്ല. വി. പൗലോസാകട്ടെ പരിഹാരമാർഗ്ഗവും നിർദ്ദേശിച്ചു. അദ്ദേഹം എഴുതിയിരിക്കുന്നതു ശ്രവിച്ചാലും:

"എന്നാൽ ദൈവത്തിൻെറ നിയമത്തെപ്പററി ആഭ്യന്തരമനുഷ്യനിൽ ഞാൻ സന്തോഷിക്കുന്നു. എങ്കിലും എൻെറ ബുദ്ധിയുടെ നിയമത്തോടു പോരാടുന്നതും എൻെറ അവയവങ്ങളിലുള്ള പാപത്തിൻെറ നിയമത്തിനു് എന്നെ അടിമപ്പെടുത്തുന്നതുമായ വേറൊരു നിയമം എൻെറ അവയവങ്ങളിൽ ഞാൻ കാണുന്നു. ഞാൻ ദുർഭഗനായ മനുഷ്യൻ ആകുന്നു. മരണമുള്ള ഈ ശരീരത്തിൽനിന്നു് ആർ എന്നെ മോചിപ്പിക്കും? നമ്മുടെ കത്താവീശോമിശിഹാ വഴിയാണു് എൻെറ മോചനം. ദൈവത്തിനു സ്തോത്രമുണ്ടായിരിക്കട്ടെ."

(റോമ. 7: 22—25)

കത്താവേ! എൻെറ ബലഹീനതനിമിത്തമുള്ള പോരാട്ടങ്ങളെ അങ്ങയുടെ ശക്തി നിവാരണം ചെയ്യട്ടെ.

## ജൂൺ 23

മൈക്കൾ പ്യൂപ്പിൻ. അമേരിക്കയിലെ മഹാശാസ്ത്രജ്ഞന്മാരിലൊരുവനാണദ്ദേഹം. വിദ്യുച്ഛക്തിവിഷയത്തിൽ അദ്ദേഹ

തീയൻ. നമ്മുടെ നിത്യോപയോഗത്തിലിരിക്കുന്ന പല സാമഗ്രികളും അദ്ദേഹം കണ്ടുപിടിച്ചതാണ്. അവിടംകൊണ്ടവസാനിക്കുന്നില്ല അദ്ദേഹത്തിന്റെ നേട്ടങ്ങൾ. "പ്രപഞ്ചത്തിലേയും ശാസ്ത്രലോകത്തിലേയും അത്ഭുതങ്ങളിൽ ദൈവസാന്നിദ്ധ്യം ദർശിക്കുന്നതിനു" മററുള്ളവരെ പ്രാപ്തരാക്കുവാൽ പരമാവധി പരിശ്രമിക്കുകകൂടി ചെയ്ത ഒരാളാണ് അദ്ദേഹം. മതഭക്തിയും ശാസ്ത്രവിജ്ഞാനവും അദ്ദേഹത്തിൽ സമഞ്ജസമായി സമ്മേളിച്ചിരുന്നു.

സെർബിയാക്കാരനായ ഒരിടയബാലൻ എന്ന നിലയിലാണ് പൂപ്പിൻ അമേരിക്കൻ ഐക്യനാടുകളിൽ ചെന്നതു്. കീശയിലുണ്ടായിരുന്ന പണം അഞ്ചു സെൻറമാത്രം. തല്ക്കാരണത്താൽ മനസ്സില്ലാമനസ്സോടെയാണ് അധികൃതർ ഐക്യനാടുകളിൽ അദ്ദേഹത്തിനു പ്രവേശനമനുവദിച്ചതുതന്നെ.

എന്നാൽ പൂപ്പിന്റെ വാദം താൻ നിർദ്ധനനല്ലെന്നായിരുന്നു. അവന്റെ മാതാപിതാക്കന്മാർ പലവുരു അവനോടു പറഞ്ഞിട്ടുണ്ടായിരുന്നുവത്രെ അവൻ ധനവാനാണെന്നു്, ദൈവസ്നേഹവും പരസ്നേഹവുമാകുന്ന ധനത്തിൽ അവൻ മികച്ചവനാണെന്നു്. അവൻ പറഞ്ഞതു അക്ഷരംപ്രതി ശരിയായിരുന്നു.

മൈക്കിൾ പൂപ്പിൻ അമേരിക്കൻ തീരങ്ങളിൽ കാലുകുത്തിയശേഷം ആ രാജ്യം ആദ്ധ്യാത്മികവും ഭൗതികവുമായ സമ്പത്തിൽ വളർന്നു. കാരണം, അദ്ദേഹം തന്റെ ക്രിസ്തീയ പൈതൃകാവകാശമാകുന്ന മൂലധനത്തെ ദൈവത്തിന്റെ മഹത്വത്തിനും മനുഷ്യവർഗ്ഗത്തിന്റെ ഉൽക്കർഷത്തിനുമായി വിനിയോഗിച്ചു.

"സൽപ്രവൃത്തികൾ ചെയ്യുവാനും, സല്ക്കർമ്മങ്ങളിൽ സമ്പന്നരാകുവാനും, ഔദാര്യം ചെയ്യുന്നതിനും പങ്കുനല്കുന്നതിനും ഒരുക്കമുള്ളവരാകുവാനും, സാക്ഷാത്തായ ജീവൻ കയ്യടപ്പെടുത്തുവാൻവേണ്ടി ഭാവിയിലേക്കു തങ്ങൾക്കായി നല്ല അടിസ്ഥാനമിടുവാനും നീ കല്പിക്കുക."

(I തിമോ.)

ദൈവത്തിൻേറയും സമസ്തസൃഷ്ടികളുടേയും സേവനാൎത്ഥം നിങ്ങളുടെ യഥാൎത്ഥധനം വിനിയോഗിക്കുന്നതിനുവേണ്ട അനുഗ്രഹത്തിനായി പ്രാൎത്ഥിക്കുക.

# ജൂൺ 24

രണ്ടാം ലോകമഹായുദ്ധകാലത്തു് പ്രൊഫസർ ഡി. ഈറം ട്ടൺ ട്രൂബ്ളഡ് ചിന്തോദ്ദീപകമായ ഒരു പുസ്തകമെഴുതി, "ആധുനികമനുഷ്യൻെറ സ്ഥിതി" എന്ന പേരിൽ. അതിലദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുന്നു:

"ഇന്നത്തെ ഏററവും ഭയങ്കരമായ വിപത്തു് നമ്മുടെ പരിഷ്കാരം ഞെട്ടററ പുഷ്പംപോലെ ആയിരിക്കുന്നുവെന്നതത്രെ. അത്തരം പുഷ്പങ്ങൾ മനോഹരങ്ങളാണെങ്കിലും അവ താമസിയാതെ മൃതിയടയുന്നതാണു്. കാരണം അവ മൂലത്തിൽനിന്നു വിച്ഛേദിക്കപ്പെട്ടിരിക്കുന്നു.

"ഓരോ മനുഷ്യനും ദൈവച്ഛായയിൽ സൃഷ്ടിക്കപ്പെട്ടവനാണെന്നും തന്നിമിത്തം ദൈവസമക്ഷം വിലയുള്ളവനാണെന്നുമുള്ള ദൃഢമായ വിശ്വാസം കൂടാതെ, വ്യക്തിയുടെ മഹാത്മ്യം പരിരക്ഷിക്കാൻ നാം പരിശ്രമിച്ചുവരികയാണു്."

ദൈവമുണ്ടെന്നും മനുഷ്യൻ ദൈവച്ഛായയിൽ സൃഷ്ടിക്കപ്പെട്ടവനാണെന്നുമുള്ള വിശ്വാസം പുലത്താൻ നാമോരോരുത്തരും പരിശ്രമിക്കാത്തപക്ഷം, ജൎമ്മനിയിലും റഷ്യയിലും ഇരുമ്പുമറയ്ക്കപ്പുറമുള്ള മററു രാജ്യങ്ങളിലും സംഭവിച്ചതു് നമ്മുടെ കൺമുമ്പിലും കാണുവാനുള്ള നിർഭാഗ്യം നമുക്കുണ്ടാകും — മനുഷ്യമാഹാത്മ്യത്തിൻെറ താത്വികവും പ്രായോഗികവുമായ നിഷേധം.

ദൈവത്തിലും മനുഷ്യൻെറ മൗലികമായ മാഹാത്മ്യത്തിലുമുള്ള വിശ്വാസം നഷ്ടപ്പെടുമ്പോൾ, പരിഷ്കാരവും അന്തർദ്ധാനംചെയ്യുന്നു. സത്യം എല്ലാമനുഷ്യൎക്കും എത്തിച്ചുകൊടുക്കുന്നതിൽ നാം പ്രദർശിപ്പിക്കുന്ന അനാസ്ഥയുടെ അനിവാൎയ്യഫലമാണതു്.

"ദൈവം മനുഷ്യനെ സ്വന്തം ഛായയിൽ സൃഷ്ടിച്ചു."
(സൃഷ്ടി 1 : 27)

ദൈവമേ! എല്ലാ മനുഷ്യരും അങ്ങയുടെ ഛായയിൽ നിർമ്മിക്കപ്പെട്ടവരാണെന്നു് ഓർക്കുവാൻ എന്നെ സഹായിക്കേണമേ!

## ജൂൺ 25

ന്യൂയോർക്കിലെ "ഡെയിലി ന്യൂസ്" എന്ന പത്രം രസകരമായ ഒരു ലേഖനമെഴുതി, 90 വയസ്സായ ഒരു നഴ്സിനെപ്പററി. അത്രയും പ്രായമേറിയ ഒരു നഴ്സ് ഇന്നു ലോകത്തിൽ വേറെ ഉണ്ടെന്നു തോന്നുന്നില്ല. സുദീർഘമായ 60 കൊല്ലക്കാലം അവർ ഒരൊററ ഹോസ്പിററലിൽതന്നെയാണ് ചെലവഴിച്ചതെന്ന വസ്തുതയും ശ്രദ്ധാർഹമാണ്. ആ വയോവൃദ്ധ ജോലിയിൽനിന്നു് വിരമിക്കാൻപോകയാണെന്നു് ഒരു ശ്രുതി പരന്നിട്ടുള്ളതായും ലേഖനത്തിൽ പറഞ്ഞിരുന്നു. അവരതു് ഉദ്ദേഗപൂർവ്വം നിഷേധിക്കയാണു് ചെയ്തതു്. "ജോലി ഉപേക്ഷിക്കയോ? ഞാനതു ഒരിക്കലും ചെയ്യുകയില്ല. ഈ സ്ഥാപനത്തിൽ രോഗികൾ ധാരാളമുണ്ടു്. അവരെ ശുശ്രൂഷിക്കുന്നതിനായി ഞാനിവിടെത്തന്നെ ജീവിതവൃത്തി തുടരും." അവരുടെ ദൃഢനിശ്ചയം.

പരിചയസമ്പന്നയായ ആ പരിചാരികയോടു് — അവരുടെ പേർ സിസ്റ്റർ മേരി ക്ലൗഡിയ എന്നത്രെ—നഴ്സിംഗിൻെറ മൗലികതത്വം എന്താണെന്നു മേൽച്ചേർത്ത സംഭാഷണവേളയിൽ ചോദിക്കുകയുണ്ടായി. അവരുടെ മറുപടി സുവ്യക്തവും ഹ്രസ്വവുമായിരുന്നു: "വേദനയനുഭവിക്കുന്ന മനുഷ്യർ ഔഷധത്തെക്കാൾ കൂടുതലായി അനുകമ്പയാണ് അഭിലഷിക്കുന്നതു്."

വാർദ്ധക്യത്തിൻെറ മൂർദ്ധന്യത്തിലും ജീവകാരുണ്യപ്രവൃത്തികൾ തുടരാൻ ആ സ്ത്രീ നിർബദ്ധയായിരുന്നില്ല. അനേകം കൊല്ലങ്ങൾക്കുമുമ്പു അവക്കു ജോലി രാജിവയ്ക്കാമായിരുന്നു. പക്ഷേ, "സെൻറ് വിൻസെൻറ ഹോസ്പിററലി"ൽ പ്രവേശിക്കു

ന്ന രോഗികളെ —വേദനയുടെ ഭാരം അവിടെ ഇറക്കിവയ്ക്കാനായിവരുന്ന ഹതഭാഗ്യരെ —തൻെറ നാഥൻെറ സ്നേഹത്തിലും അനുകമ്പയിലും പങ്കുകാരാക്കണമെന്നാണ് അവിടുത്തെ അഭിലാഷമെന്നു് ആ പുണ്യചരിത്രസ്ക്കറിയാമായിരുന്നു. അവരുടെ മാതൃക സജീവവും ഉത്തേജകവുമായിരിക്കുന്നു.

“സ്വസഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു........” (1 യോഹ 2 : 10)

കർത്താവേ! അങ്ങയെ മററുള്ളവരുടെ പക്കൽ ആനയിക്കുന്നതിൽ ആജീവനാന്തം ദത്തശ്രദ്ധനായിരിപ്പാൻ എന്നെ സഹായിക്കേണമേ!

# ജൂൺ 26

1949-ലെ ഗ്രീഷ്മകാലത്തു ഇംഗ്ലണ്ടിൽ ആട്ടിൻമാംസം വളരെ ദുർലഭമായി. ആകയാൽ ഗവർമ്മെൻറു് ആടുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ കൃഷിക്കാർക്കു നിർദ്ദേശംനൽകി. ഇടയന്മാരുടെ കുറവുനിമിത്തം അതു ക്ഷിപ്രസാദ്ധ്യമല്ലെന്നു് അവർ ഗവർമ്മെൻറിനെ അറിയിച്ചു. ഒരാൾ സംഗതി വ്യക്തമാക്കിയതു് ഇപ്രകാരമാണു്: “പഴയ ഇടയന്മാർ ചത്തൊടുങ്ങിക്കൊണ്ടിരിക്കുന്നു. പകരം പുതിയ ഇടയന്മാരെ കിട്ടുന്നുമില്ല. ധൈര്യപ്പെടക്കാരായ കുറെ അജപാലന്മാരെ ലഭിക്കുന്നപക്ഷം, ആടുകളും സുലഭമാകുമായിരുന്നു.”

അതുപോലെതന്നെ നമുക്കും പറയാവുന്നതാണു്: കൂടുതൽ അജപാലന്മാർ, ക്രിസ്തുസംവാഹകർ, നല്ല ഇടയനായ ക്രിസ്തുവിൻെറ നാമത്തിൽ നഷ്ടപ്പെട്ട ആടുകളെ തേടിപ്പുറപ്പെടുന്നവർ, ഉണ്ടായിരുന്നെങ്കിൽ ക്രിസ്ത്യാനികളുടെ എണ്ണവും വർദ്ധിക്കുമായിരുന്നു.

അതീതകാലങ്ങളിൽ ക്രിസ്തുവിനെ ഏററവും ഉത്തമമായ വിധത്തിൽ സേവിച്ചിട്ടുള്ളർ അവിടത്തെ സന്ദേശം സകലരേയും അറിയിക്കുന്നതിനു പരമാവധി പരിശ്രമിച്ചിട്ടുള്ളവരാണു്. ഇടയന്മാരില്ലാത്ത ആടുകൾ ഇന്നു് അനവധിയുണ്ടു്. അവ എ

ളപ്പത്തിൽ നശീകരണശക്തികാംക്കു് അടിപ്പെടുകയും ചെയ്യുന്നു.

"അവർ ഇടയനില്ലാത്ത ആടിൻപററംപോലെ ആയിരുന്നതുകൊണ്ടു് അവിടത്തേക്കു് അവരുടെമേൽ സഹതാപം തോന്നി." (മർക്കോസ് 6:34)

കർത്താവെ! അങ്ങേക്കധീനമായിരിക്കേണ്ട ആടുകളുടെ കാര്യം അന്വേഷിക്കുന്നതിനുവേണ്ടി കൂടുതൽ ഇടയന്മാരെ അയയ്ക്കുവാൻ ദയവുണ്ടാകണമേ!

# ജൂൺ 27

"കോണ്ടിനെൻറൽ കോൺഗ്രസ്സി"ൽ ന്യൂയോർക്കിനെ പ്രതിനിധാനം ചെയ്തിരുന്നതു് ലൂവിസ് മോറിസ് ആണു്. "സ്വാതന്ത്ര്യ പ്രഖ്യാപന"ത്തിൽ ഒപ്പുവയ്ക്കുന്നതിൻെറ തിക്തക ഫലങ്ങാം എന്തൊക്കെയായിരിക്കുമെന്നു മററുള്ളവരെപ്പോലെ അദ്ദേഹത്തിനും അറിയാമായിരുന്നു. 1000 ഏക്കർ ഭൂമിയും വളരെയധികം പണവും അദ്ദേഹത്തിനു സമ്പാദ്യമായുണ്ടായിരുന്നു. അദ്ദേഹത്തിൻെറ 6 ആൺമക്കളും 4 പെൺമക്കളുംകൂടി അവയെല്ലാം അനുഭവിച്ചുകൊണ്ടു് സുഖമായി ജീവിച്ചുവരവെയാണു് മേല്പറഞ്ഞ പ്രതിസന്ധിഘട്ടം വന്നുചേർന്നതു്.

മനുഷ്യവ്യക്തികളുടെ സ്വാതന്ത്ര്യം പരിരക്ഷിക്കാൻവേണ്ടി അദ്ദേഹമനുഷ്ഠിച്ച സേവനം പല കഷ്ടനഷ്ടങ്ങാംക്കും നിദാനമായിത്തീന്നു. ബ്രിട്ടീഷുകാർ അദ്ദേഹത്തിൻെറ തോട്ടങ്ങളെ ചുട്ടുകരിച്ചു; ഭവനത്തെ തട്ടിത്തകർത്തു; ആടുമാടുകളെ ആട്ടിപ്പായിച്ചു; കുടുംബാംഗങ്ങളേയും കുടിയാന്മാരേയും നാടുകടത്തി. സുദീഘമായ ഏഴുകൊല്ലക്കാലം മോറിസ്കുടുംബക്കാർ കൂലിവേലചെയ്തു നിത്യവൃത്തികഴിച്ചുകൂട്ടുവാൻ നിർബന്ധിതരായി. മോറിസിൻെറ മൂത്ത മൂന്നുപുത്രന്മാർ സൈന്യത്തിൽ ചേരുകയും നാനാവിധക്ലേശങ്ങാം അനുഭവിക്കുന്നതിനു് ഇടവരുകയും ചെയ്തു.

അതിനെല്ലാം കാരണം ആ പ്രഖ്യാപനത്തിൽവെച്ച ഒററ ഒപ്പാണു്. മൗലികാവകാശങ്ങൾ ദൈവത്തിൽനിന്നു വരുന്നവയാണെന്നും രാഷ്ട്രം നല്കുന്നവയല്ലെന്നും തന്നിമിത്തം രാഷ്ട്രത്തിനു് അവ എടുത്തുകളയാൻ അവകാശമില്ലെന്നുമുള്ള തത്വങ്ങൾ സ്ഥിരീകരിക്കുന്ന ഒരു പ്രമാണമായിരുന്നു അതു്. "അതു വേണമായിരുന്നോ?" എന്ന ചോദ്യം ആരും ചോദിച്ചേക്കാവുതാണു്. 175 കൊല്ലക്കാലത്തെ അമേരിക്കൻ ചരിത്രം അതിനു മറുപടി പറഞ്ഞുകഴിഞ്ഞിരിക്കുന്നു.

പൊതുനന്മയ്ക്കുവേണ്ടി ഒന്നുംതന്നെ ബലികഴിക്കാൻ സന്നദ്ധതയില്ലാത്തവരാണു് ലോകത്തിൽ ഇന്നു കാണുന്ന കുഴപ്പങ്ങൾക്കെല്ലാം ഹേതുഭൂതർ. അവരാകട്ടെ, തങ്ങൾക്കായി സമ്പാദിക്കുവാൻ ശ്രമിക്കുന്നതെല്ലാം നഷ്ടപ്പെടുത്തുകയാണു് ചെയ്യുന്നതു്.

"സ്വന്തം ജീവനെ രക്ഷിപ്പാൻ പരിശ്രമിക്കുന്നവനു് അതു നഷ്ടപ്പെടും. ആരതു ഉപേക്ഷിക്കുമോ അവനു അതു ഭദ്രമായിരിക്കും. (ലൂക്കാ. 17 : 33)

കർത്താവേ! പൊതുഗുണത്തിനുവേണ്ടി സകലതും ബലികഴിക്കാനുള്ള ധൈര്യം എനിക്കു പ്രദാനം ചെയ്യേണമേ!

## ജൂൺ 28

വേനല്ക്കാലം. നല്ല ചൂടുള്ള ദിവസം. 80 വയസ്സായ ഒരു വൃദ്ധൻ മണ്ണിൽ കുഴികൾ കുഴിക്കയായിരിക്കുന്നു. "ജോബ്, എന്തിനാണു് ആ കുഴികൾ?'' വൃദ്ധൻെറ അയൽവാസി ചോദിച്ചു.

''പീച്ചുമരങ്ങൾ വയ്ക്കുകയാണു്." വൃദ്ധൻെറ മറുപടി.

"അവയിൽനിന്നു പഴങ്ങൾ പറിച്ചുതിന്നാൻ നിങ്ങൾക്കു് കഴിയുമെന്നാണോ നിങ്ങളുടെ പ്രതീക്ഷ?" അയൽവാസി വൃദ്ധനെ കളിയാക്കി.

"ഇല്ല, ഒരിക്കലുമില്ല.'' വൃദ്ധൻെറ മറുപടി. "എനിക്കതിനു ഇടവരികയില്ലെന്നു് എനിക്കറിയാം. പക്ഷേ എൻെറ ജീവിതകാലം മുഴുവൻ ഞാൻ പീച്ചുപഴങ്ങൾ തിന്നിട്ടുണ്ടു്. എ

ന്തൊരുരുചിയാണവയ്ക്കു്! എന്നാൽ ആ വൃക്ഷങ്ങളൊന്നും ഞാൻ നട്ടുപിടിപ്പിച്ചവയല്ല. ഞാൻ ഇപ്പോഠം ചെയ്യുന്ന പ്രവൃത്തി നേരത്തെ മററുള്ളവർ ചെയ്തില്ലായിരുന്നെങ്കിൽ ആ പഴങ്ങഠം അനുഭവിക്കുന്നതിനു് എനിക്കിടവരികയില്ലായിരുന്നു. അതിനു് ഒരു പ്രതിഫലമെന്നോണമാണു് ഞാനിപ്പോഠം പിച്ചുമരങ്ങഠം വയ്ക്കുന്നതു്."

ക്രിസ്തീയസംസ്കാരത്തിൻെറ ഗുണഫലങ്ങഠം അനുഭവിക്കുന്ന നാം ഒരു കാര്യം ഓക്കണം. നമ്മുടെ പൂർവ്വികരോടു നമുക്കു വലിയ കടപ്പാടുണ്ടു്. അവരുടെ ക്ലേശങ്ങളുടേയും അദ്ധ്വാനങ്ങളുടേയും ഫലമാണു് നാമിപ്പോഠം അനുഭവിക്കുന്നതു്. ക്രിസ്തുഹർമാർ എന്ന നിലയിൽ ആ കടം കുറെയെങ്കിലും വീട്ടുവാൻ നമുക്കു സാധിക്കുന്നതാണു്. അതിനായി, അന്നവർ ചെയ്തതു് ഇപ്പോഠം നാം ചെയ്യണം. ഭാവിതലമുറകഠം ക്രിസ്തുവിൻെറ അനുഗ്രഹങ്ങഠംക്കു പാത്രീഭവിക്കുന്നതിനുവേണ്ടി നമ്മാലാവുംവിധം പരിശ്രമിക്കണം. അപ്പോഠം വി. പൗലോസിനോടുകൂടി നമുക്കും ഇപ്രകാരം പറയാൻ സാധിക്കുന്നതാണു്:

"ഞാൻ നട്ടു, അപ്പോലൊ നനച്ചു, എന്നാൽ വിളവേകിയതു ദൈവമാണു്." (I കൊറി. 3 : 6)

നിങ്ങളുടെ പിൻഗാമികളുടെ നന്മയെ ലക്ഷ്യമാക്കി ഇപ്പോഠം വിത്തുകഠം പാകുവാനുള്ള ദീർഘദൃഷ്ടി നിങ്ങഠംക്കുണ്ടാകുവാൻവേണ്ടി പ്രാർത്ഥിക്കുക.

## ജൂൺ 29

ക്രിസ്തുവിൻെറ പരസ്യജീവിതത്തിലെ ഒരു മൈൽക്കുററിയാണു് പത്രോസു് അവിടത്തെ ദൈവത്വം ഏററുപറഞ്ഞ ഘട്ടം. ദിവ്യരക്ഷകൻെറ മറുപടിയിൽ ഒരു ദൃശ്യാധിപനോടു കൂടിയ ഒരു ദൃശ്യസഭ വാഗ്ദാനം ചെയ്യപ്പെട്ടു. അവിടത്തെ ജീവനിലും സ്നേഹത്തിലും ലോകം ഭാഗഭാക്കാകേണ്ടതു് ഈ സഭ വഴിയ്ക്കാണു്. മേൽപ്പറഞ്ഞ വാഗ്ദാനം പത്രോസിനോടു മാത്രമായിട്ടല്ല എല്ലാമനുഷ്യരോടുമായിട്ടാണു് ചെയ്തതു്.

അവർ സിസേറിയാ ഫിലിപ്പി എന്ന സ്ഥലത്തു ഇപ്പോഠം വന്നെത്തു. ഈശോ ഇവിടെവെച്ചു ശിഷ്യന്മാരോടു ഇങ്ങനെ

ചോദിച്ചു:—മനുഷ്യപുത്രൻ ആരാണെന്നാണ് ജനങ്ങൾ പറയുന്നതു്. അവർ വിശ്വസിക്കുന്നതു് അദ്ദേഹം ആരെന്നാണ്? 'സ്നാപക യോഹന്നാൻ എന്നു ചിലരും ഏലിയസ്സ് എന്നു വേറൊരുകൂട്ടരും, അല്ല ജറമിയയോ, പ്രവാചകരിൽ മറ്റാരെങ്കിലുമോ ആണെന്നു വേറെ ചിലരും പറയുന്നു.' ശിഷ്യർ മറുപടി നല്കി. "നിങ്ങളോ"–ഈശോ തുടർന്നു ചോദിച്ചു: "ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നതു്." ശീമോൻ പത്രോസ്സാണ് അതിനു് മറുപടി പറഞ്ഞതു്. "അവിടന്നു മിശിഹാ ആകുന്നു; ജീവിക്കുന്ന ദൈവത്തിൻെറ പുത്രനായ മിശിഹാ." ഈശോ അയാളോടായി കല്പിച്ചു തിരുവാമൊഴിഞ്ഞു: "യോനായുടെ പുത്രനായ ശീമോനെ, നീ അനുഗ്രഹീതനാകുന്നു. ജഡവും രക്തവുമല്ലാ, സ്വർഗ്ഗസ്ഥനായ എൻെറ പിതാവാണ് ഇതു നിനക്കു വെളിപ്പെടുത്തിയതു്. അതുകൊണ്ടു് ഞാൻ പറയുന്നു, നീ പത്രോസ്സാണെന്നു്. ഈ പാറമേൽ ഞാനെൻെറ സഭ പണിയും. നരകവാതിലുകൾ അതിനെതിരായി വിജയിക്കുകയില്ല. (മത്തായി. 16: 13 –18)

ക്രിസ്തു നമ്മുടെയും അഖിലലോകത്തിൻെറയും വിശുദ്ധീകരണത്തിനുവേണ്ടി ഒരു പദ്ധതിയും ഒരു സംഘടനയും നല്കിയിട്ടുണ്ട്; ഒരു നേതാവിനേയും നല്കിയിട്ടുണ്ട്. ഈ ദാനങ്ങളുടെ സൽഫലങ്ങൾ അനുഭവിക്കുന്നതിനു യഥാശക്തി ശ്രമിച്ചുകൊണ്ടു്, ദൈവികമായ ഈദൃശാനുകൂല്യങ്ങൾ സ്വീകരിക്കുന്നതിനു് യോഗ്യരാണ് നാമെന്നു തെളിയിക്കേണ്ടിയിരിക്കുന്നു.

ദൈവമേ, ലോകം മുഴുവനും അവിടുത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നതിനുവേണ്ടി പരിശ്രമിക്കുന്നതിനാവശ്യമായ പ്രേഷിതചൈതന്യം എനിക്കു് പ്രദാനം ചെയ്തരുളേണമേ!

## ജൂൺ 30

ലോകത്തെ സമുദ്ധരിക്കുന്നതിൽ പങ്കുവഹിക്കുവാനാഗ്രഹിക്കുന്നവരെല്ലാം, ക്രിസ്തുമതത്തിൻെറ ബദ്ധവൈരിയായിരുന്ന ശാവോൽ ക്രിസ്തുവിൻെറ പ്രേഷിതപ്രവരനായി രൂപാന്തരപ്പെട്ട കഥ സശ്രദ്ധം പഠിച്ചറിയേണ്ടതാണ്. നാമാരേയും ത്യാജ്യകോടിയിൽ തള്ളിക്കളയുകയോ ആരുടെ കാര്യത്തിലും

നിരാശരാകയോ ചെയ്യേണ്ടിട്ടാവശ്യമില്ലെന്നാണ്‌ അതു നമ്മെ പഠിപ്പിക്കുന്നതു്. ഇപ്പോൾ മതമർദ്ദനം നടത്തുന്ന പലരും, നാമവരെ ക്രിസ്തുവിന്റെ സ്നേഹമസൃണമായ മാർഗ്ഗത്തിലൂടെ സമീപിക്കുന്നപക്ഷം മതത്തിന്റെ പരാക്രമികളായ സംരക്ഷകരായി മാനസാന്തരപ്പെടുന്നതാണ്‌. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നതു ശ്രവിച്ചാലും:

1. ശത്രുനിരയിലെ ഒരു സജീവപ്രവർത്തകനായിരുന്നു ശാവോൽ. "കർത്താവിന്റെ ശിഷ്യന്മാ"രെ തേടിപ്പിടിച്ച്‌, അവരെ ബന്ധിച്ച്‌ ജറുസലത്തു കൊണ്ടുവരുവാനുള്ള അധികാരപത്രം അദ്ദേഹം വാങ്ങിച്ചിരുന്നു. (നടപടി. 9: 2)

2. ശാവോൽ തന്റെ പക്കൽ വരുവാൻ കാത്തിരിക്കാതെ ക്രിസ്തു അവന്റെ പക്കലേക്കു ചെന്നു. എന്നിട്ട്‌ അവനോട്‌ ചോദിച്ചു: "ശാവൂൽ, ശാവൂൽ, നീ എന്തിനെന്നെ പീഡിപ്പിക്കുന്നു്?" (നടപടി. 9: 4)

3. ശാവൂളിൽ പെട്ടെന്നൊരു പരിവർത്തനം സംഭവിച്ചു. കാലവിളംബം ഒട്ടുമുണ്ടായില്ല; എന്തും ചെയ്യാനുള്ള സന്നദ്ധമനോഭാവം അദ്ദേഹം പ്രകാശിപ്പിച്ചു. ആത്മാർത്ഥതയും ഔദാര്യവും നിറഞ്ഞ മനസ്സോടുകൂടി അദ്ദേഹം സ്വയം സമർപ്പിച്ചു: "കർത്താവേ! ഞാനെന്തുചെയ്യണമെന്നാണ്‌ അവിടുന്ന്‌ ആഗ്രഹിക്കുന്നതു്?" (നടപടി 9 : 6)

4. ശാവോലിന്റെ നേരെ മററുള്ളവർക്കുണ്ടായിരുന്ന സംശയം നീണ്ടുനിന്നു. പെട്ടെന്നു ജീവിതപരിവർത്തനം പ്രാപിക്കുന്നവരെപ്പററി അപ്രകാരം സംശയങ്ങൾ ഉണ്ടാകുക സാധാരണമാണ്‌. ക്രിസ്തുവിന്റെ അനുയായികളായിരുന്നവർക്ക്‌ അവിടുത്തെ സ്നേഹശീലവും ഗ്രഹണപാടവവും ഇല്ലായിരുന്നെന്നു ശാവോലിനു മനസ്സിലായി. "അവൻ ശിഷ്യന്മാരുമായി യോജിച്ചുകഴിയാൻ ശ്രമിച്ചു. പക്ഷേ, അവർക്കു അദ്ദേഹത്തെ ഒരു യഥാർത്ഥ ശിഷ്യനെന്നു വിശ്വസിക്കാൻ കഴിഞ്ഞില്ല." (നടപടി. 9: 26)

ACHARYA PALACKAL JEEVASS KENDRAM LIBRARY 15137

ക്രിസ്തുവിനെ പീഡിപ്പിക്കുന്നവർ അവിടത്തെ പ്രേഷിതന്മാരായി മാനസാന്തരപ്പെടുവാൻ വേണ്ടി പ്രാർത്ഥിക്കുക.

# ഈ പുസ്തകത്തെപ്പററി

സുപ്രസിദ്ധ ജനകീയ ഗ്രന്ഥകാരനായ ഫാ. ജെയിംസ് കെല്ലർ ലോകത്തിന് ശാന്തിയും ക്ഷേമവും കൈവരുത്താൻ സഹായിക്കുന്ന പല കൃതികളും രചിച്ചുകൊണ്ടിരിക്കുന്നു. അവയിൽ രണ്ടെണ്ണമാണ്, ആണ്ടുവട്ടത്തിൽ അനുദിനം വായിക്കുന്നതിനും ആത്മശോധന ചെയ്യുന്നതിനും പ്രായോഗിക പ്രതിജ്ഞകൾ സ്വീകരിക്കുന്നതിനും പ്രയോജനപ്പെടുന്ന "Three Minuites a Day", 'One Moment Please' എന്നീ ഗ്രന്ഥങ്ങൾ. ഇവയിൽ ആദ്യത്തേത്, അമൂല്യനിമിഷങ്ങൾ'' ശിന്നശീഷകത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

രണ്ടാമത്തേത്, ''ഒരു നിമിഷത്തേയ്ക്കു്'' എന്ന ശീർഷകത്തിൽ ക്ലബ്ബിൽനിന്ന് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുകയാണ്. അതിന്റെ ഒന്നാംഭാഗമാണിത്; രണ്ടാംഭാഗം അടുത്തുതന്നെ പിൻതുടരും. അഭിവന്ദ്യ മെത്രാപ്പോലീത്താ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി 'സത്യദീപ'ത്തിന്റെ ആധിപത്യം വഹിച്ചിരുന്ന കാലത്ത് ഖണ്ഡശ്ശഃ വിവർത്തനം ചെയ്ത് ആ പത്രപംക്തികളിൽ ചേർത്തിരുന്നു. വിജ്ഞാനപ്രദമായ ഒരു സംഭവകഥയും, പ്രചോദനപരങ്ങളായ ഒന്നുരണ്ടു വേദവാക്യങ്ങളും, ഉത്തേജകമായ ഒരു പ്രാർത്ഥനാവാക്യവും ഉള്ളടക്കി ഗ്രന്ഥത്തിന്റെ ഏറെക്കുറെ ഒരു പക്ഷത്ത് ഒതുങ്ങത്തക്കവിധം രചിച്ചിട്ടുള്ള ഈ കൃതി ജാതിമതഭേദം കൂടാതെ ആർക്കും അല്പനേരത്തിനുള്ളിൽ രസകരമായ വായനയ്ക്കും ശാന്തമായ ചിന്തയ്ക്കും പ്രായോഗികമായ പ്രതിജ്ഞയ്ക്കും തീർച്ചയായും ഉപകരിക്കാതിരിക്കുകയില്ല.

Cover: S. T. Reddiar & Sons, Ernakulam.

പ്രതിമാസ ഗ്രന്ഥക്ലബ്ബ്
എറണാകുളം



# ഒരു നിമിഷത്തേക്ക്

കെല്ലൂർ

/823
KEL